a
XIV
3

Phutija nijama ttile

പുതിയനിയമത്തിലെ

lekhanangal

ലെഖനങ്ങൾ

Sämtliche Briefe samt Offenbarung in Malayalim.

തലശ്ശെരിയിൽ ലെഖാപിതം

൧൮൫൨

1852

Ga XXXIV 3

B U T

പൌൽ അപൊസ്തലൻ

റൊമൎക്കെഴുതിയ ലെഖനം

൧ അദ്ധ്യായം

പൌലിന്റെ വിളിയും സുവിശെഷത്തിൽ പ്രസിദ്ധപ്പെട്ട വി
ശ്വാസത്താലെ നീതി — ൧൬-൧൭ — സ്വഭാവത്തിൽ കാണുന്നതിൽ പ്രസിദ്ധപ്പെട്ടുള്ള
ദിക്കുവെണം മനുഷ്യരുടെ —

ദൈവം മുമ്പെ പരിശുദ്ധ എഴുത്തുകളിൽ തന്റെ പ്രവാചകന്മാരെ ൧
കൊണ്ടു വാഗ്ദത്തം ചെയ്തതായി സ്വപുത്രനും നമ്മുടെ കൎത്താവും
ആയ യെശു ക്രിസ്തനെ സംബന്ധിച്ചുള്ള സുവിശെഷത്തിന്നാ ൨
യി വെറുതിരിച്ചു വിളിക്കപ്പെട്ട അപൊസ്തലനും യെശു ക്രിസ്തു
ന്റെ ദാസനുമായ പൌൽ — റൊമയിൽ ദൈവപ്രിയരും വി ൩
ളിക്കപ്പെട്ട ശുദ്ധരും ആയവൎക്കെല്ലാം എഴുതുന്നതു — നമ്മു
ടെ പിതാവായ ദൈവത്തിൽ നിന്നും കൎത്താവായ യെശു ക്രിസ്തു
വിൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാക — ജ ൪
ഡപ്രകാരം ദാവീദിൻ ബീജത്തിൽ നിന്നുണ്ടായും മരിച്ചവരി
ൽ നിന്നു എഴുനീല്ക്കയാൽ വിശുദ്ധിയുടെ ആത്മപ്രകാരം ദൈ ൫
വപുത്രൻ എന്നു ശക്തിയോടെ നിൎണ്ണയിക്കപ്പെട്ടും ഉള്ളവ
നാൽ — ഞങ്ങൾ അവന്റെ നാമത്തിന്നായി എല്ലാ ജാതികളി ൬
ലും വിശ്വാസത്തിന്നനുസരണം വരുത്തെണ്ടതിന്നു കരു
ണയെയും അപൊസ്തലത്വത്തെയും പ്രാപിച്ചു — ആയവരിൽ ൭
നിങ്ങളും യെശു ക്രിസ്തുന്നായി വിളിക്കപ്പെട്ടവരാകുന്നുവല്ലൊ — ൮
ഒന്നാമത് നിങ്ങളുടെ വിശ്വാസം സൎവ്വലൊകത്തിലും പ്ര
സ്താവിക്കപ്പെടുന്നതാൽ ഞാൻ എൻ ദൈവത്തിന്നു നിങ്ങ
ൾ എല്ലാവൎക്കും വെണ്ടി യെശു ക്രിസ്തുമൂലം സ്തൊത്രം ചെയ്യു

൯ ന്നു — ഞാൻ ഇടവിടാതെ നിങ്ങളെ ഓൎത്തുംകൊണ്ടു എപ്പൊ
ഴെങ്കിലും നിങ്ങളുടെ അടുക്കൽ വരുവാൻ ദൈവെഷ്ടത്താൽ സാ
ധിക്കുമൊ എന്ന് എന്റെ പ്രാൎത്ഥനകളിൽ എപ്പൊഴും യാചി
൧൦ ക്കുന്നു എന്നുള്ളതിന്നു — അവന്റെ പുത്രനെ കൊണ്ടുള്ള സു
വിശെഷത്തിങ്കൽ ഞാൻ എൻ ആത്മാവിൽ ഉപാസിക്കുന്ന
൧൧ ദൈവം എനിക്കു സാക്ഷി — ഞാൻ നിങ്ങളുടെ സ്ഥിരീകര
ണത്തിന്നായി ആത്മികവരം വല്ലതിനെയും നിങ്ങൾക്കു പങ്കി
൧൨ ടെണ്ടതിന്നല്ലൊ നിങ്ങളെ കാണ്മാൻ വാഞ്ഛിക്കുന്നു — അതൊ
നിങ്ങൾക്കും എനിക്കും തമ്മിലുള്ള വിശ്വാസത്താൽ നിങ്ങളൊ
൧൩ ടു കൂട പ്രബൊധനം എനിക്കും വരുവാൻ തന്നെ — എ
ന്നാൽ സഹൊദരന്മാരെ എനിക്കു ശെഷം ജാതികളിൽ
ഉള്ളതു പൊലെ നിങ്ങളിലും ചില ഫലവും ഉണ്ടാകെണ്ടതിന്നു അ
ങ്ങു വരുവാൻ പലപ്പൊഴും ഭാവിച്ചു എന്നും ഇന്നെവരെയും മു
ടക്കം വന്നു എന്നും നിങ്ങൾ ബൊധിക്കാതിരിക്കരുത് എന്ന്
൧൪ ആഗ്രഹിക്കുന്നു — യവനൎക്കും മ്ലെച്ഛൎക്കും ജ്ഞാനികൾക്കും ബു
൧൫ ദ്ധിഹീനൎക്കും ഞാൻ കടക്കാരനാകുന്നു — ആ പ്രകാരം റൊമ
യിലുള്ള നിങ്ങളൊടും സുവിശെഷിപ്പാൻ എന്നാലാവൊളം ഒരുക്കം
൧൬ വണ്ണം ക്രിസ്തുവിന്റെ — സുവിശെഷത്തിൽ എനിക്കു ലജ്ജ
ഇല്ലല്ലൊ — കാരണം അതു വിശ്വസിക്കുന്നവന് ഒക്കെയും മു
മ്പെ യഹൂദന്നും പിന്നെ യവനന്നും രക്ഷെക്കായി ദൈവ
൧൭ ശക്തി ആകുന്നു — അതിൽ അല്ലൊ വിശ്വാസത്തിൽ നി
ന്നു വിശ്വാസത്തിന്നുള്ള ദൈവനീതി വെളിപ്പെടുന്നത് -
(ഹബ ൨, ൪ വിശ്വാസത്താൽ നീതിമാൻ ജീവിക്കും എന്ന
എഴുതിയിരിക്കുന്നപ്രകാരം തന്നെ —
൧൮ എങ്ങിനെ എന്നാൽ നീതികെടു കൊണ്ടു സത്യത്തെ ത
ടുക്കുന്ന മനുഷ്യരുടെ സകല അഭക്തിയിലും നീതികെടി

ലും ദൈവകൊപം സ്വൎഗ്ഗത്തിൽനിന്നു വെളിപ്പെട്ടുവരു
ന്നു — അവൎക്ക ദൈവം പ്രകാശിപ്പിച്ചതിനാലല്ലൊ ദൈ ൧൯
വത്തിങ്കൽ അറിയാകുന്നത അവരിൽ സ്പഷ്ടമാകുന്നു — എ ൨൦
ന്തെന്നാൽ അവന്റെ ശാശ്വത ശക്തിയും ദിവ്യത്വവും ആ
ദി അവന്റെ കാണാത്ത ഗുണങ്ങളും ലൊകസൃഷ്ടിമുതൽ
പണികളാൽ ബുദ്ധിക്കു തിരിഞ്ഞു കാണാകുന്നു- അതു
കൊണ്ടു അവർ പ്രതിവാദം ഇല്ലാതെ ആകുന്നു — കാരണം ൨൧
ദൈവത്തെ അറിഞ്ഞിട്ടും ദൈവം എന്നു മഹത്വീകരിക്കയും
കൃതജ്ഞരാകയും ചെയ്യാതെ തങ്ങളുടെ തൎക്കങ്ങളി
ൽ വ്യൎത്ഥരായിതീൎന്നു ബൊധമില്ലാത്ത അവരുടെ ഹൃദയം
ഇരുണ്ടു പൊകയും ചെയ്തു — ജ്ഞാനികൾ എന്നു ചൊല്ലി ൨൨
ക്കൊണ്ടു അവർ മൂഢരായിപൊയി കെടാത്ത ദൈവത്തിൻ ൨൩
തേജസ്സിനെ കെട്ടുള്ള മനുഷ്യൻ പക്ഷി പശു ഇഴജാതികളിവ
റ്റിൻ പ്രതിമാസാദൃശ്യത്തൊടു പകൎന്നുകളകയും ചെയ്തു —

ആയതുകൊണ്ടത്രെ ദൈവം അവരുടെ ഹൃദയങ്ങളിലെ ൨൪
മൊഹങ്ങളാൽ സ്വശരീരങ്ങളെ തങ്ങളിൽ അപമാനി
ക്കേണ്ടതിന്ന അവരെ അശുദ്ധിയിൽ ഏല്പിച്ചതു — അ ൨൫
വർ ദൈവത്തിന്റെ സത്യത്തെ പകൎന്നുകളഞ്ഞു സൃഷ്ടി
ച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ഉപാസിച്ചു പൊകയാൽ
തന്നെ സ്തുത്യവനെ യുഗങ്ങളൊളം വാഴ്ത്തപ്പെട്ടവൻ ആ
മെൻ — അതുകൊണ്ടു ദൈവം അവരെ അപമാനരാ ൨൬
ഗങ്ങളിൽ ഏല്പിച്ചു- അവരുടെ പെണ്ണുങ്ങളും അല്ലൊ സ്വാ
ഭാവികമായ അനുഭൊഗത്തെ സ്വഭാവവിരുദ്ധമായതാ
ക്കി മാററി — അവ്വണ്ണം ആണുങ്ങളും പെണ്ണിന്റെ സ്വാഭാ ൨൭
വിക ഭൊഗത്തെ വിട്ടു തങ്ങളിൽ കാമത്തിൽ കത്തി
ത്തുടങ്ങി ആണുങ്ങൾ ആണൊടു അവലക്ഷണങ്ങളെ

ളുടെ ഭ്രമത്തിന്നു യോഗ്യമായ പ്രതിഫലത്തെ തങ്ങളിൽ
൨൮ തന്നെ പ്രാപിച്ചു — പിന്നെ ദൈവത്തെ പരിജ്ഞാ
നത്തിൽ ധരിപ്പാൻ തോന്നായ്കയാൽ ദൈവം അവരെ പ
റ്റാത്തവ ചെയ്വാൻ കൊള്ളരുതാത്ത ബുദ്ധിയിൽ ഏല്പിച്ചു
൨൯ കുരുക്കേടുകളെല്ലാ അനീതി പുലയാട്ടു ദുഷ്ടത ലൊഭം വഷള
ത്തനവും നിറഞ്ഞും - അസൂയ കുല പിണക്കം കപടം ദുശ്ശീ
൩൦ ലം ഇവ നിറഞ്ഞവരും — ഉരുട്ടുകാർ കുരളക്കാർ ദൈവദ്വേ
ഷിതർ സാഹസക്കാർ ഗർവ്വികൾ പൊങ്ങച്ചക്കാർ പുതു
ദോഷങ്ങളെ സങ്കല്പിക്കുന്നവർ പെറ്റവരെ അനുസരിയാ
൩൧ ത്തവർ — ബുദ്ധികെട്ടവർ സഖ്യഭംഗികൾ അവത്സലർ-
൩൨ ഇണങ്ങാത്തവർ കനിവറ്റവർ തന്നെ — അവരെല്ലാം
ഇവ പ്രവൃത്തിക്കുന്നവർ മരണത്തിന്നു പാത്രം എന്നു
ള്ള ദൈവന്യായത്തെ അറിഞ്ഞിട്ടും അവ ചെയ്യുന്നതല്ലാ
തെ പ്രവൃത്തിക്കുന്നവരെ മെച്ചിച്ചും സ്തുതിക്കുന്നു —

൨ അദ്ധ്യായം

യഹൂദരും യവനരും സമമായ കോപത്തിൽ ഉൾപ്പെട്ടവരായി
വിശ്വാസത്താൽ നീതിമാന്മാർ ആകുന്നുള്ളു -

൧ ആകയാൽ ന്യായം വിധിക്കുന്ന ഏതു മനുഷ്യനും ആരാകു
ളാവെ നിണക്കു പ്രതിവാദം ചൊല്ലുവാൻ ഇല്ല - എങ്ങനെ
എന്നാൽ അന്യനെ വിധിക്കുന്നതിൽ തന്നെ നിന്നെ നീ
ത്താൻ വിധിച്ചു കളയുന്നു - വിധിക്കുന്ന നീയും അവ
൨ തന്നെ പ്രവൃത്തിക്കുന്നവല്ലോ — ഇവ പ്രവൃത്തിക്കുന്ന
വരിൽ ദൈവവിധി സത്യപ്രകാരം തട്ടുന്നു എന്നു നാം അറി
൩ യുന്നു — അല്ലയോ ഇവ പ്രവൃത്തിക്കുന്നവരെ വിധി
ച്ചും താനും അവ ചെയ്തും കൊള്ളുന്ന മനുഷ്യനായുള്ളോ

വെ നി ദെവവിധിക്കു തെററിഒഴിയും എന്നു നിനെക്കുന്നൊ
വാ — അല്ലദെവത്തിന്റെ ദയ നിന്നെ മാനസാന്തരത്തി ൪
ലെക്കു നടത്തുന്നു എന്നു ബൊധിക്കാതെ അവന്റെ ദയ
പാറുതി ദീൎഘക്ഷാന്തി ഇവററിന്റെ ധനത്തെ നിന്ദിക്കുന്നു
വൊ — എന്നാൽ നിന്റെ കാഠിന്യത്താലും അനുതപി ൫
ക്കാത്ത ഹൃദയത്തിനാലും നീ ദൈവത്തിന്റെ ന്യായവിധി
വെളിപ്പെടുന്ന കൊപദിവസത്തിങ്കൽ നിനക്കു തന്നെ
കൊപത്തെ ചരതിക്കുന്നു — ഈശ്വരൻ ഒരൊരുത്തന്നു ൬
അവനവന്റെ ക്രിയകൾക്കു തക്കപ്രകാരം ചെയ്യും — ന ൭
ല്ലക്രിയയിലെ ക്ഷാന്തിപൂണ്ടു തെജസ്സും മാനവും അക്ഷ
യതയും അന്വെഷിക്കുന്നവൎക്കു നിത്യജീവനെയും — ശാ ൮
ഠ്യം പൂണ്ടു സത്യത്തെ വഴിപ്പെടാതെ അനീതിയെ അനു
സരിക്കുന്നവൎക്കു കൊപക്രൊധങ്ങളെ ഒക്കയും കൊടു
ക്കും — തിന്മയെ പ്രവൃത്തിക്കുന്ന എത്ര മനുഷ്യാത്മാവി ൯
ന്നെല്ലാം സങ്കടവും ഞെരുക്കവും മുമ്പെ യഹൂദന്നും പിന്നെയ
വനന്നും — നന്മയെ പ്രവൃത്തിക്കുന്ന എല്ലാവന്നും തെജ ൧൦
സ്സും മാനവും സമാധാനവും മുമ്പെ യഹൂദന്നും പിന്നെയ
വനന്നും തന്നെ — ദൈവത്തിങ്കൽ മുഖപക്ഷം ഇ ൧൧
ല്ലല്ലൊ — ധൎമ്മംകൂടാതെ പിഴച്ചവർ ഒക്കയും ധ ൧൨
ൎമ്മം കൂടാതെ നശിച്ചുപൊകും — ധൎമ്മത്തിൽ പിഴച്ചവർ ഒക്ക
യും ധൎമ്മത്താൽ വിധിക്കപ്പെടുകയും ചെയ്യും — ധൎമ്മത്തെ കെൾക്കു ൧൩
ന്നവരല്ലല്ലൊ ദൈവത്തൊടു നീതിമാന്മാർ — ധൎമ്മത്തെ ചെയ്യുന്നവര
ത്രെ നീതീകരിക്കപ്പെടും — ധൎമ്മമില്ലാത്ത ജാതികളും ധൎമ്മത്തി ൧൪
ൽ കല്പിച്ചവ സ്വഭാവത്താൽ ചെയ്യുന്തൊറും ഇവർ ധൎമ്മമില്ലാ
തിരിക്കുന്നവർ തങ്ങൾക്കു തന്നെ ധൎമ്മമാകുന്നു — ധൎമ്മത്തിന്റെ ക്രിയയെ
ല്ലാം തങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയിരിക്കുന്നപ്രകാരം കാട്ടിക്കൊ
ടുക്കുന്നു — അവരുടെ മനൊബൊധവും കൂടസാക്ഷ്യം കൊടുക്കു

ന്നവിചാരങ്ങൾ തമ്മിൽ കുററം ചുമത്തുകയും പ്രതിവാദം
൧൬ ചൊല്ലുകയും ചെയ്യും. — എന്റെ സുവിശെഷപ്രകാരം ദൈ
വം യെശുക്രിസ്തുവിനെകൊണ്ടു മനുഷ്യരുടെ രഹസ്യങ്ങൾക്കു
൧൭ ന്യായം വിധിക്കും നാളിൽ വിശെഷാൽ തന്നെ — നീ
യെഹൂദൻ എന്ന പെർ കൊണ്ടും ധർമ്മത്തിൽ ഉറച്ചിരു
൧൮ ന്നിട്ടും ദൈവത്തിൽ പ്രശംസിച്ചും — ധർമ്മത്തിൽ നി
ന്നു പഠിക്കയാൽ അവന്റെ ഇഷ്ടത്തെ അറിഞ്ഞും ഭെദാ
൧൯ ഭെദങ്ങളെ ശൊധിച്ചും — നീ തന്നെ കുരുടർക്ക വഴികാട്ടു
൨൦ ന്നവൻ ഇരുട്ടിലുള്ളവൎക്കു വെളിച്ചം — മൂഢരെ അഭ്യസി
പ്പിക്കുന്നവൻ ശിശുക്കൾക്കു ഉപദെഷ്ടാവ് എന്നും സത്യത്തി
ന്റെയും ജ്ഞാനത്തിന്റെയും രൂപത്തെ ധർമ്മത്തിൽ ഗ്ര
ഹിച്ചുള്ളവൻ എന്നും തെറിക്കൊണ്ടും ഇരിക്കുന്നെ
൨൧ ങ്കിൽ — ഹെ അന്യനെ ഉപദെശിക്കുന്നവനെ നിന്നെ ത
ന്നെ ഉപദെശിക്കാതിരിപ്പാൻ എന്തു — മൊഷ്ടിക്കരുത്
൨൨ എന്നു ഘൊഷിക്കുന്ന നീ മൊഷ്ടിക്കയൊ — വ്യഭിചാ
രം അരുത് എന്നു പറയുന്ന നീ വ്യഭിചരിക്കയൊ വിഗ്ര
ഹങ്ങളെ അറെക്കുന്ന നീ ക്ഷെത്രമൊഷ്ടി ചെയ്കയൊ-
൨൩ — ധർമ്മത്തിൽ പ്രശംസിക്കുന്ന നീ ധർമ്മലംഘനത്താ
൨൪ ൽ ദൈവത്തെ അപമാനിക്കയൊ — യശ. ൫൨, ൫
ദൈവനാമം നിങ്ങൾ നിമിത്തം ജാതികളിൽ ദൂഷിക്ക
൨൫ പ്പെടുന്നു എന്ന എഴുതിയ പ്രകാരം തന്നെ — പരിഛെ
ദനമായതൊ നീ ധർമ്മത്തെ പ്രവൃത്തിച്ചാൽ ഉപകരിക്കു
ന്നു സത്യം — ധർമ്മലംഘിയായാൽ നിന്റെ പരിഛെദനം
൨൬ അഗ്രചർമ്മമായി പൊയി — അഗ്രചർമ്മക്കാരനൊ ധർമ്മന്യാ
യങ്ങളെ കാത്തു കൊണ്ടാൽ അവന്റെ അഗ്രചർമ്മം പ
൨൭ രിഛെദനമെന്നു എണ്ണപ്പെടുകയില്ലയൊ — അതെ-

സ്വഭാവത്താൽ അഗ്രചർമ്മമാകുന്നവർ ധർമ്മത്തെ അനുഷ്ഠിച്ചു
അക്ഷരത്തിൽ പെട്ടും പരിഛേദനയും ഉണ്ടായിട്ടും ധർമ്മലംഘിയാ
യിരിക്കുന്ന നിന്റെ ന്യായം വിധിക്കയും ചെയ്യും— കാരണം പു
റമെ യഹൂദനായവൻ യഹൂദനല്ല പുറമെ മാംസത്തിലുള്ള
പരിഛേദനയും അല്ല— രഹസ്യത്തിലെ യഹൂദനത്രെ യെ
ഹൂദൻ എഴുത്തിലല്ല ആത്മാവിൽ ഉള്ള ഹൃദയപരി
ഛേദനയത്രെ പരിഛേദനയും ആകുന്നു— ഇങ്ങിനെയുള്ളവന്റെ
പുകഴ്ച മനുഷ്യരിൽനിന്നല്ല ദൈവത്തിൽനിന്നൊ വരും—

൩ ആമദ്ധ്യായം.

യഹൂദർക്കുള്ള മുമ്പുപൊരാട്ടുകൾ— അവരും ജാതികളെ
പൊലെ പാപികൾ ആകയാൽ വിശ്വാസത്താലെ നീതീകരിക്ക
പ്പെട്ടും—

എന്നാൽ യഹൂദന് എന്തു വിശേഷം ഉള്ളു അല്ലൊ പരിഛേദ ൧
നയാൽ എന്തു ഉപകാരം എല്ലാവിധത്തിലും വളരെ ഉണ്ടു— ൨
ഒന്നാമത് ദൈവത്തിന്റെ മൊഴികൾ അവരിൽ സമർപ്പിക്ക
പ്പെട്ടു— പിന്നെയൊ— ചിലർ വിശ്വാസഭംഗികൾ ആയിരുന്നാ ൩
ൽ അവരുടെ അവിശ്വാസം ദൈവത്തിൻ വിശ്വാസത്തെ
നീക്കുമൊ— അരുതെ— ദൈവം സത്യവാൻ എല്ലാമനു ൪
ഷ്യനും കള്ളൻ എന്നൊ വരികയാവു— (സങ്കീ. ൫൧, ൬) നിന്റെ
വചനങ്ങളിൽ നീ നീതീകരിക്കപ്പെട്ടുവാനും നിന്റെ ന്യായവിധി
യിൽ ജയിപ്പാനും എന്നെഴുതിയ പ്രകാരമത്രെ— എ ൫
ന്നാൽ നമ്മുടെ നീതികേടു ദൈവനീതിയെ തെളിയിക്കുന്നു എങ്കി
ൽ നാം എന്തു പറയും— ദൈവം കോപത്തെ വരുത്തുന്ന
തിനാൽ പക്ഷപാതിയായി കെട്ടവൻ എന്നൊ ഞാൻ മാനുഷ
മായി പറയുന്നു— അങ്ങിനെ അല്ലാഞ്ഞാൽ ദൈവം ൬

൭ ലൊകത്തിന്നു എങ്ങിനെ ന്യായം വിധിക്കും — എന്തെന്നാൽ
ദൈവത്തിന്റെ സത്യം എന്റെ കള്ളത്തിനാൽ അവന്റെ
തെജസ്സിന്നായി പൊങ്ങി വന്നു എങ്കിൽ എന്തിനു പാപി
൮ എന്നുള്ള വിധി വരുവാൻ എന്തു — (അല്ലാതെ ഞങ്ങളെ
പറയുന്നു എന്നു ചിലർ ദുഷിച്ചു പറയുന്ന പ്രകാരം നല്ലതു
വരെണ്ടതിന്നു നാം തിന്മകളെ ചെയ്ക കൊള്ളെണമൊ -
൯ എന്നവരുടെ ശിക്ഷാവിധി ന്യായമുള്ളതു തന്നെ — പി
ന്നെ എന്തു - ഞങ്ങൾ മുമ്പുണ്ടൊ - ഒട്ടും ഇല്ല യഹൂദരും യവന
രും എല്ലാവരും പാപത്തിൻ കീഴുള്ളു എന്നു നാം മുമ്പെ
൧൦ തീൎത്തുവല്ലൊ — എഴുതിയിരിക്കുന്ന പ്രകാരം നീതിമാൻ ആ
൧൧ രുമില്ല ഒരുത്തൻ പൊലും ഇല്ല — ബൊധിക്കുന്നവനില്ല ദൈവ
൧൨ ത്തെ അന്വെഷിക്കുന്നവനും ഇല്ല — എല്ലാവരും വഴി തെറ്റി ഒരു
പൊലെ നിസ്സാരമായി പൊയി ഗുണം ചെയ്യുന്നവൻ ഇല്ല
൧൩ ഒരുത്തൻ പൊലും ഇല്ല (സങ്കീ ൧൪, ൧-൩) — അവരുടെ തൊ
ണ്ട തുറന്ന ശവക്കുഴി - നാവുകളാൽ അവർ ചതിച്ചു (സങ്കീ ൫,
൧൩) സൎപ്പവിഷം അവരുടെ ചുണ്ടുകളിൻ കീഴെ (സങ്കീ ൧൪,
൧൪൦, ൩) അവരുടെ വായിൽ ശാപവും കൈപ്പും നിറയുന്നു
൧൪ (സങ്കീ ൧൦, ൭) — അവരുടെ കാലുകൾ രക്തം ചൊരിവാൻ ഓ
൧൬ ടുന്നു — സംഹാരവും ഇടിവും അവരുടെ വഴികളിൽ ഉ
൧൭ ണ്ടു — സമാധാനവഴി അവൎക്ക ബൊധിച്ചതും ഇല്ല (യെശ
൧൮ യ ൫൯, ൭) — അവരുടെ കണ്ണുകളുടെ മുമ്പാകെ ദൈവഭയം ഇല്ല
൧൯ (സങ്കീ ൩൬, ൧) — എന്നാൽ ധൎമ്മം പറയുന്നത് എല്ലാം ധൎമ്മത്തി
൧൯ ൽ ഉള്ളവരൊടു ചൊല്ലുന്നതു എന്നു നാം അറിയുന്നു — വായ്ക്കു
വായും അടച്ചു പൊയി സൎവ്വലൊകവും ദൈവത്തിനു ദണ്ഡ
൨൦ യൊഗ്യമായി തീരെണ്ടതിന്നത്രെ — എന്നതുകൊണ്ടു ധൎമ്മക്രിയ
കളാൽ ജഡം ഒന്നും അവൻ മുമ്പാകെ നീതീകരിക്കപ്പെട്ടു

2.

കയില്ല - ധൎമ്മത്താലൊ പാപത്തിൻ പരിജ്ഞാനമെ ഉള്ളു -
ഇപ്പൊഴൊ ദൈവനീതി ധൎമ്മം കൂടാതെ തെളിഞ്ഞുവന്നിരി-
ക്കുന്നു — അതിന്നു ധൎമ്മവും പ്രവാചകന്മാരും സാക്ഷ്യം ചൊല്ലുന്നു:
താനും — വിശ്വസിക്കുന്നവർ എല്ലാവരിലും എല്ലാവരുടെമെ-
ലും യെശുക്രിസ്തനിലെ വിശ്വാസത്താലുള്ള ദൈവനീതി
തന്നെ — വ്യത്യാസം ഒട്ടും ഇല്ലല്ലൊ - കാരണം എല്ലാവരും പാ-
പം ചെയ്തു ദൈവതെജസ്സില്ലാതെ ചമഞ്ഞു — അവരെ അവ-
ന്റെ കരുണയാൽ ക്രിസ്തയെശുവിങ്കലെ വീണ്ടെടുപ്പിനെ
കൊണ്ടു സൌജന്യമായത്രെ നീതീകരിക്കപ്പെടുന്നു — ആയ-
വനെ ദൈവം അവന്റെ രക്തത്താൽ തന്റെ നീതിയെ വെ-
ളിച്ചു കാട്ടെണ്ടതിന്നു വിശ്വാസമൂലം പ്രായശ്ചിത്തമായി
കാണിച്ചുവെച്ചിരിക്കുന്നത്രെ — ദൈവം തന്റെ പൊറുതിയിങ്കൽ മു-
ൻ കഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിട്ടതിനിമിത്തമാ-
യിരുന്നു — ഇപ്പൊഴൊ ഈ സമയത്തിൽ തന്റെ നീതിയെ ഒപ്പി-
പ്പാനും ഇങ്ങിനെ താൻ നീതിമാനും യെശുവിൽ വിശ്വാസ-
മുള്ളവനെ നീതീകരിക്കുന്നവനും ആയി കാണ്മാനും തന്നെ
ന്ന — എന്നാൽ പ്രശംസ എവിടെ - പുറത്തു തള്ളപ്പെ-
ട്ടുപൊയി — ഏതു ധൎമ്മത്താൽ ആയതു - ക്രിയകളുടെതിനാ-
ലൊ - അല്ല വിശ്വാസധൎമ്മത്താലത്രെ — മനുഷ്യൻ ധൎമ്മത്തി-
ന്റെ ക്രിയകൾ കൂടാതെ വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെ-
ടുന്നു എന്നു നാം പ്രമാണിക്കുന്നത്രെ - അല്ല ദൈവം യഹൂ-
ദന്മാൎക്കു മാത്രം ആകുന്നുവൊ — ജാതികൾക്കും കൂടെ അല്ലയൊ - അ-
തെ ജാതികൾക്കും ആകുന്നു — വിശ്വാസമൂലം പരിഛെദ-
നക്കാരെയും വിശ്വാസത്താൽ അഗ്രചൎമ്മത്തെയും നീതീകരി-
പ്പൊരു ദൈവം ഏകൻ ആകുന്നപൊൽ — എന്നാൽ ന-
മ്മുടെ വിശ്വാസത്താൽ നാം ധൎമ്മത്തെ നീക്കം ചെയ്യുന്നുവൊ

അതല്ലതെ നാം ധൎമ്മത്തെ സ്ഥാപിക്കുന്നത്രെ-

൪ാം അദ്ധ്യായം

വിശ്വാസനീതി പഴയനിയമത്തോടും ചേരുന്നത-

൧ എന്നാൽ നമ്മുടെ പിതാവായ അബ്രഹാം ജഡപ്രകാര
൨ പ്രവൃത്തിയാൽ എന്തൊന്നു കണ്ടെത്തി എന്നു പറയേണ്ടു— അ
ബ്രഹാം ക്രിയകളാൽ നീതീകരിക്കപ്പെട്ടു എങ്കിൽ അവന്നു
൩ പ്രശംസ ഉണ്ടല്ലൊ പക്ഷെ ദൈവത്തോട് അല്ലുതാനും — വേദ
മെന്തു പറയുന്നതൊ. ൩ ഇന്നു അബ്രഹാം ദൈവത്തെ
വിശ്വസിച്ചു അതും അവന്നു നീതിയായി എണ്ണപ്പെട്ടു
൪ ന്നു തന്നെ — പ്രവൃത്തിക്കുന്നവന്നു കൂലി എണ്ണപ്പെടുന്ന
൫ തു കടങ്ങൾ പ്രകാരമല്ല കടപ്രകാരമത്രെ— പ്രവൃത്തിക്കാത്ത
വൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസി
ക്കുന്നവനൊ തന്റെ വിശ്വാസം നീതിയായി എണ്ണപ്പെ
൬ ട്ടുന്നു — ദൈവം ക്രിയകൾ കൂടാതെ നീതിയെ കണക്കാക്കുന്ന മ
നുഷ്യന്റെ ധന്യവാദത്തെ ദാവീദും പറയുന്നു (സങ്കീ. ൩൨)-
൭ അധൎമ്മങ്ങൾ മോചിച്ചും പാപങ്ങൾ മറെച്ചും കിട്ടിയവർ ധ
൮ ന്യർ — കൎത്താവ് പാപത്തെ കണക്കിടാത്ത പുരുഷൻ ധ
൯ ന്യൻ തന്നെ —— എന്നാൽ ഈ ധന്യവാദം ചെല്ലുന്നതു പരി
ഛേദനക്കാരന്മേലൊ — അഗ്രചൎമ്മത്തിന്നു കൂടയൊ — അ
ബ്രഹാമിന്നല്ലൊ വിശ്വാസം നീതിയായി എണ്ണപ്പെട്ടു എന്ന
൧൦ നാം പറയുന്നു — എങ്ങിനെ എണ്ണപ്പെട്ടു പരിഛേദനത്തിൽ
ഇരിക്കുമ്പോഴൊ അഗ്രചൎമ്മത്തിൽ തന്നെയൊ — പരിഛേദ
൧൧ നത്തിൽ അല്ല അഗ്രചൎമ്മത്തിലത്രെ — പിന്നെ ൧൧
൧൧ പരിഛേദനം എന്നുള്ള അടയാളം അഗ്രചൎമ്മത്തിൽ സാ
ധിച്ച വിശ്വാസനീതിക്ക മുദ്രയായി ലഭിച്ചത് — അഗ്രചൎമ്മത്തൊ

ട്ടംത്തോടെ വിശ്വസിക്കുന്നവർക്ക് എല്ലാവർക്കും നീതി കണക്കിടപ്പെ
ട്ടുമാറാകുവാൻ അവർക്കും — പരിഛേദനയുള്ളവർ ൧൨
ല്ലാതെ നമ്മുടെ പിതാവായ അബ്രഹാം അഗ്രചർമ്മത്തിൽ കാ
ട്ടിയ വിശ്വാസത്തിൻ ചുവടുകളെ അനുസരിച്ചു നടക്കുന്നവരി
ളെ പരിഛേദനക്കാർക്കും പിതാവാകിയിരിക്കേണ്ടതിന്നു തന്നെ — ൧൩
ലോകാവകാശിയാകുവാനുള്ള വാഗ്ദത്തം അബ്രഹാമി
ന്നും അവന്റെ സന്തതിക്കും ധർമ്മത്താൽ അല്ലല്ലോ വി
ശ്വാസനീതിയാലത്രെ വന്നതു — കാരണം ധർമ്മത്തിലുള്ള ൧൪
വർ അവകാശികൾ എങ്കിൽ വിശ്വാസം വൃഥാവാകി
വാഗ്ദത്തവും നിരർത്ഥം വന്നു ധർമ്മമല്ലൊ കോപത്തെ സാധി
പ്പിക്കുന്നു — ധർമ്മം ഇല്ലാത്തേടത്തു ലംഘനവും ഇല്ല ല്ലോ ൧൫
ഷ്ടം — അതുകൊണ്ടു വിശ്വാസത്താൽ അവകാശികൾ ൧൬
ആകുന്നതു അവർക്കു കൃപാപ്രകാരം ഉറെക്കേണ്ടതിന്നു
ത്രെ ഇങ്ങിനെ ധർമ്മമുള്ളവനു മാത്രമല്ല അബ്രഹാമിൻ വി
ശ്വാസം ഉള്ളവനുമായി സകലസന്തതിക്കും വാഗ്ദത്തം ഉറ
പ്പാകേണ്ടതിന്നു തന്നെ — ഉല്പ. ൧൭,൫ ഞാൻ നിന്നെ ൧൭
ബഹുജാതികൾക്കു പിതാവാക്കി വെച്ചു എന്നു എഴുതിയപ്രകാരം
അവൻ മരിച്ചവരെ ജീവിപ്പിച്ചും ഇല്ലാത്തവയെ ഉള്ളവ
ങ്ങളെ പോലെ വിളിച്ചും കൊള്ളുന്നവനായി അവൻ വിശ്വസിച്ചുള്ള ദൈ
വത്തിൻ മുമ്പാകെ നമുക്ക് എല്ലാവർക്കും പിതാവാകുന്നു — ൧൮
ഉല്പ. ൧൫,൫ ഇപ്രകാരം നിന്റെ സന്തതിയും ആകും
എന്നുള്ള മൊഴിപ്രകാരം അവൻ ബഹുജാതികൾക്കു പിതാവാ
വാൻ ആശെക്കു വിരോധമായി ആശയോടും കൂടെ വിശ്വ
സിച്ചും — വിശ്വാസത്തിൽ ക്ഷീണിക്കാതെ ഏകദേശം നൂ ൧൯
റു വയസ്സായിട്ടു നിർജ്ജീവമായി പോയ തന്റെ ശരീരത്തെയും
സാറയുടെ ഗർഭപാത്രത്തിൻ നിർജ്ജീവത്വത്തെയും കൂട്ടാക്കാ

൨൦ തെയും — ദൈവവാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സം
ശയം തൊന്നാതെയും വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈ
൨൧ വത്തിന്നു മഹത്വത്തെ കൊടുത്തു — അവൻ വാഗ്ദത്തം ചെയ്തതി
നെ വരുത്തുവാനും ശക്തനാകുന്നു എന്നു നിറപടിയായിട്ടുറെച്ചി
൨൨ ച്ചു — അതുകൊണ്ടത്രെ അത് അവന്നു നീതിയായിട്ട് എണ്ണ
൨൩ പ്പെട്ടു — അവന്നു എണ്ണപ്പെട്ടു എന്നതൊ അവൻ നിമി
൨൪ ത്തം തന്നെ അല്ല നാം നിമിത്തം കൂടെ എഴുതപ്പെട്ടു — ന
മ്മുടെ പിഴകൾ നിമിത്തം ഏല്പിക്കപ്പെട്ടും നമ്മുടെ നീതീക
രണത്തിന്നായി ഉണർത്തപ്പെട്ടും ഉള്ള നമ്മുടെ കർത്താവായ
൨൫ യെശുവെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവങ്കൽ വിശ്വസി
ച്ചാൽ അത്രെ നമുക്കും എണ്ണപ്പെടും എന്നൊ വെണ്ടു

൫ അദ്ധ്യായം

നീതീകരണത്തിൻ ഫലങ്ങൾ — ആദാമിനാൽ വന്ന പാപ
ഫലങ്ങളെയും ക്രിസ്തുധർമ്മത്തിൻ ഫലത്തൊടും ഉപമിച്ചത് —

൧ ആകയാൽ വിശ്വാസംമൂലം നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ ക
ർത്താവായ യെശുക്രിസ്തുനാൽ നമുക്കു ദൈവത്തൊടു സമാധാനം
൨ ഉണ്ടു — നാം നിലനില്ക്കുന്ന കരുണയിൽ പ്രവെശം അവനാൽ
അത്രെ വിശ്വാസമൂലം ലഭിച്ചത് — ദൈവതെജസ്സിൻ ആശ
൩ യിങ്കൽ നാം പ്രശംസിക്കയും ചെയ്യുന്നു — അത്രതന്നെ അല്ല
സങ്കടം ക്ഷാന്തിയെയും ക്ഷാന്തി പരീക്ഷയെയും പരീക്ഷ
൪ ആശയെയും സമ്പാദിക്കുന്നത് അറിഞ്ഞു — നാം സങ്കടങ്ങളി
൫ ലും പ്രശംസിക്കുന്നു — ആശ എന്നതൊ ലജ്ജിപ്പിക്കുന്നില്ല
ദൈവസ്നെഹമല്ലൊ നമുക്കു നല്കിയ വിശുദ്ധാത്മാവിനാൽ ന
൬ മ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നു — എങ്ങിനെ എന്നാൽ
നാം ബലമില്ലാത്തവർ ആകുമ്പൊഴെക്കു തക്കസമയത്തി

ൽ അഭക്തർക്കുവെണ്ടി മരിച്ചു — നീതിമാനുവെണ്ടിയും ഒരുത്ത ൭
ൻ മരിക്കുന്നത ദുൎല്ലഭമത്രെ ഉത്തമനുവെണ്ടി പക്ഷെ മരി
പ്പാൻ തുനിഞ്ഞാലുമാം — ക്രിസ്തു നാം പാപികളായിരിക്കെ ൮
നാം ഒഴിക്ക നമുക്കുവെണ്ടി മരിക്കയാൽ ദൈവം തനിക്ക നമ്മി
ലുള്ള സ്നെഹത്തിനെ തെളിവാക്കുന്നു — എന്നാൽ അവന്റെ ൯
രക്തത്താൽ നീതീകരിക്കപ്പെട്ടിട്ടു നാം ഇപ്പൊൾ അവനാ
ൽ കൊപത്തിൽനിന്ന എത്ര അധികം രക്ഷിക്കപ്പെട്ടും — ശ ൧൦
ത്രുക്കളായ നമ്മെക്കെല്ലാം അവന്റെ പുത്രമരണത്താൽ ദൈ
വത്തൊടു നിരപ്പു വന്നു എങ്കിൽ നിരന്ന ശെഷം നാം അവ
ന്റെ ജീവനാൽ എത്ര അധികം രക്ഷിക്കപ്പെട്ടും — അത്ര ൧൧
യല്ല നമുക്ക ഇപ്പൊൾ നിരപ്പു ലഭിച്ചതിൽ കാരണമായ നമ്മു
ടെ കൎത്താവായ യെശു ക്രിസ്തുനാൽ ദൈവത്തിൽ പ്രശംസി
ച്ചും കൊണ്ട രക്ഷപ്പെടുവത്രെ —

അത്രകൊണ്ട ഇതു വരുന്നതു ഏക മനുഷ്യനാൽ പാ ൧൨
പവും പാപത്താൽ മരണവും ലൊകത്തിൽ പുക്കതിങ്ങിനെ
എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരൊ
ക്കും പരന്നതു പൊലെ തന്നെ — പാപമൊ ധൎമ്മം വരെ ലൊ ൧൩
കത്തിലിരുന്നു സത്യം — ധൎമ്മം ഇല്ലാത്തതാൽ പാപം പ്രമാണ
മായി എണ്ണപ്പെട്ടില്ലത്രെ — എങ്കിലും മരണം ആദാം ൧൪
മുതൽ മൊശവരെയും വാണു ആദാമിന്റെ ലംഘന
സാദൃശ്യത്തിൽ അല്ലാതെ പാപം ചെയ്തവരിലും തന്നെ
— അവനൊ വരുവാനുള്ള ആദാമിന്നു ദൃഷ്ടാന്തം അത്രെ ൧൫
എന്നാൽ പിഴ പൊലെ കൃപാവരവും എന്നവരാ — എങ്ങിനെ
എന്നാൽ ഒരുവന്റെ പിഴയാൽ അനെകർ മരിച്ചു എങ്കിൽ
ദൈവകൃപയും ദാനവും എത്ര അധികം ഏക മനുഷ്യനായ യെശു
ക്രിസ്തുവിന്റെ കരുണയാൽ അനെകരിലെക്ക വഴിഞ്ഞു — ഒ ൧൬

ത്രപാപിയാൽ ഉണ്ടായതുപൊലെ ദാനം എന്നും വരാ— ന്യാ
യവിധി അല്ലൊ ഒരുവങ്കൽ നിന്നത്രെ ശിക്ഷാവിധിക്കാ
യിരിക്കുന്നു— കൃപാവരമൊ അനെകം പിഴകളിൽ
൧൭ നിന്നു നീതീകരണത്തിന്നത്രെ— ഒരുവന്റെ പിഴയാൽ
മരണം ഒരുവനാൽ വാണു എങ്കിൽ കൃപയും നീതിദാനവും
വഴിഞ്ഞുവരുന്നതു ലഭിക്കുന്നവർ അത്രെ അധികം ഒരുവനായ
൧൮ യെശുക്രിസ്തനാൽ ജീവനിൽ വാഴും— എന്നതുകൊണ്ടു
ഒരു പിഴയാൽ എല്ലാ മനുഷ്യരിലും ശിക്ഷാവിധി വന്നതു
പൊലെ നീതിക്രിയ ഒന്നിനാൽ എല്ലാ മനുഷ്യരിലും ജീവ
൧൯ ന്റെ നീതീകരണവും വരുന്നതു— ഒരു മനുഷ്യന്റെ
അനുസരണക്കെടിനാൽ അനെകർ പാപികളാക്കിയ
തുപൊലെ ഒരുവന്റെ അനുസരണത്താൽ അനെകർ നീ
൨൦ തിമാന്മാരാക്കപ്പെടും സത്യം— ധർമ്മമൊ പിഴ
൨൧ പെരുകെണ്ടതിന്നു വന്നുകൂടി— എങ്കിലും പാപം വ
ർദ്ധിച്ചെടത്തു കരുണ ഏറ്റവും വഴിഞ്ഞുവന്നു— പാപം
മരണത്താൽ വാണപ്രകാരം തന്നെ നമ്മുടെ കർത്താവാ
യ യെശുക്രിസ്തനാൽ കരുണയും നീതിമൂലം നിത്യജീവന്നാ
യി വാഴെണ്ടതിന്നത്രെ—

൬ അദ്ധ്യായം

കരുണയാൽ ഉൾപ്പെട്ടതുകൊണ്ടു വസിക്കയാൽ പാപത്തിൽ വസി
ച്ചുപൊകുന്നതിനെ സെവിപ്പാനും ഇനി കഴിക്കയില്ല.

൧ എന്നാൽ നാം എന്തു പറയും— കരുണ പെരുകെണ്ടതിന്നു
൨ പാപത്തിൽ വസിക്കയൊ എന്നൊ— അതരുതെ— പാപത്തിന്നു
൩ മരിച്ചുപൊയ നാം ഇനി എങ്ങിനെ അതിൽ ജീവിക്കും— അ
റിഞ്ഞുകൂടയൊ യെശുക്രിസ്തങ്കൽ സ്നാനം എറ്റ നാം എല്ലാവരും

അവന്റെ മരണത്തിൽ സ്നാനപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ അറി
യുന്നില്ലയൊ — എന്നതുകൊണ്ടു നാം അവന്റെ മരണത്തി
ലെ സ്നാനത്താൽ അവനൊടു കൂടെ കുഴിച്ചിടപ്പെട്ടിരിക്കു
ന്നു പിതാവിന്റെ തെജസ്സിനാൽ മശിഹ മരിച്ചവരിൽനിന്ന് ഉണൎന്നു
വന്നതു പൊലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കെ
ണ്ടതിന്നത്രെ — എങ്ങിനെ എന്നാൽ അവന്റെ മര ൫
ണത്തിൻ സാദൃശ്യത്തൊടു നാം ഒന്നിച്ചുനട്ടവർ ആയെ
ങ്കിൽ പുനരുത്ഥാനത്തൊടും ആകും — നാം ഇനി പാപത്തെ ൬
സെവിക്കാതവണ്ണം പാപശരീരത്തിന്നു നാശം വരെണ്ട
തിന്നു നമ്മുടെ പഴയ മനുഷ്യൻ ക്രൂശിൽ തറെക്കപ്പെ
ട്ടു എന്ന് അറിയാമല്ലൊ — ചത്തവനല്ലൊ പാപത്തിൽനി ൭
ന്നു മൊചിക്കപ്പെട്ടവൻ — എന്നാൽ നാം ക്രിസ്തനൊടു കൂ ൮
ടെ ചത്തു എങ്കിൽ അവനൊടു ഒന്നിച്ചു ജീവിക്കും എ
ന്നു വിശ്വസിക്കുന്നു — ക്രിസ്തൻ മരിച്ചവരിൽനിന്ന് എഴു ൯
ന്നശെഷം ഇനി ചാകാ — മരണം അവനെ ഇനി അധിക
രിക്കുന്നില്ല എന്നു നാം അറിയുന്നുവല്ലൊ — അവൻ ചത്തതു
പാപത്തിന്നു ഒരിക്കൽ ചത്തു — ജീവിക്കുന്നതൊ ദൈ ൧൦
വത്തിന്നു ജീവിക്കുന്നു — അപ്രകാരം നിങ്ങളും പാപത്തിന്നു ൧൧
മരിച്ചവർ എന്നും ക്രിസ്തു യെശുവിങ്കൽ ദൈവത്തിന്നു ജീ
വിക്കുന്നവർ എന്നും നിങ്ങളെ തന്നെ എണ്ണുവിൻ — ആക ൧൨
യാൽ പാപം നിങ്ങളുടെ ചാകുന്ന ശരീരത്തിൽ അതി
ന്റെ മൊഹങ്ങളെ അനുസരിക്കുമാറു ഇനി വാഴരുതു നിങ്ങളു
ടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളാക്കി പാപത്തി
ന്നു സമൎപ്പിക്കയും അരുതു — ദൈവത്തിന്നു നിങ്ങളെ തന്നെ ൧൩
മരിച്ചവരിൽനിന്നു ജീവിക്കുന്നവർ എന്നും നിങ്ങളുടെ അ
വയവങ്ങളെ ദൈവത്തിന്നു നീതിയുടെ ആയുധങ്ങൾ എന്നും

൧൪ സമൎപ്പിക്കയാവു — പാപമല്ലൊ നിങ്ങൾ ധൎമ്മത്തിൻ കീഴല്ല കാരു
ണക്കീഴത്രെ ആകയാൽ നിങ്ങളിൽ അധികരിക്കയില്ല.
൧൫ എന്നാൽ എന്തു — ധൎമ്മത്തിൻ കീഴല്ല കാരുണക്കീഴത്രെ ആക
൧൬ യാൽ പാപം ചെയ്ക എന്നൊ — അതരുത് — ആരിൽ നിങ്ങ
ളെ തന്നെ അനുസരണത്തിന്നു ദാസർ എന്നു സമൎപ്പിച്ചാ
ലും നിങ്ങൾ അനുസരിക്കുന്നവന്നു തന്നെ ദാസർ ആകുന്നു
എന്നറിയുന്നില്ലയൊ — മരണത്തിന്നായി പാപത്തിന്
എങ്കിലും നീതിക്കായി അനുസരണത്തിന്നെങ്കിലും ദാസ
൧൭ രത്രെ — നിങ്ങളൊ പാപത്തിന്നു ദാസരായിരുന്നിട്ടും
യാതൊരു ഉപദേശരൂപത്തിൽ എല്പിക്കപ്പെട്ടത്തി
നെ തന്നെ ഹൃദയത്തോടെ അനുസരിച്ചതുകൊണ്ടു ദൈ
൧൮ വത്തിന്നു സ്തോത്രം — പാപത്തിൽ നിന്നു വിടുവിക്കപ്പെ
ട്ടു നിങ്ങൾ നീതിക്ക് അടിമപ്പെട്ടതെ ഉള്ളു — നിങ്ങളുടെ ജ
ഡത്തിൻ ബലഹീനത നിമിത്തം ഞാൻ മാനുഷമായി
൧൯ പറയുന്നു — നിങ്ങളുടെ അവയവങ്ങളെ അധൎമ്മത്തിന്നാ
യി അശുദ്ധിക്കും അധൎമ്മത്തിന്നും അടിമകളാക്കി സമൎപ്പി
ച്ച പ്രകാരം തന്നെ ഇപ്പൊൾ നിങ്ങളുടെ അവയവങ്ങളെ
വിശുദ്ധീകരണത്തിന്നായി നീതിക്ക് അടിമകളാക്കി സ
൨൦ മൎപ്പിപ്പിൻ — എങ്ങിനെ എന്നാൽ നിങ്ങൾ പാപദാസരാ
യിരിക്കുമ്പൊൾ നീതിയിൽ നിന്നു ഒഴിവുള്ളവരായല്ലൊ ആ
൨൧ ന്നിരുന്നതു — എന്തൊരു ഫലം ഉണ്ടായി — ഇപ്പൊൾ നിങ്ങൾക്ക ല
ജ്ജ തോന്നുന്നവയത്രെ — അവറ്റിൻ ഒടുവു മരണം ത
൨൨ ന്നെ സത്യം — ഇപ്പൊഴൊ പാപത്തിൽ നിന്നു വിടുവിക്കപ്പെ
ട്ടും ദൈവത്തിന്ന് അടിമപ്പെട്ടും വന്നതമുതൽ വിശുദ്ധീകര
ണത്തിന്നായി ഫലവും ഒടുവായി നിത്യജീവനും നിങ്ങൾക്കു
൨൩ ണ്ടു — പാപത്തിൻ ശമ്പളമല്ലൊ മരണമത്രെ — ദൈവത്തിൻ

കൃപാവരമൊ നമ്മുടെ കൎത്താവായ യെശുക്രിസ്തനിൽ നിത്യ
ജീവൻ തന്നെ.

൭ അദ്ധ്യായം

വിശ്വാസി ധൎമ്മത്തിന്നു മരിച്ചു ക്രിസ്തനൊടും ചെൎന്നവനാ
കയിൽ പാപവശനാകാതെ ഇന്ദ്രിയങ്ങളിൽ ദാഹത്തെ
ജയിപ്പിക്കുന്നു.

സഹോദരന്മാരെ ധൎമ്മത്തെ അറിയുന്നവരൊടു ഞാൻ പറയു
ന്നു — ധൎമ്മം മനുഷ്യനിൽ അവൻ ജീവിച്ചിരിക്കുന്നെടത്തൊ
ളം അധികരിക്കുന്നു എന്നു ബൊധിക്കാതിരിക്കുന്നുവൊ —
പുരുഷനുള്ള സ്ത്രീയല്ലൊ ജീവിച്ചിരിക്കുന്ന പു ൨
രുഷനൊടു ധൎമ്മത്താൽ കെട്ടപ്പെട്ടിരിക്കുന്നു — പുരുഷൻ
മരിച്ചാൽ അവൾ പുരുഷധൎമ്മത്തിൽനിന്ന് ഒഴി
ഞ്ഞു — എന്നാൽ ഭൎത്താവ് ജീവിക്കയിൽ അവൾ വെറെ പുരു ൩
ഷനായാൽ വ്യഭിചാരിണി എന്നു പെർ കൊള്ളും — ഭൎത്താവ് മരി
ച്ചു എങ്കിലൊ അവൾ വെറെ പുരുഷനായിനാൽ വ്യഭിചാ
രിണി എന്നുവരാതെ ധൎമ്മത്തിൽനിന്നു സ്വതന്ത്രയാകുന്നു —
അതുകൊണ്ട് എന്റെ സഹോദരന്മാരെ നിങ്ങളും ക്രിസ്തു ൪
ന്റെ ശരീരത്താൽ ധൎമ്മത്തിന്നു കൊല്ലപ്പെട്ടു നാം ദൈവ
ത്തിന്നു ഫലം കായ്ക്കുമാറു വെറെ ഒരുവന്നു മരിച്ചവരിൽനി
ന്നു ഉണൎന്നവന്നു തന്നെ ആകെണ്ടിയതത്രെ — എന്തെ
ന്നാൽ നാം ജഡത്തിൽ ആകുന്നകാലം ധൎമ്മത്താൽ ഉ ൫
ള്ള പാപരാഗങ്ങൾ മരണത്തിന്നു ഫലം കായ്ക്കുമാറു ന
മ്മുടെ അവയവങ്ങളിൽ വ്യാപരിച്ചു പൊന്നു — ഇപ്പൊഴൊ ൬
മരിച്ചിട്ടു നാം കുടുങ്ങി പാൎത്ത ധൎമ്മത്തിൽനിന്നു ഒഴിഞ്ഞിരിക്ക
യാൽ അക്ഷരപഴക്കത്തിലല്ല ആത്മാവിൻ പുതുക്കത്തിൽ

൭ തന്നെ സെവിപ്പുയരുന്നത — എന്നാൽ നാം എന്തു പറയും.
ധർമ്മം പാപം എന്നൊ അതരുത — എങ്കിലും ധർമ്മത്താൽ അല്ലാ
തെ ഞാൻ പാപത്തെ അറിവാറായില്ല — ന്മൊഹം.മൊ
ഹിക്കരുത് എന്ന ധർമ്മം പറഞ്ഞ് ഒഴികെ ഞാൻ മൊഹ
൮ ത്തെയും അറിയാതിരുന്ന സ്പഷ്ടം — പാപമൊ അവസരം
ലഭിച്ചിട്ട കല്പനയെ കൊണ്ട എന്നിൽ എല്ലാ മൊഹത്തെ
൯ യും പ്രവൃത്തിച്ചു — ധർമ്മം എന്നിയെ പാപം ചത്തപ്രായം ആ
കുന്നുവല്ലൊ — ഞാനൊ പണ്ടു ധർമ്മം എന്നിയെ ജീവിച്ചിരു
൧൦ ന്നു — പിന്നെ കല്പന വന്നാറെ പാപം പുനർജ്ജീവിച്ചു ഞാനും
മരിച്ചു. ജീവിനെക്കു വന്നായുള്ള കല്പന എനിക്കു മരണത്തി
൧൧ നായുള്ളത എന്ന കാണായ്വന്നു — പാപമല്ലൊ അവസരം
ലഭിച്ചിട്ട കല്പനയെ കൊണ്ട എന്നെ ചതിച്ചു അതിനാലും
൧൨ കൊന്നു — ആകയാൽ ധർമ്മം വിശുദ്ധം — കല്പന വിശുദ്ധവും
ന്യായവും നല്ലതും ആകുന്നു — എന്നിട്ട നല്ലതതാനൊ എനിക്കു
മരണമായ്വന്നത എന്നൊ അതരുത — പാപമത്രെ മരണമായി —
൧൩ — നല്ലതിനെ കൊണ്ട എനിക്കു മരണത്തെ പ്രവൃത്തിക്കു
ന്നതിനാൽ പാപമായി തൊന്നുവാനും പാപം കല്പനയാ
൧൪ ൽ അനവധി പാപമാകുമവാനും തന്നെ — കാരണം ധർമ്മം
ആത്മികം എന്നു നാം അറിയുന്നു ഞാനൊ ജഡമായവൻ പാ
൧൫ പത്തിന്നു കീഴ വില്ക്കപ്പെട്ടവൻ — ഞാൻ പ്രവൃത്തിക്കുന്നതല്ലൊ
എനിക്കു തിരിയാ ഞാൻ ഇച്ഛിക്കുന്നതിനെ അല്ലൊ ചെയ്യാ
൧൬ തെ പകെക്കുന്നതിനെ ചെയ്യുന്നുണ്ടു പൊൽ — എന്നാൽ
ഞാൻ ഇച്ഛിക്കാത്തതിനെ തന്നെ ചെയ്കിൽ ധർമ്മം നല്ലത
൧൭ എന്നു ഞാൻ അതിനൊടു സമ്മതിക്കുന്നു — എന്നാൽ അ
തിനെ ഞാനല്ലൊ എന്നിൽ വസിക്കുന്ന പാപം അത്രെ പ്രവൃ
൧൮ ത്തിക്കുന്നു എന്നവാറും — എന്നിലല്ലൊ എന്റെ ജഡത്തിൽ

പൊലും നല്ലതു വസിക്കുന്നില്ല എന്നു ബൊധിച്ചു — നല്ലതിനെ ഇ
ച്ഛിക്കുന്നത എന്റെ പക്കൽ ഉണ്ടു പ്രവൃത്തിക്കുന്നതു മാത്രം
കാണാ — ഞാൻ ഇച്ഛിക്കുന്ന നന്മയെ ചെയ്യുന്നില്ലല്ലൊ ഇ ൧൯
ച്ഛിക്കാത്ത തിന്മയെ ചെയ്യുന്നതാകുന്നു — ഞാൻ ഇച്ഛിക്കാത്ത ൨൦
തിനെ ചെയ്തു എങ്കിൽ അതിനെ പ്രവൃത്തിക്കുന്നതു ഞാൻ അല്ല എന്നി
ൽ വസിക്കുന്ന പാപമത്രെ സ്പഷ്ടം — എന്നതിനാൽ നന്മ ൨൧
ചെയ്വാൻ ഇച്ഛിക്കുന്ന എന്റെ പക്കൽ തിന്മ ഉണ്ടെന്നുള്ള
വ്യവസ്ഥ എനിക്കു വെച്ചു കാണുന്നു — ഞാൻ അല്ലൊ ഉള്ളാമെ ൨൨
മനുഷ്യപ്രകാരം ദൈവധർമ്മത്തെ രസിക്കുന്നു എങ്കിലും എ ൨൩
ന്റെ ബുദ്ധിയുടെ ധർമ്മത്തൊടു പടക്കുന്ന വെറൊരു ധർമ്മത്തെ
എന്റെ അവയവങ്ങളിൽ കാണുന്നു — അതു എന്റെ അ
വയവങ്ങളിൽ ഉള്ള പാപധർമ്മത്തിന്ന എന്നെ ബദ്ധനാക്കി
ക്കളയുന്നു — ഞാൻ അരിഷ്ടമുള്ള മനുഷ്യൻ — ഈ മരണ ൨൪
ശരീരത്തിൽ നിന്ന എന്നെ ഉദ്ധരിപ്പത് ആർ — നമ്മുടെ കർത്താ ൨൫
വായ യെശുക്രിസ്തുമൂലം ദൈവത്തിന്ന സ്തൊത്രം — ആക
യാൽ ഞാൻ തന്നെ ബുദ്ധി കൊണ്ടു ദൈവധർമ്മത്തെയും ജഡം
കൊണ്ടു പാപധർമ്മത്തെയും സെവിക്കുന്നു.

൮ അദ്ധ്യായം

ക്രിസ്തനിലുള്ളവർ ശിക്ഷാവിധി വരാതെ ആത്മാവിന്റെ അനുഗ്രഹവും ദൈ
വപുത്രത്വവും പ്രാപിച്ചു — ഹൃദയത്തിൽ ആശ്വസിച്ചിട്ട് വെറു
ന്നിന്നും ഭയപ്പെടാതിരിക്കുന്നതു —

അതുകൊണ്ടു ഇപ്പൊൾ ക്രിസ്തുയെശുവിലുള്ളവർക്കു ശിക്ഷാ ൧
വിധി ഒന്നും ഇല്ല — ജഡപ്രകാരം അല്ല ആത്മപ്രകാരം നടക്കുന്ന ൨
ന്നവർക്കത്രെ — ജീവനാത്മാവിന്റെ ധർമ്മം അല്ലൊ എന്നെ പാ
പമരണങ്ങളുടെ ധർമ്മത്തിൽ നിന്ന ക്രിസ്തുയെശുവിങ്കൽ വി

ന്ട്ടുവിച്ചു — എങ്ങിനെ എന്നാൽ ധൎമ്മത്തിന്നു ജഡത്താലുള്ള
ബെലഹീനതയിരിക്കകൊണ്ടു കഴിയാത്തതു വരുത്തുവാൻ - ദൈ
വം സ്വപുത്രനെ പാപം നിമിത്തം പാപജഡത്തിന്റെ സാദൃ
ശ്യത്തിൽ അയച്ചു പാപത്തിന്നു ജഡത്തിൽ ശിക്ഷ വി
൪ ധിക്കൊണ്ടതു എന്നതു — ജഡപ്രകാരമല്ല ആത്മപ്രകാരം നടക്കു
ന്നനമ്മിൽ ധൎമ്മത്തിന്റെ ന്യായം പൂരിച്ചുവരെണ്ടതിന്നത്രെ —
൫ — എങ്ങിനെ എന്നാൽ ജഡപ്രകാരം ഉള്ളവർ ജഡത്തി
ന്റെവയും ആത്മപ്രകാരമുള്ളവർ ആത്മാവിന്റെവയും
൬ ഭാവിക്കുന്നു — ജഡഭാവമെല്ലാം മരണം - ആത്മഭാവമൊ
൭ ജീവനും സമാധാനവും തന്നെ — കാരണം ജഡഭാവം ദൈ
വത്തോടു ശത്രുത്വം ആകുന്നതു ദൈവധൎമ്മത്തിന്നു കീഴ്പ്പെട്ടു
൮ ഇല്ലാ, ല്ലാ കീഴ്പ്പെട്ടുവാൻ കഴിവും ഇല്ല സ്പഷ്ടം — എന്നാൽ ജ
൯ ഡത്തിലുള്ളവൎക്ക് ദൈവപ്രസാദം വരുത്തിക്കൂടാ — നിങ്ങ
ളൊ ദൈവാത്മാവ് നിങ്ങളിൽ വസിച്ചാൽ ജഡത്തിൽ അല്ല
ആത്മാവിലത്രെ ആകുന്നു - ഒരുത്തന്നു ക്രിസ്താത്മാവ് ഇല്ലാ
൧൦ ഞ്ഞാൽ അവൻ ഇവന്നുള്ളവനും അല്ല — ക്രിസ്തൻ നിങ്ങളി
ൽ ആകിലൊ ശരീരം പാപം നിമിത്തം മരിച്ചത് എന്നിട്ടും ആ
൧൧ ത്മാവ് നീതി നിമിത്തം ജീവനാകുന്നു — എന്നാൽ യേശുവെ
മരിച്ചവരിൽ നിന്നുണൎത്തിയവന്റെ ആത്മാവ് നിങ്ങളിൽ
വസിച്ചാൽ ക്രിസ്തനെ മരിച്ചവരിൽ നിന്നുണൎത്തിയവൻ നി
ങ്ങളിൽ വസിക്കുന്ന അവന്റെ ആത്മാവിനെ കൊണ്ടു നിങ്ങ
൧൨ ളുടെ മൎത്ത്യശരീരങ്ങളെയും ജീവിപ്പിക്കും — ആകയാൽ സ
ഹോദരന്മാരെ നാം ജഡപ്രകാരം ജീവിപ്പാൻ ജഡത്തിന്നു
൧൩ കടക്കാരാകുന്നതു — കാരണം നിങ്ങൾ ജഡപ്രകാരം ജീ
വിച്ചാൽ ചാകും ഉള്ളതു ആത്മാവിനെ കൊണ്ടു ശരീരത്തിൻ
൧൪ ക്രിയകളെ കൊല്ലുകിലൊ നിങ്ങൾ ജീവിക്കും — എങ്ങിനെ

എന്നാൽ ദൈവാത്മാവിനാൽ നടത്തപ്പെടുന്നവർ ഒക്കയും
ദൈവപുത്രന്മാർ ആകുന്നു— ഇങ്ങിനെ അല്ലൊ പിന്നെയും ഭയപ്പെ ൧൫
ടുവാൻ ദാസ്യത്തിൻ ആത്മാവെ അല്ല നാം അബ്ബാ പിതാവെ
എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവെ അത്രെ പ്രാപി
ച്ചത്— നാം ദൈവമക്കൾ എന്ന ആത്മാവു താനും നമ്മുടെ ആത്മാ ൧൬
വോടു കൂടെ സാക്ഷ്യം പറയുന്നു— നാം മക്കൾ എങ്കിലൊ അവ ൧൭
കാശികൾ എന്നും ഉണ്ട ദൈവത്തിൻ അവകാശികളും ക്രിസ്തന്റെ
കൂട്ടവകാശികളും തന്നെ- നാം തെജസ്സിൽ കൂടെ എത്തിന
കഷ്ടതയിലും കൂടിയാൽ അത്രെ.

ഈ കാലത്തിലെ കഷ്ടങ്ങൾ നമ്മിൽ വെളിപ്പെ ൧൮
ടുവാനുള്ള തെജസ്സോടു ഒക്കാത് എന്നു മതിക്കുന്നു— ദൈവ ൧൯
പുത്രരുടെ വെളിപ്പാടിനെ അല്ലൊ സൃഷ്ടിയുടെ പ്രതീക്ഷ കാ
ത്തിരിക്കുന്നു— എങ്ങിനെ എന്നാൽ സൃഷ്ടി മനഃപൂർവ്വമായല്ല ൨൦
കീഴടക്കിയവൻ നിമിത്തമത്രെ മായെക്കു കീഴ്പെട്ടതു— സൃഷ്ടി ൨൧
യും കെടിന്റെ ദാസ്യത്തിൽ നിന്നു വിടുവിക്കപ്പെട്ടു ദൈവമ
ക്കളുടെ തെജസ്സാകുന്ന സ്വാതന്ത്ര്യത്തോടു ചേരും എന്നുള്ള ആ
ശയോടു കൂടി തന്നെ— സൃഷ്ടി എല്ലാം ഇന്നുവരെയും കൂടെ ൨൨
ഞരങ്ങി ഈറ്റുനോവു പെടുന്നു എന്നു നാം അറിയുന്നു
വല്ലൊ— അത്രയല്ല ആത്മാവിൻ ആദ്യഫലം ലഭിച്ചുള്ള ൨൩
നാമും നമ്മുടെ ശരീരത്തിൻ വീണ്ടെടുപ്പാകുന്ന പുത്രത്വ
ത്തെ കാത്തിരുന്നു നമ്മിൽ തന്നെ ഞരങ്ങുന്നു— ആശയാൽ ൨൪
അല്ലൊ നാം രക്ഷപ്പെട്ടു— കാണുന്ന ആശ ആശ അല്ലല്ലൊ താൻ
കാണുന്നതിനെ ഇനി ആശിപ്പാൻ എന്തു— നാം കാ ൨൫
ണാത്തതിനെ ആശിച്ചാലൊ ക്ഷാന്തിയോടെ കാത്തിരിക്കു
ന്നു— അവ്വണ്ണം തന്നെ ആത്മാവും നമ്മുടെ ബലഹീനതെക്കു ൨൬
തുണനില്ക്കുന്നു- എങ്ങിനെ എന്നാൽ വെണ്ടും പൊലെ നാം

പ്രാൎത്ഥിക്കേണ്ടത് ഇന്നതെന്നറിയാ ആത്മാവു താനും
ഉച്ചരിയാത്ത ഞരക്കങ്ങളെക്കൊണ്ട നമ്മുടെ പക്ഷം ഏറ്റു
൨൭ കൊള്ളുന്നു— എന്നാൽ അതു ദൈവപ്രകാരം വിശുദ്ധന്മാൎക്കു
പക്ഷവാദം ചെയ്യുന്നതിനാൽ ആത്മാവിൻ ഭാവം ഇന്നതെ
൨൮ ന്നു ഹൃദയങ്ങളെ ആരായുന്നവൻ താനറിയുന്നു— വി
ശേഷിച്ചു ദൈവത്തെ സ്നേഹിക്കുന്നവൎക്കു നിൎണ്ണയത്താൽ വിളി
ക്കപ്പെട്ടവൎക്കു തന്നെ സകലവും നന്മെക്കായി സഹായിക്കു
൨൯ ന്നു എന്നു നാം അറിയുന്നു— കാരണം അവൻ മുന്നറിഞ്ഞവ
രെ സ്വപുത്രൻ അനേകം സഹോദരരിൽ ആദ്യജാതൻ ആ
കെണ്ടതിന്നു അവന്റെ പ്രതിമയോട് അനുരൂപരാവാനും
൩൦ മുന്നിയമിച്ചു— മുന്നിയമിച്ചവരെ വിളിക്കയും വിളിച്ചവരെ
നീതീകരിക്കയും നീതീകരിച്ചവരെ തേജസ്കരിക്കയും ചെ
യ്തു—

൩൧ ഇവറ്റെക്കൊണ്ടു നാം എന്തു പറയും ദൈവം നമുക്കു വെ
൩൨ ണ്ടി ഉണ്ടെങ്കിൽ നമുക്ക് എതിരാർ— സ്വന്തപുത്രനെ ആ
ദരിക്കാതെ നമുക്ക് എല്ലാവൎക്കായിട്ടും ഏല്പിച്ചവൻ ഇവനൊ
ടു കൂടെ സകലവും നമുക്കു സമ്മാനിക്കാതെ ഇരിപ്പതെങ്ങി
൩൩ നെ— ദൈവം തെരിഞ്ഞെടുത്തവരിൽ ആർ കുറം ചുമ
൩൪ ത്തും നീതീകരിക്കുന്ന ദൈവമൊ— ശിക്ഷാവിധിക്കുന്നവ
ൻ ആർ മരിച്ചും എന്നതല്ല ഉയിൎത്തും ദൈവത്തിൻ വ
ലഭാഗത്ത് ഇരുന്നും നമുക്കു വേണ്ടി പക്ഷവാദം ചെയ്തും കൊ
൩൫ ള്ളു ക്രിസ്തൻ താനൊ— ക്രിസ്തന്റെ സ്നേഹത്തോടു ന
൩൬ മ്മെ ആർ വേർപെടുത്തും— സങ്കടമൊ ഞെരുക്കമൊ ഹിംസ
യൊ വിശപ്പൊ നഗ്നതയൊ കുടുക്കൊ വാളൊ [illegible]
നിൻ നിമിത്തം ഞങ്ങൾ എല്ലാനാളും കൊല്ലപ്പെടുന്നു അറു
പ്പാനുള്ള ആടുകളെ പോലെ എണ്ണപ്പെട്ടു എന്ന എഴുതി

യ(പ്ര)കാരം തന്നെ — നാമൊ നമ്മെ സ്നെഹിച്ചവനാൽ ഈ ൩൭
വകയിൽ ഒക്കയും ജയിക്കുന്നു — മരണവും ജീവനും ദൂ ൩൮
തർ വാഴ്ചകൾ അധികാരങ്ങളും വർത്തമാനവും ഭാവിയും — ഉയ ൩൯
രവും ആഴവും മറ്റെതു സൃഷ്ടിയായതും നമ്മുടെ കർത്താവാ
കയെശുക്രിസ്തുവിലുള്ള ദൈവസ്നെഹത്തൊടു നമ്മെ വെ
ർപ്പെടുപ്പാൻ കഴികയില്ലാ എന്നു ഞാൻ തെളിഞ്ഞിരിക്കുന്നു
സത്യം —

൯ അദ്ധ്യായം

ഉദരത്തിൽ യഹൂദർ നിമിത്തം സങ്കടം ... ഗത്തിനും ഉണ്ടാകില്ലാ ... ഒക്കെ ... റവും ഇല്ല —

ഞാൻ ക്രിസ്തുവിൽ സത്യം ചൊല്ലുന്നു എന്റെ മനൊബൊധം ൧
എന്നൊടു കൂടെ പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്ന
ഞാൻ കളവു പറയുന്നില്ല — എനിക്കു വലിയ ദുഃഖം എ ൨
ന്റെ ഹൃദയത്തിൽ ഇടവിടാതെ വെദനയും ഉണ്ടു — ജഡപ്രകാ ൩
രം എന്റെ ചാർച്ചക്കാരായ എന്റെ സഹൊദരന്മാർക്കു വെണ്ടി ഞാ
ൻ ക്രിസ്തുവിൽനിന്നു ശാപം ഏല്ക്കുവാൻ ഞാൻ ആഗ്രഹി
ക്കാം — അവർ ഇസ്രായെലരല്ലൊ പുത്രസ്വീകാരവും മഹ ൪
ത്വവും നിയമങ്ങളും ധർമ്മവ്യവസ്ഥയും ഉപാസനയും
വാഗ്ദത്തങ്ങളും ഉള്ളവർ തന്നെ — പിതാക്കന്മാരും അവർ ൫
ക്കുള്ളവർ ജഡപ്രകാരം ക്രിസ്തുവും അവരിൽനിന്നു ഉളവാ
യി എന്നെക്കും വാഴ്ത്തപ്പെട്ടു സർവ്വത്തിന്നും മെൽ ദൈവമായവൻ
തന്നെ ആമെൻ — ദൈവവചനം ചൊട്ടിപ്പൊയില്ലെന്നൊ ൬
ല്ലതാനും കാരണം ഇസ്രായെലിൽ ഉളവായവർ എല്ലാം ഇ
സ്രായെൽ എന്നും അബ്രഹാം സന്തതിയായവർ എല്ലാ

൭ വരും മക്കൾ എന്നും വരികയില്ല — ൧ മൊ. ൨൧, ൧൨ ഇസ്സാക്കി
൮ ൽ നിന്നു നിണക്ക സന്തതി വിളിക്കപ്പെടും എന്നത്രെ — അതൊ ജ
ഡത്തിൻ മക്കൾ അല്ല ദൈവമക്കൾ ആകുന്നത വാഗ്ദത്തമക്കൾ അ
ത്രെ സന്തതി എന്ന എണ്ണപ്പെട്ടു അതെന്ന അർത്ഥമുള്ളൊരു —
൯ ൧ മൊ. ൧൮, ൧൦ ഈ സമയത്തെക്ക ഞാൻ വരും സാറെക്ക
പുത്രൻ ഉണ്ടാകയും ചെയ്യും എന്നതല്ലൊ വാഗ്ദത്തത്തിന്റെ വ
൧൦ ചനം ആകുന്നു — പിന്നെ ഇത അല്ല നമ്മുടെ പിതാവായ ഇസ്സാ
൧൧ ക്കിൽ നിന്ന ഒരുവനാൽ ഗർഭം ധരിച്ച റിബെക്കയും ഉണ്ടു — കുട്ടികൾ
ജനിക്കാതെയും ഗുണദോഷങ്ങൾ ചെയ്യാതെയും ഉള്ള കാല
ത്തിൽ തന്നെ തെരിഞ്ഞെടുപ്പിനാലുള്ള ദൈവത്തിന്റെ നിശ്ചയം
ക്രിയകൾ ഹെതുവായല്ല വിളിക്കുന്നവൻ ഹെതുവാകത്തന്നെ നി
൧൨ ല്ക്കെണ്ടതിന്നു — ൧ മൊ. ൨൫, ൨൩ മൂത്തവൻ ഇളയവനെ സെ
൧൩ വിക്കും എന്ന അവളൊടു ഉരെക്കപ്പെട്ടു — മല. ൧, ൨ ഞാൻ
യാക്കൊബിനെ സ്നെഹിച്ചു എസാവിനെ പകെച്ചു എന്ന
൧൪ എഴുതിയപ്രകാരം തന്നെ — എന്നാൽ നാം എന്ത പറയും
൧൫ ദൈവത്തിൻ പക്കൽ അനീതി ഇല്ലയൊ അതരുത — ഒ
ക്കിനെ എന്നാൽ ൨ മൊ. ൩൩, ൧൯ ഞാൻ കനിഞ്ഞുകൊള്ളുവ
നെ കനിഞ്ഞും അലിവു തൊന്നുന്നവനെ അലിഞ്ഞും കൊ
൧൬ ള്ളും എന്ന അവൻ മൊശയൊടു പറയുന്നു — ആകയാൽ
ഇച്ഛിക്കുന്നവനാലും അല്ല ഓടുന്നവനാലും അല്ല കനിയുന്ന
൧൭ ദൈവത്താലെ അത്രെ — പിന്നെ ഫറവൊനൊട എഴുത്തു
ചൊല്ലുന്നിതു ഞാൻ നിന്നിൽ എന്റെ ശക്തിയെ കാട്ടുകയും എന്റെ
നാമം ഭൂമി എങ്ങും പ്രസ്താവിക്കപ്പെടെണ്ടതിന്നു തന്നെ ഞാ
൧൮ ൻ നിന്നെ നിറുത്തിയത ൨ മൊ. ൯, ൧൬ — എന്നതുകൊണ്ടു
അവൻ തൊന്നുന്നവനെ കനിയുന്നു തൊന്നുന്നവനെ കഠി
൧൯ നനാക്കുന്നു — എന്നാൽ നീ എന്നൊടു പറയും അവൻ പി

നൊദ്ധ്യക്കുന്നത് എന്തു അവന്റെ ഇഷ്ടത്തൊട് ആരു
ചൊൽകയിത്തു — അല്ലയൊ മനുഷ്യ ആകാട്ടെ ദൈ ൨൦
വത്തൊട് പ്രതിപറവാൻ നീ ആർ- മനഞ്ഞവനൊട് മനഞ്ഞത
നീ എന്നെ ഇങ്ങിനെ ആക്കിയത് എന്തെന്നു ചൊല്ലുമൊ— അ ൨൧
ല്ല കുശവൻ ഒരു പിണ്ഡത്തിൽനിന്നു മാനപാത്രവും അവ
മാന പാത്രവും രണ്ടും ഉണ്ടാക്കുവാൻ മണ്ണിന്മെൽ അധികാ
രമുള്ളവനല്ലയൊ— ദൈവമൊ തന്റെ കൊപത്തെ ൨൨
തെളിയിപ്പാനും ശക്തിയെ അറിയിപ്പാനും ഒട്ടുമ്പൊൾ നാശത്തി
നായി ചമഞ്ഞ കൊപപാത്രങ്ങളെ വളരെ ദീർഘക്ഷമ
യൊടെ ചുമന്നു— തെജസ്സിന്നായി മുന്നൊരുക്കിയ കനിവി ൨൩
ൻപാത്രങ്ങളിൽ സ്വ തെജസ്സിൻ ധനത്തെ അറിയിപ്പാ
ൻ ഭാവിച്ചു എങ്കിൽ എന്തു— അവ്വണ്ണം അവൻ നമ്മെയും ൨൪
വിളിച്ചത് യഹൂദരിൽനിന്നു മാത്രമല്ല ജാതികളിൽനിന്നും
ആണെ— ഹൊശ. ൨, ൨൩ എൻ ജനമല്ലാത്തവരെ എൻ ജനം എ ൨൫
ന്നും പ്രിയയല്ലാത്തവളെ പ്രിയ എന്നും ഞാൻ വിളിക്കും— നി ൨൬
ങ്ങൾ എന്റെ ജനമല്ല എന്ന് അവരൊടു ചൊല്ലിയ സ്ഥലത്തി
ൽ അവർ ജീവനുള്ള ദൈവത്തിൻ പുത്രർ എന്നും വിളിക്ക
പ്പെടും എന്നു ഹൊശെയയിൽ പ്രസ്താവിക്കുന്ന പ്രകാരം ത
ന്നെ— ഇസ്രയെലെ കൊണ്ടു യശായ ൧൦, ൨൨ കൂവുന്നിതു- ൨൭
ഇസ്രയെൽ പുത്രരുടെ എണ്ണം കടലിലെ മണൽ പൊലെ ആയാ
ലും ശെഷിപ്പൊർ രക്ഷപ്പെട്ടു ഇരിക്കെ പൊഴിയുന്ന സംഹാ ൨൮
രം നിറവെറ്റി ഇരിക്കുന്നു സത്യം കർത്താവല്ലൊ ഭൂമിമെൽ മുടി
ക്കുന്ന ദണ്ഡവിധിയെ നടത്തും എന്നല്ലാതെ— സൈന്യങ്ങ ൨൯
ളുടയ കർത്താവ് നമുക്ക് സന്തതിയെ ശെഷിപ്പിച്ചില്ല എ
ങ്കിൽ നാം സൊദൊമെ പൊലെ ആയി ഘമൊറെക്ക് ഒത്ത
വരികയായിരുന്നു എന്നു യശായ ൧, ൯ൽ മുൻചൊല്ലിയപ്ര

കാരം തന്നെ.

൩൦ എന്നാൽ നാം എന്തു പറയും· നീതിയെ പിന്തുടരാത്ത ജാതി
൩൧ കൾ നീതിയെ പ്രാപിച്ചു — അതൊ വിശ്വാസത്താലുള്ള നീ
തി തന്നെ എന്നാൽ നീതിധൎമ്മത്തെ പിന്തുടൎന്നു ഇസ്രയെൽ
൩൨ നീതിധൎമ്മത്തോട് എത്തിയില്ല എന്നും പറയെണ്ടു — അതെന്തു
കൊണ്ടു — വിശ്വാസം ഹെതുവായല്ല ധൎമ്മക്രിയകളാൽ എന്നവ
ണ്ണം അന്വെഷിക്കയാൽ തന്നെ — ഇടൎച്ചയുള്ള കല്ലിനൊടല്ലൊ അവ
൩൩ ർ മുട്ടിപ്പൊയതു — യശ. ൮, ൧൪. ൨൮, ൧൬ ഇതാ ഞാൻ ചിയൊ
നിൽ ഇടൎച്ചക്കല്ലും തടങ്ങൽ പാറയും വെക്കുന്നു അതി
ന്മെൽ വിശ്വസിക്കുന്നവൻ എവനും ലജ്ജപ്പെടുകയില്ല — എന്നെ
ഴുതിയ പ്രകാരം തന്നെ.

൧൦ അദ്ധ്യായം

സ്വനീതി ജാതികൾക്കു ബൊധിച്ച വിശ്വാസനീതിയെ ഗ്രഹിയാ
യ്കയാൽ യഹൂദർ വെറുത്തു തള്ളിയതുകൊണ്ടു മനുഷ്യരാൽ കുറ്റം അവ
ൎക്കുള്ളു.

൧ സഹൊദരന്മാരെ അവർ രക്ഷപ്പെടെണം എ
ന്നത്രെ എൻ ഹൃദയപ്രസാദവും ദൈവത്തൊടു യാചനയും അ
൨ വൎക്കു വെണ്ടി ആകുന്നു — കാരണം അവൎക്കു ദൈവത്തിനായി
എരിച്ചൽ ഉണ്ടു അറിവിൻ പ്രകാരമല്ലതാനും എന്നതിന്നു
൩ ഞാൻ സാക്ഷി — അവരല്ലൊ ദൈവത്തിൻ നീതിയെ അറി
യാതെ സ്വനീതിയെ സ്ഥാപിപ്പാൻ അന്വെഷിച്ചുകൊണ്ടു
൪ ദൈവനീതിക്കു കീഴ്പെട്ടുവന്നില്ല — എങ്ങിനെ എന്നാൽ വിശ്വ
സിക്കുന്നവന് എവന്നും നീതിവരുവാനായി ക്രിസ്തൻ ധൎമ്മ
൫ ത്തിന്റെ അവസാനം ആകുന്നു — മൊശയല്ലൊ ധൎമ്മത്താലെ
നീതിയെ (൩ മൊ. ൧൮, ൫) അവറ്റെ ചെയ്തുകൊണ്ടു മനുഷ്യ

ൻ അവററാൽ ജീവിക്കുമെന്നു വൎണ്ണിക്കുന്നു — വിശ്വാസ ൬
ത്താലെ നീതിയൊ ഇവ്വണ്ണം പറയുന്നു (ആവ. ൩൦. ൧൧—
൧൪) സ്വൎഗ്ഗത്തിൽ ആർ കരെറും അതാൽ ക്രിസ്തനെ ഇറ
ക്കുവാനത്രെ എന്നും — പാതാളത്തിൽ ആർ ഇറങ്ങും അ ൭
താൽ ക്രിസ്തനെ മരിച്ചവരിൽനിന്നു കരെറ്റുവാനത്രെ
എന്നും നിന്റെ ഹൃദയത്തിൽ പറയരുതു — പിന്നെ എ ൮
ന്തു പറയുന്നു വചനം നിണക്ക സമീപമായി നിന്റെ വാ
ക്കിലും ഹൃദയത്തിലും ഉണ്ടു അതായതു ഞങ്ങൾ ഘോഷി
ക്കുന്ന വിശ്വാസവചനം തന്നെ — വായി കൊണ്ടു നീ ൯
യെശു കൎത്താവെന്നു സ്വീകരിക്കയും ഹൃദയം കൊണ്ടു
ദൈവം അവനെ മരിച്ചവരിൽനിന്ന് ഉണൎത്തി എന്നു വി
ശ്വസിക്കയും ചെയ്താൽ രക്ഷിക്കപ്പെടും — ഹൃദയം കൊ ൧൦
ണ്ടു നീതിക്കായി വിശ്വസിക്കയും വായി കൊണ്ടു രക്ഷ
ക്കായി സ്വീകരിക്കയും ആകുന്നുവല്ലൊ — പിന്നെയും ൧൧
(യശ. ൨൮, ൧൬) അവങ്കൽ വിശ്വസിക്കുന്നവൻ എവനും ലജ്ജപ്പെ
ടുകയില്ല എന്ന എഴുത്തു പറവാൻ കാരണം — എകൻ ൧൨
തന്നെ എല്ലാവൎക്കും കൎത്താവും തന്നൊടു വിളിച്ചപെക്ഷി
ക്കുന്ന എല്ലാവരിലും സമ്പന്നനായി കാട്ടുന്നവനാകയാ
ൽ യഹൂദനും യവനനും വ്യത്യാസം ഇല്ലല്ലൊ — (യൊവെ. ൧൩
൩, ൫) കൎത്താവിൻ നാമത്തെ വിളിച്ചു കൊള്ളുന്നവനൊക്കെയും രക്ഷ
പ്പെടും എന്നുണ്ടല്ലൊ — എന്നാൽ അവർ വിശ്വസിക്കാത്ത ൧൪
വനെ എങ്ങിനെ വിളിക്കും കെള്ക്കാത്തവനെ എങ്ങിനെ വി
ശ്വസിക്കും — ഘോഷകൻ കൂടാതെ എങ്ങിനെ കെള്ക്കും അ ൧൫
യക്കപ്പെട്ടില്ലാതെ എങ്ങിനെ ഘോഷിക്കും — (യശ. ൫൨, ൭)
സമാധാനത്തെ സുവിശെഷിച്ചു നല്ലവകളെ കൊണ്ടുവരുന്നവരു
ടെ പാദങ്ങൾ എത്ര മനൊഹരം എന്നു എഴുതിയിരിക്കുന്നു

൧൫ കാരംതന്നെ — എങ്കിലും സുവിശെഷത്തെ എല്ലാവരും അ
൧൬ നുസരിച്ചു എന്നുവരില്ല — കർത്താവെ ഞങ്ങളുടെ കെൾവിക്കുന്ന
തിനെ ആർ വിശ്വസിച്ചു എന്ന യശായ (നിബി) പറയുന്നു
വല്ലൊ - എന്നതുകൊണ്ടു വിശ്വാസം കെൾവിയിൽനിന്നു
ം കെൾവിയൊ ദൈവവചനത്തിൽനിന്നും ആകുന്നു. പ
൧൮ ക്ഷെ അവർ കെട്ടില്ല എന്നു ചൊല്ലാമൊ — സങ്കീ. ൧൯, ൪
അവരുടെ നാദം സർവ്വ ഭൂമിയിലും അവരുടെ വചനങ്ങൾ
പ്രപഞ്ചത്തിന്റെ അറുതികളൊളവും പുറപ്പെട്ടു എന്നുസ്സ
൧൯ ത്യം — ഇസ്രയെൽ അറിയാതിരുന്നുവൊ — (മൊ. ൫, ൩൨) ജനമല്ലാത്തവരെ
കൊണ്ടു ഞാൻ നിങ്ങൾക്കു എരിവും മൂഢജാതിയാൽ കൊപ
വും ജനിപ്പിക്കും എന്നു മൊശെ മുമ്പനായി തന്നെ പറയുന്നു —
൨൦ പിന്നെ യശായ (൬൫, ൧) എന്നെ അന്വെഷിക്കാത്തവ
രാൽ ഞാൻ കാണപ്പെട്ടു തെടാത്തവർക്കു പ്രത്യക്ഷനാ
൨൧ യി വന്നു എന്നു ചൊല്വാൻ തുനിയുന്നതല്ലാതെ — ഇസ്രയെലൊടൊ
ദിവസം മുഴുവൻ ഞാൻ വഴിപ്പെടാതെ മറുക്കുന്നൊരു ജാതി
യെ കൊള്ളുക എൻ കൈകളെ നീട്ടി എന്നു ഇസ്രയെലെ
കൊണ്ടു പറയുന്നു.

൧൧ അദ്ധ്യായം.

ഇസ്രയെലിൽ ശെഷിപ്പിന്നു രക്ഷയും — ൭ അവരുടെ വീഴ്ച
യാൽ ജാതികൾക്കു ഉയൎച്ചയും വന്നതെന്നും — ൧൭ ജാതികളിൽ
പിന്നെ ഇസ്രയെൽ അശെഷം കൂടെണ്ടുകയാൽ — ൩൩ ആശ്ചൎയ്യബൊ
ധവും സ്തൊത്രവും.

൧ എന്നാൽ ഞാൻ പറയുന്നു — ദൈവം സ്വജനത്തെ തള്ളി
ക്കളഞ്ഞുവൊ അതരുതു — ഞാനുമല്ലൊ ഇസ്രയെലൻ അ

ബ്രഹാംസന്തതിയിലും ബിന്യമിൻ ഗൊത്രത്തിലും ഉള്ളവ
ൻ തന്നെ — ദൈവം മുന്നറിഞ്ഞുള്ള സ്വജാതിയെ തള്ളീട്ടി ൨
ല്ല - എലീയാഖ്യാണ്ഡത്തിൽ വെദം ചൊല്ലുന്നത് അറിയു
ന്നില്ലയൊ — അവൻ ഇസ്രയെല്ക്കു നെരെ ദൈവത്തൊ ൩
ടു വാദിക്കുന്നതു (൧ രാ. ൧൯, ൧൦. ൧൪) കൎത്താവെ അവർ നി
ന്റെ പ്രവാചകരെ കൊന്നു നിന്റെ ബലിപീഠങ്ങളെ
ഭിച്ചുകളഞ്ഞു ഞാൻ തനിയെ ശെഷിച്ചു എന്റെ പ്രാണനെ
യും അന്വെഷിക്കുന്നു — എന്നതിന്നു അരുളപ്പാടു ചൊല്ലു
ന്നതു എന്തു — ബാലിന്നു മുട്ടുകുത്താത്ത എഴായിരം പുരുഷന്മാരെ ഞാ ൪
ൻ എനിക്കായി ശെഷിപ്പിച്ചു — എന്ന പ്രകാരം ഈ കാലത്തി ൫
ലും കരുണയാലുള്ള തെരിഞ്ഞെടുപ്പിനാൽ ഒരു ശെഷിപ്പു
ണ്ടു — അതു കരുണയാൽ എങ്കിൽ ക്രിയകളാലല്ല സ്പഷ്ടം അ ൬
ല്ലായ്കിൽ കരുണ ഇനി കരുണ എന്നില്ല — അതുകൊണ്ടെ ൭
ന്തു — താൻ തിരയുന്നതിനെ ഇസ്രയെൽ പ്രാപിച്ചില്ല തെരി
ഞ്ഞെടുപ്പു പ്രാപിച്ചു താനും ശെഷിച്ചവൎക്കൊ തടിപ്പു സം
ഭവിച്ചതു — (൫ മൊ. ൨൯, ൪) ദൈവം അവൎക്കു സ്തംഭനാത്മാ ൮
വെ കൊടുത്തു (യശ. ൨൯, ൧൦) ഇന്നെവരെ കാണാത്ത കണ്ണു
കളും കെള്ക്കാത്ത ചെവികളും തന്നെ (൫ മൊ. ൨൯, ൩) എന്നെ
ഴുതിയിരിക്കുന്ന പ്രകാരം — പിന്നെ (സങ്കീ. ൬൯, ൨൩) അവ ൯
രുടെ മെശ അവൎക്കു കണിയും നായാട്ടും ഇടൎച്ചയും പ്രതിക്രിയ
യും ആക — അവരുടെ കണ്ണുകൾ കാണാതവണ്ണം ഇരുണ്ടു ൧൦
പൊക അവരുടെ മുതുകിനെ നിത്യം കുനിക്ക എന്നു
ദാവീദ് പറയുന്നു — എന്നാൽ അവർ വീഴെണ്ടതി ൧൧
ന്നു ഇടറിയൊ എന്നാൽ അതരുത് — അവരുടെ പിഴയാൽ
ജാതികൾക്കു രക്ഷ വന്നത് അവൎക്കു എരിവു ജനിപ്പിപ്പാൻ ത
ന്നെ — എന്നാൽ അവരുടെ പിഴ ലൊകത്തിന്നു ധനവും അ ൧൨

വരുടെ തൊല്യം ജ്ഞാതികളുടെ സമ്പത്തും ഒരുമിച്ചിൽ അ
൨൨ വരുടെ ബുദ്ധി വൃഥാ ആയി — ജ്ഞാനികൾ എന്നു
തങ്ങളെ പറയുന്നു — അവർ ജ്ഞാനികൾ അല്ലാതെ പോയി [illegible]
[illegible] ഒരു [illegible]
൨൩ [illegible] അവർ [illegible]
[illegible]
൨൪ കാരണം അവരുടെ [illegible] അശുദ്ധി [illegible]
ൽ അവരുടെ [illegible] ഇരിക്കുന്നു എല്ലാം
൨൫ [illegible] — [illegible]
[illegible] വിശ്വസിക്കായാൽ [illegible] —
൨൬ — [illegible]
അവരിൽ സ്വാഭാവികമായുള്ള [illegible]
[illegible]
൨൭ [illegible] പ്രശംസിക്കപ്പെട്ട — പ്രശംസിക്കപ്പെട്ടവ [illegible]
൨൮ [illegible] — [illegible]
[illegible]
൨൯ [illegible] — [illegible] വിശ്വാസത്താൽ [illegible]
വിശ്വാസത്താൽ [illegible]
൩൦ [illegible] — [illegible]
[illegible]
൩൧ [illegible] — [illegible] ദൈവത്തിന്റെ [illegible]
[illegible] ഉണ്ടാകും [illegible]
[illegible] — [illegible]
൩൨ [illegible] — [illegible] വിശ്വാസത്തിൽ [illegible]
[illegible] അവരെ [illegible]
൩൩ [illegible] ദൈവം [illegible] — [illegible] സ്വഭാവത്താ

ൽ കാട്ടുമരമായതിൽനിന്ന് അറുക്കപ്പെട്ടു സ്വഭാവത്തിനു വി
രോധമായി നല്ല ഒലിവിൽ ഒട്ടിക്കപ്പെട്ടു എങ്കിൽ ഈ സ്വാഭാ
വിക കൊമ്പുകളെ സ്വന്തമായുള്ള ഒലിവിൽ ഒട്ടിപ്പാൻ എത്ര അ
ധികം കഴിയും — എന്തെന്നാൽ സഹോദരന്മാരെ ൨൫
നിങ്ങൾ തന്നെ നിങ്ങൾക്കു ബുദ്ധിമാന്മാരായി തോന്നാതിരിപ്പാൻ ഈ
മർമ്മം ബോധിക്കാതിരിക്കരുത് എന്നു ഞാൻ ഇച്ഛിക്കുന്നു — അ
തിലു ഇസ്രയെലിനു അംശകാഠിന്യം സംഭവിച്ചതു ജാതികളു
ടെ നിറവു പ്രവെശിപ്പൊളം അത്രെ — ഇപ്രകാരം ഇസ്രായെ ൨൬
ൽ എല്ലാം രക്ഷപ്പെടുകയും ചെയ്യും — (യശ. ൫൯, ൨൦) എഴുതിയിരിക്കു
വണ്ണം ചിയൊനിൽനിന്നു ഉദ്ധാരകൻ വന്നു യാക്കൊബിൽനിന്നു അഭ
ക്തിയെ മാറ്റും — (യിറ. ൩൧, ൩൩) ഞാൻ അവരൊടു ചെയ്യുന്ന നിയ
മമാം അവരുടെ പാപങ്ങളെ ഞാൻ എടുത്തുകളയുന്നതത്രെ ൨൭
നം എഴുതിയിരിക്കുന്ന പ്രകാരം — സുവിശെഷത്തെ ൨൮
നൊക്കിയാൽ അവർ നിങ്ങൾ നിമിത്തം ശത്രുക്കൾ തെര
ഞ്ഞെടുപ്പിനെ നൊക്കിയാലൊ പിതാക്കന്മാർ നിമിത്തം
പ്രിയമുള്ളവർ — കാരണം ദൈവത്തിന്റെ കൃപാവരങ്ങളും വി ൨൯
ളിയും അനുതാപം വരാത്തവ അത്രെ — എങ്ങിനെ എന്നാ ൩൦
ൽ നിങ്ങളും പണ്ടു ദൈവത്തിന്നു അടങ്ങാത്തവർ എങ്കിലും ഇ
പ്പൊൾ അവരുടെ അവിശ്വാസത്താൽ കനിവു ലഭിച്ചപ്രകാ
രം ഇവരും ഇപ്പൊൾ അടങ്ങാത്തവർ ആയി നിങ്ങളുടെ കനിവി ൩൧
നാൽ അവർക്കും കനിവു ലഭിക്കെണ്ടതിന്നത്രെ — ദൈവമല്ലൊ ൩൨
എല്ലാവരെയും കനിഞ്ഞുകൊള്ളെണ്ടതിന്ന് എല്ലാവരെയും
അവിശ്വാസത്തിൽ അടെച്ചുകളഞ്ഞു — ഹാ ദൈവത്തി ൩൩
ന്റെ ഐശ്വര്യം ജ്ഞാനം അറിവു ഇവറ്റിന്റെ ആഴം എത്ര അ
വന്റെ ന്യായവിധികൾ എത്ര അപ്രമെയവും വഴികൾ അ
ഗൊചരവും ആകുന്നു — (യശ. ൪൦, ൧൩) കർത്താവിൻ മനസ്സ് ൩൪

ആരെപ്പൊൾ അറിഞ്ഞു അവന്നു ആരെപ്പൊൾ മന്ത്രിയായിരുന്നു-
൩൫ —അല്ലെങ്കിൽ ആർ അവന്നു മുമ്പിൽ കൊടുത്തിട്ടു
൩൬ ട്ടു ഉപകാരം മടക്കിക്കിട്ടും- കാരണം അവനിൽ നിന്നും അവനാ
ലും അവങ്കലെക്കും സകലവും ആകുന്നു അവന്നു യുഗങ്ങളൊ
ളം മഹത്വം ഉണ്ടാകട്ടെ- ആമെൻ-

൧൨ അദ്ധ്യായം

ക്രിസ്ത്യാനികൾ തങ്ങളെ ദൈവത്തിന്നു ഏല്പിക്കുന്നതും താഴ്മയൊ
ടും നാനാവിധ സ്നെഹത്തൊടും സമാധാനത്തൊടും ഇരിക്കെണ്ടുന്നതിന്നു
വാൻ പ്രബൊധനം-

൧ എന്നതുകൊണ്ടു സഹൊദരന്മാരെ ഞാൻ ദൈവത്തിന്റെ മന
സ്സലിവുകളെക്കൊണ്ടു നിങ്ങളെ പ്രബൊധിപ്പിക്കുന്നിതു- നിങ്ങ
ൾ ബുദ്ധിയുള്ള ഉപാസനയായിട്ടു നിങ്ങളുടെ ശരീരങ്ങളെ ജീവിക്കു
ന്നതും വിശുദ്ധവും ദൈവത്തിന്നു സ്വീകാൎയ്യവും ആയ ബലിയാ
൨ ക്കി കഴിക്ക— ഈ യുഗത്തെ മാതിരിയാക്കാതെ നിങ്ങളുടെ മന
സ്സിനെ പുതുക്കുകയാൽ രൂപാന്തരപ്പെട്ടിട്ടു ദൈവത്തിന്റെ
ഇഷ്ടം നല്ലതും സ്വീകാൎയ്യവും തികവുള്ളതും എന്നതിനെ ശൊ
൩ ധന ചെയ്യുമാറാക— ഞാൻ എനിക്കു നല്കപ്പെട്ട കൃപ
യിൽനിന്നും നിങ്ങളിലുള്ള എല്ലാവരൊടും ചൊല്ലുന്നിതു- ഭാവി
ക്കെണ്ടതിന്നു മീതെ ഭാവിക്കരുതെ ദൈവം അവനവന്നു
വിശ്വാസത്തിന്റെ അളവിനെ പകുത്തതു പൊലെ സുബൊധ
൪ മാകും വണ്ണം ഭാവിക്ക— ഒരു ശരീരത്തിൽ എല്ലാം നമുക്കു അ
നെകം അവയവങ്ങളും അവയവങ്ങൾക്കു ഒക്കയും ഒരു പൊ
൫ ലെ പ്രവൃത്തിയും ഇല്ലാത്ത പ്രകാരം തന്നെ— അനെകരായ നാം
ക്രിസ്തുവിൽ ഒരു ശരീരവും അവനവൻ തങ്ങളിൽ അവയവ
൬ ങ്ങളും ആകുന്നു— വിശെഷിച്ചു നമുക്കു ഉള്ളവനുസരിച്ചു

കൃപക്കടുത്ത വരങ്ങളും വിവിധങ്ങളാകുന്നു അത്രെ—വിശ്വാസത്തിന്റെ
പ്രമാണപ്രകാരം പ്രവാചനം ആകട്ടെ—ശുശ്രൂഷയിൽ ശുശ്രൂഷ ൭
ആകട്ടെ ഉപദെശത്തിൽ ഉപദെശിക്കുന്നവൻ ആകട്ടെ പ്ര
ബോധനത്തിൽ പ്രബോധിപ്പിക്കുന്നവൻ ആകട്ടെ—വിഭാഗിച്ചു ൮
കൊടുക്കുന്നവൻ ഏകാഗ്രതയോടെ—മുന്നിൽ നില്ക്കുന്നവൻ ഉത്സാഹത്തോ
ടെ കനിയുന്നവൻ പ്രസന്നതയോടെ—സ്നെഹം നിർവ്യാജം— ൯
തിയതിനെ അറെച്ചും നല്ലതിനെ സക്തിച്ചും കൊണ്ടു (ആമ. ൫, ൧൫) ൧൦
സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപ്പൂണ്ടു ബഹുമാനത്തിൽ
തമ്മിൽ മുന്തിട്ടുകൊണ്ടു—ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവി ൧൧
ൽ വെന്തുകൊണ്ടു കൎത്താവെ സെവിച്ചു—ആശയാൽ സന്തോഷിച്ചും ൧൨
ശങ്കടത്തിൽ സഹിച്ചുനിന്നു—പ്രാൎത്ഥനയിൽ ഉറ്റിരിക്കുന്നവരായി ൧൩
ശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിച്ചു ആതിഥ്യം പി
ന്തുടൎന്നു കൊണ്ടത്രെ—നിങ്ങളെ ഹിംസിക്കുന്നവരെ അനു ൧൪
ഗ്രഹിപ്പിൻ ശപിക്കാതെ—സന്തോഷിക്കുന്നവരൊടു കൂടെ ൧൫
സന്തോഷിക്കയും കരയുന്നവരൊടു കൂടെ കരകയും—തമ്മിൽ ൧൬
ഐകമത്യം ഭാവിച്ചു ഉയൎന്നവ ഭാവിക്കാതെ താണവയി
ൽ ഉൾപ്പെട്ടു കൊൾവിൻ—താന്താങ്ങൾക്കു ബുദ്ധിമാന്മാർ എന്നു തൊന്നാ
യ്ക—ഒരുത്തന്നും തിന്മെക്കു പകരം തിന്മ കൊടുക്കാതെ എല്ലാമ ൧൭
നുഷ്യരുടെ മുമ്പാകെയും നല്ലവ മുൻകരുതി—കഴിയും ൧൮
എങ്കിൽ നിങ്ങളാൽ ആവൊളം എല്ലാമനുഷ്യരൊടും സമാധാ
നം കൊള്ളുക—പ്രിയമുള്ളവരെ തങ്ങൾ തന്നെ പക വീട്ടാതെ ൧൯
(ദെവ) കൊപത്തിന്നു ഇടം കൊടുപ്പിൻ—കാരണം (ആവ.
൩൨, ൩൫) പ്രതിക്രിയ എനിക്കുള്ളതു ഞാൻ പകരം ചെയ്യും
എന്നു കൎത്താവ് പറയുന്നു—ആകയാൽ (സുഭ. ൨൫, ൨൧) നിന്റെ ൨൦
ശത്രുവിന്നു വിശക്കിൽ അവനെ ഊട്ടുക ദാഹിക്കിൽ കുടി
പ്പിക്ക ഇങ്ങിനെ ചെയ്താൽ തീക്കനല്ക്കട്ടകൾ അവന്റെ തലമെൽ

ക്ഷമിക്കും എന്ന് എഴുതിയിരിക്കുന്നത് — തിന്മയൊടു തൊല്ക്കാ
തെ നന്മയാൽ തിന്മയെ ജയിക്ക.

൧൩ാം അദ്ധ്യായം

കൊയ്മകൾക്കീഴ്പെട്ടുവാനും സ്നെഹത്തെ പ്രമാണമാക്കിയും
സുബൊധം ഉണൎന്നിരിപ്പാനും പ്രബൊധനം

൧ എത്ര ദെഹിയും ശ്രെഷ്ഠാധികാരങ്ങൾക്കു കീഴടങ്ങുക — കാരണം ദൈ
വത്തിൽ നിന്നല്ലാതെ ഒര് അധികാരം ഉണ്ടാകുന്നില്ല — ഉള്ള അധി
൨ കാരങ്ങളൊ ദൈവത്താൽ നിയമിക്കപ്പെട്ടവ — ആകയാ
ൽ അധികാരത്തൊടു മറുക്കുന്നവൻ ദൈവവ്യവസ്ഥയൊ
ടു മറുക്കുന്നു — മറുക്കുന്നവരൊ തങ്ങൾക്കു തന്നെ ന്യായവിധിയെ
൩ പ്രാപിക്കും — വിനെ വാഴുന്നവർ സൽക്രിയെക്കല്ല ദുഷ്ക്രി
യെക്കത്രെ ഭയമാകുന്നു — അധികാരസ്ഥനെ ഭയപ്പെ
ടാതിരിപ്പാൻ ഇച്ഛിക്കുന്നുവൊ നല്ലതിനെ ചെയ്ക എന്നാൽ
അവനൊടു പുകഴ്ച ലഭിക്കും — നിണക്കു നന്മെക്കായിട്ടല്ലൊ അ
൪ വൻ ദൈവശുശ്രൂഷക്കാരനാകുന്നു — തീയതിനെ ചെയ്കിലൊ
ഭയപ്പെടുക വെറുതെ അല്ലല്ലൊ അവൻ വാളെ വഹിക്കു
ന്നത് — ദൊഷം പ്രവൃത്തിക്കുന്നവനിൽ കോപം നടത്തുന്ന
പ്രതികാരിയായി അവൻ ദൈവശുശ്രൂഷക്കാരനാകു
൫ ന്നു — അതുകൊണ്ടു കൊപം നിമിത്തം മാത്രമല്ല മനസ്സാക്ഷി
യെക്കും നിമിത്തം കീഴടങ്ങുക തന്നെ ആവശ്യമാകുന്നു —
൬ ഇതുകൊണ്ടത്രെ നിങ്ങൾ കരങ്ങളെയും കൊടുക്കുന്നു — അവർ ദൈ
വസെവക്കാരായി അതിന്നു തന്നെ അഭിനിവെശിക്കുന്ന
൭ വരാകുന്നുവല്ലൊ — ആകയാൽ കടമായുള്ളത്
എല്ലാവൎക്കും ഒപ്പിപ്പിൻ — കരം ചെൎക്കെണ്ടുന്നവന്നു കരം
ചുങ്കം ചുമത്തെണ്ടുന്നവന്നു ചുങ്കം ഭയം വെണ്ടുന്നവന്നു ഭയം —

മാനം വെണ്ടുന്നവന്നു മാനം തന്നെ — അന്യോന്യം സ്നേ ൮
ഹിക്കുന്നത് ഒഴികെ ആരോടും ഒന്നും കടപ്പെടരുത — അന്യ ൯
നെ സ്നേഹിക്കുന്നവനല്ലൊ ധൎമ്മത്തെ പൂരിപ്പിച്ചിരിക്കുന്നു —
കാരണം വ്യഭിചാരം ചെയ്യരുത കുല ചെയ്യരുത മോഷ്ടി
ക്കരുത മോഹിക്കരുത മുതലായിട്ടു യാതൊരു കല്പനയും
ഉണ്ടെങ്കിലും തന്നെപ്പോലെ തന്റെ കൂട്ടുകാരനെ സ്നേഹിക്കേണമെന്നുള്ള
വചനത്തിൽ തന്നെ സംക്ഷേപിച്ചു കിടക്കുന്നു — സ്നേഹം ൧൦
തന്റെ കൂട്ടുകാരന്നു ദോഷം പ്രവൃത്തിക്കാത്തതാകയാ
ൽ ധൎമ്മനിവൃത്തി സ്നേഹം അത്രെ — അതൊ ചെയ്യേണ്ടു ൧൧
ന്ന സമയത്തെ അറിഞ്ഞിട്ടു തന്നെ — നാം വിശ്വസിച്ചനേ
രത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തത
ാകകൊണ്ടു നാം ഉറക്കത്തിൽനിന്ന് ഉണരുവാൻ നാഴിക വന്നു
എന്നറിയാമല്ലൊ — രാവു ചെന്നു കഴിഞ്ഞു പകൽ അടുത്തു — ൧൨
അതുകൊണ്ടു നാം ഇരുട്ടിന്റെ ക്രിയകളെ ഉപേക്ഷിച്ചു വെളിച്ചത്തിൻ
ആയുധങ്ങളെ ധരിച്ചുകൊൾക — പകൽക്കാലത്ത് എന്നപോലെ ൧൩
നാം മൎയ്യാദയായി നടക്കുക — കുത്തുമദ്യപാനങ്ങളിലല്ല ദുൎമ്മൈ
ഥുനങ്ങളിലല്ല — കലിവുപിണക്കങ്ങളിലല്ല — കൎത്താ ൧൪
വായ യേശുക്രിസ്തുവിനെ ഉടുത്തുകൊൾവിൻ പിന്നെ മോ
ഹങ്ങൾക്ക് ഇടയാക്കുമാറല്ല ജഡത്തിന്നായി കരുതിക്കൊള്ളേ
ണ്ടതു —

൧൪ അദ്ധ്യായം

ഭക്ഷണാദികളുടെ കാൎയ്യങ്ങളെ ചൊല്ലി ഇടഞ്ഞു പോകാതെ ക്രി
സ്താനിക്കു ന്യായ പ്രസാദവും സഭയുടെ കെട്ടുപണിക്കും
വരുത്തുവാൻ നോക്കേണം —

വിശ്വാസത്തിൽ ബലഹീനനായവനെ തൎക്കങ്ങൾ സംശയ ൧

൨ — പക്ഷങ്ങൾക്കു തർക്കത്തിന്നായല്ലും ചെർത്തുകൊള്ളുവിൻ — ഒരുവൻ എ
ല്ലാം തിന്മാൻ വിശ്വസിക്കുന്നു - ബലഹീനൻ സസ്യാദികളെ തി
൩ — ന്നുന്നു — തിന്നുന്നവൻ തിന്നാത്തവനെ ധിക്കരിക്കരുത — തി
ന്നാത്തവൻ തിന്നുന്നവനെ ന്യായം വിധിക്കരുത് - ദൈവമല്ലൊ
൪ അവനെ ചെർത്തുകൊണ്ടു — അന്യന്റെ ഭൃത്യനെ വിധിപ്പാൻ നീ
ആർ അവൻ നില്ക്കുന്നതൊ വീഴുന്നതൊ തന്റെ കർത്താവിന്നു
അത്രെ - അവൻ നിലനില്ക്കും താനും ദൈവം അവനെ നിർത്തുവാ
൫ ൻ ശക്തനല്ലൊ ആകുന്നു — ഒരുവൻ ദിവസത്തെക്കാൾ ദി
വസത്തെ പ്രമാണിക്കുന്നു മറ്റവൻ എല്ലാ ദിവസങ്ങളെയും
പ്രമാണിക്കുന്നു അവനവൻ താന്താന്റെ മനസ്സിൽ നിറ
൬ പട്ടുള്ളവനാക — ദിവസത്തെ ആദരിക്കുന്നവൻ കർത്താവിന്നാ
യി ആദരിക്കുന്നു - ദിവസത്തെ ആദരിക്കാത്തവൻ കർത്താവിന്നാ
യി ആദരിക്കാതിരിക്കുന്നു — പിന്നെ തിന്നുന്നവൻ ദൈവത്തെ സ്തുതി
ക്കകൊണ്ടു കർത്താവിന്നായി തിന്നുന്നു - തിന്നാത്തവൻ കർത്താ
വിന്നായി തിന്നാതെ ദൈവത്തെ സ്തുതിക്കയും ചെയ്യുന്നു —
൭ — എങ്ങിനെ എന്നാൽ നമ്മിൽ ആരും തനിക്കു ജീവിക്കുന്നി
ല്ല ആരും തനിക്കായി മരിക്കുന്നതും ഇല്ല. നാം ജീവിച്ചാലും കർത്താ
൮ വിന്നു ജീവിക്കുന്നു മരിച്ചാലും കർത്താവിന്നു മരിക്കുന്നു — ആകയാ
ൽ നാം ജീവിച്ചാലും മരിച്ചാലും കർത്താവിന്നുള്ളവർ ആകു
൯ ന്നു — കാരണം മരിച്ചവർക്കും ജീവിക്കുന്നവർക്കും ഉടയവനാകെണ്ടു
൧൦ തിന്നത്രെ ക്രിസ്തൻ മരിക്കയും ഉയിർക്കയും ചെയ്തു — നീയൊ
൧൧ നിന്റെ സഹോദരനെ ന്യായം വിധിപ്പാൻ എന്ത് — അല്ല നീയും
നിന്റെ സഹോദരനെ ധിക്കരിപ്പാൻ എന്ത് — നാം എല്ലാവരും
ക്രിസ്തന്റെ ന്യായാസനത്തിന്മുമ്പാകെ നില്ക്കും സത്യം [illegible]
[illegible] എന്റെ ജീവനാണ എല്ലാ മുഴങ്കാലും എനിക്കു വണങ്ങും
എല്ലാ നാവും ദൈവത്തെ സ്തുതിക്കയും ചെയ്യും എന്നു എഴു

തിരിക്കുന്നുവല്ലൊ — ആകയാൽ നമ്മിൽ ഓരൊരുവനും താന്താ ൧൨
ന്റെ കണക്കിനെ ദൈവത്തൊടു ബൊധിപ്പിക്കും — ഇ ൧൩
നി അതുകൊണ്ടു നാം അന്യൊന്യം ന്യായം വിധിക്കൊല്ലാ സഹൊ
ദരന്നു ഇടൎച്ചയൊ തടങ്ങലൊ വെക്കാതിരിപ്പാൻ അത്രെ വി
ധിച്ചുകൊള്ളുവിൻ — ഞാൻ കൎത്താവായ യെശുവിൽ അറിഞ്ഞു ൧൪
തെറിക്കപ്പെട്ടതൊ ഒന്നും തന്നാൽ തന്നെ തീണ്ടലു
ള്ളതല്ല വല്ലവൻ അത്രെ തീണ്ടൽ എന്നു എണ്ണിയാൽ അവന്ന
അത്രെ തീണ്ടലാകുന്നു — എങ്കിലും ഭക്ഷണം നിമിത്തം നി ൧൫
ന്റെ സഹൊദരൻ ദുഃഖിച്ചു പൊയാൽ നീ സ്നെഹപ്രകാ
രം നടക്കുന്നില്ല — ആൎക്കു വെണ്ടി ക്രിസ്തൻ മരിച്ചുവൊ അവ
നെ നിന്റെ ഭക്ഷണം കൊണ്ടു നശിപ്പിക്കല്ലെ — ആക ൧൬
യാൽ നിങ്ങളുടെ നന്മെക്കു ദൂഷണം വരരുതെ — ദൈ ൧൭
വരാജ്യം ഭക്ഷണപാനവും അല്ലല്ലൊ നീതിയും സമാധാ
നവും വിശുദ്ധാത്മാവിൽ സന്തൊഷവും അത്രെ ആകുന്നു
— ഇവറ്റിൽ തന്നെ ക്രിസ്തനെ സെവിക്കുന്നവൻ ദൈവ ൧൮
ത്തിന്നു സുഗ്രാഹ്യനും മനുഷ്യൎക്കു കൊള്ളാകുന്നവനും ആ
കുന്നു — അതുകൊണ്ടു നാം സമാധാനത്തിന്നും അന്യൊന്യം ൧൯
വീട്ടുവൎദ്ധനെക്കും ഉള്ളവറ്റെ പിന്തുടരുക — ഭക്ഷണം നി ൨൦
മിത്തം ദൈവത്തിൻ പണിയെ കെടുക്കൊല്ല — എന്നാൽ എല്ലാം
ശുദ്ധം തന്നെ — താൻ ഇടൎച്ചയൊടു തിന്നുന്ന മനു
ഷ്യന്നൊ അത് ആകാത്തതു — ഇറച്ചി തിന്നായ്കയും രസം കുടി ൨൧
ക്കായ്കയും സഹൊദരന്ന് ഇടൎച്ചയൊ തടങ്ങലൊ ബലഹീ
നതയൊ സംഭവിക്കുന്നത് ഒന്നിലും ചെയ്യായ്കയും ന
ല്ലതു തന്നെ — നിണക്കു വിശ്വാസം ഉണ്ടൊ അതിനെ ദൈ ൨൨
വമുമ്പാകെ തന്നാക്കി വെച്ചുകൊൾക താൻ സമ്മതിക്കു ൨൩
ന്നതിൽ തന്നെക്കുറ്റം വിധിക്കാത്തവൻ ധന്യൻ—

സംശയിക്കുന്നവനൊ ഭക്ഷിക്കിൽ വിശ്വാസത്തിൽനി
ന്നല്ലായ്കകൊണ്ട് അവൻ കുറ്റം വിധിച്ചിട്ടുണ്ട വിശ്വാസ
ത്തിൽനിന്നല്ലാത്തത് ഒക്കെയും പാപം അത്രെ.

൧൫ അദ്ധ്യായം

ബലഹീനരെ ചുമക്കകൊണ്ടു രണ്ടു വകക്കാരും ഐക്യ
പ്പെടുവാൻ പ്രബൊധനം — (൧൫) അപൊസ്തലന്റെ
യാത്രാഭാവങ്ങളും അപെക്ഷയും

൧ എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ
ചുമക്കെണം തങ്ങളെ തന്നെ പ്രസാദിപ്പിക്കയും അരുത് —
൨ — നമ്മിൽ ഒരൊരുത്തൻ ഗുണത്തിനായിട്ടു വർദ്ധനെക്കാ
൩ യി തന്റെ കൂട്ടുകാരനെ പ്രസാദിപ്പിക്ക — കാരണം ക്രിസ്തു
വും തന്നെ താൻ പ്രസാദിപ്പിച്ചില്ല — പ്രത്യുത നിന്നെ
നിന്ദിക്കുന്നവരുടെ നിന്ദകൾ എന്റെ മെൽ വീണു എന്ന് എ
൪ ഴുതിയ പ്രകാരമത്രെ — എന്തെന്നാൽ മുൻ
എഴുതപ്പെട്ടവകൾ ഒക്കെയും നമ്മുടെ ഉപദെശത്തിനായി എഴു
തിയത് നാം എഴുത്തുകളുടെ ക്ഷാന്തിയാലും ആശ്വാസത്താ
൫ ലും ആശയെ ധരിച്ചുകൊള്ളെണ്ടതിന്നത്രെ — എന്നാ
ൽ നിങ്ങൾ ഐക്യമത്യപ്പെട്ട നമ്മുടെ കർത്താവായ യെശുക്രി
സ്തുവിന്റെ പിതാവായ ദൈവത്തെ ഒരു വായാൽ കൊണ്ടു മ
ഹത്വീകരിക്കെണ്ടുന്നതിന്ന ക്ഷാന്തിയും ആശ്വാസങ്ങളുടെയും ദൈ
൬ വം ക്രിസ്തുയെശുവിന്നു തക്കവണ്ണം അന്യൊന്യം ഒന്നി
൭ നെ നിനെപ്പാൻ നിങ്ങൾക്ക നല്കുമാറാകട്ടെ — അതുകൊണ്ടു
ക്രിസ്തു ദൈവത്തിന്റെ മഹത്വത്തിനായി കൊണ്ടു നിങ്ങളെ ചെർത്തു
൮ കൊണ്ടതുപൊലെ അന്യൊന്യം ചെർത്തുകൊള്ളുവിൻ — ഞാ
ൻ പറയുന്നതൊ പിതാക്കന്മാരുടെ വാഗ്ദത്തങ്ങളെ ഉറപ്പി

കൊണ്ടിതിന്നു യെശുക്രിസ്തൻ ദൈവസത്യത്തിൻ നിമിത്തം പ
രിഛെദനക്കശുശ്രൂഷക്കാരനായി എന്നും — ജാതികൾ ദൈ ൯
വത്തെ കരുണയിൻ നിമിത്തം മഹത്വീകരിച്ചു എന്നും ഉള്ളത
ത്രെ — സങ്കീ. ൧൮, ൪൯ ആകയാൽ ഞാൻ ജാതികളിൽ നി ൧൦
ന്നെ വാഴ്ത്തി നിൻ നാമത്തിന്നു സ്തുതി പാടും എന്ന് എഴുതിയ
പ്രകാരം തന്നെ — പിന്നെ ആവ. ൩൨, ൪൩ ജാതികളെ ൧൧
അവന്റെ ജനത്തൊടു കൂടിച്ചു ആനന്ദിപ്പിൻ എന്നും സ
ങ്കീ. ൧൧൭, ൧ എല്ലാ ജാതികളും കർത്താവെ സ്തുതിപ്പി
ൻ എല്ലാ വംശങ്ങളും അവനെ പുകഴ്ത്തുവിൻ എന്നും യെശ —
— ജാതികളെ ഭരിപ്പാൻ എഴുനീല്ക്കുന്ന ഇശ്ശായി വെർ ൧൨
ഉണ്ടാകും അവനെ ജാതികൾ ആശ്രയിക്കും എന്ന് യെശായാവും
൧൧, ൧൦ പറയുന്നു — എന്നാൽ ആശയുടെ ദൈവം വിശ്വ ൧൩
സിക്കുന്നതിൽ തന്നെ നിങ്ങൾ പരിശുദ്ധാത്മാവിൻ ശക്തിയാലും
ആശയിൽ വഴിയുമാറു സകല സന്തൊഷവും സമാധാനവും
കൊണ്ടും നിങ്ങളെ നിറെക്കുക.

പിന്നെ പ്രിയ സഹൊദരന്മാരെ നിങ്ങൾ താനും ൧൪
പൂൎണ്ണന്മാരും സകല ജ്ഞാനം നിറഞ്ഞവരും തങ്ങളിൽ ത
ന്നെ ബുദ്ധി പറവാൻ പ്രാപ്തരും ആകുന്നു എന്നു ഞാനും നിങ്ങ
ളെ കൊണ്ടു തെളിഞ്ഞിരിക്കുന്നു — എന്നിട്ടും സഹൊദരന്മാരെ ൧൫
ദൈവം എനിക്കു നല്കിയ കൃപ നിമിത്തം നിങ്ങളെ ഞാനും ഓൎപ്പി
പ്പിക്കുന്നവനായി ചിലതിൽ അധികം ധൈര്യമായി നിങ്ങൾക്കു
എഴുതി — ജാതികൾ ആകുന്നൊരു ബലി വിശുദ്ധാത്മാവിനാ ൧൬
ൽ വിശുദ്ധീകരിക്കപ്പെട്ടു സുഗ്രാഹ്യമായി ചമയെണ്ടതിന്നു
ഞാൻ ദൈവത്തിൻ സുവിശെഷത്തെ പുരൊഹിതനായി ന
ടത്തി കൊണ്ടു ജാതികളിൽ യെശുക്രിസ്തന്റെ സെവകനാ
യിരിപ്പാൻ തക്കവണ്ണം ദൈവത്തിൽ നിന്ന് എനിക്കു കൃപ ലഭിച്ചതു — ആ ൧൭

കയാൽ എന്റെ ദെവകാൎയ്യത്തിൽ ക്രിസ്തു യെശുവിങ്കൽ പ്ര
൧൮ ശംസ ഉണ്ടു — ക്രിസ്താൻ എന്നെ കൊണ്ടു ജാതികളുടെ അ
നുസരണത്തിന്നു വെണ്ടി വാക്കിനാലും ക്രിയയാലും അടയാള
ങ്ങളുടെയും അത്ഭുതങ്ങളുടെയും ശക്തി കൊണ്ടും ദൈവാത്മാ
വിൻ ശക്തിയിൽ തന്നെ പ്രവൃത്തിച്ചവ അല്ലാതെ ഒന്നിനെ
൧൯ ചൊല്ലുവാൻ തുനികയില്ല — അതിനാൽ ഞാൻ യരുശ
ലെമിലും ചുഴലവും ഇല്ലുരിക്കൊളം ക്രിസ്താന്റെ സു
൨൦ വിശെഷത്തെ തികെച്ചിരിക്കുന്നു — ഇങ്ങിനെ ഞാ
ൻ അന്യന്റെ അടിസ്ഥാനത്തിന്മെൽ പണിയാതെ ഇരി
൨൧ ക്കെണ്ടതിന്നു ക്രിസ്താന്റെ പെർ കെൾക്കാത്തെടത്തിലല്ലാ — ആ
ശയിച്ചു അവനെ കൊണ്ടു അറിയിക്കപ്പെടാത്തവർ കാ
ണും കെൾക്കാത്തവർ ബൊധിക്കും എന്ന എഴുതിയ പ്രകാര
൨൨ മത്രെ സുവിശെഷിപ്പാൻ അഭിമാനിച്ചു നടക്കുന്നു — അതു
കൊണ്ടത്രെ ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നതിന്നു പല
൨൩ മുട്ടും സങ്കടം വന്നു — ഇപ്പൊഴൊ എനിക്ക ഈ ദിക്കുകളി
ൽ ഇനി സ്ഥലം ശെഷിക്കായ്കയാൽ അങ്ങു ചെല്ലുവാൻ വാഞ്ഛ
൨൪ ക്കും തുടങ്ങി വാഞ്ഛ ഉണ്ടു — ഞാൻ സ്പാന്യയിലെക്ക യാത്ര
യാക്കുമ്പൊഴെക്കു നിങ്ങളുടെ ഇടയിൽ വരും — ഞാൻ കടക്കു
ന്ന സമയത്തിൽ നിങ്ങളെ ദൎശിപ്പാനും മുമ്പെ തന്നെ നിങ്ങളി
ൽ നിന്ന ഏകദെശം തൃപ്തിവന്ന ശെഷം നിങ്ങളാൽ യാത്ര
൨൫ അയക്കപ്പെടുവാനും ആശ ഉണ്ടു — ഇപ്പൊഴൊ തന്നെയൊ
ഞാൻ യരുശലെമിലെക്കു വിശുദ്ധന്മാൎക്കു ശുശ്രൂഷ ചെയ്വാൻ
൨൬ യാത്ര പുറപ്പെടുന്നു — എങ്ങിനെ എന്നാൽ യരുശലെമിലെ
വിശുദ്ധരിൽ ദരിദ്രരായവൎക്കു അല്പം കൂട്ടായ്മ കാട്ടുവാൻ മ
൨൭ ക്കെദൊന്യയും അഖായയും പ്രസാദിച്ചു — പ്രസാദം തൊന്നി
സത്യം അവൎക്കു കടംപെട്ടിരിക്കുന്നതും ഉണ്ടു — ജാതികളല്ലൊ

അവരുടെ ആത്മികാവസ്തുക്കളിൽ കൂട്ടാളികളായെങ്കിൽ ജ
ഡികങ്ങളിൽ അവരെ സെവിപ്പാനും കടംപെട്ടിരിക്കുന്നു— ആ ൨൮
യത്തിനെ ഞാൻ സമാപിച്ചു അവൎക്ക ഈ ഫലത്തെ മുദ്രയി
ട്ടശെഷം നിങ്ങളിൽ കൂടി സ്പാന്യയിലെക്ക ചെല്ലും— ഞാ ൨൯
ങ്ങളിൽ വന്നാലൊ ക്രിസ്തുസുവിശെഷത്തിന്റെ അനുഗ്രഹ
ത്തിന്റെ പൂൎണ്ണതയൊടെ വരും എന്നു ഞാൻ അറിഞ്ഞിരിക്കുന്നു— എന്നാ ൩൦
ൽ സഹൊദരന്മാരെ നമ്മുടെ കൎത്താവായ യെശുക്രിസ്തുവിനെ
കൊണ്ടും ആത്മാവിൻ സ്നെഹത്തെ കൊണ്ടും ഒപ്പിച്ചു നിങ്ങളെ പ്രബൊ
ധിപ്പിക്കുന്നിത— യഹൂദയിലെ അവിശ്വാസികളിൽ നി ൩൧
ന്നു ഞാൻ രക്ഷിക്കപ്പെടെണം എന്നും യരുശലെമിന്നാ
യുള്ള എന്റെ ശുശ്രൂഷ വിശുദ്ധന്മാൎക്ക സുഗ്രാഹ്യമാകെണം
എന്നും— ഇങ്ങിനെ ഞാൻ ദൈവെഷ്ടത്താൽ സന്തൊഷത്തൊ ൩൨
ടെ നിങ്ങളുടെ അടുക്കൽ വന്നു നിങ്ങളൊടു കൂട മനം തണുക്കെണ്ടതിന്നു
നിങ്ങൾ എനിക്കു വെണ്ടി ദൈവത്തൊടു പ്രാൎത്ഥനകളിൽ
കൂടെ പൊരാടെണം എന്നത്രെ— സമാധാനത്തിന്റെ ൩൩
ദൈവം നിങ്ങളെല്ലാവരൊടും കൂടെ ഇരിക്കുമാറാക.

൧൬ അദ്ധ്യായം

അപൊസ്തലന്റെ വന്ദനവാക്കുകളും— ഭെദിപ്പിക്കുന്നവരെ സൂ
ക്ഷിക്കെണം— മറ്റുള്ളവരുടെ വന്ദനങ്ങൾ— സമാപ്തി.

നമ്മുടെ സഹൊദരിയും കെംക്രയ സഭയിലെ ശുശ്രൂഷക്കാരി ൧
യും ആയ ഫൊയിബയെ— നിങ്ങൾ വിശുദ്ധന്മാൎക്ക യൊഗ്യമാം ൨
വണ്ണം കൎത്താവിൽ കൈക്കൊണ്ടു അവൾക്ക നിങ്ങളെ കൊണ്ടു
ആവശ്യം തൊന്നുന്ന യാതൊരു കാൎയ്യത്തിലും സഹായിച്ചും
വരെണ്ടതിന്നു ഞാൻ നിങ്ങളിൽ ഭരമെല്പിക്കുന്നു— അവളും
പലൎക്കും വിശെഷാൽ എനിക്കും സഹായമായിരുന്നു സത്യം—

൩ — ക്രിസ്തുയെശുവിൽ എന്റെ സഹകാരികളാകുന്ന പ്രിസ്കെ
൪ ലയും അക്വിലാവെയും വന്ദിപ്പിൻ — ആയവർ എന്റെ പ്രാ
ണനുവെണ്ടി തങ്ങളുടെ കഴുത്തിനെ നീട്ടിവെച്ചു - അവൎക്കു
തഞ്ഞാത ചൊല്ലുന്നതു ഞാൻ മാത്രമല്ല ജാതികളുടെ സകലസ
ഭകളും കൂടെ തന്നെ - അവരെ വീട്ടിലെ സഭയെയും വന്ദി
൫ പ്പിൻ — ആസ്യയിൽ തന്നെ ക്രിസ്തനു ആദ്യഫലവായിരിക്കുന്ന എ
൬ ന്റെ പ്രിയമുള്ള എപ്പൈനതനെ വന്ദിപ്പിൻ — ഞങ്ങൾക്കാ
൭ വളരെ അദ്ധ്വാനിച്ചുള്ള മറിയമെ വന്ദിപ്പിൻ — എന്റെ ചാൎച്ച
ക്കാരും സഹബദ്ധരുമായ അന്ത്രൊനിക്കനെയും യൂനിയാ
വെയും വന്ദിപ്പിൻ - ആയവർ എന്റെ മുമ്പിലും ക്രിസ്തനി
ൽ ആയ്പുള്ളവരും അപൊസ്തലരിൽ പെർകൊണ്ടവരും ആകുന്നു-
൮ കൎത്താവിൽ എനിക്കു പ്രിയമുള്ള അമ്പ്ലിയാതനെ വന്ദിപ്പി
൯ ൻ — ക്രിസ്തനിൽ ഞങ്ങളുടെ സഹകാരിയായ ഉൎബ്ബാനനെയും
൧൦ എന്റെ പ്രിയനായ സ്താക്കുവെയും വന്ദിപ്പിൻ — ക്രിസ്തനിൽ കൊ
ള്ളാകുന്നവനായ അപ്പെല്ലാവെ വന്ദിപ്പിൻ — അരിസ്തൊ
൧൧ ബൂലന്റെ വീട്ടുകാരിൽ നിന്നുള്ളവരെ വന്ദിപ്പിൻ — എന്റെ
ചാൎച്ചക്കാരനായ ഹെരൊദിയൊനെ വന്ദിപ്പിൻ - നൎക്കിസ്സ
ന്റെ വീട്ടുകാരിൽ നിന്നു കൎത്താവിൽ ആയവരെ വന്ദിപ്പിൻ -
൧൨ കൎത്താവിൽ അദ്ധ്വാനിച്ചവരായ ത്രുഫൈനയെയും ത്രുഫൊ
സയെയും വന്ദിപ്പിൻ — കൎത്താവിൽ വളരെ അദ്ധ്വാനിച്ച
൧൩ പ്രിയ പെൎസിയെ വന്ദിപ്പിൻ — കൎത്താവിൽ തെരിഞ്ഞെടു
ക്കപ്പെട്ട രൂഫനെയും അവന്റെയും എന്റെയും അമ്മയെ
൧൪ യും വന്ദിപ്പിൻ — അസുങ്ക്രിതൻ - പ്ലെഗൊൻ - ഹെൎമ്മാവ് - പ
ത്രൊബാ - ഹെൎമ്മെ - ഇവരെയും കൂടെയുള്ള സഹോദരരെയും
൧൫ വന്ദിപ്പിൻ - ഫിലൊലഗനെയും - യൂലിയായെയും - നെരെയു
വെയും - അവന്റെ സഹോദരിയെയും - ഒലുമ്പാവെയും - അ

വരൊടുകൂടയുള്ള വിശുദ്ധന്മാരെയും വന്ദിപ്പിൻ — വിശുദ്ധചുംബ ൧൬
നം കൊണ്ട അന്യൊന്യം വന്ദിപ്പിൻ. ക്രിസ്തുവിന്റെ സഭകളെ
ല്ലാം നിങ്ങളെ വന്ദിക്കുന്നു —

എന്നാൽ സഹൊദരന്മാരെ നിങ്ങൾ പഠിച്ച ഉപദെശത്തെ ൧൭
ക്കു ചെരാത്ത ഭെദപക്ഷങ്ങളെയും ഇടൎച്ചകളെയും
ഉണ്ടാക്കുന്നവരെ സൂക്ഷിപ്പാൻ ഞാൻ നിങ്ങളൊടു പ്രബൊധിപ്പി
ക്കുന്നു — അവരൊടു അകന്നു വാങ്ങുവിൻ — കാരണം അപ്രകാ ൧൮
രമുള്ളവർ നമ്മുടെ കൎത്താവായ യെശുക്രിസ്തുവിനെ അല്ല തങ്ങ
ളുടെ വയറ്റിനെത്രെ സെവിച്ചു കൊണ്ടു മംഗലവാക്കിനാലും സു
ഭാഷണത്തിനാലും സാധുക്കളുടെ ഹൃദയങ്ങളെ ചതിച്ചുകള
യുന്നു — നിങ്ങളുടെ അനുസരണം നിങ്ങളെല്ലാവൎക്കും കെൾ്പ്പാ ൧൯
യിരിക്കുന്നു അതുകൊണ്ടു ഞാൻ നിങ്ങൾ നിമിത്തം സന്തൊഷി
ക്കുന്നു - എങ്കിലും നന്മെക്കു നിങ്ങൾ ജ്ഞാനികളും തിന്മെക്കു
ദൊഷമില്ലാത്തവരും ആകെണം എന്ന ഇച്ഛിക്കുന്നു — സമാധാന ൨൦
ത്തിന്റെ ദൈവമൊ വെഗത്തിൽ സാത്താനെ നിങ്ങളുടെ
കാലുകളിൻ കീഴെ ചതെക്കുകയും — നമ്മുടെ കൎത്താവായ യെ
ശുക്രിസ്തുവിന്റെ കരുണ നിങ്ങളൊടു കൂടെ ഇരിക്ക — എന്റെ ൨൧
സഹകാരിയായ തിമൊത്യൊസും എന്റെ ചാൎച്ചക്കാരായ
ലൂക്യൊസും യാസൊനും സൊസിപത്രൊസും നിങ്ങളെ വന്ദിക്കു
ന്നു — ലെഖനത്തെ എഴുതിയ തെൎത്യൻ എന്നുള്ള ഞാൻ നി ൨൨
ങ്ങളെ കൎത്താവിൽ വന്ദിക്കുന്നു — എനിക്കും സൎവ്വസഭെക്കും ആ ൨൩
തിഥ്യം ചെയ്യുന്ന ഗായൻ നിങ്ങളെ വന്ദിക്കുന്നു - നഗരഭ
ണ്ഡാരിയായ എരസ്തൊസും സഹൊദരനായ ക്വൎത്തൊസും നി
ങ്ങളെ വന്ദിക്കുന്നു — നമ്മുടെ കൎത്താവായ യെശുക്രിസ്തുവിന്റെ ൨൪
കരുണ നിങ്ങൾ എല്ലാവരൊടും കൂടെ ഇരിക്ക — ആമെൻ.

എന്നാൽ യുഗകാലങ്ങളിൽ മിണ്ടാതെ കിടന്നശെഷം ൨൫

ഇപ്പൊൾ വിളങ്ങിവന്നും നിത്യദൈവത്തിന്റെ നിയോഗപ്രകാ
രം വിശ്വാസത്തിന്റെ അനുസരണത്തെ വരുത്തുവാൻ പ്രവാ
ചകരുടെ എഴുത്തുകളെക്കൊണ്ടു സകല ജാതികളിലും അറി
൨൬ യിക്കപ്പെട്ടും ഇരിക്കുന്ന മർമ്മത്തിന്റെ വെളിപ്പാടിനാലുള്ള എ
ന്റെ സുവിശെഷത്തിലും യെശുക്രിസ്തന്റെ ഘോഷണത്തി
൨൭ ലും നിങ്ങളെ സ്ഥിരീകരിപ്പാൻ കഴിയുന്ന ഏകജ്ഞാനിയാ
യ ദൈവത്തിന്നു യെശുക്രിസ്തുമൂലം യുഗാദികാലങ്ങളിലും തെ
ജസ്സുണ്ടാകുക- ആമെൻ.

കൊരിന്തക്കാൎക്കെഴുതിയ

ഒന്നാം ലെഖനം

൧ അദ്ധ്യായം

൧. (–൧൭ ആം) സഭാഭിന്നതകളെ ആക്ഷെപിക്കയിൽ ൧൮.
ജ്ഞാനശ്ലാഘകളെല്ലാം ക്രൂശിന്റെ ഉപദെശത്തിനാൽ നിഷ്ഫലവാ
ദം ചൊല്ലിയതു –

ദൈവെഷ്ടത്താൽ യെശു ക്രിസ്തന്റെ അപൊസ്തലനാകുവാൻ വിളി ൧
ക്കപ്പെട്ട പൌലും സഹൊദരനായ സൊസ്ഥനാവും — കൊ ൨
രിന്തിലുള്ള ദൈവസഭെക്ക് – ക്രിസ്തയെശുവിൽ വിശുദ്ധീ
കരിക്കപ്പെട്ടവരും അങ്ങും ഇങ്ങും എല്ലാ ഇടത്തും നമ്മുടെ കൎ
ത്താവായ യെശു ക്രിസ്തന്റെ നാമത്തെ വിളിച്ചു കൊള്ളുന്ന
സൎവ്വന്മാരൊടും കൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാരും ആയവ
ൎക്കു തന്നെ എഴുതുന്നതു — നമ്മുടെ പിതാവായ ദൈവത്തി ൩
ൽ നിന്നും കൎത്താവായ യെശു ക്രിസ്തനിൽ നിന്നും നിങ്ങൾക്കു
കരുണയും സമാധാനവും ഉണ്ടാവൂതാക — നിങ്ങൾക്കു ക്രി ൪
സ്തയെശുവിൽ കൊടുക്കപ്പെട്ട ദൈവകരുണ നിമിത്തം
ഞാൻ എന്റെ ദൈവത്തിന്നു നിങ്ങൾക്കു വെണ്ടി എപ്പൊഴും
സ്തൊത്രം ചൊല്ലുന്നു — ആയവനിൽ അല്ലൊ നിങ്ങൾ എല്ലാം ൫
കൊണ്ടും വിശെഷാൽ സകല വചനത്തിലും എല്ലാ അറി
വിലും സമ്പന്നരായി ചമഞ്ഞു — ഒരു കൃപാവരത്തിലും കു ൬
റയാതെ നമ്മുടെ കൎത്താവായ യെശു ക്രിസ്തന്റെ വെളിപ്പാ
ടിനെ കാത്തുകൊള്ളുന്നവർ ആകുമാറു നിങ്ങളിൽ ക്രിസ്താവെ ൭

൮ കൊണ്ടുള്ള സാക്ഷ്യം ഉറെച്ചുവന്നപ്രകാരം— ആയവൻ
നിങ്ങളെ അവസാനം വരെക്കും ഉറെപ്പിച്ചു നമ്മുടെ കർത്താ
വായ യെശുക്രിസ്തന്റെ നാളിൽ കുറ്റം ചുമത്തപ്പെടാ
൯ ത്തവരാക്കും— അവന്റെ പുത്രനും നമ്മുടെ കർത്താവുമാ
യ യെശുക്രിസ്തന്റെ കൂട്ടായ്മയിലെക്കു നിങ്ങളെ വിളി
ച്ചവനായ ദൈവം വിശ്വസ്തൻ തന്നെ—
൧൦ എങ്കിലും സഹോദരന്മാരെ നമ്മുടെ കർത്താവായ യെ
ശുക്രിസ്തന്റെ നാമം മൂലം ഞാൻ നിങ്ങളെ പ്രബോധി
പ്പിക്കുന്നു— നിങ്ങൾ എല്ലാവരും ഒന്നു തന്നെ പറകയും
നിങ്ങളിൽ ഭിന്നതകൾ ഭവിക്കായ്കയും ഏകമനസ്സിലും
ഏകാഭിപ്രായത്തിലും നിങ്ങൾ യഥാസ്ഥാനപ്പെട്ടുക
൧൧ യും ആക— കാരണം എൻ സഹോദരരെ നിങ്ങളെക്കുറി
ച്ചു ക്ലൊവയുടെ ആളുകളാൽ നിങ്ങളിൽ പിണക്കങ്ങ
൧൨ ൾ ഉള്ള പ്രകാരം ബൊധിപ്പിച്ചു— ആയതു എന്തെന്നാൽ നി
ങ്ങളിൽ ഓരോരുത്തൻ ഞാൻ പൌലിന്നുള്ളവൻ എന്നും
ഞാൻ അപൊല്ലൊന്റെ എന്നും ഞാൻ കെഫാവിന്റെ എ
ന്നും ഞാൻ ക്രിസ്തനുള്ളവൻ എന്നും ചൊല്ലുന്നതു തന്നെ—
൧൩ -ക്രിസ്തൻ പകുക്കപ്പെട്ടിരിക്കുന്നുവൊ— പൌലൊ നി
ങ്ങൾക്കു വെണ്ടി ക്രൂശിൽ തറെക്കപ്പെട്ടൊ അല്ലെങ്കിൽ പൌലി
൧൪ ന്റെ നാമത്തിലെക്കു സ്നാനം ഏറ്റുവൊ— ക്രിസ്പനെയും ഗാ
യൊസിനെയും ഒഴികെ ഞാൻ നിങ്ങളിൽ ഒരുവനെയും സ്നാ
നപ്പെടുത്തായ്കയാൽ എന്റെ ദൈവത്തിന്നു സ്തോത്രം—
൧൫ -എന്റെ നാമത്തിലെക്കു സ്നാനം കഴിച്ച പ്രകാരം ആരും പറ
൧൬ യാതിരിപ്പാൻ ആയതിനെ ചെയ്യുന്നതു— പിന്നെ സ്തെഫനാ
സിന്റെ കുഡുംബത്തെയും ഞാൻ സ്നാനപ്പെടുത്തി ഇതല്ലാതെ
ശെഷം മറ്റൊരുത്തനെ സ്നാനം കഴിപ്പിച്ചുവൊ എന്നറി

യുന്നില്ല—

സ്നാനത്തിന്നല്ലല്ലൊ സുവിശെഷത്തിന്നത്രെ എന്നെ ൧൭
ക്രിസ്തൻ എന്നെ അയച്ചത—അതൊ ക്രിസ്തന്റെ ക്രൂശ് പാഴു
ആൽ ആകാതിരിക്കെണ്ടതിന്ന വചന ജ്ഞാനത്തൊടെ
അല്ലത—കാരണം ക്രൂശിൻ വചനം നശിച്ചു പൊകുന്നവ ൧൮
ൎക്ക ഭൊഷത്വവും രക്ഷപ്പെടുന്നനമുക്ക ദൈവശക്തിയും
ആകുന്നു—(യശ· ൨൯, ൧൪) ജ്ഞാനികളുടെ ജ്ഞാനത്തെ ൧൯
ഞാൻ നശിപ്പിച്ചു ബുദ്ധിമാന്മാരുടെ ബൊധത്തെ അക
റ്റുകയും ചെയ്യും എന്ന എഴുതിയിരിക്കുന്നുവല്ലൊ—ഈ യു ൨൦
ഗത്തിൻ ജ്ഞാനി എവിടെ. ശാസ്ത്രി എവിടെ തൎക്കികൻ എ
വിടെ. ഈ ലൊകജ്ഞാനത്തെ ദൈവം ഭൊഷത്വം ആ
ക്കീട്ടില്ലയൊ—എന്തുകൊണ്ടെന്നാൽ ദൈവജ്ഞാന ൨൧
ത്തിൽ (ആകുന്നു) ലൊകം ജ്ഞാനത്താൽ ദൈവത്തെ അ
റിയായ്കകൊണ്ട ഘൊഷണത്തിൻ ഭൊഷത്വത്താൽ
വിശ്വസിക്കുന്നവരെ രക്ഷിപ്പാൻ ദൈവത്തിന്ന നന്നാ
യ്തൊന്നി—യഹൂദർ അല്ലൊ അടയാളത്തെ ചൊദിക്കു ൨൨
ന്നു യവനർ ജ്ഞാനത്തെ അന്വെഷിക്കുന്നു—ഞങ്ങളൊ ൨൩
ക്രൂശിക്കപ്പെട്ട ക്രിസ്തനെ ഘൊഷിക്കുന്നു ആയതു യഹൂദന്മാ
ൎക്ക ഇടൎച്ചയും യവനൎക്ക ഭൊഷത്വവും എങ്കിലും യഹൂദർ ൨൪
താൻ യവനർ താൻ വിളിക്കപ്പെട്ടവർ ഏവൎക്കും തന്നെ
ദൈവശക്തിയും ദൈവജ്ഞാനവും ആകുന്ന ക്രിസ്തനെ അത്രെ
ഘൊഷിക്കുന്നു—ദൈവത്തിന്റെ പൊട്ടായുള്ളത മനു ൨൫
ഷ്യരെക്കാൾ ജ്ഞാനമുള്ളതും ദൈവത്തിന്റെ ദുൎബ്ബലമാ
യുള്ളത മനുഷ്യരെക്കാൾ ഊക്കുള്ളതും ആകുന്നു സത്യം—എ ൨൬
ങ്ങിനെ എന്നാൽ സഹൊദരന്മാരെ നിങ്ങളെ വിളിച്ചതിലു
ള്ള വാറു നൊക്കുവിൻ—അതിൽ ജഡപ്രകാരം ജ്ഞാനിക

പ്രഭുക്കളില്ല ശക്തന്മാർ ഏറെയില്ല കുലീനർ ഏറെയില്ലല്ലൊ—
൨൭ —ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോ
൨൮ ഷ്യമായവരെ തന്നെ തെരിഞ്ഞെടുത്തു—ശക്തിയുള്ളവരെ
ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ദുർബ്ബലമായവറ്റെ തെ
രിഞ്ഞെടുത്തു—ഉള്ളവറ്റെ നീക്കുവാൻ ദൈവം ലോകത്തിൽ
കുലഹീനവും നിന്ദ്യവും ആയവറ്റെയും ഇല്ലാത്തവറ്റെ
൨൯ യും തെരിഞ്ഞെടുത്തു—ദൈവത്തിൻ മുമ്പിൽ ഒരു ജഡ
൩൦ വും പ്രശംസിക്കാതിരിപ്പാൻ തന്നെ—നിങ്ങളൊ അവ
നാൽ ക്രിസ്തുയേശുവിൽ ആകുന്നു—ആയവൻ
നമുക്കു ദൈവത്തിൽനിന്നു ജ്ഞാനവും നീതിയും ശുദ്ധീ
൩൧ കരണവും വീണ്ടെടുപ്പും ആയ്തീർന്നു—(യിറ. ൯, ൨൩) പ്രശംസി
ക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ എന്നെഴുതിയ പ്രകാരം
ആകേണ്ടതിന്നു തന്നെ-

൨ അദ്ധ്യായം

ക്രൂശിൻ വചനം മൂലം ആത്മികർക്കു ഉണ്ടാകുന്ന ജ്ഞാനം.

൧ ഞാനും സഹോദരന്മാരെ നിങ്ങളുടെ അടുക്കൽ വന്നപ്പൊ
ൾ വചനത്തിലൊ ജ്ഞാനത്തിലൊ വിശേഷത്വം കൂടാ
തെ ദൈവത്തിൻ സാക്ഷ്യത്തെ പ്രസ്താവിപ്പാൻ വന്നതു—
൨ —കാരണം യേശുക്രിസ്തുവിനെ ക്രൂശിക്കപ്പെട്ടവനെ തന്നെ
അല്ലാതെ നിങ്ങളിൽ ഒന്നും അറിയരുത് എന്നു ഞാൻ നി
൩ ശ്ചയിച്ചു—ഞാനും ബലഹീനതയും ഭയവും ഏറിയ നടുക്കവും
൪ പൂണ്ടു നിങ്ങളോടിരുന്നു—എന്റെ വചനവും ഘോഷണ
വും ജ്ഞാനത്തിൻ വശീകരവാക്കുകളിൽ അല്ല ആത്മാവി
൫ ന്റെയും ശക്തിയുടെയും പ്രമാണത്തിൽ അത്രെ ആയതു—നി
ങ്ങളുടെ വിശ്വാസം മാനുഷജ്ഞാനത്തിൽ അല്ല ദൈവശക്തി

ൽ നില്ക്കേണ്ടതിന്നത്രെ — തികഞ്ഞവരിൽ ഞങ്ങൾ ൬
ജ്ഞാനം ചൊല്ലുന്നതാകുന്നു - ഈ യുഗത്തിന്റെയും
നിഷ്ഫലമായി വരുന്നവരായ ഈ യുഗപ്രഭുക്കളുടെ ജ്ഞാനവും അ
ല്ല ദൈവം യുഗങ്ങൾക്കു മുമ്പെ നമ്മുടെ തേജസ്സിന്നായി മുന്നിയമി ൭
ച്ചും മറഞ്ഞുകിടന്നും ഉള്ള ദൈവജ്ഞാനത്തെ ഞങ്ങൾ മർമ്മമാ
യിട്ടു ചൊല്ലുന്നു — അതിനെ ഈ യുഗപ്രഭുക്കന്മാരിൽ ആരും അറിയാ ൮
ഞ്ഞതാകുന്നു - അറിഞ്ഞു എങ്കിൽ അവർ തേജസ്സി
ന്റെ കർത്താവെ ക്രൂശിക്കയില്ലയായിരുന്നുവല്ലോ — എഴു ൯
തിയിരിക്കുന്ന പ്രകാരം ദൈവം തന്നെ സ്നേഹിക്കുന്നവൎക്കു
ഒരുക്കിയവകൾ കണ്ണു കാണാത്തതും ചെവി കേൾക്കാത്തതും മനുഷ്യ
ഹൃദയത്തിൽ കരേറാത്തതും ആയവ അത്രെ (യശ. ൬൪, ൪.
൬൫, ൧൭) — ദൈവം തന്റെ ആത്മാവിനാൽ ഞങ്ങൾക്കു വെളി ൧൦
പ്പെടുത്തിയതു ആത്മാവല്ലോ സകലവും ദൈവത്തിന്റെ ആഴങ്ങ
ളെയും ആരായുന്നു — എങ്ങിനെ എന്നാൽ മനുഷ്യന്റെ ൧൧
ഉള്ളവ മനുഷ്യനിലുള്ള മനുഷ്യാത്മാവിന്നല്ലാതെ മനുഷ്യർ
ആർ അറിയുന്നു - അപ്രകാരം ദൈവത്തിന്റെവ ദൈവാത്മാ
വല്ലാതെ ഒരുവനും അറിയുന്നതും ഇല്ല — ഞങ്ങളൊ ലോക ൧൨
ത്തിൻ ആത്മാവെ അല്ല ദൈവം നമുക്കു സമ്മാനിച്ചവയെ ബോധി
പ്പാനായി ദൈവത്തിൽ നിന്നുള്ള ആത്മാവെ അത്രെ പ്രാപി
ച്ചതു അവയും ഞങ്ങൾ മാനുഷജ്ഞാനത്തിൻ പാഠമായവയാലു ൧൩
ന്നതു കൊണ്ടല്ല ആത്മാവിൻ പാഠമായവനാൽ അത്രെ
ചൊല്ലിക്കൊണ്ടു ആത്മികങ്ങളെ കൂട്ടിച്ചേർത്തു ആത്മികന്മാർക്കു വ്യ
ഖ്യാപിക്കുന്നു — എന്നാൽ പ്രാണമയനായ മനുഷ്യൻ ദൈ ൧൪
വാത്മാവിന്റെവയെ കൈക്കൊള്ളുന്നില്ല - അതു അവന്നു ഭോ
ഷത്വമല്ലൊ ആകുന്നതു - ആത്മികമായി വിവേചിക്കേണ്ട
താകയാൽ അതു അവന്നു അറിവാൻ കഴികയും ഇല്ല —

൧൫ —ആത്മികനൊ എല്ലാവറെറയും വിധിക്കുന്നു താൻ
൧൬ ആരാലും വിധിക്കപ്പെടുകയും ഇല്ല—കൎത്താവിന്റെ
മനസ്സ് അറിഞ്ഞു അവനെ ഗ്രഹിപ്പിപ്പാനാകുന്നവൻ ആരു
പൊൽ (യശ. ൪൦, ൧൩) എന്നാൽ ഞങ്ങൾ ക്രിസ്തന്റെ മന
സ്സുള്ളവർ ആകുന്നു-

൩ അദ്ധ്യായം

ഗുരുക്കളെ ബഹുമാനിക്കുന്നതിന്റെ ഗുണദോഷങ്ങൾ

൧ നിങ്ങളൊടും സഹോദരന്മാരെ എനിക്ക് ആത്മികരൊട് ആ
കും വണ്ണം ചൊല്ലുവാൻ കഴിഞ്ഞില്ല ജഡമയരും ക്രിസ്തനിൽ
൨ ശിശുക്കളും ആയവരൊടത്രെ—നിങ്ങൾക്കു ഞാനല്ലൊ പാൽ കുടി
പ്പാൻ തന്നതെ ഉള്ളു—അന്നു നിങ്ങൾക്കു പ്രാപ്തി പോരാഞ്ഞ
തിനാൽ ചെയ്തതു—ഇപ്പോഴും പ്രാപ്തി വന്നതും ഇല്ല ഇന്നും
൩ കൂടെ നിങ്ങൾ ജഡമയർ ആകുന്നവല്ലൊ—നിങ്ങളിൽ എരി
വും പിണക്കവും ദ്വന്ദ്വപക്ഷങ്ങളും ഉണ്ടെങ്കിൽ നിങ്ങൾ ജഡ
മയരല്ലൊ ആകുന്നു—മാനുഷമായി നടക്കുകയും ചെയ്യുന്നു-
൪ —ഒരുത്തൻ ഞാൻ പൌലിന്നുള്ളവൻ എന്നും മറെറവൻ
ഞാൻ അപൊല്ലൊന്നുള്ളവൻ എന്നും ചൊല്ലുമ്പോൾ നി
ങ്ങൾ മാനുഷരല്ലൊ ആകുന്നു-
൫ എന്നിട്ട് അപൊല്ലൊൻ എന്തു പൌൽ എന്തു നിങ്ങൾ
വിശ്വാസികൾ ആവാൻ സെവിച്ച ശുശ്രൂഷക്കാരത്രെ-
സെവിച്ചതൊ അവനവന്നു കൎത്താവ് കൊടുത്ത പൊലെ-
൬ —ഞാൻ നട്ടു അപൊല്ലൊൻ നനെച്ചു ദൈവമത്രെ വളൎ
൭ ത്തിച്ചു—ആകയാൽ നട്ടുന്നവനും നനെക്കുന്നവനും ഏതും
ഇല്ല വളൎത്തിക്കുന്ന ദൈവമത്രെ സാരമായിട്ടെ നട്ടുന്ന
൮ വനും നനെക്കുന്നവനും ഒന്നാകുന്നു—അവനവന്നു സ്വപ്ര

യത്നത്തിന്നു തക്കതായി തന്റെ തന്റെ കൂലി കിട്ടും — ദൈവത്തി
ന്നല്ലൊ ഞങ്ങൾ സഹകാരികൾ നിങ്ങൾ ദൈവത്തിൻ കൃഷി
ദൈവത്തിൻ വീട്ടുപണിയും തന്നെ — എനിക്കു നല്കിയ ദൈവ ൧൦
കൃപെക്കു തക്കവണ്ണം ഞാൻ ജ്ഞാനമുള്ള ശില്പിമൂപ്പനായി
അടിസ്ഥാനം ഇട്ടിരിക്കുന്നു മറ്റവൻ മീതെ കെട്ടുന്നു — എങ്ങി
നെ കെട്ടി പൊരുന്നു എന്ന ഒരൊരുത്തൻ നൊക്കുക — കാര ൧൧
ണം യെശു ക്രിസ്താൻ എന്നുള്ള അടിസ്ഥാനം ഇട്ടു കിടക്കുന്നത്
ഒഴികെ മറ്റൊന്നു വെപ്പാൻ ആൎക്കും കഴികയില്ല സത്യം —
— ആ അടിക്കുമീതെ വല്ലവനും പൊൻ വെള്ളി വിലക്കല്ലു മര ൧൨
ങ്ങൾ പുല്ലു തണ്ടു ഇവ കെട്ടി പൊരുന്നു എങ്കിൽ അവരവന്റെ പ
ണി സ്പഷ്ടമാകും — ആ ദിവസമല്ലൊ അതിനെ തെളിയി ൧൩
ക്കും — അഗ്നിയിൽ അല്ലൊ ആയതു വെളിപ്പെടുന്നു — ഒരൊ ൧൪
രുത്തന്റെ പണി ഇന്ന പ്രകാരം എന്നു തീ തന്നെ ശൊധന
ചെയ്യും — വല്ലവനും കെട്ടി പൊന്ന പണി നില്ക്കും എങ്കിൽ കൂ ൧൫
ലി കിട്ടും — വല്ലവന്റെ പണി വെന്തു പൊയെങ്കിൽ ചെ
തം വരും താൻ മാത്രം തീയൂടെ തെറ്റും പൊലെ രക്ഷിക്ക
പ്പെടും —

നിങ്ങൾ ദൈവാലയം എന്നും ദൈവാത്മാവ് നിങ്ങളിൽ വ ൧൬
സിക്കുന്നു എന്നും അറിയുന്നില്ലയൊ — ദൈവാലയത്തെ ആരാൻ കെ ൧൭
ടുക്കുന്നു എങ്കിൽ അവനെ ദൈവം കെടുക്കും — ദൈവാലയം
അല്ലൊ വിശുദ്ധം ആകുന്നു — നിങ്ങളും വിശുദ്ധർ തന്നെ — ആരു ൧൮
വനും തന്നെത്താൻ ചതിക്കൊല്ലാ — നിങ്ങളിൽ ആരാ
നും ഈ യുഗത്തിൽ ജ്ഞാനമുള്ളവൻ എന്നു ഭാവിച്ചാൽ അവൻ
ജ്ഞാനിയാകേണ്ടതിന്നു മൂഢനായ്ച്ചമയട്ടെ — കാരണം ഈ ൧൯
ലൊകത്തിൻ ജ്ഞാനം ദൈവമുമ്പാകെ ഭൊഷത്വം ആകുന്നു —
ഇയ്യൊബ. ൫, ൧൩ ജ്ഞാനികളെ അവരുടെ കൌശലത്തിൽ

൨൦ പിടിപ്പെടുന്നവൻ എന്നും — (സങ്കീ. ൯൪, ൧൧) കൎത്താവ് ജ്ഞാനി
കളുടെ വിചാരങ്ങളെ മായ ആകുന്നവ എന്നറിയുന്നു എന്നും
൨൧ എഴുതിയിരിക്കുന്നു — അതുകൊണ്ട് ആരും മനുഷ്യരിൽ പ്രശം
സിക്കരുത് സകലവും അല്ലോ നിങ്ങൾക്കുള്ളതു —
൨൨ — പൌൽ ആകട്ടെ അപ്പൊല്ലോൻ ആകട്ടെ കേഫാ ആക
ട്ടെ ലോകം ആകട്ടെ ജീവനോ മരണമോ വൎത്തമാനമോ
൨൩ ഭാവിയോ സകലവും നിങ്ങൾക്കുള്ളതു — നിങ്ങളോ ക്രിസ്ത
ന്നു ക്രിസ്തൻ ദൈവത്തിന്നും ആകുന്നു —

൪ അദ്ധ്യായം

ഗുരുക്കളുടെ ഭേദാഭേദങ്ങളെ വിവേചിക്കേണ്ടിയ പ്ര
കാരം —

൧ ഞങ്ങളെ ക്രിസ്തന്റെ ഭൃത്യന്മാരും ദൈവമൎമ്മങ്ങളെ പ്രാപി
ക്കുന്ന വീട്ടുവിചാരകരും എന്നിവണ്ണം ഒരോ മനുഷ്യൻ എണ്ണി
൨ കൊള്ളേണ്ടിയതു — ശേഷം വീട്ടുവിചാരകരിൽ അന്വേ
ഷിക്കുന്നത് ഒരുത്തൻ താൻ വിശ്വസ്തനായി കാണപ്പെ
൩ ടേണം എന്നത്രെ — ഞങ്ങളോ നിങ്ങളാലോ വല്ല മാനുഷ
ദിവസത്താലോ ഞാൻ വിധിക്കപ്പെടുന്നത് എനിക്ക്
എത്രയും ചെറുതായി തോന്നുന്നു — എന്നെ ഞാൻ തന്നെ വിധി
൪ ക്കുന്നതും ഇല്ല — എനിക്ക് ഒന്നും മനോബോധം ഇല്ല
സത്യം എങ്കിലും ഞാൻ ഇതിനാൽ നീതീകരിക്കപ്പെട്ടവനല്ല താനും
൫ എന്നെ വിധിക്കുന്നത് കൎത്താവ് അത്രെ — ആകയാൽ
കൎത്താവ് താൻ വരുവോളം സമയത്തിന്നു മുമ്പെ ഒന്നിനെയും
വിധിക്കരുത് അവൻ ഇരുട്ടിൽ മറഞ്ഞവറ്റെ വെളിച്ചത്താ
ക്കി ഹൃദയങ്ങളുടെ ആലോചനകളെ വിളങ്ങിക്കും അപ്പോൾ ഓരോ
൬ രുത്തന്നു ദൈവത്തിൽനിന്ന് പുകഴ്ച ഉണ്ടാകും —

ഇവറ്റെ സഹൊദരന്മാരെ ഞാൻ നിങ്ങൾക്കായിട്ടു ദൃഷ്ടാന്ത
മാക്കി എന്നെയും അപ്പൊല്ലൊനെയും ഉദ്ദെശിച്ചു ചൊല്ലി
യത്രെ- എഴുതിയിരിക്കുന്നതിനു മീതെ നിങ്ങൾ ഭാവിക്കാതെ ഇരി
പ്പാൻ ഞങ്ങളിൽ തന്നെ പഠിച്ചും ഒരുവൻ ഒരുവനു വെണ്ടി ഒരുവൻ
മറ്റവന്റെ നെരെ ചീർത്തു പൊകാതെയും വരെണ്ടതി
നത്രെ- നിന്നെ ആരുപൊൽ വിശെഷിപ്പിച്ചിരിക്കുന്നു- ലഭി ൭
ച്ചതല്ലാതെ നിനക്കു എന്തുള്ളു- ലഭിച്ചു എങ്കിലൊ ലഭിയാത
വനെ പൊലെ എന്തു പ്രശംസിക്കുന്നു- ഇപ്പൊൾ തന്നെ നി ൮
ങ്ങൾ തൃപ്തന്മാരായി കെവലം സമ്പന്നരായി ഞങ്ങളെ കൂടാതെ
തന്നെ വാഴുന്നവരായി അപ്പൊൾ ഞങ്ങളും കൂടെ വാഴുവാനായി നി
ങ്ങൾ വാഴികയാകിൽ കൊള്ളാമായിരുന്നു- എങ്ങിനെ എ ൯
നാൽ ദൈവം അപ്പൊസ്തലരായ ഞങ്ങളെ പ്രാണദണ്ഡ
ക്കാരെ പൊലെ എല്ലാറ്റിലും കീഴായവരാക്കി കാണിച്ചു
എന്നും ദൂതരും മനുഷ്യരും ആകുന്ന ലൊകത്തിന്നു ഞങ്ങൾ
ആകാഴ്ചയായ്തീർന്നു എന്നും തൊന്നുന്നു- ഞങ്ങൾ ക്രിസ്തൻ നി ൰
മിത്തം ഭൊഷന്മാർ നിങ്ങൾ ക്രിസ്തനിൽ വിവെകികൾ- ഞ
ങ്ങൾ ബലഹീനർ നിങ്ങൾ ഊക്കന്മാർ നിങ്ങൾ തെജസ്വികൾ ഞ
ങ്ങൾ അപമാനികൾ അത്രെ- ഈ നാഴിക വരെയും ഞങ്ങ ൰൧
ൾ വിശന്നും ദാഹിച്ചും ഉടുപ്പാൻ കാണാതെയും കുത്തുകൊണ്ടും
ഉഴന്നും നടക്കുന്നു- ഈ കൈകളാൽ വെല ചെയ്തു അദ്ധ്വാ
നിക്കുന്നു— ശാപം കൊണ്ടിട്ടു ആശീർവ്വദിക്കുന്നു— ൰൨
ഹിംസിക്കപ്പെട്ടു സഹിക്കുന്നു ദൂഷിക്കപ്പെട്ടു അപെക്ഷയൊടെ
പ്രബൊധിപ്പിക്കുന്നു- ഞങ്ങൾ ലൊകത്തിന്നു പരിഹാര ൰൩
സാധനങ്ങൾ പൊലെ ഇന്നെയൊളം സകലത്തിന്റെ ചവ
റായും ആയതെ ഉള്ളു-
നിങ്ങളെ നാണിപ്പിപ്പാൻ അല്ല എന്റെ പ്രിയ കുട്ടികളെ ൰൪

൰൫ വഴിക്കാക്കികൊണ്ടത്രെ ഞാൻ എഴുതുന്നു — ക്രിസ്തുവിൽ പത്താ
യിരം ഗുരുക്കന്മാർ ഉണ്ടായാലും നിങ്ങൾക്ക അപ്പന്മാർ പെരികയില്ല
താനും — ക്രിസ്തുയെശുവിൽ ഞാനല്ലൊ നിങ്ങളെ സുവിശെഷ
൰൬ ത്താൽ ജനിപ്പിച്ചു — അതുകൊണ്ടു എന്റെ അനുകാരികൾ
ആകുവിൻ എന്നു നിങ്ങളെ പ്രബൊധിപ്പിക്കുന്നു — ഇതിന്നി
൰൭ മിത്തം കൎത്താവിൽ വിശ്വാസമുള്ള എന്റെ പ്രിയ കുട്ടിയുമായ തി
മൊഥെയനെ ഞാൻ അയച്ചു ഞാൻ എങ്ങും എതു സഭയിലും ഉപ
ദെശിക്കും പ്രകാരം ക്രിസ്തുവിൽ ഉള്ള എന്റെ വഴികളെ അ
൰൮ വൻ നിങ്ങളെ ഒൎമ്മിപ്പിക്കും — എങ്കിലും ഞാൻ നിങ്ങളുടെ അടു
൰൯ ക്കൽ വരികയില്ല എന്നു വെച്ചു ചിലർ ചീൎത്തവരല്ലൊ — ക
ൎത്താവിന്നു ഇഷ്ടം എങ്കിൽ ഞാൻ വെഗം നിങ്ങളുടെ അടു
ക്കൽ വന്നു ചീൎത്തുള്ളവരുടെ വചനം അല്ല ശക്തിയെ അറിഞ്ഞു
൨൰ കൊള്ളും താനും — ദൈവരാജ്യം വചനത്തിൽ അല്ല ശക്തിയി
൨൰൧ ൽ അല്ലൊ ആകുന്നു — നിങ്ങൾക്ക എതു വെണം ഞാൻ അങ്ങൊ
ട്ടു കൊലൊടെ വരികയൊ സ്നെഹത്തിലും ശാന്തതയിലും വ
രികയൊ വെണ്ടതു

൫ അദ്ധ്യായം

പ്രത്യക്ഷപാതകന്റെ ശിക്ഷാപണം

൧ നിങ്ങളിൽ കെവലം പുലയാട്ട ഉണ്ടു പ്രകാരം കെൾക്കുന്നു — ഒരു
ത്തൻ അപ്പന്റെ ഭാൎയ്യയെ വെച്ചുകൊള്ളും വണ്ണം ജാതികളി
൨ ൽ പൊലും കെൾക്കാത്ത പുലയാട്ടു ആക തന്നെ — എന്നിട്ടും നിങ്ങ
ൾ ചീൎത്തിരിക്കുന്നുവൊ അല്ല ഈ പണിയെ ചെയ്തവൻ നിങ്ങളുടെ
നടുവിൽനിന്നു നീങ്ങുവാനായി ഖെദിച്ചു പൊകാതെയും ഉള്ള
൩ ന്നുവൊ — ഞാനൊ ശരീരം കൊണ്ടു ദൂരസ്ഥൻ എങ്കിലും ആ
ത്മാവു കൊണ്ടു കൂട ഉള്ളവനായി ഇപ്പൊൾ തന്നെ അവ

ടെ—നിങ്ങളും എന്റെ ആത്മാവും കൂടി ഒന്നിച്ചു ചെൎന്നിരിക്കെ
—ഞാൻ അതിനിരിക്കിലായത്രെപൊലെ നമ്മുടെ കൎത്താവായ യെ ൪
ശുക്രിസ്തുവിന്റെ ശക്തിയൊടും കൂടെ നിശ്ചയിച്ചതാകുന്നിത—നമ്മു ൫
ടെ കൎത്താവായ യെശുക്രിസ്തുവിന്റെ നാമത്തിൽ ഇങ്ങിനെയുള്ളവ
നെ ആത്മാവ് കൎത്താവായ യെശുക്രിസ്തുവിൻ നാളിൽ രക്ഷപ്പെ
ടെണ്ടതിന്നു ജഡസംഹാരത്തിന്നായി സാത്താനിൽ ഏ
ല്പിക്കേണമെന്നത്രെ—നിങ്ങളുടെ പ്രശംസ നന്നല്ല—അസാ ൬
രം പുളിമാവു പിണ്ഡത്തെ എല്ലാം പുളിപ്പിക്കുന്നു എന്നറി
യുന്നില്ലയൊ—നിങ്ങൾ പുളിയാപിണ്ഡം ആകെണ്ടതിന്ന ൭
പഴയ പുളിമാവിനെ വാരിക്കളവിൻ നിങ്ങളും പുളിപ്പി
ല്ലാത്തവരായല്ലൊ—കാരണം നമ്മുടെ പെസഹാ കുഞ്ഞാടായ ക്രി
സ്തൻ ഹൊമിക്കപ്പെട്ടു—അത്രകൊണ്ടു നാം ഉത്സവം കൊ ൮
ണ്ടാടുക പഴയ പുളിമാവിൽ അല്ല ആകാത്മ്യത്തിന്റെയും ദു
ഷ്ടതയുടെയും ആകുന്ന പുളിമാവിലും അല്ല സാക്ഷാൽ സത്യങ്ങൾ
ആകുന്ന പുളിപ്പില്ലായ്മയിൽ തന്നെ.

വ്യഭിചാരികളൊടു ഇടപാടരുത് എന്നു ഞാൻ ഒരു ലെ ൯
ഖനത്തിൽ നിങ്ങൾക്ക് എഴുതി—എന്നാലും ഈ ലൊകത്തിലെ വ്യ ൧൦
ഭിചാരികളൊടു താൻ ദ്രവ്യാഗ്രഹികൾ അപഹാരികളൊടു താ
ൻ വിഗ്രഹാരാധികളൊടു താൻ എന്നു മുറ്റും അല്ല അങ്ങി
നെ എങ്കിൽ ലൊകത്തിൽനിന്നു പുറപ്പെടെണ്ടിവരുമല്ലൊ—
—ഞാനൊ നിങ്ങൾക്ക് എഴുതിയത് സഹൊദരൻ എന്നു പെ ൧൧
ർ ചൊല്ലപ്പെട്ട ഒരുവൻ വ്യഭിചാരിയൊ ദ്രവ്യാഗ്രഹിയൊ വിഗ്രഹാരാ
ധിയൊ വാവിഷ്ഠാണക്കാരനൊ മദ്യപനൊ അപഹാരി
യൊ ആകുന്നെങ്കിൽ ഇടപാടരുത് അവനൊടു കൂടെ ഭ
ക്ഷിക്കപൊലും അരുത് എന്നത്രെ—പുറത്തുള്ളവൎക്ക് ന്യാ ൧൨
യം വിധിപ്പാൻ എനിക്ക് എന്തുപൊൽ—അകത്തുള്ളവൎക്ക

൧൩ നിങ്ങൾ വിധിക്കുന്നില്ലയൊ — പുറത്തുള്ളവരെക്കൊ ദൈ
വം തന്നെ വിധിക്കുന്നു - നിങ്ങളിൽനിന്നു ആ ദുഷ്ടനെ
നീക്കിക്കളവിൻ.

൬ അദ്ധ്യായം

വ്യവഹാരങ്ങളെയും പരസംഗമാം സെവയെയും കുറിച്ചു ആക്ഷെ
പിക്കുന്നത

൧ നിങ്ങളിൽ ഒരുവൻ മറ്റവനൊടു കാൎയ്യം ഉണ്ടായാൽ വി
ശുദ്ധരിൽ അല്ല അനീതിമാന്മാരുടെ മുമ്പിൽ വ്യവഹരി
൨ പ്പാൻ തുനിയുന്നുവൊ — വിശുദ്ധർ ലൊകത്തെ ന്യായം വി
ധിക്കും എന്നറിയുന്നില്ലയൊ ലൊകത്തെ നിങ്ങളിൽ തെ
ന്നവിധിക്കുന്നു എങ്കിൽ ഏറ്റം ചെറിയ സംഗതികൾക്കും
൩ നിങ്ങൾ അയൊഗ്യർ എന്നാകുന്നുവൊ — നാം ദൂതന്മാരെ
വിധിക്കും എന്നറിയുന്നില്ലയൊ പിന്നെ ഐഹികങ്ങൾക്കു
൪ പൊരാ — എന്നാൽ നിങ്ങൾക്കു ഐഹികസംഗതികൾ ഉണ്ടെങ്കി
ൽ സഭയിൽ നിസ്സാരർ എന്നെണ്ണപ്പെടുന്നവരെ തന്നെ ഇരു
ത്തുന്നുവൊ - നിങ്ങൾക്കു ലജ്ജെക്കായി ഞാൻ പറയുന്നിതു —
൫ ഇങ്ങിനെ തന്റെ സഹൊദരന്നു നടുതീർപ്പാൻ പ്രാ
൬ പ്തിയുള്ള ജ്ഞാനി ഒരുവനും നിങ്ങളിൽ ഇല്ലയൊ — അല്ല
സഹൊദരൻ സഹൊദരനൊടു വ്യവഹരിച്ചു പൊകുന്ന
൭ തും അവിശ്വാസികളുടെ മുമ്പിൽ തന്നെ — എന്നാൽ
നിങ്ങൾക്കു തമ്മിൽ ന്യായങ്ങൾ ഉണ്ടാകുന്നതു കെവലം നി
൮ ങ്ങൾക്കു തൊല്വി അത്രെ — ന്യായക്കെടു സഹിപ്പാൻ എന്തു കൊ
ണ്ടു ഇഷ്ടപ്പെടുവാൻ ആകുന്നില്ല നിങ്ങൾ ന്യായക്കെ
ടും ചെയ്യുന്നു നഷ്ടപ്പെടുത്തുന്നു അതും സഹൊദരരെ ത
൯ ന്നെ കഷ്ടം — അനീതിമാന്മാർ ദൈവരാജ്യത്തെ അവകാശ

മാക്കുകയില്ലെന്നറിയുന്നില്ലയൊ— ഭ്രമപ്പെടായ്കിൻ പു ൧൦
ലയാടികൾ വിഗ്രഹാരാധികൾ വ്യഭിചാരികൾ സ്ത്രീഭാവക്കാർ
പുരുഷകാമികൾ കള്ളർ ദുഷ്ക്രമികൾ മദ്യപാനികൾ വാവി
ഷ്ഠാണക്കാർ അപഹാരികൾ എന്നിവർ ദൈവരാജ്യത്തെ
അവകാശമാക്കുകയില്ല— നിങ്ങളും ചിലർ ഈവക ആയി ൧൧
രുന്നവല്ലൊ എങ്കിലും കർത്താവായ യെശുവിൻ നാമത്തിലും
നമ്മുടെ ദൈവത്തിൻ ആത്മാവിനാലും നിങ്ങൾ കഴുകികൊണ്ടു
നിങ്ങൾ വിശുദ്ധീകരിക്കപ്പെട്ടു നിങ്ങൾ നീതീകരിക്കപ്പെ
ട്ടു സത്യം—

എല്ലാറ്റിന്നും എനിക്കധികാരം ഉണ്ടെങ്കിലും ൧൨
എല്ലാം ഉപകരിക്കുന്നതല്ല— എല്ലാറ്റിന്നും എനിക്കധി
കാരം ഉണ്ടെങ്കിലും ഞാൻ എതിന്റെ അധികാരത്തിലും
അകപ്പെടരുത്— ഭോജ്യങ്ങൾ വയറ്റിന്നും വയറു ഭോജ്യ
ങ്ങൾക്കും ആകുന്നു പിന്നെ ദൈവം ഇതും അതും നീക്കം ചെയ്യും— ൧൩
ശരീരമൊ പുലയാട്ടിന്നല്ല കർത്താവിന്നത്രെ കർത്താവ് ശ
രീരത്തിന്നും തന്നെ— പിന്നെ ദൈവം കർത്താവെ ഉണ ൧൪
ർത്തിയിട്ടു നമ്മെയും സ്വശക്തിയാൽ ഉണർത്തും— നിങ്ങളുടെ ൧൫
ശരീരങ്ങൾ ക്രിസ്തന്റെ അവയവങ്ങൾ എന്നറിയുന്നില്ലെ
യൊ എന്നാൽ ക്രിസ്തന്റെ അവയവങ്ങളെ ഞാൻ എടുത്തു
വെശ്യയുടെ അവയവങ്ങൾ ആക്കുകയൊ— അരുതരുതെ ൧൬
വെശ്യയൊടു പറ്റുന്നവൻ അവളൊടു ഒരു ശരീരമാകു
ന്നെന്നറിയുന്നില്ലയൊ ആണ് ഇരുവരും ഒരു ജഡമായിരിക്കുമെ
ന്നു മൊഴിയുന്നുണ്ടല്ലൊ— കർത്താവൊടു പറ്റുന്നവനൊ അ ൧൭
വനൊടു ഒരാത്മാവാകി— പുലയാട്ടിനെ വിട്ടൊടുവിൻ ൧൮
മനുഷ്യൻ ചെയ്യുന്ന എതു പാപവും ശരീരത്തിന്നു പുറത്താ
കുന്നു പുലയാടുന്നവൻ സ്വശരീരത്തിലെ പാപം ചെയ്യുന്നു—

൧൯ — ദൈവത്തിൽനിന്നു കിട്ടി നിങ്ങളിൽ ഇരിക്കുന്ന ശുദ്ധാ
ത്മാവിന്നു നിങ്ങളുടെ ശരീരം ആലയം എന്നും നിങ്ങൾ തങ്ങൾ
൨൦ ക്കു താൻ ഉടയവർ അല്ല എന്നും അറിയുന്നില്ലയൊ — വിലെ
ക്കല്ലൊ നിങ്ങൾ കൊള്ളപ്പെട്ടു — ആകയാൽ കൊണ്ടു ദൈ
വത്തെ നിങ്ങളുടെ ശരീരത്തിലും ആത്മാവിലും മഹത്വീകരി
പ്പിൻ —

൭ അദ്ധ്യായം

വിവാഹചൊദ്യങ്ങൾക്കു ഉത്തരം.

൧ നിങ്ങൾ എനിക്ക് എഴുതിയവ സംബന്ധിച്ചൊ ഞാൻ ചൊല്ലു
൨ ന്നിതാ — സ്ത്രീയെ തൊടാതിരിക്ക മനുഷ്യന്നു നല്ലത് എങ്കി
ലും പുലയാട്ടുകൾ നിമിത്തം ഒരൊരുത്തന്നു തന്റെ ഭാൎയ്യയും
ഒരൊരുത്തിക്കു തന്റെ ഭൎത്താവും ഉണ്ടായിരിക്കാവൂ —
൩ — ഭാൎയ്യെക്കു പുരുഷൻ കടമുള്ള ഗുണത്തെ ചെയ്ക അപ്രകാരം
൪ പുരുഷന്നു ഭാൎയ്യയും — ഭാൎയ്യയുടെ ശരീരത്തിൽ അവളല്ല
പുരുഷനത്രെ അധികരിക്കുന്നു അപ്രകാരം പുരുഷശ
൫ രീരത്തിൽ അവനല്ല ഭാൎയ്യ അത്രെ അധികരിക്കുന്നു — ത
മ്മിൽ തമ്മിൽ ഹാനിപ്പെട്ടു അരുതു പക്ഷെ പ്രാൎത്ഥനെ
ക്ക ഒഴിവു ഉണ്ടാവാൻ ഒരു സമയത്തെക്ക ഒത്തു എന്നാൽ
കാലം — എന്നാൽ നിങ്ങളുടെ ചാപല്യം നിമിത്തം സാത്താ
ൻ നിങ്ങളെ പരീക്ഷിക്കാതെ ഇരിപ്പാൻ പിന്നെയും ചെന്നിരി
൬ പ്പിൻ — ആജ്ഞ ഞാൻ നിയോഗമാക്കിട്ടല്ല അനുവാദമാക
൭ ത്രെ പറയുന്നു — എല്ലാ മനുഷ്യരും എന്നെപോലെ എന്നു
കാണെം എന്ന ഇച്ഛിക്കുന്നു എങ്കിലും ഒരുവന്നു ഇപ്രകാരം ഒ
രുവന്ന് അപ്രകാരം അവനവന്നു താന്റെ കൃപാവരം
൮ ദൈവത്തിൽനിന്നുണ്ടു — കെട്ടാത്തവൎക്കും വിധവമാൎക്കും

ഞാൻ ചൊല്ലുന്നു—എന്നെ പൊലെ പാൎത്താൽ അവൎക്കൊ
ള്ളാം—എന്നാൽ ഇന്ദ്രിയജ്ജയം ഇല്ലാഞ്ഞാൽ അവർ കെട്ടാവു താനും—ന
ന്നഴലുന്നതിനെക്കാൾ വെൾക്കതന്നെ നല്ലൂ സത്യം—കെട്ടീട്ടുള്ള ൧൦
വൎക്കാ ഞാനല്ല കൎത്താവു തന്നെ അജ്ഞാപിക്കുന്നിതു
ഭാൎയ്യ പുരുഷനൊടു വെർപിരിയരുതു—പിരിഞ്ഞു എങ്കിലൊ ൧൧
ലാ വെറ്റൊരുത്തനില്ലാതാൻ ഭൎത്താവൊടു നിരന്നവൾ ആകതാൻ
വെണ്ടു പുരുഷൻ ഭാൎയ്യയെ വിടുകയും അരുതു—
ശെഷമുള്ളവൎക്കാ കൎത്താവല്ല ഞാനത്രെ പറയുന്നി ൧൨
തു—ഒരു സഹൊദരന്നു അവിശ്വാസിനിയായ ഭാൎയ്യ ഉണ്ടാ
കയും അവനൊടു കൂട പാൎപ്പാൻ സമ്മതിക്കയും ചെയ്താൽ
അവളെ വിടരുതു—അവിശ്വാസിയായ ഭൎത്താവുള്ളൊരു ൧൩
സ്ത്രീയും ഇവൻ അവളൊടു കൂട പാൎപ്പാൻ സമ്മതിക്കുന്നെ
ങ്കിൽ അവനെ വിടരുതു—കാരണം അവിശ്വാസിയായ ൧൪
ഭൎത്താവ് ഭാൎയ്യയിങ്കൽ വിശുദ്ധീകരിക്കപ്പെട്ടു അവിശ്വാ
സിനിയായ ഭാൎയ്യ ഭൎത്താവിങ്കൽ വിശുദ്ധീകരിക്കപ്പെട്ടു
ഇരിക്കുന്നു. അല്ലാഞ്ഞാൽ നിങ്ങളുടെ മക്കൾ അശുദ്ധർ എന്നു
വരും അവർ വിശുദ്ധരാകുന്നു താനും—അവിശ്വാസി വെ ൧൫
ർപിരികിലൊ പിരിയട്ടെ ഇതു വകകളിൽ സഹൊദരനൊ
സഹൊദരിയൊ അടിമപ്പെട്ടിരിക്കയില്ലു സമാധാനത്തി
ൽ നമ്മെ ദൈവം വിളിച്ചതു—എന്തെന്നാൽ സ്ത്രീ ൧൬
യെ നീ ഭൎത്താവെ രക്ഷിക്കുമൊ എന്നും പുരുഷ നീ ഭാൎയ്യെ
യരക്ഷിക്കുമൊ എന്നും എങ്ങിനെ അറിയുന്നു—ശെഷം ൧൭
ഒരൊരുത്തന്നു കൎത്താവ് വിഭാഗിച്ചപൊലെ ഒരൊരു
ത്തനെ ദൈവം വിളിച്ചതു പൊലെ അവൻ നടക്ക—സ ൧൮
കല സഭകളിലും ഞാൻ ഇങ്ങിനെ ആദെശിക്കുന്നു—വല്ലവ
ൻ പരിഛെദനയുള്ളവനായി വിളിക്കപ്പെട്ടു ചാൎത്താ

൧൯ കാഷ്ഠണം അരുത — അഗ്രചർമ്മത്തോടെ വിളിക്കപ്പെട്ടുവ
രിഛെദനയും ഒന്നും ഇല്ല അഗ്രചർമ്മവും ഒന്നും ഇല്ല ദൈവകല്പ
൨൦ നകളെ സൂക്ഷിക്കുന്നത കാൎയ്യം — ഓരോരുത്തൻ വിളി
൨൧ ക്കപ്പെട്ട വിളിയിൽ തന്നെ വസിക്കട്ടെ — നീ ദാസനായി വിളി
ക്കപ്പെട്ടുവൊ വിചാരം അരുത സ്വാതന്ത്ര്യമുള്ളവൻ ആവാൻ
കഴിഞ്ഞാലും അതിനെ അത്രെ ഉപയോഗിച്ചുകൊൾക —
൨൨ കാരണം ദാസനായി കൎത്താവിൽ വിളിക്കപ്പെട്ടവൻ
കൎത്താവിന്റെ വിടുതൽ കിട്ടിയവനത്രെ — അപ്രകാരം
സ്വാതന്ത്ര്യമുള്ളവനായി വിളിക്കപ്പെട്ടവൻ ക്രിസ്തന്റെ
൨൩ ദാസൻ ആകുന്നു — നിങ്ങൾ വിലെക്ക കൊള്ളപ്പെട്ടവർ
൨൪ തന്നെ മനുഷ്യൎക്ക ദാസരാകരുതെ — സഹോദരന്മാരെ
താന്താൻ ഏതിൽ വിളിക്കപ്പെട്ടിരുന്നാലും അതിൽ
ദൈവസന്നിധൌ വസിക്കുമാറാക.
൨൫ പിന്നെ കന്യകമാരെ തൊട്ട എനിക്ക കൎത്താവിന്റെ
നിയോഗം ഇല്ല എങ്കിലും വിശ്വാസ്യൻ ആവാൻ തക്കവണ്ണം
കൎത്താവിൻ കരുണ ലഭിച്ചവനായി ഞാൻ അഭിപ്രായം ത
൨൬ രുന്നു — എന്നാൽ അതിനെ തന്നെ ഇരിക്ക മനുഷ്യന നല്ല
താകയാൽ അടുത്തുവരുന്ന ഞെരിക്കം നിമിത്തം നല്ലത എ
൨൭ താകുന്നു എന്ന വിചാരിക്കുന്നു — നീ ഭാൎയ്യയൊട കെട്ടു
പ്പെട്ടിരിക്കുന്നു അഴിവാൻ തിരയല്ല പെൺകെട്ടറ്റവൻ
൨൮ ആകുന്നു ഭാൎയ്യയെ തിരയല്ല — നീ വേട്ടു എന്നാലും പിഴച്ചി
ല്ല കന്യയും വിവാഹം ചെയ്താൽ പിഴച്ചില്ല ഇപ്രകാരമുള്ള
വർ ജഡത്തിൽ വിഷമം ഉണ്ടാകും താനും ഞാൻ നിങ്ങളെ
൨൯ ആദരിക്കുന്നു — എന്നാൽ സഹോദരന്മാരെ ഞാൻ മൊ
ഴിയുന്നിതു — ഇനി സമയം സംക്ഷേപിച്ചിരിക്കുന്നത ഉള്ള
തിനെന്നാൽ ഭാൎയ്യമാർ ഉള്ളവർ ഇല്ലാത്തവരെ പൊ

ലെയും — കരയുന്നവർ കരയാത്തവരെപ്പൊലെയും സന്തൊ ൩൦
ഷിക്കുന്നവർ സന്തൊഷിക്കാത്തവരെപ്പൊലെയും വിലെ
ക്കുവാങ്ങുന്നവർ അടക്കാത്തവരെപ്പൊലെയും — ഈ ലൊക ൩൧
ത്തെ അനുഭവിക്കുന്നവർ അതിനെ മാത്രം അനുഭവം ചെയ്യു
ക്കാത്തവരെപ്പൊലെയും ആകെണ്ടതിന്നത്രെ — ഈ ലൊക
ത്തിൻ വെഷം ഒഴിഞ്ഞുപൊകുന്നുവല്ലൊ — നിങ്ങൾ ചിന്താ ൩൨
കില്ലാത്തവർ ആയിരിക്കെണം എന്നു ഞാൻ ഇച്ഛിക്കുന്നു —
— വെൾക്കാത്തവൻ കർത്താവിനെ എങ്ങിനെ പ്രസാദിപ്പിക്കും ൩൩
എന്നുവെച്ചു കർത്താവിന്റെ വചിന്തിക്കുന്നു — വെട്ടവൻ ഭാ
ൎയ്യയെ എങ്ങിനെ പ്രസാദിപ്പിക്കും എന്നുവെച്ചു ലൊകത്തി
ന്റെ വചിന്തിക്കുന്നു — അതുപൊലെ കെട്ടിയവളും കന്യ ൩൪
യും വെത്തിരിഞ്ഞവർ തന്നെ വെൾക്കാത്തവൾ ശരീരത്തിലും
ആത്മാവിലും ശുദ്ധയാകെണ്ടതിന്നു കർത്താവിന്റെ വ
ചിന്തിക്കുന്നു — വെട്ടവൾ ഭർത്താവിനെ എങ്ങിനെ പ്രസാദി
പ്പിക്കും എന്നുവെച്ചു ലൊകത്തിന്റെ വചിന്തിക്കുന്നു — ഈ ൩൫
തിനെ നിങ്ങളുടെ ഉപകാരത്തിന്നായി ചൊല്ലുന്നു നിങ്ങളു
ടെമെൽ കുടുക്കിടുവാനല്ല ഔചിത്യമായതിനെയും ഭെദം കൂടാ
തെ കർത്താവിങ്കലെ അവസരത്തെയും വിചാരിച്ചത്രെ ചൊ
ല്ലുന്നു —

പിന്നെ തന്റെ കന്യക്ക് പ്രായം അധികം ചൊന്നാൽ ൩൬
അവളിൽ പഴിവു കെട്ടുവരുത്തും എന്നൊരുത്തൻ നിനെ
ച്ചിരിക്കിലും അങ്ങിനെ ആകെണ്ടിവരികിലും താൻ
ഇച്ഛിക്കുന്നതിനെ ചെയ്ക — അവൻ പിഴെക്കുന്നില്ലു അവർ വി
വാഹം ചെയ്യട്ടെ — എങ്കിലും മുട്ടുപാടില്ലാതെ തനിഷ്ടത്തെ ൩൭
നടത്തുവാൻ അധികാരം ഉണ്ടായാൽ ഹൃദയത്തിൽ ദൃ
ഢമായിരിക്കുന്നൊരുവൻ തന്റെ കന്യയെ സൂക്ഷിച്ചുകൊ

ക്ലാൻ വിശ്ചയിച്ചു എങ്കിൽ നല്ലവണ്ണം ചെയ്യുന്നു- ആകയാൽ വെ
൩൮ ൾ്ക്കുന്നവൻ നന്നായി ചെയ്യുന്നു— വെൾ്ക്കാത്തവൻ ഏറെ
൩൯ നന്നായി ചെയ്യുന്നു— സ്ത്രീ തന്റെ ഭൎത്താവ് ജീവിച്ചപ്പോളും
കെട്ടപ്പെട്ടിരിക്കുന്നു- ഭൎത്താവ് മരിച്ചു കൊണ്ടു എങ്കിൽ തൊ
ന്നുന്നവനെ കൊണ്ടു വെൾ്പ്പാൻ അവൾ്ക്കു സ്വാതന്ത്ര്യം ഉണ്ടു
൪൦ കൎത്താവിൽ മാത്രമെ ആവു— അവൾ അങ്ങിനെ തന്നെ വാ
ണെങ്കിലൊ അതിധന്യ എന്ന എന്റെ അഭിപ്രായം—
ദൈവാത്മാവ് എനിക്കും ഉണ്ടെന്നു തൊന്നുന്നതാകും.

൮ അദ്ധ്യായം

൧—൧൩ം വിഗ്രഹാൎപ്പിതങ്ങൾ ബലിസദ്യകൾ ഇവറ്റെ സംബ
ന്ധിച്ചു— ബലഹീനരെ വിചാരിച്ചു സ്നെഹിച്ചു നടക്കണം

൧ വിഗ്രഹാൎപ്പിതങ്ങളുടെ കാൎയ്യത്തിലൊ നമുക്ക എല്ലാം അ
റിവുണ്ടു എന്നു ബൊധിച്ചു- അറിവു ചീൎപ്പിക്കുന്നു സ്നെഹം വി
൨ ട്ടവൎദ്ധന ചെയ്യുന്നു— താൻ വല്ലതും അറിയുന്നു എന്ന് ഒരുത്ത
ൻ തൊന്നിയാൽ അറിയെണ്ട പ്രകാരം അവൻ ഇന്നെവരെ
൩ അറിഞ്ഞവനല്ല— ഒരുത്തൻ ദൈവത്തെ സ്നെഹി
൪ ച്ചാൽ ആയവൻ അവനാൽ അറിയപ്പെട്ടവനത്രെ— വി
ഗ്രഹാൎപ്പിതങ്ങളുടെ ഭക്ഷണ കാൎയ്യം എന്നാൽ ഉള്ളവണ്ണം
ഒരു വിഗ്രഹവും ലൊകത്തിൽ ഇല്ലെന്നും ഒരുവൻ അല്ലാതെ
൫ മറ്റൊരു ദൈവങ്ങൾ ഇല്ലെന്നും നാം അറിയുന്നു— എങ്ങി
നെ എന്നാൽ പല ദെവകളും പല കൎത്താക്കളും ഉണ്ടാകിലൊ
കെ വാനത്തിൽ ആകട്ടെ ഭൂമിയിൽ ആകട്ടെ ദെവകൾ എ
൬ ന്നു ചൊല്ലപ്പെടുന്നവർ ഉണ്ടെങ്കിലും— പിതാവാകുന്ന ഏക ദൈ
വമെ നമുക്കുള്ളു ആയവനിൽ നിന്നു സകലവും അവനിലെക്ക
നാമും ആകുന്നു— യെശുക്രിസ്തനെന്ന ഏക കൎത്താവും ഉണ്ടു

ആയവനാൽ സകലവും അവനാൽ നാമും ആകുന്നു
—എന്നാലും എല്ലാവരിലും ഈ അറിവു ഉണ്ടാകുന്നില്ല ചിലർ ഇ ൭
ന്നെവരെയും വിഗ്രഹം ഉണ്ടെന്നുള്ള മനൊബൊധത്താലെ വിഗ്ര
ഹാൎപ്പിതം എന്നു വെച്ചു ഭക്ഷിക്കുന്നു—അവരുടെ മനൊബൊ
ധം ബലഹീനം ആകയാൽ മലിനപ്പെട്ടുകയും ചെയ്യുന്നു—
—എന്നാൽ ആഹാരം നമ്മെ ദൈവത്തൊടു അടുപ്പിക്കുന്നി ൮
ല്ല ഉണ്ടാൽ വൎദ്ധിക്കയും ഉണ്ണാഞ്ഞാൽ കുറകയും ഇല്ലല്ലൊ.
—എന്നാൽ നിങ്ങളുടെ അധികാരം ബലഹീനന്മാൎക്കു ഇട ൯
ൎച്ചയായ്വരാതിരിപ്പാൻ നൊക്കുവിൻ—എങ്ങിനെ ൧൦
എന്നാൽ അറിവുള്ള നീ വിഗ്രഹാലയത്തിൽ പന്തിക്കി
രിക്കുന്നതു ഒരുത്തൻ കണ്ടാൽ ബലഹീനനായവന്റെ മ
നസ്സാക്ഷി വിഗ്രഹാൎപ്പിതങ്ങളെ ഉണ്മാൻ ഉറപ്പു സം
ഭവിക്കയില്ലയൊ—ആൎക്കു വെണ്ടി ക്രിസ്തൻ മരിച്ചുവൊ ൧൧
ബലഹീനസഹോദരൻ നിന്റെ അറിവിനാ
ൽ നശിച്ചുപോകുന്നു—ഇപ്രകാരം സഹോദരരിൽ പാപം ൧൨
ചെയ്തവരുടെ ബലഹീനമനസ്സാക്ഷിയെ തല്ലിക്കൊ
ണ്ടവർ ക്രിസ്തനൊടു പാപം ചെയ്യുന്നു—ആകയാൽ ആ ൧൩
ഹാരം എന്റെ സഹോദരനെ ഇടറിച്ചാൽ എന്റെ സഹോ
ദരനെ ഇടറിക്കാതെ ഇരിക്കേണ്ടതിന്നു ഞാൻ എന്നെ
ക്കും ഇറച്ചി ഭക്ഷിക്കയില്ല.

൯ അദ്ധ്യായം

അപൊസ്തലൻ തന്റെ സ്വാതന്ത്ര്യത്തെ തള്ളി സഭയുടെ
വൃദ്ധിയെ ലാക്കാക്കുന്നതു

ഞാൻ സ്വതന്ത്രൻ അല്ലയൊ ഞാൻ അപൊസ്തലൻ അ ൧
ല്ലയൊ നമ്മുടെ കൎത്താവായ യെശു ക്രിസ്തുവിനെ ഞാൻ കണ്ടിട്ടില്ല

ായൊ — കൎത്താവിൽ എന്റെ പണി നിങ്ങൾ അല്ല
൨ യൊ — മറ്റുള്ളവൎക്ക ഞാൻ അപ്പൊസ്തലൻ അല്ല എങ്കിൽ നി
ങ്ങൾക്കു ആകുന്ന പൊൽ - കൎത്താവിൽ നിങ്ങൾ അല്ലൊ എന്റെ
൩ അപ്പൊസ്തലത്വത്തിന മുദ്ര ആകുന്നു — എന്നെ വിചാരി
൪ ക്കുന്നവൎക്ക എന്റെ പ്രതിവാദം ഇതത്രെ — സഭാൎയ്യ
ത്താൽ ഉണ്മാനും കുടിപ്പാനും ഞങ്ങൾക്ക അധികാരം ഇല്ല
൫ യൊ — ശെഷം അപ്പൊസ്തലരും കൎത്താവിൻ സഹൊദര
ന്മാരും കെഫാവും എന്ന പൊലെ ഞങ്ങൾക്ക ഒരു സഹൊദരി
യെ ഭാൎയ്യയാക്കിക്കൊണ്ട സഞ്ചരിപ്പാൻ അധികാരം
൬ ഇല്ലയൊ — അല്ലൊ വൃത്തിക്ക അദ്ധ്വാനിക്കാതെ ഇരിപ്പാൻ
എനിക്കും ബൎന്നബാസിന്നും മാത്രം അധികാരം ഇല്ലയൊ എന്ന
൭ ണ്ടൊ — സ്വന്ത ചെലവിട്ട ആരു പൊൽ സെകം ചെയ്യു
ന്നു - ആർ പറമ്പുനട്ട അതിന്റെ ഫലം തിന്നാതിരിക്കുന്നു - അ
ല്ല ആട്ടിൻകൂട്ടം ആർ മെച്ചു കൂട്ടത്തിന്റെ പാലിൽ പെട്ടിപി
൮ ക്കാതിരിക്കും — ഇവ മനുഷ്യപ്രകാരം ചൊല്ലുന്നവൊ ധൎമ്മവും
൯ അങ്ങിനെ തന്നെ പറയുന്നില്ലയൊ — മെതിക്കുന്ന കാളെക്കു
വായ്ക്കൊട്ട കെട്ടരുത എന്ന മൊശധൎമ്മത്തിൽ എഴുതിക്കിടക്കുന്നവ
൧൦ ല്ലൊ — ദൈവത്തിന്ന കാളകൾ തന്നെ വിചാരമൊ — അല്ലാ
കവലം നമുക്ക വെണ്ടി പറയുന്നവൊ — അതെ ഉഴുന്നവ
ൻ ആശയൊടെ ഉഴുകയും മെതിക്കുന്നവൻ അംശംകിട്ടുവാ
നുള്ള ആശയൊടെ മെതിക്കയും വെണം എന്നത്രെ നമുക്കു
൧൧ വെണ്ടി എഴുതിയത — ഞങ്ങൾ ആത്മികങ്ങളെ നിങ്ങൾക്കി
തെച്ചു എങ്കിൽ നിങ്ങളുടെ ജഡമയങ്ങളെ ഞങ്ങൾ കൊയ്താ
൧൨ ൽ അതിശയമൊ — മറ്റെവർ നിങ്ങളുടെ മെൽ ഈ
അധികാരത്തെ കൈക്കൊണ്ടാൽ ഞങ്ങൾ വിശെഷാ
ൽ അല്ലയൊ — എങ്കിലും ഞങ്ങൾ ഈ അധികാരത്തെപ്ര

യൊഗിച്ചില്ല ക്രിസ്തന്റെ സുവിശെഷത്തിന്നു യാതൊരു ഹാനി
ഷ്ടവും വരുത്താതെ ഞങ്ങളിപ്പൊൾ സകലവും പൊറുക്കുന്നു—
പുണ്യകൎമ്മങ്ങൾ നടത്തുന്നവർ പുണ്യസ്ഥലത്തിൽനിന്നു ഉപജീ ൧൩
വിക്കുന്നു എന്നും ബലിപീഠം ഉപാസിക്കുന്നവർ ബലിപീഠം
ത്തൊടു അംശമാക്കികൊള്ളുന്നു എന്നും നിങ്ങൾ അറിയുന്നി
ല്ലയൊ— അപ്പൊലെ കൎത്താവും സുവിശെഷത്തെ പ്രസ്താ ൧൪
വിക്കുന്നവർ സുവിശെഷത്താൽ ഉപജീവിക്കെണം എ
ന്നു കല്പിച്ചു·

എങ്കിലും ഇവകളൊന്നും ഞാൻ പ്രയൊഗിച്ചില്ല— ഇപ്രകാരം ൧൫
എനിക്കു ഭവിക്കെണ്ടതിന്നും അല്ല ഇവ എഴുതിയത്— ആരും
എന്റെ പ്രശംസയെ വ്യൎത്ഥമാക്കുന്നതിനെക്കാൾ മരിക്കുന്ന
തു എനിക്കു നല്ലു— കാരണം ഞാൻ സുവിശെഷിക്കുന്നു ൧൬
എങ്കിൽ മുട്ടുപാടു എന്റെ മെൽ കിടക്കുകയാൽ എനിക്കു
പ്രശംസയില്ല— അതെ ഞാൻ സുവിശെഷിക്കാതിരുന്നാൽ
എനിക്ക ഹാ കഷ്ടം— എങ്ങിനെ എന്നാൽ— മനഃപൂൎവ്വമാ ൧൭
യി ഞാനിതിനെ ചെയ്തുകൊണ്ടാൽ എനിക്കു കൂലി ഉണ്ടു— മനഃപൂ
ൎവ്വം അല്ലാഞ്ഞാലും വിശ്വസ്ത വിചാരണ എന്നിൽ ഭരമെല്പിച്ചുകി
ടക്കുന്നു— എന്നാൽ എന്റെ കൂലി എന്തു— സുവിശെഷത്തി ൧൮
ൽ എന്റെ അധികാരത്തെ മുറ്റും അനുഭവമാക്കാതവണ്ണം
ഞാൻ ക്രിസ്തന്റെ സുവിശെഷത്തെ പരത്തികൊണ്ടു ചെ
ലവില്ലാതെ ആക്കുകയത്രെ— ഇങ്ങിനെ എല്ലാവരൊടും ൧൯
ഞാൻ വിട്ടു തലക്കുള്ളവൻ എങ്കിലും അധികം പെരെ നെ
ടെണ്ടതിന്നു ഞാൻ എന്നെ തന്നെ എല്ലാവൎക്കും ദാസനാ
ക്കി— യഹൂദരെ നെടുവാൻ യഹൂദൎക്കു യഹൂദനെ പൊ ൨൦
ലെ ആയി ധൎമ്മത്തിൻ കീഴുള്ളവരെ നെടുവാൻ താൻ ധൎമ്മത്തി
ൻ കീഴുള്ളവനല്ല എങ്കിലും ഞാൻ ധൎമ്മത്തിൻ കീഴുള്ളവൎക്കു ധ

൨൧ ത്തിൻകീഴുള്ളവനെ പോലെ ആയി— അധർമ്മികളെ
നേടുവാൻ ഞാൻ ദൈവത്തിന്ന അധർമ്മി അല്ല ക്രിസ്തുവിന്ന ധർമ്മ
സ്ഥാൻ ആകുന്നു എങ്കിലും അധർമ്മികൾക്ക അധർമ്മിയെ
൨൨ പോലെ ആയി— ബലഹീനരെ നേടുവാൻ ഞാൻ ബലഹീ
നർക്കു ബലഹീനനെ പോലെ ആയി— എല്ലാപ്രകാരത്തി
ലും ചിലരെ രക്ഷിക്കേണ്ടതിന്നു ഞാൻ എല്ലാവർക്കും എല്ലാം
൨൩ ആയിരുന്നു— സുവിശേഷത്തിൻ നിമിത്തം ഞാനും അതി
൨൪ ന്റെ കൂട്ടാളി ആകേണ്ടതിന്നു എല്ലാം ചെയ്യുന്നു— ഓട്ടക്കള
ത്തിൽ ഓടുന്നവർ എല്ലാം ഓടുന്നു എങ്കിലും ഒരുവനെ വിരുത
പ്രാപിക്കുന്നുള്ളു എന്നറിയുന്നില്ലയൊ— അതുപോലെ നിങ്ങ
ളും പ്രാപിച്ചുകൊൾവാൻ ഓടുവിൻ— പിന്നെ അങ്കം പൊരുതു
ന്നവൻ ഒക്കയും എല്ലാം വർജ്ജിക്കുന്നു അതു വാടുന്ന മാലകി
൨൫ ട്ടുവാൻ അവരും— വാടാത്തതിന്നായി നാമും ചെയ്യു— ആ
കയാൽ ഞാൻ നിശ്ചയം ഇല്ലാത്ത പ്രകാരം അല്ല ഓടുന്നു—
൨൬ ആകാശത്തെ കുത്തുന്ന പ്രകാരം അല്ല മുഷ്ടിയുദ്ധം ചെയ്യുന്നു—
൨൭ —എന്റെ ശരീരത്തെ കീഴമർത്തി അടിമയാക്കുകയത്രെ
ചെയ്യുന്നു— പക്ഷെ മറ്റവരോടു ഘോഷിച്ചശേഷം ഞാൻ
കൊള്ളരുതാത്തവനായി പോകാതിരിപ്പാൻ തന്നെ—

൧൦ അദ്ധ്യായം

ശക്തന്മാരും വീഴ്ചയെ ഭയപ്പെട്ടു ദുർഭ്രമസ്പർശത്തെയു
മറ്റും ഒഴിക്കേണ്ടത്-

൧ പിന്നെ എന്നാൽ സഹോദരന്മാരെ നമ്മുടെ പിതാക്കന്മാർ
എല്ലാവരും മേഘത്തിൻ കീഴെ ആയിരുന്നു എന്നും എല്ലാ
൨ വരും സമുദ്രത്തൂടെ കടന്നു എന്നും— എല്ലാവരും മേഘത്തി
ലും സമുദ്രത്തിലും മോശെക്കു സ്നാനം ഏറ്റു എന്നും—

എല്ലാവരും ഒരുപോലെ ആത്മികാഹാരത്തെ ഭക്ഷിച്ചു ൩
എന്നും എല്ലാവരും ഒരുപോലെ ആത്മിക പാനീയം ൪
കുടിച്ചു എന്നും — ആത്മികമായ പാറയിൽനിന്ന് അല്ലൊ അവ
ർ കുടിച്ചു; ആ പാറ ക്രിസ്തു തന്നെ അത്രെ — എന്നി ൫
ട്ടും അവരിൽ മിക്കപെരിലും ദൈവം പ്രസാദിച്ചില്ല അവ
ർ മരുഭൂമിയിൽ വീണ്ടു കുഴിയപ്പെട്ടു എന്നും ഇങ്ങിനെ
യിക്കാര്യങ്ങൾ നിക്ക് അത് എന്ന് ആഗ്രഹിക്കുന്നു — ഇവ ൬
ദൃഷ്ടാന്തങ്ങൾ ആയി വന്നു; ആയവർ മോഹിച്ച പോലെ
നാം തിന്മകളെ മോഹിപ്പവർ ആകാതിരിപ്പാൻ തന്നെ — അവ ൭
രിൽ ചിലർ ആയ പോലെ നിങ്ങൾ വിഗ്രഹാരാധികൾ ആ
കയും അരുത് — ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു ക
ളിപ്പാൻ എഴുനീറ്റു എന്ന് എഴുതിയ പ്രകാ
രമത്രെ — അവരിൽ ചിലർ പുലയാടി ഒരു ദിവസത്തിൽ ൮
൨൩൦൦൦ പേർ വീണ പോലെ നാം പുലയാടുകയും അ
രുത് — അവരിൽ ചിലർ പരീക്ഷിച്ചു സർപ്പങ്ങളാൽ നശിച്ചു ൯
പോയ പോലെ നാം ക്രിസ്തനെ പരീക്ഷിക്കയും അരുത് — അ ൧൦
വരിൽ ചിലർ പിറുപിറുത്തു സംഹാരിയാൽ നശിച്ചു പോയ
പോലെ നിങ്ങൾ പിറുപിറുക്കയും അരുത് — ഇവ എല്ലാം ൧൧
ദൃഷ്ടാന്തമായിട്ട് അവർക്കു സംഭവിച്ചു വന്നിട്ടും യുഗങ്ങളു
ടെ അന്തങ്ങൾ എത്തിയ നമ്മെ ബുദ്ധി ഉപദേശിപ്പാൻ
എഴുതിയതത്രെ — ആകയാൽ നില്ക്കുന്നു എന്നു തോ ൧൨
ന്നുന്നവൻ വീഴാതിരിപ്പാൻ നോക്കുക — മാനുഷമല്ലാതെ ൧൩
പരീക്ഷ നിങ്ങളെ പിടിച്ചിട്ടില്ല — ദൈവം വിശ്വസ്തൻ അ
ന്നുതാൻ നിങ്ങൾക്കു കഴിയുന്നതിൽ മീതെ പരീക്ഷ വരുവാ
ൻ സമ്മതിയാതെ സഹിപ്പാൻ കൂടെ തക്കവണ്ണം പരീക്ഷയോടു കൂ
ടെ പോക്കും ഉണ്ടാക്കും —

൧൪ ആകയാൽ എൻ പ്രിയമുള്ളവരെ വിഗ്രഹാരാധനയെ
൧൫ വിട്ടോടുവിൻ — നിയെകികളൊട് എന്നപൊലെ ഞാൻ പറയു
൧൬ന്നു ഞാൻ മൊഴിയുന്നതിനെ വിസ്തരിപ്പിൻ — നാം അനുഗ്ര
ഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുരക്തത്തിന്റെ കൂട്ടായ്മ അ
ല്ലയൊ നാം നുറുക്കുന്ന അപ്പം ക്രിസ്തുശരീരത്തിന്റെ കൂട്ടാ
൧൭ യ്മ അല്ലയൊ — നാം എല്ലാവരും ഒരെ അപ്പത്തിൽ അംശി
കൾ ആകകൊണ്ട് ഒരെ അപ്പം ഉള്ളതുപൊലെ പലരായ നാം
൧൮ ഒരു ശരീരം ആകുന്നുവല്ലൊ — ജഡപ്രകാരമുള്ള ഇസ്രയെ
ലെ നൊക്കുവിൻ ബലികളെ ഭക്ഷിക്കുന്നവർ ബലിപീഠത്തി
൧൯ ന്റെ കൂട്ടാളികൾ അല്ലയൊ — എന്നാൽ ഞാൻ എന്തു മൊഴിയു
ന്നു വിഗ്രഹാർപ്പിതം വല്ലതും ആകുന്നു എന്നൊ വിഗ്രഹം വല്ലതും
൨൦ എന്നൊ — അല്ല - ജാതികൾ ബലികഴിക്കുന്നത ദൈവത്തിന്ന
ല്ല ഭൂതങ്ങൾക്കായി കഴിക്കുന്നു എന്നത്രെ - നിങ്ങൾ ഭൂതങ്ങളുടെ
൨൧ കൂട്ടാളികൾ ആവാൻ എനിക്ക മനസ്സില്ലതാനും — നിങ്ങൾക്ക കർത്താ
വിൻ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും കുടിപ്പാ
ൻ കഴികയില്ല - കർത്താവിൻ മെശയിലും ഭൂതങ്ങളുടെ മെശയി
൨൨ ലും അംശികളാവാൻ കഴികയില്ല — അല്ലാഞ്ഞിട്ട് നാം കർത്താ
വിന്നു ശുട്ടുകിടിപ്പിക്കുന്നുവൊ അവനെക്കാൾ ഊക്കർ ആ
കുന്നുവൊ -

൨൩ എല്ലാറ്റിന്നും അധികാരം ഉണ്ടെങ്കിലും എല്ലാം ഉപ
കരിക്കുന്നതല്ല - എല്ലാറ്റിന്നും അധികാരം ഉണ്ടെങ്കിലും എ
൨൪ ല്ലാം വിർദ്ധന ചെയ്യുന്നതല്ല — ഒരുവനും തന്റെതല്ല മററ
൨൫ വന്റെതിനെ അന്വെഷിപ്പൂ — അങ്ങാടിയിൽ വില്ക്കു
ന്നത ഒക്കെയും മനൊബൊധത്തിൻ നിമിത്തം ഒന്നും വിവെചിയാതെ
൨൬ അതെല്ലാം ഭക്ഷിപ്പിൻ — ഭൂമിയും അതിന്റെ നിറവും കർത്താ
൨൭ വിന്നല്ലൊ ആകുന്നതസ്സെകിൽ(?) — പിന്നെ അവിശ്വാസി

കളിൽ ഒരുവൻ നിങ്ങളെ ക്ഷണിച്ചാൽ ചെല്ലുവാൻ ഇഷ്ട
ക്കിൽ നിങ്ങൾക്കു വിളമ്പിയതു മനൊബൊധം നിമിത്തം ഒന്നും വി
ചാരിയാതെ എല്ലാം ഭക്ഷിപ്പിൻ — എങ്കിലും ഒരുവൻ ഇതു ൨൮
ബലികഴിച്ചതം എന്നു നിങ്ങളൊടു പറഞ്ഞാൽ അറിയിച്ചവ
ൻ നിമിത്തവും മനൊബൊധം നിമിത്തവും തിന്നരുതു-
-മനൊബൊധം എങ്കിലൊ തന്റെതല്ല മറ്റവന്റെതി ൨൯
നെ അത്രെ ഞാൻ പറയുന്നു - എന്റെ സ്വാതന്ത്ര്യത്തിനു
അന്യമനൊബൊധത്താൽ ന്യായവിസ്താരം വരുവാൻ എ
ന്തു പൊൽ — കൃതജ്ഞതയൊടെ അനുഭവിച്ചാൽ ഞാൻ ൩൦
സ്തൊത്രം ചെയ്യുന്നതിന്നായിട്ടു ദുഷിക്കപ്പെടുവാൻ എ
ന്തു — അതുകൊണ്ടു നിങ്ങൾ ഭക്ഷിച്ചാലും കുടിച്ചാലും എന്തു ൩൧
ചെയ്താലും എല്ലാം ദൈവതെജസ്സിന്നായി ചെയ്വിൻ — യഹൂ ൩൨
ദർക്കും യവനർക്കും ദെവസഭെക്കും തടങ്ങൽ ഇല്ലാത്തവർ ആ
കുവിൻ — ഞാനും എന്റെതല്ല അവർ രക്ഷപ്പെടെണം ൩൩
എന്നു പലരുടെ ഉപകാരത്തെ തന്നെ അന്വെഷിച്ചു കൊ
ണ്ടു എല്ലാവരെക്കും എല്ലാം കൊണ്ടും പ്രസാദിപ്പിക്കും പോ
ലെ തന്നെ - ഞാൻ ക്രിസ്തന്റെ എന്ന പൊലെ എനിക്കു ഒ ൧൧. ൧
അനുകാരികൾ ആകുവിൻ-

൧൧ അദ്ധ്യായം

സഭക്കൂട്ടത്തിൽ സ്ത്രീകളുടെ വെഷത്തെയും - കർത്തൃതിരു
വത്താഴത്തിൻ ആചാരത്തെയും വഴിക്കാക്കുന്ന ഉപ
ദെശം.

പിന്നെ സഹൊദരന്മാരെ നിങ്ങൾ എല്ലാം കൊണ്ടും എന്നെ ൨
ഒർത്തും ഞാൻ നിങ്ങളിൽ എല്പിച്ച പ്രകാരം സമ്പ്രദായങ്ങളെ
പ്രമാണിച്ചും കൊള്ളുകയാൽ നിങ്ങളെ പുകഴുന്നു — ഇനി നിങ്ങൾ ൩

ബൊധിക്കെണം എന്നു ഞാൻ ഇച്ഛിക്കുന്നിതു - സകല
പുരുഷനും തല ക്രിസ്തൻ തന്നെ - സ്ത്രീക്കു തല പുരുഷൻ ത
൪ ന്നെ ക്രിസ്തന്റെ തല ദൈവം തന്നെ — തലമൂടികൊണ്ടു
പ്രാർത്ഥിക്കയൊ പ്രവചിക്കയൊ ചെയ്യുന്ന പുരുഷൻ എ
൫ ല്ലാം തന്റെ തലയെ അപമാനിക്കുന്നു — എന്നാൽ തല മൂടാ
തെ പ്രാർത്ഥിക്കയൊ പ്രവചിക്കയൊ ചെയ്യുന്ന സ്ത്രീ എല്ലാം
തന്റെ തലയെ അപമാനിക്കുന്നു - അവൾ എല്ലാ ക്ഷൌരം
൬ ചെയ്കവളൊടു മുറ്റും ഒക്കുന്നു — സ്ത്രീ മൂടാതെ ഇരിക്കിൽ മു
ടെച്ചുകൊള്ളുകയും ആവു — ഛിരെക്കതാൽ ക്ഷൌരമൊ താൻ
൭ സ്ത്രീക്കു ലജ്ജ എങ്കിലൊ മൂടികൊള്ളാവു — കാരണം പു
രുഷൻ ദൈവത്തിന്റെ പ്രതിമയും തെജസ്സും ആകയാ
൮ ൽ തല മൂടെണ്ടതല്ല സ്ത്രീയൊ പുരുഷന്റെ തെജസ്സ് — പു
രുഷൻ സ്ത്രീയിൽ നിന്നല്ലല്ലൊ സ്ത്രീ പുരുഷനിൽ നിന്നത്രെ
൯ ആകുന്നത് — പിന്നെ പുരുഷൻ സ്ത്രീക്കായിട്ടല്ല സ്ത്രീ പുരുഷ
൧൦ നായത്രെ സൃഷ്ടിക്കപ്പെട്ടു — ആകയാൽ സ്ത്രീ ദൂതന്മാർനിമി
൧൧ ത്തം തലമെൽ അധികാരത്തിന്റെ അടയാളം ഉണ്ടായിരിക്കെണം — എങ്കിലും
കർത്താവിൽ പുരുഷൻ കൂടാതെ സ്ത്രീയും സ്ത്രീ കൂടാതെ പുരുഷനും ഇ
൧൨ ല്ല — സ്ത്രീ പുരുഷനിൽനിന്നുണ്ടായതു പൊലെ തന്നെ പുരുഷനും
സ്ത്രീയാൽ ഉണ്ടല്ലൊ സകലവും ദൈവത്തിൽനിന്നുതാനും —
൧൩ — നിങ്ങളുടെ ഉള്ളിൽ തന്നെ വിധിപ്പിൻ സ്ത്രീ മൂടികൊള്ളാ
൧൪ തെ ദൈവത്തൊടു പ്രാർത്ഥിക്കുന്നതു യൊഗ്യമൊ — പുരുഷ
ൻ മുടി നീട്ടിയാൽ അതു അവനു മാനക്കുറവ് എന്നും സ്ത്രീ നീട്ടി
൧൫ യാൽ ക്രുന്തൽ അവൾക്കു മൂടുപടത്തിന്നു വെണ്ടി നല്കപ്പെട്ടതാൽ
അവൾക്കു തെജസ്സ് ആകുന്നു എന്നും പ്രകൃതി താനും നിങ്ങളെ
൧൬ പഠിപ്പിക്കുന്നില്ലയൊ — ഒരുത്തൻ തർക്കപ്രിയനായി കാ
ണ്ടെങ്കിലൊ ഞങ്ങൾക്കു ഇങ്ങിനെത്ത മര്യാദ ഇല്ല ദൈവസഭക

ള്ളു ഇല്ലയെന്നറിക

ഇതു ഞാൻ ആജ്ഞാപിക്കുമ്പോൾ നിങ്ങളെ പുകഴ ൧൭
ഴുന്നില്ല—നിങ്ങൾ കൂടിവരുന്നത് എററം നന്മക്കല്ല എറെം തി
ന്മെക്കായ്ക്കുമാറ് ആകുന്നുവല്ലൊ—എങ്ങിനെ എന്നാൽ ഒന്നാ ൧൮
മത് നിങ്ങൾ സഭയായി കൂടുമ്പോൾ നിങ്ങളിൽ ഭിന്നതകൾ ഉ
ണ്ടെന്നു ഞാൻ കേൾക്കുന്നു ഒട്ടെടം വിശ്വസിക്കയും ചെയ്യു
ന്നു—നിങ്ങളിൽ കൊള്ളാകുന്നവർ വെളിവാകെണ്ടതി ൧൯
ന്നല്ലൊ മതഭേദങ്ങളും നിങ്ങളിൽ ഉണ്ടാകിയിരിക്കെണ്ടു—
—എന്നാൽ നിങ്ങൾ ഒരെടത്തു കൂടിവരുമ്പോൾ ഉണ്ണുകയിൽ ൨൦
ഒരൊരുത്തൻ തന്റെ അത്താഴം മുന്നെടുക്കുന്നതിനാ ൨൧
ൽ ഒരുവൻ വിശന്നും ഒരുവൻ പൊക്കുന്നതിനാൽ കൎത്തൃ
ത്താവിൻ അത്താഴം ഉണ്ണുക അല്ല—ഭക്ഷിപ്പാനും കുടി ൨൨
പ്പാനും നിങ്ങൾക്കു വീടുകൾ ഇല്ലയൊ അല്ല ദൈവസഭയെ നി
ന്ദിച്ചു ഇല്ലാത്തവരെ നാണിപ്പിക്കുന്നുവൊ—ഞാ
ൻ നിങ്ങളൊടു എന്തു പറയെണ്ടു നിങ്ങളെ പുകഴ്ത്തുകയൊ ഇതി
ൽ നിങ്ങളെ പുകഴ്ത്തുന്നില്ല—ഞാനാകട്ടെ കൎത്താവിൽനിന്നു ൨൩
പരിഗ്രഹിച്ചതു നിങ്ങൾക്കു ഏല്പിച്ചത് എന്തെന്നാൽ കൎത്താവാകു
ന്ന യെശു താൻ കാണിക്കപ്പെട്ട രാത്രിയിൽ അപ്പം
എടുത്തു അനുഗ്രഹം ചൊല്ലി നുറുക്കി പറഞ്ഞു—വാങ്ങി ഭക്ഷി ൨൪
പ്പിൻ ഇതു നിങ്ങൾക്കു വെണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം ആകു
ന്നു എന്റെ ഓൎമ്മക്കായിട്ട് ഇതിനെ ചെയ്വിൻ—അപ്രകാരം ൨൫
തന്നെ അത്താഴത്തിൽ പിന്നെ പാനപാത്രത്തെയും എടു
ത്തു പറഞ്ഞു—ഈ പാനപാത്രം എന്റെ രക്തത്തിൽ പുതി
യനിയമം ആകുന്നു ഇതിനെ കുടിക്കുന്തൊറും എന്റെ ഓൎമ്മ
ക്കായിട്ടു ചെയ്വിൻ—എങ്ങിനെ എന്നാൽ നിങ്ങൾ ഈ അ ൨൬
പ്പം ഭക്ഷിക്കയും പാനപാത്രം കുടിക്കയും ചെയ്യുന്തൊറും ക

ന്നാ വരുവൊളത്തിന്നു അവന്റെ മരണത്തെ പ്രസ്താ
൨൭ വിക്കുന്നു — അതുകൊണ്ടു ആരാനും അപാത്രമായി ഇൗ അ
പ്പം ഭക്ഷിക്കയൊ കർത്താവിൻ പാനപാത്രം കുടിക്കയൊ
ചെയ്താൽ കർത്താവിൻ ശരീരത്തിന്നും രക്തത്തിന്നും കുറ്റമുള്ള
൨൮ വൻ ആകും — എന്നാൽ മനുഷ്യൻ തന്നെത്താൻ ശൊധന ചെ
യ്കിട്ടു വെണം ഇൗ അപ്പത്തിൽ ഭക്ഷിച്ചും പാനപാത്ര
൨൯ ത്തിൽ കുടിച്ചും കൊള്ളുവാൻ — അപാത്രമായി ഭക്ഷിച്ചു കു
ടിക്കുന്നവൻ കർത്താവിൻ ശരീരത്തെ വിവെചിക്കായ്കയാ
൩൦ ൽ തനിക്കു താൻ ന്യായവിധിയാകുന്നതിനെ ഭക്ഷിച്ചു കുടിക്കുന്നു —
ഇൗ ഹെതുവായിട്ടു നിങ്ങളിൽ പലരും ബലഹീനരും രൊ
൩൧ ഗികളും ആയി പലരും നിദ്രകൊണ്ടിരിക്കുന്നു — എന്നാൽ നമ്മെ
൩൨ നാം തന്നെ വിധിച്ചു എങ്കിൽ വിധിക്കപ്പെടുകയില്ല — വി
ധിക്കപ്പെടുകിലൊ നാം ലൊകത്തൊടു കൂടെ ദണ്ഡവിധിയി
ൽ അകപ്പെടായ്വാൻ കർത്താവിനാൽ ശിക്ഷിക്കപ്പെടുന്നു —
൩൩ — ആകയാൽ എൻ സഹോദരന്മാരെ നിങ്ങൾ ഭക്ഷിപ്പാൻ കൂ
ടുമ്പൊൾ അന്യൊന്യം കാത്തിരിപ്പിൻ — ഒരുത്തൻ വിശക്കി
ൽ നിങ്ങൾ ന്യായവിധിവരുമാറു കൂടാതെ തന്റെ വീട്ടിൽ ഭക്ഷി
ക്ക — ശെഷം കാൎയ്യങ്ങളെ ഞാൻ വന്നിട്ടു നെരെ ആക്കി
ക്കും —

൧൨. അദ്ധ്യായം

(൧൧ — ൧൨ ആത്മികവരങ്ങളുടെ ഭെദങ്ങൾ)

൧ എന്നാൽ സഹോദരന്മാരെ ആത്മികവരങ്ങളെ കുറിച്ചു നിങ്ങ
൨ ൾ അറിയാതെ ഇരിക്കരുത് എന്ന ഞാൻ ഇച്ഛിക്കുന്നു — നിങ്ങ
ൾ ജാതികളായിരിക്കും കാലം നടത്തപ്പെട്ടപ്രകാരം ഊമ
യായുള്ള ബിംബങ്ങളുടെ അടുക്കെ കൊണ്ടുപൊകപ്പെട്ടു
നവരായി എന്ന അറിയുന്നുവല്ലൊ — ആകകൊണ്ടു ഞാൻ നി

കളെ ഗ്രഹിപ്പിക്കുന്നത — ദൈവാത്മാവിൽനിന്നു ഉരെക്കുന്ന ൩
വൻ ആരും യെശു ശപിക്കപ്പെട്ടവൻ എന്നു പറകയില്ല — വിശുദ്ധാ
ത്മാവിൽ അല്ലാതെ യെശു കർത്താവെന്നു പറവാൻ ആർക്കും
കഴികയും ഇല്ല — എന്നാൽ കൃപാവരങ്ങൾക്കു പകുപ്പുകൾ ഉ ൪
ണ്ടു ഏക ആത്മാവു താനും — ശുശ്രൂഷകൾക്കും പകുപ്പുകൾ ഉണ്ടു ൫
കർത്താവ് ഒരുവൻ — വ്യാപാരങ്ങൾക്കും പകുപ്പുകൾ ഉണ്ടു എല്ലാ ൬
വരിലും എല്ലാം വ്യാപരിക്കുന്ന ദൈവം ഒരുവൻ തന്നെ — എ ൭
ന്നാൽ ആത്മാവ് ഓരോരുത്തനിൽ വിളങ്ങുന്ന വിധം ശ്രേഷ്ഠ
മുള്ള ഉപകാരത്തിന്നത്രെ നല്കപ്പെടുന്നു — എന്തെന്നാൽ ഒരു ൮
ത്തന്നു ആത്മാവിനാൽ ജ്ഞാനവചനവും മറെറാരുത്തന്നു അതെ ആത്മാ
വിനാൽ തന്നെ അറിവിന്റെ വചനവും നല്കപ്പെടുന്നു — അന്യന്നു ൯
അതെ ആത്മാവിൽ തന്നെ വിശ്വാസം മറെറാരുത്തന്നു അതെ ആത്മാവിൽ
തന്നെ ചികിത്സകളുടെ വരങ്ങൾ മറെറാരുത്തന്നു ശക്തികളുടെ വ്യാ ൧൦
പാരങ്ങൾ മറെറാരുത്തന്നു പ്രവചനം മറെറാരുത്തന്നു ആത്മാക്കളെ
വകതിരിവുകൾ — അന്യന്നു ഭാഷകളുടെ വിധങ്ങൾ മറെറാ ൧൧
ന്നു ഭാഷകളെ വ്യാഖ്യാനം — ഇവ എല്ലാം വ്യാപരിക്കുന്നത
താൻ ഇഷ്ടിക്കും പോലെ അവനവന്നു വെവ്വെറെ പകുക്കുന്ന
ഏക ആത്മാവു തന്നെ — എങ്ങിനെ എന്നാൽ ശരീരം ഒ ൧൨
ന്നെങ്കിലും പല അവയവങ്ങൾ ഉള്ളതാകുന്നതു പോലെ ശ
രീരത്തിന്റെ അവയവങ്ങൾ പലതാകിലും ഒന്നു എല്ലാം ഒ
രു ശരീരം ആകുന്ന പ്രകാരം തന്നെ മിശിഹാ ആകുന്നു — കാര ൧൩
ണം യഹൂദരൊ യവനരൊ അടിയാരൊ സ്വതന്ത്രരൊ നാം
എല്ലാവരും ഏക ശരീരം ആകുമാറു ഒരു ആത്മാവിൽ സ്നാനം എ
റെറല്ലാവരും ഒരു ആത്മാവെക്കും കുടിക്കുമാറാക്കപ്പെട്ടു — ൧൪
ശരീരമല്ലൊ ഒരു അവയവമല്ല പലവും അത്രെ — കാലു ൧൫
ഞാൻ കൈ അല്ലായ്കയാൽ ശരീരത്തിന്റെ അല്ലെന്നു പറഞ്ഞാൽ

ല്ലുകിൽ അതിനാൽ ശരീരത്തിൽ ചെരാതവനാകയില്ല—
൧൬ ചെവി ഞാൻ കണ്ണല്ലായ്കകൊണ്ട ശരീരത്തിൽ ചെ
രാ എന്ന ചൊല്ലുകിൽ അതിനാൽ ശരീരത്തിൽ ചെരാത്ത
൧൭ അവനാകയും ഇല്ല—ശരീരം മുഴുവൻ കണ്ണാകാൽ ശ്രവണം
എവിടെ മുഴുവൻ ശ്രവണം ആകാൽ ഘ്രാണം എവിടെ—
൧൮ ഇപ്പൊഴൊ ദൈവം അവന്റെ ഇഷ്ടംപൊലെ അവയവങ്ങ
൧൯ ളെ ശരീരത്തിൽ വെവ്വെറെ ആക്കി വെച്ചു—എല്ലാം ഒർ അ
൨൦ വയവം എങ്കിൽ ശരീരം എവിടെ—ഇപ്പൊഴൊ പല അവ
൨൧ യവങ്ങളും ഒരു ശരീരവും ഉണ്ടു—കണ്ണ കൈയ്യൊടു നിന്നെ
കൊണ്ടു എനിക്ക ആവശ്യം ഇല്ല എന്നും മറ്റു തല കാലുകളൊ
ടു നിങ്ങളെ കൊണ്ടു എനിക്ക ആവശ്യം ഇല്ല എന്നും ചൊല്ലി
൨൨ കൂടാ—എന്നാൽ ശരീരത്തിൽ ബലം കുറഞ്ഞ അവയവങ്ങ
ൾ എന്ന തൊന്നുന്നവ വെണ്ടുന്നവ അത്രെ എന്നു മിക്കെറെ
൨൩ ത്തുണ്ടല്ലൊ—ശരീരത്തിൽ മാനം കുറഞ്ഞവ എന്ന തൊന്നു
ന്നവറ്റിൽ ഏറ്റവും അധികം മാനങ്ങൾ അണിയുന്നു—നമ്മു
൨൪ ടെ ശൊഭിതം കുറഞ്ഞവറ്റിന്ന അധികം ഐശ്വൎയ്യവും വരുന്നു—ന
൨൫ മ്മുടെ ശൊഭിതമായവറ്റിന്ന അത ആവശ്യം അല്ലല്ലൊ—ദൈവം
ആകട്ടെ ശരീരത്തിൽ ഭിന്നത വരാതെ അവയവങ്ങൾ തങ്ങളിൽ
ഒരുപൊലെ ഇരിക്കെണം എന്ന വെച്ചു കുറവുള്ളതിന്ന അധി
കം മാനത്തെ കൊടുത്തു കൊണ്ടു ശരീരത്തെ കലൎത്തി ചെൎത്തു
൨൬ തു—അതിനാൽ ഒർ അവയവം പീഡിപ്പെട്ടാലും അവയവ
ങ്ങൾ ഒക്കയും കൂടെ പെടുന്നു—ഒന്നിന്ന തെജസ്സ വന്നാലും അവ
൨൭ യവങ്ങൾ ഒക്കയും കൂടെ സന്തൊഷിക്കുന്നു—നിങ്ങളൊ ക്രിസ്തു
ന്റെ ശരീരവും അംശം അംശമായിട്ട അവയവങ്ങളും ആകുന്നു—
ദൈവം ആകട്ടെ സഭയിൽ ചിലരെ ഒന്നാമത അപ്പൊസ്തലരായി
൨൮ കൊണ്ടു രണ്ടാമത പ്രവാചകരെ മൂന്നാമത ഉപദെഷ്ടാക്കളെ—അനന്തരം

ശക്തികളെ പിന്നെ ചികിത്സകളുടെ വരങ്ങൾ ഉപകാരങ്ങൾ
പരിപാലനങ്ങൾ ഭാഷകളുടെ ഭെദങ്ങൾ— എല്ലാവരും അ ൨൯
പൊസ്തലരൊ എല്ലാവരും പ്രവാചകരൊ എല്ലാവരും ഉപ
ദെഷ്ടാക്കന്മാരൊ എല്ലാവരും ശക്തികളൊ എല്ലാവൎക്കും ചികി ൩൦
ത്സാവരങ്ങൾ ഉണ്ടൊ എല്ലാവരും ഭാഷകളാൽ ഉരെക്കുന്നുവൊ
--എന്നാൽ ഉത്തമം ആയ വരങ്ങളെ താനെ കാംക്ഷിപ്പിൻ ഇ
നി അതിശ്രെഷ്ഠവഴിയെ നിങ്ങൾക്ക കാണിക്കുന്നു—

൧൩ അദ്ധ്യായം

വരങ്ങളിൽ മികെച്ചതു സ്നെഹം

ഞാൻ മനുഷ്യരുടെയും ദൂതരുടെയും ഭാഷകളാൽ ഉരെച്ചാ ൧
ലും സ്നെഹം ഇല്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പൊ ചിലമ്പു
ന്ന താളമൊ ആകുന്നു— എനിക്ക പ്രവചനം ഉണ്ടായിട്ട ൨
സകല മർമ്മങ്ങളും എല്ലാ അറിവും ബൊധിച്ചാലും മലകളെ
മാറ്റുമാറു സർവ്വവിശ്വാസവും ഉണ്ടായാലും സ്നെഹം ഇല്ല എങ്കി
ൽ ഞാൻ ഒന്നും ഇല്ല— എനിക്കുള്ളവ എല്ലാം കബളീകരിച്ചു ൩
കൊടുത്താലും എൻ ശരീരത്തെ ചുടുവാൻ ഏല്പിച്ചാലും സ്നെഹം
ഇല്ല എങ്കിൽ എനിക്ക പ്രയൊജനവും ഇല്ല— സ്നെഹം ദീ ൪
ർഘം ക്ഷമിക്കുന്നതും ദയ കാട്ടുന്നതും ആകുന്നു സ്നെഹം സ്പ
ർദ്ധിക്കുന്നില്ല സ്നെഹം വൊങ്ങച്ചം കാട്ടുന്നില്ല ചീർക്കുന്നില്ല—
ഉചിതം വിട്ടു നടക്കുന്നില്ല തന്റെവ അന്വെഷിക്കുന്നില്ല ചൊ ൫
ടിക്കുന്നില്ല ദൊഷത്തെ കണക്കിടുന്നില്ല അനീതിയിൽ
സന്തൊഷിയാതെ സത്യത്തൊടു കൂടി സന്തൊഷിക്കുന്നു-- എ ൬
ല്ലാം മൂടുന്നു എല്ലാം വിശ്വസിക്കുന്നു എല്ലാം പ്രത്യാശിക്കുന്നു ൭
എല്ലാം സഹിക്കുന്നു—— സ്നെഹം ഒരു നാളത്തിലും ഒഴിയാ കാ ൮
പ്രവചനങ്ങൾ ആയാലും അവറ്റിന്നു നീക്കം വരും ഭാഷക

൯ ഭാഷകളാലും നിന്നുപൊകും അറിവായതാലും നീങ്ങിപ്പൊകും—കാ
രണം നാം അംശമായത്രെ അറിയുന്നു അംശമായി പ്രവചി
൧൦ ക്കുന്നു—തികവുവന്നനെരത്തൊ ഈ അംശമായുള്ളതിന്നു
൧൧ നീക്കം വരും—ഞാൻ ശിശുവായപ്പൊൾ ശിശുവായി പറഞ്ഞു ശി
ശുവായി ഭാവിച്ചു ശിശുവായി എണ്ണിക്കൊണ്ടിരുന്നു—പുരുഷനാ
൧൨ യതിന്റെശെഷം ശിശുവിന്റെവ നീക്കിക്കളയുന്നു—ഇന്നല്ലൊ നാം കാ
ണ്ണാടിയൂടെ കടമൊഴിയായിട്ടു കാണുന്നു അന്നു മുഖാമുഖമായ
ത്രെ—ഇന്നു അംശമായി അറിയുന്നു—അന്നു ഞാൻ അറിയ
൧൩ പ്പെട്ടപ്രകാരത്തിലും അറിഞ്ഞുകൊള്ളും—എന്നാൽ ഇപ്പൊ
ൾ വിശ്വാസം പ്രത്യാശ സ്നെഹം ഈ മൂന്നും വസിക്കുന്നുണ്ടു—ഇവ
റ്റിൽ വലിയതു സ്നെഹം തന്നെ—

൧൪ അദ്ധ്യായം

പ്രവാചകഭാഷാദിവരങ്ങളെ സഭയിൽ പ്രയോഗിക്കെണ്ടും പ്രകാരം

൧ സ്നെഹത്തെ പിന്തുടൎന്നുകൊണ്ടിട്ട്—ആത്മികവരങ്ങളെ
യും വിശെഷാൽ പ്രവചിക്കുന്നവരത്തെയും കാംക്ഷി
൨ ൾ—എങ്ങിനെ എന്നാൽ ഭാഷയാൽ ഉരെക്കുന്നവൻ
ആരും ബൊധിക്കാതെ താൻ ആത്മാവിൽ മൎമ്മങ്ങളെ ചൊ
ല്ലുന്നതിനാൽ മനുഷ്യരൊടല്ല ദൈവത്തൊടത്രെ പ
൩ റയുന്നു—പ്രവചിക്കുന്നവനൊ മനുഷ്യൎക്കു വീട്ടുവൎദ്ധനയും പ്ര
൪ ബൊധനം സാന്ത്വനം എന്നിവ പറയുന്നു—ഭാഷയാൽ
ഉരെക്കുന്നവൻ തന്നെത്താൻ പണിയുന്നു പ്രവചിക്കുന്ന
൫ വൻ സഭയെ പണിയുന്നു—നിങ്ങൾ എല്ലാവരും ഭാഷ
കളാൽ ഉരെക്കണം എന്നും വിശെഷാൽ പ്രവചിക്കെ
ണ്ടും എന്നും ഞാൻ ഇച്ഛിക്കുന്നു—സഭെക്കു വീട്ടുവൎദ്ധന
വിട്ടാൽ ഭാഷകളാൽ ഉരെക്കുന്നവൻ വ്യാഖ്യാനിക്കു

ത്തല്ലാതെ പ്രവചിക്കുന്നവൻ അവനെക്കാൾ വലിയവൻ ത
ന്നെ — ഇപ്പോൾ സഹോദരന്മാരെ ഞാൻ വെളിപ്പാട്ടാ ൬
റിവു പ്രവചനം ഉപദേശം എന്നിവ ഒന്നും കൂടാതെ ഭാ
ഷകളാൽ പറഞ്ഞുകൊണ്ടു നിങ്ങളിൽ വന്നാൽ നിങ്ങൾ
ക്കെന്തു പ്രയോജനം വരും — കുഴൽ വീണാ മുതലായ ജീ ൭
വനില്ലാത്ത വസ്തുക്കൾ പോലും ധ്വനികളിൽ വ്യത്യാസം
കൊടാഞ്ഞാൽ ഊതിയതും മീട്ടിയതും എങ്ങിനെ
അറിഞ്ഞുവരും — കാഹളം അസ്പഷ്ടനാദം ഇട്ടാൽ ൮
പടെക്കാരൊരുങ്ങും — അതുപോലെ നിങ്ങളും ൯
നാവുകൊണ്ടു വ്യക്തമായ വചനം കൊടാഞ്ഞാൽ ഉരെ
ച്ചതെങ്ങിനെ അറിഞ്ഞുവരും നിങ്ങൾ ആകാശത്തോ
ടു പറയുന്നവർ ആകുമല്ലൊ — ലോകത്തിൽ എത്രയൊ ൧൦
ടെ ജാതി ശബ്ദങ്ങൾ ഉണ്ടായാലും ഒന്നും അവ്യക്തമ
ല്ല — ആകകൊണ്ടു ശബ്ദത്തിന്റെ അർത്ഥം അറിയാഞ്ഞാൽ ൧൧
പറയുന്നവന്നു ഞാൻ മ്ലെച്ശനായിരിക്കും പറയുന്നവൻ എനി
ക്കും മ്ലെച്ശനത്രെ — അപ്രകാരം നിങ്ങളും ആത്മവരങ്ങളെ ൧൨
വർദ്ധിക്കയാൽ സഭയുടെ തികവിന്നായി വർദ്ധിച്ചുവരുവാൻ
അന്വേഷിപ്പിൻ — അതുകൊണ്ടു ഭാഷയിൽ പറയുന്ന ൧൩
വൻ വ്യാഖ്യാനിപ്പാനും കൂടെ പ്രാർത്ഥിക്കട്ടെ — ഞാ ൧൪
ൻ ഭാഷയാൽ പ്രാർത്ഥിച്ചാൽ എന്റെ ആത്മാവു പ്രാ
ർത്ഥിക്കുന്നു എൻ ബുദ്ധിയൊ ഫലമില്ലാതിരിക്കുന്നു —
— എന്നാൽ എന്തു — ഞാൻ ആത്മാവുകൊണ്ടു പ്രാർത്ഥിക്കും ൧൫
ബുദ്ധികൊണ്ടും പ്രാർത്ഥിക്കും ആത്മാവുകൊണ്ടു പാടും ബുദ്ധികൊ
ണ്ടും പാടും — അല്ലാഞ്ഞാൽ നീ ആത്മാവുകൊണ്ടു സ്തുതിച്ചാൽ ൧൬
സാമാന്യന്റെ സ്ഥലത്തിരിക്കുന്നവൻ നിന്റെ സ്തോത്രത്തി
ന്നു ആമെൻ എന്നു എങ്ങിനെ പറയും [illegible]

൧൭ എന്നത് എങ്ങിനെ ചൊല്ലും — നീ നന്നായി സ്തോത്രിക്കുന്നു
൧൮ ണ്ടും അന്യൻ ഇട്ടു വർദ്ധന വരുന്നില്ലതാനും — നിങ്ങൾ എല്ലാ
വരിലും അധികം ഞാൻ ഭാഷകളാൽ ഉരെക്കകൊണ്ടു ദൈ
൧൯ വത്തെ സ്തുതിക്കുന്നു — എങ്കിലും സഭയിൽ വെച്ചു ഭാഷയാ
ൽ ൧൦൦൦൦ വാക്കു ചൊല്ലുന്നതിനെക്കാളും മറ്റെവരെയും
പഠിപ്പിപ്പാൻ എൻ മനസ്സുകൊണ്ടു അഞ്ചു വാക്കു പറവാ
൨൦ ൻ ഇച്ഛിക്കുന്നു — സഹോദരരെ ബുദ്ധിയിൽ ബാലർ ആകൊ
ല്ലാ — ദുഷ്ടസംബന്ധിച്ചു ശിശുപ്രായരായി ബുദ്ധിയിൽ തികഞ്ഞ
൨൧ വർ ആകുവിൻ — ധർമ്മത്തിൽ എഴുതിയിരിക്കുന്നിതു — അന്യ
ഭാഷക്കാരെകൊണ്ടും വെറെ അധരങ്ങളാലും ഞാൻ ഈ
ജനത്തോടു ഉരെക്കും — എന്നിട്ടും അവർ എന്നെ കേൾക്കയില്ല
൨൨ എന്നു കർത്താവു പറയുന്നു. (യശ. ൨൮, ൧൧) — അവ്വണ്ണം ഭാ
ഷകൾ അടയാളമായിരിക്കുന്നു വിശ്വസിക്കുന്നവർക്ക് അല്ല അ
വിശ്വാസികൾക്കത്രെ — പ്രവചനമൊ അവിശ്വാസികൾക്കല്ല വി
൨൩ ശ്വാസികൾക്കായിത്തന്നെ — എങ്കിൽ സഭ ഒക്കയും ഒരുമിട്ടു
കൂടിവരുമ്പോൾ എല്ലാവരും ഭാഷകളാൽ ഉരെക്കിൽ സാമാന്യ
രൊ അവിശ്വാസികളൊ അകമ്പുക്കാൽ നിങ്ങൾ ഭ്രാന്തരെന്നു
൨൪ അ ചൊല്ലുകയില്ലയൊ — എല്ലാവരും പ്രവചിക്കിലൊ അവി
ശ്വാസിയൊ സാമാന്യനൊ അകമ്പുക്കാൽ എല്ലാവരാലും ശാ
സിക്കപ്പെടുന്നു എല്ലാവരാലും വിവെചിക്കപ്പെടുന്നു അവ
൨൫ ന്റെ ഹൃദയരഹസ്യങ്ങൾ വെളിവാകുന്നു — അങ്ങിനെ അവൻ മു
ഖം കവിണ്ണു വീണു ദൈവം ഉള്ളവണ്ണം നിങ്ങളിൽ ഇരിക്കു
ന്നു എന്നു എറ്റുപറഞ്ഞു ദൈവത്തെ നമസ്കരിക്കും.
൨൬ എന്നാൽ എന്തു സഹോദരന്മാരെ നിങ്ങൾ കൂടിവരുമ്പൊ
ൾ നിങ്ങളിൽ ഓരൊരുത്തന്നു സങ്കീർത്തനം ഉണ്ടു ഉപദേശം ഉണ്ടു
ഭാഷ ഉണ്ടു വെളിപ്പാടുണ്ടു വ്യാഖ്യാനം ഉണ്ടു — എല്ലാം വീട്ടുവ

ൾ തനിക്കായി ഭവിക്ക — ഭാഷകളാൽ ഉരെക്കിൽ ഇരുവർ ൨൭
താൻ ഏറക്കെ മൂവരൊളം താൻ ഉരെക്കുന്നതും മുറമുറയെ
ആക — ഒരുവൻ വ്യാഖ്യാനിക്ക — വ്യാഖ്യാനി ഇല്ലാഞ്ഞാൽ ഭാ ൨൮
ഷക്കാരൻ സഭയിൽ മിണ്ടാതെ അടങ്ങിക്ക തന്നോടും ദൈവ
ത്തോടും മാത്രം ഉരെക്ക — പ്രവാചകന്മാർ ഇരുവരൊ മൂ ൨൯
വരൊ പറക മറ്റവർ വകതിരിക്കാവു — ഇരിക്കുന്ന മ ൩൦
റ്റൊരുവന്നു വെളിപ്പാടു വരികിലൊ ഒന്നാമൻ മിണ്ടാതെ അട
ങ്ങുക — എല്ലാവരും പഠിപ്പാനും എല്ലാവരും പ്രബോധനം ൩൧
കൊൾവാനും താന്താനായി നിങ്ങൾ എല്ലാവരും പ്രവചിച്ചു കൂടു
മല്ലൊ — പ്രവാചകാത്മാക്കളും പ്രവാചകന്മാൎക്കു കീഴടങ്ങുന്നു — ൩൨
— ദൈവം അല്ലൊ വിശുദ്ധരുടെ സൎവ്വസഭകളിലും ഉള്ള പ്രകാ ൩൩
രം കലഹത്തിന്റെ അല്ല സമാധാനത്തിന്റെ ദൈവമാകു
ന്നു — സ്ത്രീകൾ സഭകളിൽ മിണ്ടാതെ അടങ്ങിക്ക ധൎമ്മവും ചൊ ൩൪
ല്ലുന്ന പ്രകാരം കീഴടങ്ങുക അല്ലാതെ ഉരെപ്പാൻ അവൎക്കു അ
നുവാദം ഇല്ല — സഭയിൽ ഉരെക്കുന്നതു സ്ത്രീകൾക്കു ലജ്ജയാക ൩൫
യാൽ അല്ലൊ അവർ വല്ലതും പഠിപ്പാൻ ഇച്ഛിച്ചാൽ വീട്ടിൽ ത
ങ്ങളുടെ പുരുഷന്മാരൊടു ചൊദിച്ചു കൊൾക — എന്തൊ ദൈവ ൩൬
വചനം നിങ്ങളിൽ നിന്നൊ പുറപ്പെട്ടു വന്നതു — നിങ്ങളൊ
ടും മാത്രമൊ എത്തിയതു — ഒരുത്തൻ പ്രവാചകൻ എന്നൊ ൩൭
ആത്മികൻ എന്നൊ തൊന്നിയാൽ ഞാൻ നിങ്ങൾക്ക് എഴുതുന്ന
വ കൎത്താവിൻ കല്പനകൾ എന്നു അറിക — ഒരുവൻ അറി ൩൮
യാഞ്ഞാലൊ അറിയായ്ക — അതു കൊണ്ടു സഹോദരന്മാരെ ൩൯
പ്രവചിപ്പതിനെ കാംക്ഷിപ്പിൻ ഭാഷകളാൽ ഉരെക്കുന്നതി
നെ തടുക്കായ്കയും അരുതു — സകലവും ഔചിത്യമായും ക്രമത്തി
ലും നടക്കേണ്ടതാക —

൧൫ അദ്ധ്യായം

പുനരുത്ഥാനം ഉണ്ടെന്നും ക്രമങ്ങൾ ഇന്നതെന്നും ബൊധിപ്പിച്ചതു.

൧ പിന്നെ സഹോദരന്മാരെ ഞാൻ നിങ്ങളൊടു സുവിശെഷി-
ച്ചതും നിങ്ങൾ പരിഗ്രഹിച്ചതും നില്ക്കുന്നതും രക്ഷപ്പെടുന്നതുമായ
൨ സുവിശെഷത്തെ അറിയിക്കുന്നു — നിങ്ങൾ വൃഥാ വിശ്വ-
സിച്ചു എന്നു വരാതെ ഞാൻ എന്തു വചനത്താൽ നിങ്ങളൊ-
ടു സുവിശെഷിച്ചു എന്നു പിടിച്ചുകൊണ്ടാലെ രക്ഷപ്പെടുന്നു
൩ ള്ളു — നിങ്ങളിൽ ഒന്നാമത ഞാനും പരിഗ്രഹിച്ചതിനെ
എല്പിച്ചതാവിത്: ക്രിസ്തൻ നമ്മുടെ പാപങ്ങൾക്കു വെണ്ടി തിരുവെ-
൪ ഴുത്തുകളിൻ പ്രകാരം മരിച്ചും എന്നും അടക്കപ്പെട്ടു — തിരുവെഴുത്തുക-
൫ ളിൻ പ്രകാരം മൂന്നാം നാൾ ഉണർത്തപ്പെട്ടിരിക്കുന്നു എന്നും കെഫാ-
൬ വിന്നും പിന്നെ പന്തിരുവർക്കും കാണായ്വന്നു എന്നും തന്നെ — അ-
നന്തരം അഞ്ഞൂറ്റിൽ പരം സഹോദരന്മാർക്ക് ഒരിക്കൽ കാണാ-
യി; അവരിൽ മിക്കവെറും ഇന്നെവരെ വസിക്കുന്നു ചിലർ നിദ്ര-
൭ കൊള്ളുകയും ചെയ്തു — അനന്തരം യാക്കൊബിന്നും പിന്നെ
൮ എല്ലാ അപൊസ്തലർക്കും കാണായ്വന്നു — എല്ലാവർക്കും ഒടുക്കം അലസി-
൯ പ്പിറന്ന ഒരുത്തന്ന എന്ന പൊലെ എനിക്കും കാണായ്വന്നു — ഞാനൊ
അപൊസ്തലരിൽ ഏറ്റവും ചെറിയവൻ ആകുന്നു ദൈവസഭയെ
ഹിംസിച്ചതിനാൽ അപൊസ്തലൻ എന്നു വിളിക്കപ്പെടുവാൻ യൊഗ്യനല്ല —
൧൦ എങ്കിലും ദൈവകൃപയാൽ ഞാൻ ആകുന്നതാകുന്നു — എന്നിലെ
തന്റെ കൃപ വ്യർത്ഥമായതും ഇല്ല — അവരെല്ലാവരെ
ക്കാളും ഞാൻ അത്യന്തം അദ്ധ്വാനിച്ചു ഞാനല്ലതാനും എന്നൊ
൧൧ ടു കൂടെയുള്ള ദൈവകൃപ അത്രെ — ആകയാൽ ഞാൻ ആക
ട്ടെ അവരാകട്ടെ ഇപ്രകാരം ഞങ്ങൾ ഘൊഷിക്കുന്നു ഇപ്രകാരം
൧൨ നിങ്ങളും വിശ്വസിച്ചു — ക്രിസ്തൻ മരിച്ചവരിൽനിന്ന

ഉണൎത്തപ്പെട്ടു എന്നു ഘോഷിക്കപ്പെടുന്നു എങ്കിൽ മരിച്ചവ
രുടെ പുനരുത്ഥാനം ഇല്ല എന്നു നിങ്ങളിൽ ചിലർ പറയുന്ന
ത് എങ്ങിനെ — മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എങ്കിൽ ൧൩
ക്രിസ്തനും ഉണൎത്തപ്പെട്ടില്ല ക്രിസ്തൻ ഉണൎത്തപ്പെടാത്തവൻ എ
ങ്കിൽ ഞങ്ങളുടെ ഘോഷണം വ്യൎത്ഥം നിങ്ങളുടെ വിശ്വാസവും ൧൪
വ്യൎത്ഥം അത്രെ — ഞങ്ങളും ദൈവം ഉണൎത്താത്ത ക്രിസ്തനെ അ ൧൫
വൻ ഉണൎത്തി എന്നു ദൈവത്തിന്നു വിരോധസാക്ഷ്യം ചൊല്ലു
കയാൽ ദൈവത്തിന്റെ കള്ളസാക്ഷികളായി കാണപ്പെട്ടു
ന്നു — മരിച്ചവർ എഴുനില്ക്കുന്നില്ലെന്നു വരികിൽ അത്രെ — ൧൬
കാരണം മരിച്ചവർ ഉണരുന്നില്ല എങ്കിൽ ക്രിസ്തനും ഉണൎത്ത ൧൭
പ്പെടാത്തവൻ — ക്രിസ്തൻ ഉണൎത്തപ്പെടാത്തവൻ എങ്കിൽ ൧൮
നിങ്ങളുടെ വിശ്വാസം പഴുതിൽ ആകുന്നു ഇന്നും നിങ്ങ
ളുടെ പാപങ്ങളിൽ ഇരിക്കുന്നു ക്രിസ്തനിൽ നിദ്രകൊണ്ടവരും
നശിച്ചുപോയി — നാം ഈ ജീവകാലത്തു മാത്രമെ ക്രിസ്തനിൽ ആ ൧൯
ശവെച്ചവരാകുന്നു എങ്കിൽ എല്ലാ മനുഷ്യരിലും അരിഷ്ടരു
ള്ളവരത്രെ —— ഇപ്പോഴൊ ക്രിസ്തൻ മരിച്ചവരിൽനിന്നു ൨൦
ഉണൎത്തപ്പെട്ടിരിക്കുന്നു നിദ്രകൊണ്ടവരുടെ ആദ്യഫലമായി
ട്ടത്രെ — എന്തെന്നാൽ മനുഷ്യനാൽ മരണം ഉണ്ടാകകൊ ൨൧
ണ്ട മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യനാൽ തന്നെ —
ആദാമിൽ എല്ലാവരും മരിക്കുന്ന പ്രകാരം തന്നെ ക്രിസ്തനി ൨൨
ൽ എല്ലാവരും ഉയിൎപ്പിക്കപ്പെടും — എല്ലാവരും താന്താന്റെ ൨൩
നിരയിൽ താനും — ആദ്യഫലമായി ക്രിസ്തൻ അനന്തരം ക്രിസ്തനുള്ള
വർ അവന്റെ പ്രത്യക്ഷതയിൽ — പിന്നെ അവസാനം — അന്നു ൨൪
അവൻ എല്ലാ വാഴ്ചയെയും സകല അധികാരശക്തികളെ
യും നീക്കം വരുത്തിയശേഷം പിതാവായ ദൈവത്തിന്നു
രാജ്യത്തെ ഏല്പിക്കും — അവൻ എല്ലാ സകലശത്രുക്കളെ ൨൫

ത്തും തന്റെ കാലുകളിൻ കീഴിൽ ആക്കുവൊളത്തിന്ന വാഴെണ്ടു
൨൬ ന്നു— ഒടുക്കത്തെ ശത്രുവായി മരണം തന്നെ നീക്കപ്പെടു
൨൭ ന്നു— സകലത്തെയും അവന്റെ കാലുകളിൻ കീഴാക്കിയെന്ന
ങ്ങല്ലൊ (സങ്കി. ൮, ൬)— സകലവും അവന്ന കീഴാക്കപ്പെട്ടു എ
ന്നു ചൊല്ലുകയിൽ സകലവും കീഴാക്കി കൊടുത്തവൻ ഒഴിക
൨൮ ഴിഞ്ഞെന്നു സ്പഷ്ടം— എങ്കിലും അവന്നു സകലവും കീഴ്പെട്ടുവ
ന്നാല്പാഴെക്കു പുത്രൻതാനും സകലവും കീഴാക്കി കൊടുത്തവ
ന്നു കീഴ്പ്പെട്ടിരിക്കും— ദൈവം സകലത്തിലും സകലവും ആകെ
൨൯ ണ്ടതിന്നു തന്നെ— അല്ലായ്കിൽ മരിച്ചവൎക്കു മെലെ സ്നാനം
എല്ക്കുന്നവർ എന്തു ചെയ്യും മരിച്ചവർ കെവലം ഉണരുന്നില്ല
൩൦ എങ്കിൽ അവൎക്കു മെലെ സ്നാനം എല്ക്കുന്നതു എന്തു— ഞങ്ങ
൩൧ ളും നാഴികതൊറും കുടുക്കിൽ ആകുന്നതു എന്തു— സഹൊദരന്മാ
രെ നമ്മുടെ കൎത്താവായ യെശുക്രിസ്തനിൽ എനിക്കുള്ളതായ
൩൨ ഉളപ്രശംസയാണ ഞാൻ ദിവസെന നാശമാകുന്നു— ഞാൻ എ
ഫെസിൽ വെച്ചു മൃഗങ്ങളൊടു പൊർ എറ്റതു മാനുഷഭാവത്തിൽ ആ
യെന്നാൽ എനിക്ക് എന്തു പ്രയൊജനം— മരിച്ചവർ ഉണരാ
ഞ്ഞാൽ നാം തിന്നും കുടിച്ചും കൊൾക നാളെയല്ലൊ ചാകും എന്നെ
൩൩ ത്രെ (യശ. ൨൨, ൧൩)— ഭ്രമപ്പെടായ്കിൻ ഉത്തമഭാവങ്ങ
൩൪ ളെ കെടുക്കുന്നു ദുസ്സംഗങ്ങൾ— നീതിക്കൊത്തു ഉണൎന്നുകൊൾവിൻ
പാപം ചെയ്യാതിരിപ്പിൻ— ചിലൎക്കു ദൈവവിഷയജ്ഞാനത്തിൻ
ഇല്ലായ്ക ഉണ്ടു ഞാൻ നിങ്ങൾക്കു ലജ്ജെക്കായി പറയുന്നു—
൩൫ പക്ഷെ ഒരുവൻ മരിച്ചവർ എങ്ങിനെ ഉണരും എന്നും
൩൬ ഏതു വിധമുള്ള ശരീരത്തൊടെ വരുന്നു എന്നും ചൊല്ലും— മൂഢ
നീ വിതെക്കുന്നതു ചത്തില്ല എങ്കിൽ ഉയിൎപ്പിക്കപ്പെടുന്നില്ല—
൩൭ നീ വിതെക്കുന്നതൊ ഭവിപ്പാനുള്ള ശരീരമല്ല പക്ഷെ കോത
മ്പു മുതലായതിൽ ഒരു വെറുമ്മണിയത്രെ വിതെക്കുന്നുള്ളു—

ദൈവമൊ ഇഷ്ടപ്രകാരം അതിന്നു ശരീരത്തെയും ബീജ ൩൮
ങ്ങളിൽ ഓരൊന്നിന്നു അതിന്റെ ശരീരത്തെയും കൊടുക്കു
ന്നു — എല്ലാ മാംസവും സമമാംസം അല്ല മനുഷ്യരുടെതു വെ ൩൯
റെ കന്നുകാലികളുടെ മാംസം വെറെ മത്സ്യങ്ങളുടെതു വെറെ
പക്ഷികളുടെതും വെറെ — സ്വൎഗ്ഗീയശരീരങ്ങളും ഭൌമശ ൪൦
രീരങ്ങളും ഉണ്ടു — സ്വൎഗ്ഗീയങ്ങളുടെ തെജസ്സു അന്യം ഭൌമ
ങ്ങളുടെ തെജസ്സു അന്യം — സൂൎയ്യന്റെ തെജസ്സു വെറെ ൪൧
ചന്ദ്രന്റെ തെജസ്സു വെറെ നക്ഷത്രങ്ങളുടെ തെജസ്സും വെ
റെ നക്ഷത്രത്തിന്നു നക്ഷത്രത്തിൽ തെജസ്സു കൊണ്ടു ഭെ
ദം ഉണ്ടല്ലൊ — അവ്വണ്ണം തന്നെ മരിച്ചവരുടെ പുനരു ൪൨
ത്ഥാനം കെടിൽ വിതെക്കപ്പെടുന്നു കെടായ്മയിൽ ഉണ
രുന്നു അവമാനത്തിൽ വിതെക്കപ്പെടുന്നു തെജസ്സിൽ ൪൩
ഉണരുന്നു ബലഹീനതയിൽ വിതെക്കപ്പെടുന്നു ശക്തി
യിൽ ഉണരുന്നു പ്രാണമയശരീരം വിതെക്കപ്പെടുന്നു ൪൪
ആത്മികശരീരം ഉണരുന്നു — പ്രാണമയശരീരവും ആ ൪൫
ത്മികശരീരവും ഉണ്ടു — അപ്രകാരം എഴുതിയതു — ആദാം എന്ന
ഒന്നാം മനുഷ്യൻ ജീവനുള്ള ദെഹിയായി ചമഞ്ഞു ഒടു
ക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായത്രെ —
ആത്മികമായതു മുമ്പെ അല്ല താനും പ്രാണമയമായതത്രെ ൪൬
പിന്നെ ആത്മികം — ഒന്നാം മനുഷ്യൻ ഭൂമിയിൽനിന്നു ൪൭
മണ്മയൻ രണ്ടാം മനുഷ്യൻ സ്വൎഗ്ഗത്തിൽനിന്നു കൎത്താവ
ത്രെ — മണ്മയൻ എത്രപ്രകാരം മണ്മയരും അപ്രകാരം ൪൮
സ്വൎഗ്ഗീയൻ എത്രപ്രകാരം ഉള്ളവൻ സ്വൎഗ്ഗീയരും അപ്ര
കാരം — നാം മണ്മയന്റെ പ്രതിമ പൂണ്ടുനടന്നപൊലെ ൪൯
സ്വൎഗ്ഗീയന്റെ പ്രതിമയും പൂണ്ടുനടക്കും — സഹൊദരന്മാരെ ൫൦
ഞാൻ മൊഴിയുന്നിതു മാംസരക്തങ്ങൾക്കു ദൈവരാജ്യത്തെ

അവകാശം ആക്കുവാൻ കഴികയില്ല ക്ഷയമുള്ളതു അക്ഷയത്തെയും
൫൧ അവകാശം ആക്കുകയും ഇല്ലല്ലൊ അത്രെ — ഇതാ ഞാൻ നിങ്ങളോടു ഒരു രഹസ്യം
൫൨ പറയുന്നു — നാം എല്ലാവരും ഉറങ്ങുകയില്ല എങ്കിലും ഒരു നിമിഷം
ഒരു ക്ഷണം കൊണ്ടു കണ്ണിമെക്കുന്നിടയിൽ ഒടുക്കത്തെ
കാഹളനാദത്തിങ്കൽ എല്ലാവരും മാറപ്പെട്ടും താനും — കാ
ഹളം ധ്വനിക്കും സത്യം ഉടനെ മരിച്ചവർ അക്ഷയരായി ഉണ
൫൩ ർത്തപ്പെടുകയും നാം മാറപ്പെടുകയും ചെയ്യും — എന്തെ
ന്നാൽ ഈ ക്ഷയമുള്ളതു അക്ഷയത്തെ ധരിക്കയും
൫൪ ഈ ചാകുന്നതു ചാകായ്മയെ ധരിക്കയും വെണ്ടു — എന്നാ
ൽ ഈ ക്ഷയമുള്ളതു അക്ഷയത്തെയും ഈ ചാകുന്നതു
ചാകായ്മയെയും ധരിച്ചിട്ടു പിന്നെ മരണം ജയ
ത്തിൽ വിഴുങ്ങപ്പെട്ടു (യശ. ൨൫.൮) എന്ന എഴുതിയ വച
൫൫ നം ഉണ്ടാകും — ഹെ മരണമെ നിൻ വിഷമുള്ളു എവിടെ
൫൬ പാതാളമെ നിൻ ജയം എവിടെ (ഹോശ. ൧൩.൧൪) — മര
ണത്തിൻ മുള്ളു പാപം തന്നെ പാപത്തിൻ ശക്തിയൊ ധർമ്മമത്രെ —
൫൭ — നമ്മുടെ കർത്താവായ യെശു ക്രിസ്തനെ കൊണ്ടു നമുക്കു ജ
൫൮ യം തരുന്ന ദൈവത്തിന്നു സ്തോത്രം — ആകയാൽ എ
ൻ പ്രിയ സഹോദരന്മാരെ ഉറപ്പുള്ളവരും ഇളകാത്തവരും
നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ലെന്ന് അറികയാ
ൽ കർത്താവിൻ വെലയിൽ എപ്പൊഴും വഴിയുന്നവരും ആ
കുവിൻ —

൧൬ അദ്ധ്യായം

യരുശലെമ്യർക്കുള്ള പെരുമാനം മുതലായതിന്നാന്ന
കാര്യങ്ങൾ

൧ വിശുദ്ധന്മാർക്കുള്ള ധർമ്മത്തെ കുറിച്ചൊ

ൻ ഗർവ്വങ്ങളും ശണ്ഠകളും കലഹങ്ങളും ഉണ്ടായിരിക്കുമെന്നും
ചെയ്യുന്നു— ഞാൻ വന്നാൽ പിന്നെയും എന്റെ ദൈവം എന്നെ ൨൧
ഭവിക്കാതിരിക്കേണ്ടതിന്നു— മുമ്പു പാപം ചെയ്തിട്ടും മാനസാന്തര
പ്പെടാതെ അവരിൽ ചെയ്തിട്ടുള്ള അശുദ്ധിയും ദുർന്നടപ്പും
കാമവികാരവും ചെയ്തിരിക്കുന്ന— ഞാൻ മൂന്നാം പ്രാവശ്യം ൧൩
നിങ്ങളുടെ അടുക്കൽ വരുന്നു രണ്ടു മൂന്നു സാക്ഷികളുടെ
വായാൽ ഓരോ വചനവും ഉറപ്പിക്കപ്പെടും— ഞാൻ
മുമ്പിൽ പറഞ്ഞിരിക്കുന്നു— ഞാൻ രണ്ടാം പ്രാവശ്യം ൨
കൂടെയിരുന്നപ്പോൾ എന്ന പോലെ ഇപ്പോൾ ദൂരത്തായിരുന്നു
കൊണ്ടും— ഞാൻ മുമ്പെ പാപം ചെയ്തവരോടും ശേഷം എല്ലാ ൩
വരോടും എഴുതുന്നു— ഞാൻ വീണ്ടും വന്നാൽ ഇളെക്കുകയില്ല ൪
എന്നു— ക്രിസ്തു എന്നിൽ സംസാരിക്കുന്നതിന്റെ പരീക്ഷ
അന്വേഷിക്കുന്നതുകൊണ്ടു— അവൻ നിങ്ങളോടു ബലഹീന
നല്ല നിങ്ങളിൽ ശക്തനത്രെ— അവൻ ബലഹീനതയാൽ ൫
ക്രൂശിക്കപ്പെട്ടു എങ്കിലും ദൈവത്തിന്റെ ശക്തിയാൽ ജീവി ൬
ക്കുന്നു— ഞങ്ങളും അവനിൽ ബലഹീനരാകുന്നു എങ്കിലും നി
ങ്ങളോടുള്ള ദൈവശക്തിയാൽ അവനോടുകൂടെ ജീവി
ക്കും— നിങ്ങൾ വിശ്വാസത്തിലുണ്ടോ എന്നു നിങ്ങളെ ൭
തന്നെ പരീക്ഷിപ്പിൻ നിങ്ങളെ തന്നെ ശോധന ചെയ്വിൻ
യേശുക്രിസ്തു നിങ്ങളിൽ ഉണ്ടെന്നു നിങ്ങൾ അറിയുന്നില്ലയോ
നിങ്ങൾ കൊള്ളരുതാത്തവർ എങ്കിൽ അത്രെ— ഞങ്ങൾ കൊള്ളരു
താത്തവരല്ല എന്നു നിങ്ങൾ അറിയും എന്നു ഞാൻ ആശി
ക്കുന്നു— നിങ്ങൾ യാതൊരു ദോഷവും ചെയ്യാതിരിപ്പാൻ ഞാൻ ൮
ദൈവത്തോടു പ്രാർത്ഥിക്കുന്നു— സത്യത്തിന്നു വിരോധമായി ഞ
ങ്ങൾക്കു ഒന്നും കഴികയില്ല— ഞങ്ങൾ ബലഹീനരും നിങ്ങൾ ൯
ശക്തരും ആകുമ്പോൾ ഞങ്ങൾ സന്തോഷിക്കുന്നു— ഇതും ൧൦

ളിൽ ചെല്ലുണ്ടതിന്നു ഞാൻ പലവും ചൊല്ലി അവനെ പ്രബൊ
ധിപ്പിച്ചു എങ്കിലും ഇപ്പൊൾ വരുവാൻ കെവലം മനസ്സായി
൧൩ ല്ല — നല്ല അവസരം തൊന്നിയാൽ അവൻ വരും — ജാ
ഗരിപ്പിൻ വിശ്വാസത്തിൽ ഉറെച്ചു നില്പിൻ പുരുഷത്വം കാട്ടുവിൻ ബലി
൧൪ ഷ്ഠം പ്രവൃത്തിപ്പിൻ — നിങ്ങളുടെത് എല്ലാം സ്നെഹത്തിൽ നടക്ക
൧൫ ട്ടാക — സഹൊദരന്മാരെ ഞാൻ നിങ്ങളെ പ്രബൊ
ധിപ്പിക്കുന്നിത — സ്തെഫനാവിന്റെ ഗൃഹം അഖായയുടെ ആ
ദ്യഫലം എന്നും അവർ വിശുദ്ധന്മാരുടെ ശുശ്രൂഷെക്ക തങ്ങളെ
൧൬ തന്നെ ആക്കി എന്നും നിങ്ങൾ അറിയുന്നു — ഇപ്രകാരമുള്ളവൎക്കും
കൂടെ പ്രവൃത്തിക്കുന്നവനും എല്ലാവനും നിങ്ങളും കീ
൧൭ ഴ്പ്പെടെണ്ടു — സ്തെഫനാവും ഫൊൎത്തുനാതനും അഖായിക്കനും വ
൧൮ ന്നതിനാൽ ഞാൻ സന്തൊഷിക്കുന്നു ഇവർ അല്ലൊ എന്റെ ആത്മാ
വിനെയും നിങ്ങളുടെതിനെയും തണുപ്പിച്ചു നിങ്ങളുടെ അഭാ
വത്തിന്നു പകരം വരുത്തി — എന്നാൽ ഇങ്ങിനെ ഉള്ളവരെ
തിരിഞ്ഞുകൊള്ളുവിൻ —

൧൯ ആസ്യസഭകൾ നിങ്ങളെ വന്ദിക്കുന്നു അക്കിലാവും പ്രിസ്കി
ല്ലയും അവരുടെ ഭവനത്തിലെ സഭയും കൎത്താവിൽ നിങ്ങ
൨൦ ളെ വളരെ വന്ദിക്കുന്നു — എല്ലാ സഹൊദരരും നിങ്ങളെ വന്ദിക്കു
ന്നു — വിശുദ്ധചുംബനത്താൽ അന്യൊന്യം വന്ദിപ്പിൻ —
൨൧ പൌലാകുന്ന എന്റെ കൈയാലെ വന്ദനം — യെശുക്രിസ്തു കൎത്താവാ
യ യെശുക്രിസ്തനിൽ വല്ലവനും പ്രെമം ഇല്ലാഞ്ഞാൽ അവ
൨൨ ൻ ശാപഗ്രസ്തനാക — മരൻ അഥാ ക്രൊത്താവരുന്നു —
൨൩ കൎത്താവായ യെശുക്രിസ്തന്റെ കരുണ നിങ്ങളൊടു കൂടെ ഇരിക്കു
൨൪ മാറാക — ക്രിസ്തു യെശുവിൽ എന്റെ സ്നെഹം നിങ്ങൾ എല്ലാവ
രൊടും കൂടെ ഇരിക്കു — ആമെൻ —

കൊരിന്തക്കാൎക്കെഴുതിയ രണ്ടാം ലെഖനം

൧ അദ്ധ്യായം

പ്രാണഭയത്തിൽനിന്ന രക്ഷിക്കപ്പെട്ടതിനാൽ ദൈവസ്തൊത്രം ചെയ്തതാൻ
മനസ്സാക്ഷിയുടെ ശുദ്ധിയെയും കൊരിന്തക്കാരുടെ സമ്മതത്തെ
യും ബൊധിപ്പിക്കുന്നു—

ദൈവെഷ്ടത്താൽ യെശുക്രിസ്തുവിന്റെ അപൊസ്തലനായ പൌലുസും ൧
സഹൊദരനായ തിമൊഥ്യനും— കൊരിന്തിലുള്ള ദൈവ
സഭെക്കും അഖായായിൽ എങ്ങും ഉള്ള സകല ശുദ്ധിമാന്മാൎക്കും
കൂടെ എഴുതുന്നത— നമ്മുടെ പിതാവായ ദൈവത്തിൽനിന്നും ൨
കൎത്താവായ യെശുക്രിസ്തുവിൽനിന്നും നിങ്ങൾക്കു കൃപയും
സമാധാനവും ഉണ്ടാവുതാക—

മനസ്സലിവിൻ പിതാവും സൎവ്വാശ്വാസത്തിന്റെ ൩
ദൈവവും ആകുന്ന നമ്മുടെ കൎത്താവായ യെശുക്രിസ്തുവിന്റെ ദൈ
വവും പിതാവും ആയവൻ വാഴ്ത്തപ്പെട്ടവൻ ആക— അവനല്ലൊ ൪
യാതൊരു സങ്കടത്തിലും ഉള്ളവരെ ഞങ്ങൾക്കു ദൈവത്താൽ ആ
ശ്വാസം കൊണ്ട ആശ്വസിപ്പിക്കുമാറു ഞങ്ങളെ എല്ലാ സങ്ക
ടത്തിലും ആശ്വസിപ്പിക്കുന്നു— എന്തെന്നാൽ ക്രിസ്തുവിന്റെ ക ൫
ഷ്ടങ്ങൾ ഞങ്ങളിൽ വൎദ്ധിക്കുന്നതു പൊലെ ക്രിസ്തുവിനാൽ ഞങ്ങ
ളുടെ ആശ്വാസവും വൎദ്ധിക്കുന്നു— ഞങ്ങൾ സങ്കടപ്പെട്ടാലും നി ൬
ങ്ങളുടെ ആശ്വാസത്തിന്നും രക്ഷെക്കും ആകുന്നിട്ടത്രെ— ആശ്വാ
സപ്പെട്ടാലും ഞങ്ങളും അനുഭവിക്കുന്ന കഷ്ടങ്ങളെ നിങ്ങൾ
സഹിപ്പാൻ തിനെ സാധിപ്പിക്കുന്ന നിങ്ങളുടെ ആശ്വാസത്തിന്നു

൭ ആറെ—നിങ്ങൾ കഷ്ടങ്ങൾക്കു കൂട്ടാളികൾ ആകുന്ന പ്രകാരം ആ
ശ്വാസത്തിന്നും ആകുന്നു എന്നറികയാൽ നിങ്ങൾക്കു വെണ്ടി ഞങ്ങ
൮ ളുടെ പ്രത്യാശ ഉറെച്ചുള്ളതു തന്നെ— സഹോദരന്മാരെ ആ
സ്യയിൽ ഞങ്ങൾക്കു ഉണ്ടായ സങ്കടത്തെ നിങ്ങൾ ബോ
ധിക്കാതെ ഇരിക്കരുത് എന്ന് ആഗ്രഹിക്കുന്നു സത്യം—അവി
ടെ ജീവിക്കയും എന്നതിൽ നിലവരം ഒഴിഞ്ഞു ഞങ്ങൾ ശക്തി
൯ ക്കു മീതെ അത്യന്തം ഭാരപ്പെട്ടു— അതെ ഞങ്ങളിൽ അല്ല മരി
ച്ചവരെ ഉണർത്തുന്ന ദൈവത്തിങ്കൽ തന്നെ വിശ്വസിച്ചവ
ർ ആകും വണ്ണം ഞങ്ങൾ ഉള്ളിൽ തന്നെ മരണം എന്ന പ്രത്യു
൧൦ ത്തരം ഉണ്ടായിട്ടുണ്ടു— ആയവൻ അത്ര വലിയ മരണത്തി
ൽ നിന്നു ഞങ്ങളെ ഉദ്ധരിച്ചു ഇന്നും ഉദ്ധരിക്കുന്നു ഇനിമെ
൧൧ ലും ഉദ്ധരിക്കും എന്ന അവനിൽ ആശിക്കുന്നു— ആയതി
ന്നു നിങ്ങളും ഞങ്ങൾക്കു വെണ്ടി പ്രാർത്ഥനയാൽ തുണെക്കുന്നു
ണ്ടല്ലൊ—പല ആളുകളാൽ ഉപകാരം ഞങ്ങൾക്കു വന്ന കൃപാസമ്മാ
നത്തിന്നു പലരാലും ഞങ്ങൾക്കായിട്ടു സ്തോത്രം ഉണ്ടാവാൻ തന്നെ—
൧൨ ഞങ്ങളുടെ പ്രശംസ ആകുന്നത— ഞങ്ങൾ ലൌ
കികജ്ഞാനത്തിൽ അല്ല ദൈവകൃപയിൽ അത്രെ ഏകാഗ്ര
തയിലും ദൈവസ്വഛതയിലും തന്നെ ലോകത്തിങ്കൽ വിശെ
ഷാൽ നിങ്ങളോടു നടന്നു കൊണ്ടു എന്നു ഞങ്ങളുടെ മനോബോ
൧൩ ധത്തിന്റെ സാക്ഷ്യം തന്നെ— നിങ്ങൾ വായിച്ചും അറിഞ്ഞും
കൊള്ളുന്നവ എന്നി വിപരീതമായവ അല്ലല്ലൊ ഞങ്ങൾ നി
ങ്ങൾക്കു എഴുതുന്നു—അവസാനത്തോളവും നിങ്ങൾ അപ്പോലെ
൧൪ അറിഞ്ഞു കൊള്ളും എന്ന ഞാൻ പ്രത്യാശിക്കുന്നു— കർത്താ
വായ യേശുവിൻ നാളിൽ നിങ്ങൾ ഞങ്ങൾക്കു എന്ന പോലെ ഞ
ങ്ങൾ നിങ്ങൾക്കും പ്രശംസ ആകുന്നു എന്നു നിങ്ങൾ ഏകദേശം അ
൧൫ റിഞ്ഞു കൊണ്ട പ്രകാരം തന്നെ— ആ ആശ്രയം ഉറെച്ചിട്ടു താനെ

ഞാൻ നിങ്ങൾക്കു രണ്ടാമത് ഒരു കരുണ ഉണ്ടാകേണം എന്നു
വെച്ചു മുമ്പെ നിങ്ങളുടെ അടുക്കെ ചെല്ലുവാനും അങ്ങെ വഴിയായി ൧൬
മക്കദൊന്യെക്കു പൊയി പിന്നെയും മക്കദൊന്യയെ വിട്ടു
നിങ്ങളിൽ പൊരുവാനും നിങ്ങളാൽ യഹൂദയിലെക്കു യാത്ര
അയക്കപ്പെടുവാനും മനസ്സായിരുന്നു — ഇതു നിരൂപിക്കയിൽ ൧൭
ഞാൻ പക്ഷെ മനൊലഘുത്വം കാട്ടിയൊ അല്ല ഞാൻ നി
രൂപിക്കുന്നവ ജഡപ്രകാരം നിരൂപിക്കുന്നുവൊ — ഉവ്വു ഉ ൧൮
വ്വു എന്നതും ഇല്ല ഇല്ല എന്നതും ഉണ്ടാം എന്റെ പക്കൽ
ഇരിക്കത്തക്കവണ്ണമൊ — അല്ല ദൈവം വിശ്വാസ്യനാക
നാൽ നിങ്ങളൊടുള്ള ഞങ്ങടെ വചനം ഉവ്വും എന്നും ഇല്ല എ
ന്നും ആയില്ല — നിങ്ങളിൽ ഞാൻ സില്വാൻ തിമൊഥ്യൻ ൧൯
ഈ ഞങ്ങളാൽ അല്ലൊ ഘൊഷിക്കപ്പെട്ട ദൈവപുത്രനാ
യ യെശുക്രിസ്തൻ ഉവ്വും ഇല്ലും എന്നവരാതെ ഉവ്വ എന്നതു
ത്രെ അവനിൽ ഉണ്ടായി — എങ്ങനെ എന്നാൽ ദൈവത്തി ൨൦
ൻ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ എന്നതു ഉ
ണ്ടാകുന്നു — അവനാൽ ഞങ്ങളാൽ ദൈവത്തിന്നു തെജസ്സും
ആമെൻ എന്നതു ഉണ്ടായി — ഞങ്ങളെ നിങ്ങളൊടു കൂ ൨൧
ടെ ക്രിസ്തനകലെക്കു ഉറപ്പിച്ചു കൊള്ളുന്നതും നമ്മെ അഭി
ഷെകിച്ചതും ദൈവമത്രെ ആകുന്നു — അവൻ നമ്മെ മുദ്രയി ൨൨
ട്ടും ആത്മാവാകുന്ന അച്ചാരത്തെ നമ്മുടെ ഹൃദയങ്ങളിൽ കൊ
ടുത്തും ഉള്ളവൻ — ഞാനൊ ദൈവത്തെ എൻ ദെഹി ൨൩
ക്കു സാക്ഷിയായി വിളിച്ചു ചൊല്ലുന്നിതു നിങ്ങളെ ആദരിച്ചി
ട്ടത്രെ ഞാൻ ഇന്നെവരെ കൊരിന്തിൽ വരാഞ്ഞതു — നി ൨൪
ങ്ങളുടെ വിശ്വാസത്തിന്നു ഞങ്ങൾ കൎത്തൃത്വം ഉടയർ എന്ന
ല്ലതാനും നിങ്ങളുടെ സന്തൊഷത്തിന്നു ഞങ്ങൾ സഹകാരിക
ൾ അത്രെ — വിശ്വാസത്താൽ അല്ലൊ നിങ്ങൾ നില്ക്കുന്നു —

൨ അദ്ധ്യായം

പൌലൊസിനൊടു ക്ഷമിക്കുന്ന—പെടിയായിട്ടിലും കൊരിന്ത വൎത്തമാനത്താലും അനുഭവിച്ചതു—

൧ വിശെഷിച്ചു ഞാൻ പിന്നെയും ദുഃഖത്തൊടെ നിങ്ങളിൽ
൨ വരരുത് എന്നത എനിക്കായിട്ട ഞാൻ നിശ്ചയിച്ചു—എന്തെ
ന്നാൽ ഞാൻ നിങ്ങളെ ദുഃഖിപ്പിച്ചാൽ എന്നാൽ ദുഃഖിത
൩ ൻ അല്ലാതെ എന്നെ ആനന്ദിപ്പിക്കുന്നത് ആർ—എന്നാൽ
ഞാൻ നിങ്ങളിൽ വന്നാൽ എന്നെ സന്തൊഷിപ്പിക്കെണ്ടി
യവരാൽ ദുഃഖം ഉണ്ടാകരുത് എന്ന അതു എഴുതി എന്റെ സന്തൊ
ഷം നിങ്ങൾ എല്ലാവൎക്കും സന്തൊഷം എന്ന നിങ്ങൾ എല്ലാവ
രെയും നിനെച്ചുകൊണ്ടും ഞാൻ അതിനെ തന്നെ നിങ്ങൾക്കു എ
൪ ഴുതിയത്—വളരെ സങ്കടത്തിലും ഹൃദയത്തിൻ അടെപ്പിലും
ഏറിയ കണ്ണീരൊടും ഞാൻ നിങ്ങൾക്ക എഴുതി സത്യം—നിങ്ങൾ ദു
ഃഖപ്പെടെണം എന്നല്ല എനിക്ക നിങ്ങളിൽ ഉള്ള അത്യന്ത
൫ സ്നെഹത്തെ അറിവാനായിട്ടത്രെ—ഒരുവൻ എന്നെ ദുഃഖി
പ്പിച്ചിട്ടുണ്ടെങ്കിലൊ അവൻ എന്നെ അല്ല ഞാൻ അതിയാ
യി ചൊല്ലുകത് ഒരു ദെശം നിങ്ങളെ എല്ലാവരെയും ദുഃഖി
൬ പ്പിച്ചിരിക്കുന്നു—ഇപ്രകാരമുള്ളവന അധികവരാലും വന്ന ഈ ശിക്ഷ
൭ പൊരും—ആകയാൽ അതിദുഃഖത്താൽ അവൻ വിഴുങ്ങ
പ്പെടാതിരിപ്പാൻ നിങ്ങൾ പൊറുതി സമ്മാനിക്കയും ആശ്വസിപ്പിക്ക
൮ യും വെണമെന്നത്രെ—അതുകൊണ്ട അവനൊടു സ്നെഹത്തെ
൯ ഉറപ്പിച്ചുകൊള്ളുവാൻ നിങ്ങളെ പ്രബൊധിപ്പിക്കുന്നു—നിങ്ങ
ൾ എല്ലാംകൊണ്ടും അധീനരാകുന്നവരൊ എന്ന നിങ്ങൾ
ങ്ങളുടെ നിശ്ചയത്തെ അറിയെണ്ടതിന്നല്ലൊ ഞാൻ എഴുതി
൧൦ യത്—നിങ്ങൾ ആരൊടു ഏതുകൊണ്ടും പൊറുത്താലും അവ

നൊഴുഞാനും — ഞാൻ എല്ലാം വല്ലതും പൊറുത്തിട്ടുണ്ടെങ്കിൽ
നിങ്ങൾനിമിത്തം ക്രിസ്താന്റെ സന്നിധാനത്തിൽ തന്നെ അങ്ങിനെ
ചെയ്തു — സാത്താനാൽ നാം തോല്പിക്കപ്പെടാതെ ഇരി ൧൧
പ്പാൻ തന്നെ അവന്റെ നിനവുകളെ നാം അറിയാത്തവർ അ
ല്ലല്ലൊ.

എന്നാൽ ഞാൻ ക്രിസ്താന്റെ സുവിശേഷത്തിന്നായി ൧൨
ത്രോവാസിൽ വന്നാറെ കർത്താവിൽ എനിക്ക് ഒരു വാതിൽ തു
റന്നപ്പോൾ എന്റെ സഹോദരനായ തീത്തനെ കാണായ്കയാ
ൽ എന്റെ ആത്മാവിൽ സൗസ്ഥ്യം ഉണ്ടായില്ല — ഞാൻ അ ൧൩
വരോടു യാത്ര പറഞ്ഞു മക്കദോന്യക്കു പുറപ്പെട്ടു — എങ്കി ൧൪
ലും ക്രിസ്താനിൽ ഞങ്ങളെ എപ്പോഴും ജയോത്സവം ചെയ്യി
ച്ചും എല്ലാടത്തും ഞങ്ങളെക്കൊണ്ട് അവന്റെ അറിവിന്റെ വാ
സനയെ തെളിയിച്ചും പോരുന്ന ദൈവത്തിന്നു സ്തോത്രം —
എങ്ങിനെ എന്നാൽ രക്ഷിക്കപ്പെടുന്നവരിലും നശിക്കുന്നവ ൧൫
രിലും ഞങ്ങൾ ദൈവത്തിന്നു ക്രിസ്താന്റെ സൌരഭ്യം ആകുന്നു —
ഇവർക്കു മരണത്തിലേക്കുള്ള മരണവാസന — അവർക്കൊ ജീ ൧൬
വനിലേക്കുള്ള ജീവവാസന തന്നെ — എന്നാൽ ഇതിന്നു ആർ പ്രാപ്ത
നാകുന്നു — ഞങ്ങൾ അല്ലൊ അനേകർ ചെയ്യുമ്പോലെ ദൈ ൧൭
വവചനത്തെ കലക്കിപ്പിരട്ടുന്നവർ അല്ല സ്വച്ഛതയിൽ നിന്നു
ദൈവത്തിൽ നിന്നുള്ള പ്രകാരം തന്നെ ഞങ്ങൾ ദൈവസന്നിധാ
നെ ക്രിസ്തനിൽ സംസാരിക്കുന്നു.

൩ അദ്ധ്യായം

(൧–൬) അപൊസ്തലൻ തൻ ശുശ്രൂഷയെ പ്രശംസി
ച്ചു മോശെ ശുശ്രൂഷയോട് ഉപമിക്കുന്നു.

ഞങ്ങൾ തന്നെ പിന്നെയും നമ്മെ സ്തുതിപ്പാൻ തുടങ്ങുന്നുവൊ — ൧

അല്ല നിങ്ങളൊട് ആകട്ടെ നിങ്ങളിൽനിന്ന് ആകട്ടെ രഞ്ജി
പ്പിക്കുന്ന പത്രികകൾ ചിലരെ പൊലെ ഞങ്ങൾക്കു· വെണ്ടൊ
൨ വണ്ടതൊ — ഞങ്ങളുടെ പത്രിക നിങ്ങൾ തന്നെ - അത ഞങ്ങ
ളുടെ ഹൃദയങ്ങളിൽ എഴുതി കിടക്കുന്നു· എല്ലാമനുഷ്യരാലും· വാ
൩ യിച്ചറിയപ്പെടുന്നത — ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ
ക്രിസ്തന്റെ പത്രികയായല്ലൊ നിങ്ങൾ വിളങ്ങിവരുന്നു - അ
തും മഷികൊണ്ടല്ല ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാല
ത്രെ കല്പലകകളിൽ അല്ല ഹൃദയത്തിന്റെ മാംസപ്പലകകളിൽ അ
൪ ത്രെ എഴുതപ്പെട്ടത —
൫ ആവക ഉറപ്പും ഞങ്ങൾക്കു ദൈവത്തെക്കുറിച്ചു ക്രിസ്തുനാൽ ഉണ്ട — ഞങ്ങളിൽ
നിന്ന് വരുമ്പൊലെ സ്വകീയമായി തന്നെ വല്ലതും സങ്കല്പി
പ്പാൻ ഞങ്ങൾ പ്രാപ്തർ ആകുന്നു എന്നല്ല ഞങ്ങളുടെ പ്രാപ്തി
൬ ദൈവത്തിൽ നിന്നത്രെ — അവൻ ഞങ്ങളെ പുതിയ
നിയമത്തിന്റെ ശുശ്രൂഷക്കാർ ആകുവാൻ പ്രാപ്തരാക്കി — അക്ഷ
രത്തിന്നല്ല ആത്മാവിന്നത്രെ — അക്ഷരമല്ലൊ കൊല്ലുന്നു
൭ ആത്മാവത്രെ ജീവിപ്പിക്കുന്നു — എന്നാൽ കല്ലുകളിന്മെൽ
വരെക്കപ്പെട്ട അക്ഷരത്തിലെ മരണശുശ്രൂഷ ആയതു നീ
ക്കം വരുന്നൊരു മുഖതെജസ്സിനിമിത്തം ഇസ്രയെൽപു
ത്രന്മാർ മൊശയുടെ മുഖത്തെ നൊക്കികൂടാവണ്ണം തെജസ്സി
ലായെങ്കിൽ ആത്മാവിൻ ശുശ്രൂഷ എറെ തെജസ്സിൽ ആ
൮ കയില്ലയൊ — ദണ്ഡവിധിയുടെ ശുശ്രൂഷ തെജസ്സാകിൽ നീ
൯ തിക്കുള്ള ശുശ്രൂഷെക്കു തെജസ്സ് എത്രെയും അധികം വഴിയുന്നു·
൧൦ അതത്രെ ഈ അതിമഹത്തായ തെജസ്സിൻ നിമിത്തം ആ
ഒർ അംശത്തിൽ തെജസ്സായതൊട്ടും തെജസ്സുള്ളതല്ല —
൧൧ പിന്നെ നീക്കം വരുന്നത തെജസ്സൊടെ ആയെങ്കിൽ വസി
൧൨ ക്കുന്നത എത്രെ അധികം തെജസ്സിൽ ആയിരിക്കും — ആകയാൽ

ഇങ്ങനെത്ത പ്രത്യാശ ഉള്ളവരാകകൊണ്ടു ഞങ്ങൾ വളരെ പ്രാഗ
ത്ഭ്യം പ്രയൊഗിക്കുന്നു — നീങ്ങുന്നതിന്റെ അവസാനത്തൊളം ൧൩
ഇസ്രയെൽപുത്രന്മാർ നൊക്കാതവണ്ണം മൊശ തന്റെ മുഖത്തി
ന്മെൽ മൂടി വെച്ചതു പൊലെ അല്ല ഞങ്ങൾ ചെയ്യുന്നു — എ
ന്നാൽ അവരുടെ നിനവുകൾ തടിച്ചുവന്നു പൊയി — ഇന്നെവ ൧൪
രെക്കും പഴയനിയമത്തിൻ വായനത്തിൽ ആ മൂടി തന്നെ
നവസിക്കുന്നുണ്ടു — ആയതു ക്രിസ്തനിൽ മാത്രം നീക്കം വരി ൧൫
കയാൽ മൂടി അകലാതെ ഇന്നെവരെ മൊശ വായിക്കപ്പെ
ടുന്നതൊറും അവരുടെ ഹൃദയത്തിന്മെൽ കിടക്കുന്നു — അതുക ൧൬
ർത്താവിലെക്കു തിരിഞ്ഞപ്പൊഴെക്കു മൂടി എടുത്തുപൊകും —
എന്നാൽ കർത്താവ് ആത്മാവു തന്നെ — കർത്താവിന്റെ ആ ൧൭
ത്മാവ് എവിടെ അവിടെ സ്വാതന്ത്ര്യം — നാമെല്ലാവരും ൧൮
മൂടൽ അകന്ന മുഖം കൊണ്ടു കർത്താവിൻ തെജസ്സെ കണ്ണാടി
യിൽ നൊക്കി കൊണ്ടു പ്രതിമയാകി തന്നെ മാറി ആത്മകർത്താ
വിൻ പൊക്കൽ നിന്നു എന്ന പൊലെ തെജസ്സിൽനിന്നു തെ
ജസ്സിലെക്കു തന്നെ രൂപാന്തരപ്പെടുന്നു —

൪. അദ്ധ്യായം

അപൊസ്തലന്റെ സങ്കടങ്ങളിലും ഉള്ള പ്രത്യാശയാൽ
ഉള്ള പ്രാഗത്ഭ്യം.

അതുകൊണ്ടു ഞങ്ങൾക്കു കനിവു ലഭിച്ച പ്രകാരം ഈ ശുശ്രൂഷ ൧
തന്നെ ഉണ്ടാകയാൽ ഞങ്ങൾ മടുത്തു പൊകാതെ അവലക്ഷണ ൨
ത്തിന്റെ രഹസ്യങ്ങളെ തിരെ വെറുത്തിട്ടു കൌശലത്തിൽ നട
ക്കാതെയും ദൈവവചനത്തെ മിശ്രമാക്കാതെയും സത്യ
ത്തെ ആവിഷ്കരിക്കുന്നതിനാൽ ദൈവ മുമ്പാകെ മനുഷ്യരുടെ എല്ലാ
മനസ്സാക്ഷിയൊടും ഞങ്ങളെ തന്നെ രഞ്ജിപ്പിക്കുന്നു — അ

ങ്ങളുടെ സുവിശെഷം മൂടിക്കിടക്കുന്നു എങ്കിലൊ നശിച്ചുപൊകു
൪ ന്നവരിലെ മൂടിക്കിടക്കു— ദൈവപ്രതിമയാകുന്ന ക്രിസ്തന്റെ
തെജസ്സുള്ള സുവിശെഷത്തിന്റെ പ്രകാശം ഉദിക്കാതെ ഇരിപ്പാ
ൻ ഈ യുഗത്തിന്റെ ദൈവം ആ അവിശ്വാസികളുടെ നിന
൫ വുകളെ കുരുടാക്കി— ഞങ്ങൾ ഞങ്ങളെ തന്നെ അല്ലല്ലൊ ക്രിസ്തയെശു
വെ കൎത്താവ് എന്നും ഞങ്ങളെ യെശുനിമിത്തം നിങ്ങളുടെ ദാസർ
൬ എന്നും ഘൊഷിക്കുന്നു— എന്തെന്നാൽ ഇരുട്ടിൽ നിന്നു വെളി
ച്ചം ഉദിപ്പാൻ പറഞ്ഞ ദൈവം യെശുക്രിസ്തന്റെ മുഖ
ത്തിൽ ഉള്ള ദൈവതെജസ്സിന്റെ അറിവിനെ പ്രകാശിപ്പിപ്പാൻ
ഞങ്ങളുടെ ഹൃദയങ്ങളിൽ ഉദിച്ചവൻ തന്നെ-
൭ എങ്കിലും അത്യന്തശക്തി ഞങ്ങളിൽ നിന്നല്ല ദൈവത്തി
ന്റെ താകെണ്ടുന്നതിന്നു ഈ നിക്ഷെപം ഞങ്ങൾക്കു മൺപാത്രങ്ങളിൽ
൮ വെച്ചിരിക്കുന്നു— എല്ലാവിധത്തിലും സങ്കടപ്പെട്ടു കുടുങ്ങിപൊ
൯ കുന്നവർ അല്ലതാനും— ബുദ്ധിമുട്ടിയും അഴിനിലവന്നവരല്ല-
ഹിംസിക്കപ്പെട്ടും കൈവിടപ്പെട്ടവരല്ല— തള്ളിയിടപ്പെട്ടും ന
൧൦ ഷ്ടരാകല്ലതാനും— യെശുവിൻ ജീവനും ഞങ്ങളുടെ ശരീരത്തി
ൽ വിളങ്ങെണ്ടതിന്ന് എപ്പൊഴും യെശുവിന്റെ മരിപ്പി
൧൧ നെ ശരീരത്തിൽ വഹിച്ചു നടന്നുകൊണ്ടത്രെ— ഞങ്ങളുടെ മ
ൎത്ത്യദെഹത്തിൽ യെശുവിൻ ജീവനും വിളങ്ങെണ്ടതിന്നല്ലൊ
ഞങ്ങൾ ജീവിച്ചിരിപ്പൊളും നെരം എല്ലാം യെശുനിമിത്തം
൧൨ ചാവിൽ ഏല്പിക്കപ്പെട്ടു— ആകയാൽ ഞങ്ങളിൽ മരണവും
൧൩ നിങ്ങളിൽ ജീവനും വ്യാപരിക്കുന്നു— എങ്കിലും സങ്കീ ൧൧൬,
൧൦ ഞാൻ വിശ്വസിച്ചു അതുകൊണ്ടു ഉരെച്ചു എന്ന് എഴുതിയ
തിന്നൊത്ത വിശ്വാസത്തിൻ ആത്മാവു തന്നെ ഞങ്ങൾക്കും ഉണ്ടാ
കയാൽ ഞങ്ങളും വിശ്വസിക്കുന്നു അതുകൊണ്ടു ഉരെക്കയും ചെ
൧൪ യ്യുന്നു— കൎത്താവായ യെശുവെ ഉണൎത്തിയവൻ ഞങ്ങളെ

യും ഒഘ്രത്തൊടും നന്നിവിശ്വമള്ളൊട്ടുകൂടെ മുനിറുഞ്ഞും നിറഞ്ഞി
൨൯ ഞ്ഞിട്ടവരെ—സ്വകാര്യവും അസൂയയിങ്കൽനിന്നും ദുർമൊഹവും—ഒരു
ദിവക്കാരങ്ങളായാൽ ദൈവദ്വെഷ്ടിക്കാരും വലിയവരും
൩൦ ഞെരുക്കം വഴിയെ ഉണ്ടാക്കുന്നവരെ—അതിനെ കാണുന്നവരെ
വിശ്വസിക്കാതെ ഞങ്ങളുടെ പിതാക്കന്മാരിൽ വെറുപ്പൊടും
൩൧ ഉം അവനവനെതിരെ തെറ്റിൽ പുണ്യക്കാരെ കൊല്ലുന്ന—കാ
രണം അങ്ങിനെ ചെയ്യുന്നവർ മരണത്തിന്നു യൊഗ്യരെന്നുള്ള
ദൈവത്തിന്റെ ന്യായവിധിയെ അറിഞ്ഞിട്ടും അവ
൩൨ ചെയ്യുന്നു—അതിനാലും അങ്ങിനെ ചെയ്യുന്നവരൊടു
അവർ ഒത്തിരിക്കുന്നു എന്നും കാണുന്നവരും
ഇതിനാൽ ദൈവത്തിന്റെ തന്നെ—

൨ അദ്ധ്യായം

അപൊസ്തലനിൽ ഭാഗികളായവരൊടു സംസാരിക്കുന്നതും—(൪)
യെഹൂദന്മാരുടെ പാപികളായതിനെ തെളിയിക്കുന്നതും
തിരഞ്ഞതു—

൧ എങ്ങിനെ എന്നാൽ കൂടാരത്തിന്നു നമ്മുടെ ദൈവ
മഹിമ അറിയുന്നവൊക്കെയിൽ കെട്ടപ്പെട്ടിരിക്കുന്ന
ന്യായവിധികളെ ദൈവത്തിൻ തന്നെയും കെട്ടങ്ങളും
ഉള്ളതിൽ ഉയർന്നവരെ—സ്വന്തത്തിൽനിന്നുള്ള ൨
ങ്ങളുടെ ഭവനത്തിന്മേൽ ഇരിപ്പാൻ വാഞ്ഛിച്ചുകൊണ്ടെല്ലാം
അവരെ കൂടാരത്തിൽ നിരങ്ങുന്നു—അതൊ അങ്ങിനെ ൩
ഉള്ളവർ ഉണ്ടായവരൊക്കെ കാണപ്പെട്ടതിൽ അല്ലൊ—നാം ൪
അതെല്ലാം ഇല്ലാതെ ശുദ്ധമായ ന്യായവിധിയുടെ
ഞങ്ങളെ മെൽ ധരിപ്പാൻ ഉള്ളവരായി കൂടാരത്തിൽ
ഉള്ളവർ ഭാഗപ്പെട്ടവരൊക്കെ—അതിനാൽ എന്ന ൫

ഒരുക്കിയത ദൈവം ആകുന്നു- ആത്മാവെയും അച്ചാരമാ
൬ യി നമുക്കു തന്നവൻ — ആകയാൽ ഞങ്ങൾ എല്ലായ്പൊഴും
ധൈൎയ്യപ്പെട്ടു ശരീരത്തിൽ വസിപ്പൊളം ഞങ്ങൾ കൎത്താവി
൭ ൽ നിന്നു വിപ്രവാസം ഉണ്ടെന്ന അറിഞ്ഞും കൊണ്ടു — കാഴ്ചകൊ
൮ ണ്ടല്ല സാക്ഷാൽ വിശ്വാസം കൊണ്ടു നടക്കുന്നവരാകി — ഇങ്ങി
നെ ധൈൎയ്യപ്പെട്ടു ഞങ്ങൾ ശരീരത്തിൽ നിന്നു വിപ്രവസിച്ചു ക
൯ ൎത്താവൊടു കൂടെ വസിപ്പാൻ അധികം രസിക്കുന്നു — അത
കൊണ്ടും വസിക്കിലും വിപ്രവസിക്കിലും അവനെ പ്രസാദി
൧൦ പ്പിക്കുന്നവർ ആവാൻ അഭിമാനിക്കുന്നു — കാരണം അവ
നവൻ ശരീരം കൊണ്ടു നല്ലതാകിലും തീയതാകിലും ചെയ്തതി
ന്നടുത്തതിനെ പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തനെ
൧൧ ന്റെ ന്യായാസനത്തിൻ മുമ്പാകെ പ്രത്യക്ഷമാകെണ്ടത — അ
തു കൊണ്ടു കൎത്താവിൻ ഭയത്തെ അറിഞ്ഞിട്ടു ഞങ്ങൾ മനുഷ്യരെ
സമ്മതിപ്പിക്കുന്നു ദൈവത്തിന്നു പ്രത്യക്ഷമാകുന്നു നിങ്ങളുടെ
മനസ്സാക്ഷികളിലും ഞാൻ പ്രത്യക്ഷം ആകുന്നു എന്നും ആശി
൧൨ ക്കുന്നു — ഞങ്ങളെ തന്നെ പിന്നെയും നിങ്ങളൊടു രഞ്ജിപ്പിച്ചു
ല്ലെല്ലൊ ഞങ്ങൾ നിമിത്തം പ്രശംസിപ്പാൻ നിങ്ങൾക്കു ഇടതന്നു
കൊണ്ടെ ഇത്രെ പറയുന്നു — ഹൃദയത്തിൽ അല്ല മുഖത്തി
ന്മെൽ അത്രെ പ്രശംസക്കാരെക്കു പ്രതിവാക്കു നിങ്ങൾക്കുണ്ടാ
൧൩ വാൻ തന്നെ — ഞങ്ങൾ ഭ്രാന്തർ ആയാലും ദൈവത്തിന്നായി
൧൪ ബൊധികൾ ആയാലും നിങ്ങൾക്കും ആകുന്നു സത്യം — കാരണം
൧൫ എല്ലാവൎക്കും വെണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലാവരും
മരിച്ചു എന്നും ജീവിപ്പൊരും ഇനി തങ്ങൾക്കായല്ല തങ്ങൾക്കു
വെണ്ടി മരിച്ചുയിൎത്തവന്നായിട്ടു കൊണ്ടു ജീവിക്കെണ്ടതിന്ന
ത്രെ- എല്ലാവൎക്കും വെണ്ടി മരിച്ചത് എന്നും ഞങ്ങൾ നിശ്ചയി
ച്ചതിനാൽ- ക്രിസ്തന്റെ സ്നെഹം ഞങ്ങളെ നിൎബ്ബന്ധിക്കുന്നു-

ആകയാൽ ഞങ്ങൾ ഇന്നുമുതൽ ആരെയും ജഡപ്രകാരം ൧൬
അറിയുന്നില്ല — ക്രിസ്തുവെ ജഡപ്രകാരം അറിഞ്ഞു എങ്കിലും ഇ
നിമെൽ അറിയുന്നില്ല താനും — അതുകൊണ്ട് ഒരുത്തൻ ക്രിസ്തു ൧൭
വിൽ ആകയാൽ പുതിയ സൃഷ്ടിയാകുന്നു — പഴയവ കഴി
ഞ്ഞു പൊയി ഇതാ എല്ലാം പുതുതായി വന്നു — എങ്കിലും ഇ ൧൮
തെല്ലാം ദൈവത്തിൽനിന്നു — ആയവൻ നമ്മെ യെശു
ക്രിസ്തുവിന്റെ മൂലം തന്നൊടു നിരപ്പിച്ചു നിരപ്പിന്റെ ശുശ്രൂ
ഷയെ ഞങ്ങൾക്ക് തന്നു — എങ്ങിനെ എന്നാൽ ദൈവം ലൊ ൧൯
കത്തെ അവരുടെ പിഴകളെ കണക്കിടാതെ നിരപ്പി
ൻ വചനത്തെ ഞങ്ങളിൽ സമൎപ്പിച്ചുംകൊണ്ടു ലൊകത്തെ
ക്രിസ്തുവിൽ തന്നൊടു നിരപ്പിച്ചതു — എന്നതിനാൽ ഞ ൨൦
ങ്ങൾ ക്രിസ്തുവിന്നു പകരം മന്ത്രികൾ ആകുന്നു ദൈവം ഞങ്ങൾ
മുഖെന പ്രബൊധിപ്പിക്കുമ്പൊലെ ദൈവത്തൊടു നിരന്നു
വരുവിൻ എന്നു ഞങ്ങൾ ക്രിസ്തുവിന്നു പകരം യാചിക്കുന്നു — പാ ൨൧
പത്തെ അറിയാത്തവനെ നാം അവനിൽ ദൈവനീതിയാകെ
ണ്ടതിന്നു അവൻ നമുക്കു വെണ്ടി പാപം ആക്കി.

൬ അദ്ധ്യായം

അപൊസ്തലന്റെ കാരുണ്യയാൽ വന്ന സിദ്ധത — [illegible]
അവിശ്വാസികളൊടു സംഗത്തെ സൂക്ഷിക്കെണം.

അവനൊടു കൂട്ടുപ്രവൃത്തിക്കാരാകുന്ന ഞങ്ങൾ പ്രബൊധി ൧
പ്പിക്കയും ചെയ്യുന്നതു — നിങ്ങൾ ദൈവകാരുണ്യത്തെ പഴുതി
ൽ അംഗീകരിച്ചു എന്നു വരരുതു — (യെശ. ൪൯, ൮) അനുഗ്ര ൨
ഹകാലത്തിൽ ഞാൻ നിന്നെ കെട്ടു രക്ഷാദി
വസത്തിൽ നിന്നെ തുണെച്ചു എന്ന് അവൻ പറയുന്നുണ്ട
ല്ലൊ — ഇതാ സുപ്രസാദകാലം ഇതാ ഇന്നു രക്ഷാദിവസം —

൩ — ശുശ്രൂഷെക്ക. കറപൊറായ്മയിൽ ഞെരുക്കങ്ങളിലും ആർത്ത
൪ ടങ്ങളിലും ഭീതികളിലും ഞെരുക്കസങ്കടങ്ങളിലും ഞങ്ങളെ തന്നെ ദൈവ
൫ ശുശ്രൂഷക്കാരെന്നു കാണിക്കുന്നു — ബഹുക്ഷമകളി
ലും ഉപദ്രവങ്ങളിലും കെട്ടുപാടുകളിലും തല്ലുകൾക്കാവ
ല്പുകൾ കലഹങ്ങളിലും അദ്ധ്വാനങ്ങൾ ഉറക്കിളപ്പുകൾ പട്ടി
൬ ണികളിലും — നിർമ്മലതെയ്ക്കും ബോധത്തിന്നും ക്ഷമ ശാന്തതകളിലും വി
ശുദ്ധാത്മാവിലും വ്യാജമില്ലാത്ത സ്നേഹം സത്യവചനം ദൈവശക്തി
൭ യിലും — ഇടവലത്തും നീതിയുടെ ആയുധങ്ങളാലും മാന
൮ അപമാനങ്ങളാലും സൽകീർത്തി ദുഷ്കീർത്തികളാലും — ചതിയന്മാ
൯ രെന്നിട്ടും സത്യവാന്മാർ — അറിയപ്പെടാത്തവരെന്നിട്ടും അറിയപ്പെ
ട്ടവർ — ചാകുന്നവരെന്നിട്ടും ഇതാ ഞങ്ങൾ ജീവിക്കുന്നു
൧൦ ശിക്ഷിക്കപ്പെട്ടവരെന്നിട്ടും മരിപ്പിക്കപ്പെടാത്തവർ — ദു
ഃഖിതരെന്നിട്ടും എപ്പോഴും സന്തോഷിപ്പവർ — ദരിദ്രരെ
ന്നിട്ടും പലരെ സമ്പന്നരാക്കുന്നവർ ഒന്നും ഇല്ലാത്തവരെ
ന്നിട്ടും എല്ലാം അടക്കുന്നവർ ആകുന്നു —
൧൧ അല്ലയൊ കൊരിന്തരെ ഞങ്ങളുടെ വാക്കു നിങ്ങളോടു
തുറന്നിരിക്കുന്നു ഞങ്ങളുടെ ഹൃദയം ഇടമായിരിക്കുന്നു — ഞ
൧൨ ങ്ങളിൽ നിങ്ങൾക്കു ഇടുക്കം ഇല്ല നിങ്ങളുടെ കരളിൽ അത്രെ ഇ
൧൩ ടുക്കം ഉള്ളു — ഞാൻ മക്കളോടു എന്നപോലെ പറയുന്നു പ്രതി
ഫലത്തിന്നായി നിങ്ങളും ഇത്രയും ഇടമായി വരുവിൻ —
൧൪ അവിശ്വാസികളോടു നിങ്ങൾ ഇണയല്ലാ അന്യനുകത്തിൽ കൂ
ടരുതെ നീതിക്കും അധർമ്മത്തിന്നും എന്തൊരു ചേർച്ച വെളിച്ച
൧൫ ത്തിന്നു ഇരുളോടു എന്തു കൂട്ടായ്മ — ക്രിസ്തുവിന്നു ബെലിയാലോടു എന്തു
ഒരുമ്പാടു — അല്ല വിശ്വാസിക്കു അവിശ്വാസിയോടു എന്തം
൧൬ ശം — ദൈവാലയത്തിന്നു വിഗ്രഹങ്ങളോടു എന്തു സംസർഗ്ഗം നി
ങ്ങൾ അല്ലൊ ജീവനുള്ള ദൈവത്തിന്റെ ആലയം ആകുന്നു —

(ലേവ്യ. ൨൬, ൧൨) ഞാൻ അവരിൽ കുടിയിരിക്കയും ഉള്ളി
ൽ നടക്കയും ചെയ്യും ഞാൻ അവർക്കു ദൈവവും അവർ എനിക്ക്
ജനവും ആകും എന്നു ദൈവം പറഞ്ഞ പ്രകാരം തന്നെ — ആ ൧൭
കയാൽ അവരുടെ നടുവിൽനിന്നു പുറപ്പെട്ടു വേർപ്പെട്ടിരി
പ്പിൻ അശുദ്ധമായതു തൊടാതെ ഇരിപ്പിൻ — എന്നു കർത്താ
വ് പറയുന്നു (യശ. ൫൨, ൧൧) എന്നാൽ ഞാൻ നിങ്ങളെ
കൈക്കൊണ്ടു നിങ്ങൾക്കു പിതാവാകും — നിങ്ങൾ എനിക്കു പുത്രന്മാ ൧൮
രും പുത്രിമാരും ആകും എന്നു സർവ്വശക്തനായ കർത്താവ് അരുളിച്ചെയ്യു
ന്നു (യിറ. ൩൧, ൧. ൩൩. ൩൪, ൩൮) — എന്നതുകൊണ്ടു പ്രി
യമുള്ളവരേ ഈ വാഗ്ദത്തങ്ങൾ നമുക്കുണ്ടാകകൊണ്ടു ജഡത്തി
ലെയും ആത്മാവിലെയും സകല കന്മഷത്തിൽനിന്നും നമ്മെ
നാം വെടിപ്പാക്കി വിശുദ്ധീകരണത്തെ ദൈവഭയത്തിൽ തി
കെച്ചു കൊൾക —

൭ അദ്ധ്യായം

ഇവൻ കൊരിന്തരെ കൊണ്ടു സന്തോഷിച്ചതിന്റെ

അനുഭവം.

ഞങ്ങളെ ഗ്രഹിപ്പിൻ ഞങ്ങൾ ആരോടും അന്യായം ചെയ്തില്ല ൨
ആരെയും കെടുത്തില്ല ആരെയും തോല്പിച്ചില്ല — കുറ്റവി ൩
ധിക്കായല്ല ഞാൻ പറയുന്നതു കൂടെ മരിപ്പാനും കൂടെ ജീവിപ്പാ
നും നിങ്ങൾ ഞങ്ങളുടെ ഹൃദയങ്ങളിൽ ഇരിക്കുന്നു എന്നു ഞാൻ
മുൻ ചൊല്ലീട്ടുണ്ടല്ലൊ — നിങ്ങളോടു എനിക്കുള്ള പ്രാഗത്ഭ്യം ൪
പെരുത്തു ഞാൻ ആശ്വാസം കൊണ്ടു നിറഞ്ഞിരിക്കുന്നു ഞ
ങ്ങടെ എല്ലാ ഉപദ്രവത്തിലും സന്തോഷം അത്യന്തം വ
ഴിഞ്ഞു വരുന്നു — എങ്ങിനെ എന്നാൽ മക്കെദോന്യ ൫
യിൽ വന്ന ശേഷവും ഞങ്ങടെ ജഡത്തിന്നു സൌഖ്യം ഒട്ടും

ഉള്ളോ ഞങ്ങൾക്കു എല്ലാവിധത്തിലും സങ്കടപ്പെട്ടവർ അത്രെ.
൫ പുറത്തു യുദ്ധങ്ങൾ, അകത്തു ഭയങ്ങൾ — എങ്കിലും എളിയവരെ ആ
ശ്വസിപ്പിക്കുന്നവനായ ദൈവം തീതന്റെ വരവിനാൽ ഞ
൬ ങ്ങളെ ആശ്വസിപ്പിച്ചു — അവന്റെ വരവിനാൽ മാത്രമല്ല
അവൻ നിങ്ങളെ തൊട്ടു അനുഭവിച്ച ആശ്വാസത്താലും കൂ
ടെ — നിങ്ങളുടെ വാഞ്ഛയും നിങ്ങളുടെ പരിദേവനവും എനി
ക്കായി കൊണ്ടു നിങ്ങളുടെ എരിവും ഞങ്ങൾക്കു ബോധിപ്പിക്കയി
ൽ തന്നെ — അതുകൊണ്ടു ഞാൻ അധികവും സന്തോഷിച്ചു —
൭ എന്തെന്നാൽ ഞാൻ ലേഖനത്തിൽ നിങ്ങളെ ദുഃഖിപ്പിച്ചു എ
ങ്കിൽ ആ ലേഖനം നിങ്ങളെ ക്ഷണനെരത്തെക്കു എങ്കിലും ദുഃ
ഖിപ്പിച്ചു എന്നു കാണുന്നതുകൊണ്ടു (അതിനാൽ) ഞാൻ അനുത
൮ പിച്ചു പോയിട്ടും അനുതപിക്കുന്നില്ല — ഇപ്പോൾ നിങ്ങൾ ദുഃഖ
പ്പെട്ടതിനാൽ അല്ല മാനസാന്തരത്തിന്നായി ദുഃഖപ്പെട്ടതിനാ
ൽ ഞാൻ സന്തോഷിക്കുന്നു — നിങ്ങൾ അല്ലോ ഞങ്ങളാൽ ഒന്നി
൯ ലും ചേതം വരാതവണ്ണം ദൈവപ്രകാരമായിട്ടു ദുഃഖപ്പെട്ടു — കാ
രണം ദൈവപ്രകാരം ഉള്ള ദുഃഖം അനുതാപം വരാത്തൊരു ര
ക്ഷക്കുള്ള മാനസാന്തരത്തെ സമ്പാദിക്കുന്നു — ലോകാ
൧൦ ത്തിന്റെ ദുഃഖം മരണത്തെ സമ്പാദിക്കുന്നുള്ളു —
കണ്ടാലും ഈ ദൈവപ്രകാരം ദുഃഖപ്പെട്ടതു തന്നെ നിങ്ങൾക്കു എ
ത്ര ഉത്സാഹത്തെ സമ്പാദിച്ചു പോൽ അല്ല പ്രതിവാദത്തെയും
നീരസത്തെയും അല്ല ഭയത്തെയും വാഞ്ഛയെയും അല്ല
എരിവിനെയും പ്രതിക്രിയയെയും കൂടെ സമ്പാദിച്ചു — ഈ
കാര്യത്തിൽ നിങ്ങൾ നിർമ്മലന്മാർ എന്നു എല്ലാവിധത്തിലും നി
൧൧ ങ്ങളെ തന്നെ തെളിയിച്ചിരിക്കുന്നു — ആകയാൽ ഞാൻ നിങ്ങൾക്കു
എഴുതി എങ്കിലും അന്യായം ചെയ്തവൻ നിമിത്തമല്ല
അന്യായം ഏറ്റവൻ നിമിത്തവും അല്ല ഞങ്ങൾക്കു വേണ്ടി

ങ്ങളുള്ള നിങ്ങളുടെ ഉത്സാഹം ബൊധ്യമാകെണ്ടുന്നതിന്ന
ത്രം തന്നെ — ഇതുകൊണ്ട ഞങ്ങൾ ആശ്വസിപ്പിക്കപ്പെട്ടിരിക്കുന്നു — ൧൩
ങ്ങളുടെ ആശ്വാസത്തിന്നും തീതൊസിന്റെ സന്തൊഷത്താ
ൽ ഏറ്റവും അധികം സന്തൊഷിച്ചു — അവന്റെ ആത്മാവിന്ന ൧൪
നിങ്ങൾ എല്ലാവരാലും തണുപ്പുവന്നതിനാലത്രെ — അവ
നൊടു ഞാൻ നിങ്ങളെ കൊണ്ടു വല്ലതും പ്രശംസിച്ചിട്ടുണ്ടെ
ങ്കിൽ നാണിച്ചു പൊയില്ല — ഞങ്ങൾ നിങ്ങളൊടു സകലവും സത്യ
ത്തിൽ ഉരെച്ചപ്രകാരം തന്നെ തീതന്റെ മുമ്പിൽ ഞങ്ങൾ പ്രശം
സിച്ചതും കൂടെ സത്യമായ്വന്നു — അവനെ ഭയത്തൊടും വിറയ ൧൫
ലൊടും കൈക്കൊണ്ടുള്ള നിങ്ങൾ എല്ലാവരുടെയും അനുസര
ണത്തെ ഓർക്കുമ്പൊൾ അവന്റെ കരൾ ഏറ്റം അധികം നി
ങ്ങളിലെക്കത്രെ ആകുന്നു — ഇങ്ങിനെ വിഷയമായി ഞാൻ എ ൧൬
ല്ലാറ്റിലും ധൈര്യപ്പെടുന്നതിനാൽ സന്തൊഷിക്കുന്നു —

൮ അദ്ധ്യായം

ദരിദ്ര യരുശലെമ്യക്കു വെണ്ടിയുള്ള ധൎമ്മദാനത്തിന്റെ
അവസ്ഥ

പിന്നെ സഹൊദരന്മാരെ മക്കെദൊന്യസഭകളിൽ നല്കീട്ടു ൧
ള്ള ദൈവകൃപയെ നിങ്ങളെ അറിയിക്കുന്നു — ഉപദ്രവത്തി ൨
ന്റെ വളരെ ശൊധനയിലും അവരുടെ സന്തൊഷത്തിന്റെ വഴി
വും ആഴമുള്ള ദാരിദ്ര്യവും ഉദാരതയുടെ സമ്പത്തൊളം വഴി
ഞ്ഞുവന്നതത്രെ — എങ്ങിനെ എന്നാൽ വിശുദ്ധന്മാരുടെ ൩
ഷത്തിൽ തങ്ങളും കൂടെ ഓഹരിക്കാരാകെണമെന്ന അവർ വളരെ
പ്രബൊധനവുമായി ഞങ്ങളൊടു യാചിച്ചു — സ്വമനസ്സാലെ ൪
മായി കഴിവു പൊലെയും കഴിവിന്നു മീതെയും കൊടുത്തു എന്നതി
ന്നു ഞാൻ സാക്ഷി — അതും ഞങ്ങൾ ആശിച്ചപ്രകാരമല്ല ൫

തങ്ങളെത്തന്നെ മുമ്പെ കൎത്താവിന്നും പിന്നെ ദൈവേഷ്ടത്താൽ
൬ ഞങ്ങൾക്കും തന്നു അതുകൊണ്ടു ഞങ്ങൾ തീതനൊടു അവൻ ഈ കൃപ
യെ മുന്തുടങ്ങിയപ്രകാരം നിങ്ങളിൽ തികെക്കയും വെണം എ
൭ ന്നു പ്രബൊധിപ്പിച്ചു — എന്നാലൊ നിങ്ങൾ വിശ്വാസം വചനം
അറിവു സകല ഉത്സാഹം ഞങ്ങളിലെ നിങ്ങളുടെ സ്നെഹം ഇങ്ങനെ
ഇവ എല്ലാവറ്റിലും വഴിയുന്നതുപൊലെ ഈ കൃപയിലും വഴിയുമാ
൮ റാക — ആജ്ഞയായിട്ടല്ല പറയുന്നു — മറ്റവരുടെ ഉത്സാഹം കൊ
ണ്ടു നിങ്ങളുടെ സ്നെഹത്തിൻ മാറ്റിനെ ശൊധന ചെയ്വാനത്രെ —
൯ നമ്മുടെ കൎത്താവായ യെശുക്രിസ്തൻ സമ്പന്നൻ എങ്കിലും അ
വന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകെണ്ടതിന്ന
നിങ്ങൾ നിമിത്തം ദരിദ്രനായ്വന്ന കൃപയെ നിങ്ങൾ അ
റിയുന്നവരല്ലൊ — ഇതിൽ ഞാൻ അഭിപ്രായവും ചൊല്ലിത
൧൦ രുന്നു — നിങ്ങൾ കഴിഞ്ഞാണ്ടിൽ ചെയ്വാൻ മാത്രമല്ല ഭാവിപ്പാനും
കൂടെ മുന്തുടങ്ങിയിരിക്കയാൽ ഉചിതമ
൧൧ ന്നു നിങ്ങൾക്കു ഉപകരിക്കുന്നു — ഭാവിപ്പാൻ മുതിൎച്ച കണ്ടപൊലെ
തന്നെ ഉള്ളതിന്നു തക്കൊരു സമാപ്തിയും ഉണ്ടാകെണ്ടതി
൧൨ ന്നു ചെയ്യുന്നതും കൂടെ തികെപ്പിൻ — എങ്ങിനെ എന്നാൽ
മുതിൎച്ച ഉണ്ടാകിൽ ഇല്ലാത്തതിന്നല്ല ഉള്ളതിന്നു തക്കവണ്ണം
൧൩ പ്രസാദം വരുത്തുന്നു — മറ്റവൎക്കു ഇളപ്പം നിങ്ങൾക്കു സങ്കടം എ
൧൪ ന്നു വരുവാൻ അല്ലല്ലൊ സമത്വം പ്രമാണം — ഇക്കാലം നിങ്ങ
ളുടെ വഴിയുന്നവ അവരുടെ കുറവിന്നു തികവായി അവരുടെ
൧൫ വഴിവു നിങ്ങളുടെ കുറവിന്നു ഉതകി സമമാകുന്നതു — പെരുക
ചെൎത്തവന്നു വഴിഞ്ഞില്ല കുറച്ചെൎത്തവന്നു കുറഞ്ഞിട്ടും ഇല്ലാ
ന്നു (൨ മൊ. ൧൬, ൧൮) എഴുതിയപ്രകാരം തന്നെ സമത്വം ഉ
൧൬ ണ്ടാകെണം എന്നത്രെ — ശെഷം എനിക്കായി എന്ന പൊലെ
തീതന്റെ ഹൃദയത്തിലും നിങ്ങൾക്കു വെണ്ടി ഉള്ള ഉത്സാഹത്തെ

കൊടുക്കുന്ന ദൈവത്തിന്നസ്തൊത്രം — അവൻ പ്രബൊ ൧൭
ധനത്തെ കൈക്കൊണ്ടല്ലാതെ താൻ അത്യുത്സാഹംപൂണ്ടു
സ്വയകൃതമായി നിങ്ങളുടക്കെ പുറപ്പെട്ടു — വിശെഷിച്ച് ൧൮
എല്ലാസഭകളിലും സുവിശെഷവിഷയമായി പുകഴ്ചയുള്ള
സഹൊദരനെയും ഞങ്ങൾ അവനൊടുകൂട അയച്ചു — അ ൧൯
വൻ അത്രകൂടാതെ അന്നുകർത്താവിൻ തെജസ്സിന്നായും
നമ്മുടെ മുതിർച്ചയെ കാണിപ്പാനും ഞങ്ങളുടെ ശുശ്രൂഷയാൽ
നടക്കുന്ന ഈ കൃപയിൽ ഞങ്ങൾക്കു കൂട്ടയാത്രക്കാരനാകെ സഭ
കളാൽ വരിക്കപ്പെട്ടവൻ തന്നെ ഞങ്ങളാൽ ശുശ്രൂഷിക്കപ്പെ ൨൦
ടുന്ന ഈ ഔദാര്യത്തിൽ ആരും ഞങ്ങളെ കുറ്റം ചുമത്തായ്വാ
ൻ തന്നെ ഞങ്ങൾ ഇതിനെ കൊപ്പിട്ടിരുന്നു — കർത്താവിൻ മുമ്പാകെ ൨൧
മാത്രമല്ല എല്ലാ മനുഷ്യരുടെ മുമ്പാകെയും നല്ലവറ്റെ തന്നെ
ഞങ്ങൾ മുൻകരുതുന്നു — ഞങ്ങൾ പലതിലും പലപ്പൊഴും ശൊധ ൨൨
ന ചെയ്ത് ഉത്സാഹിയായുള്ള ഞങ്ങളുടെ സഹൊദരനെയും അവ
രൊടുകൂട അയച്ചു അവൻ ഇപ്പൊൾ നിങ്ങളെ തൊട്ടു ഉറപ്പുവെ
ദകയാൽ ഏറ്റം അധികം ഉത്സാഹി തന്നെ — തീതൻ എങ്കിലൊ ൨൩
എന്റെ കൂട്ടാളിയും നിങ്ങൾ വിഷയമായി സഹകാരിയും തന്നെ —
ഞങ്ങളുടെ സഹൊദരന്മാർ എങ്കിലൊ സഭകളുടെ അപൊസ്തലന്മാ
രും ക്രിസ്തന്റെ തെജസ്സും അത്രെ — ആകയാൽ നിങ്ങളുടെ ൨൪
സ്നെഹത്തിന്നും നിങ്ങളെ തൊട്ടു ഞങ്ങൾ പ്രശംസിച്ചതിന്നും സഭകളു
ടെ സമക്ഷത്ത് അവരിൽ തന്നെ ദൃഷ്ടാന്തം കാട്ടുവിൻ —

൯ അദ്ധ്യായം

ഔദാൎയ്യമായി കൊടുപ്പാൻ ഉത്സാഹിപ്പിക്കുന്നതു —

വിശുദ്ധന്മാർക്കുള്ള ശുശ്രൂഷയെ ചൊല്ലി നിങ്ങൾക്ക എഴുതുവാൻ എ ൧
നിക്ക ആവശ്യം ഇല്ല സത്യം — അഖായക്കാർ ആണ്ടു മുതൽക്കെ ൨

ങ്ങൾ ചെല്ലുന്നതെന്നു ഞാൻ നിങ്ങൾക്കു വേണ്ടി ദുഃഖിക്കുന്നു
ഒരു പ്രവേശം ഇല്ലായ്ക നിങ്ങളുടെ മുഖത്തു കണ്ടില്ലയോ
കിട്ടു നിങ്ങളുടെ ഹൃദയത്തിൽ ഉള്ളവ എല്ലാം മുഖത്തും കാണിക്കു
൩ ന്നു — ഞാൻ ദൈവത്തിൽ നിന്നു നിങ്ങൾക്കു വേണ്ടി പ്രവേശി
ച്ചു ഇരിക്കുന്നു എന്നാൽ ഞാൻ ചോദിക്ക പ്രകാരം നിങ്ങൾ കൂ
ടി ചെല്ലുന്നതിന്നു ഞാൻ സഹോദരന്മാരെ എന്ന
൪ പറച്ചു — നല്ലാസ്ത്രീൽ മക്കളോടു ഞാൻ പറകുന്നതു പോലെ
നിങ്ങളുടെ ഉള്ളം കൊണ്ടു നിങ്ങളും പരസ്പരം
ചൊല്ലുന്നതിന്നു ഞാൻ അപേക്ഷിക്കുന്നു
൫ ച്ചു ചൊല്ലുമാം — എങ്കിലും സഹോദരന്മാർ ഞങ്ങളോടു
കൂടെ ചൊല്ലും കൂടെ ചൊല്ലി കൊടുക്ക നിങ്ങളുടെ അന്ന
ഹങ്കാരം പ്രകാശിക്കയും ചെയ്യുന്നു നിങ്ങൾ ഇരി
ക്കു ചെയ്തിരിപ്പാൻ ഏവശ്യം എന്നതാണു — എങ്കിലും
൬ ഇതു കൊണ്ടു തല്ലുന്ന അനുഗ്രഹമാകുന്നു ഒരു കിണവി — എ
ങ്കിൽ ചെറുങ്ങുന്നതിനെ കുന്നവൻ ചെറുങ്ങനെ കൊയ്യും
അനുഗ്രഹങ്ങളോടു കൂടി വിതെക്കുന്നവൻ അനുഗ്രഹങ്ങളോ
൭ ടെ കൊയ്യും എന്നു ഞാൻ പറയുന്നു — അവനവൻ ഹൃദയം
കൊണ്ടു ചൊല്ലുന്ന പ്രകാരം ചെയ്യെണം ദുഃഖത്തോടും അല്ല
നിർബ്ബന്ധത്തോടും അല്ല സന്തോഷത്തോടെ കൊടുക്കുന്നവനെ അല്ലോ ദൈവം സ്നേഹിക്കു
൮ ന്നു (ആവ. ൧൫, ൧൦) — നിങ്ങൾ സകലത്തിലും എപ്പോഴും എ
ല്ലാ തൃപ്തിയും ഉള്ളവരായി സകല സൽക്രിയയിലും വർദ്ധിക്കേണ്ട
തിന്നു നിങ്ങളിൽ എല്ലാ കരുണയെയും വർദ്ധിപ്പിപ്പാൻ ദൈ
൯ വം ശക്തനാകുന്നു — അവൻ ചിതറിച്ചു ദരിദ്രന്മാൎക്കു കൊടു
ത്തു അവന്റെ നീതി എന്നേക്കും നിലനില്ക്കുന്നു (സങ്കീ. ൧൧൨.)
൧൦ എന്നെഴുതിയ പ്രകാരം തന്നെ — എന്നാൽ വിതെക്കു

സംഭവിച്ചാൽ ഭീക്ഷണത്തിന്ന അപ്പൊഴും എകന്നവർ തങ്ങ
ളുടെ വിരൊധികളും എതിരെ പക്ഷക്കാരിൽ ഞങ്ങളുടെ വിചാരിക്കു
മ്പൊൾ തങ്ങളെ വലിയ്ക്കിക്കും — ഇങ്ങിനെ ദൈവത്തിന്റെ ൨൫
ൽ നിന്ന ഒത്ര ഒത്ത സമ്പാദിക്കുന്നവല്ലാ എകാഗ്രത കിരിക
ങ്ങളുടെ സകലത്തിലും സമ്പന്നന്മാർക്കു മാറുതന്നെ —
എങ്ങിനെ എന്നാൽ ഞാൻ സെവകരെല്ലാരും ഭൂമിയിൽ ഒപ്പിച്ച ൨൬
ഒടുക്കം കാലത്തു പൂതിയാൽ ഇരിക്കുന്നത് എന്നവൻ ദൈവ
ത്തിന്നുള്ള പലതൊത്രങ്ങളാലും വഴിക്കുന്നത്രം അങ്ങിനെ — ഈ ൨൭
ശുദ്ധമായ ഈ ൽ കാട്ടു സന്നിധ്യത്തെ ഹൊതവായിട്ടല്ലൊ അവർ
തിന്നു വിശെഷത്തിന്നായി അവരുടെ വിചാരത്തിന്നു
സരണത്തൊടും അവരൊടും എല്ലാവരൊടും തങ്ങൾക്കു
വേണ്ടിയുള്ളുടെ എകാഗ്രതയെയും കണ്ടു ദൈവത്തെ മഹത്വ
പ്പെടുത്തും — തങ്ങളിൽ അതിമഹത്തായ ദൈവകൃപയാൽ ൨൮
അവർ തങ്ങളെ വാഴിച്ചു വിശ്വാസത്തെ പ്രാപി
ച്ചതിനാലും ആ ത്രവഴിക്കു — എന്നാൽ ദൈവത്തിന്റെ ൨൯
വചനം കല്പിച്ചു കുടിയായ ആദ്യന്തത്തിന്നാൽ ഇത്രൊത്രം ഉണ്ടാ
യത്രാക —

൧൦ അദ്ധ്യായം

— ൧൦ സഭയെ ഉയാസ്ഥാനത്തിൽ ആക്കുവാൻ മക്കബി ജൂദ
ശാസിച്ചു — തന്റെ വിലയെക്കുറിച്ച് പ്രതിവാദം ചൊല്ലുന്നതു —

പിന്നെ വെത്തൽ എന്നു ഉത്തരം ഞാൻ തിരുത്തന്റെ ശാലോമ ൧
ക്കും സെത്രമൃതങ്ങളും കൊണ്ടു തങ്ങളെ പ്രബോധിപ്പിക്കുന്ന —
തങ്ങളിൽ സമ്പൂർണ്ണത്താൽ കുള്ളയവൻ എന്നും ആ കാലത്രങ്ങ
ളൊട്ടു വെളിപ്പെട്ടുന്നവൻ എന്നും കല്പിച്ചാണാൻ ആക്കുകയും
തങ്ങളിൽ നന്മ കാത്തുണ്ടാക്കുവൊരുതോങ്ങൾ ദൈവസ്തുത്യാരം ൨

നടക്കുന്നവർ എന്നു നിരൂപിക്കുന്ന ചിലരെക്കൊള്ളെ തുനി
വാൻ നിരൂപിക്കുന്ന ഉറപ്പിനാലെ ധൈര്യം കാട്ടുവാൻ
൩ സംഗതി വരരുത് എന്നു യാചിക്കുന്നു — കാരണം ഞങ്ങൾ ജ
ഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പൊരാ
൪ ടുന്നവർ അല്ല — ഞങ്ങളുടെ പൊരിൻ ആയുധങ്ങൾ അല്ലൊ ജ
ഡമയങ്ങൾ അല്ല വാടികളെ ഇടിപ്പാൻ ദൈവത്തിനു ശക്തി
൫ യുള്ളവ അത്രെ — അവറ്റാൽ ഞങ്ങൾ സങ്കല്പങ്ങളെയും
ദൈവത്തിൻ അറിവിനൊട് എതിർക്കുന്ന സകല ഉയ
ർച്ചയെയും തകർത്തും എല്ലാ നിനവിനെയും ക്രിസ്തന്റെ അ
൬ നുസരണത്തിലെക്ക് അടിമപ്പെടുത്തിയും നിങ്ങളുടെ അനുസ
രണം പൂരിച്ചുവന്നിട്ടു എല്ലാ അനുസരണക്കെടും പ്രതിക്രി
൭ യ ചെയ്‌വാൻ ഒരുങ്ങി നിന്നും കൊള്ളുന്നു — സമക്ഷത്തുള്ള
വറ്റെ നൊക്കുമിൻ — ഒരുത്തൻ താൻ ക്രിസ്തനുള്ളവൻ എ
ന്നു തങ്കൽ തന്നെ ഉറപ്പിച്ചു എങ്കിൽ അവൻ ക്രിസ്തനുള്ള
തുപൊലെ തന്നെ ഞങ്ങളും കൂടെ എന്ന് അവൻ താനാലെ
൮ നിനെക്കും നിരൂപിക്ക — എങ്ങിനെ എന്നാൽ കർത്താവ് നി
ങ്ങളുടെ ഇടിവിന്നായിട്ടല്ല വീട്ടുവൾ്ച്ചെക്കത്രെ ഞങ്ങൾക്കു ത
ന്ന അധികാരത്തെ കുറ്റു ഞാൻ ഒന്ന് അധികം പ്രശംസി
൯ ച്ചു എങ്കിലും നാണിച്ചു പൊകയില്ല — [അവന്റെ] ലെഖന
ങ്ങൾ ഘനവും ഊക്കും ഉള്ളവ സത്യം ശരീരത്തിന്റെ സന്നിധി
യൊ ബലഹീനം വാക്കും നിസ്സാരം അത്രെ എന്നു മൊഴിയുന്ന
൧൦ പ്രകാരം ഞാൻ ലെഖനങ്ങളെക്കൊണ്ടു നിങ്ങൾക്കു പെടി കാട്ടുവൊ
൧൧ ൻ എന്നു തൊന്നായ്കെണ്ടതിന്നു — ഞങ്ങൾ അകലത്തി
ൽ ലെഖനങ്ങൾ മൂലം വാക്കിൽ ഉള്ള പ്രകാരം — അരികത്തും
ക്രിയയിൽ അതെപ്രകാരം എന്നു അങ്ങനത്തവൻ നി
൧൨ രൂപിക്ക — തങ്ങളെ താനെ ശ്ലാഘിക്കുന്ന ചിലരൊട് ഞ

ളുടെ തന്നൊടു ഒത്താക്കുമിപ്പാനൊ ഉപമിപ്പാനൊ ഞങ്ങ
ൾക്കു തുനിയുന്നില്ല സത്യം ആയവർ തങ്ങളെ തങ്ങളിൽ അള
ന്നും തങ്ങളെ തങ്ങളിൽ ഉപമിച്ചും കൊള്ളുന്നതിൽ അജ്ഞാ
നികൾ അത്രെ — ഞങ്ങളൊ അളവില്ലാതൊന്നും പ്രശംസിക്കയില്ല ൧൩
ദൈവം ഞങ്ങൾക്കു നിങ്ങൾ വരെയും എത്തുമാറു അളന്നു തന്ന
അളവിൻ പ്രകാരം അത്രെ — ആകയാൽ ഞങ്ങൾ ൧൪
ക്രിസ്താവിന്റെ സുവിശെഷത്തിങ്കൽ നിങ്ങൾ വരെയും
മുൽപുക്കുന്നതു കൊണ്ടു എത്താത്തവർ എന്നപൊലെ
ഞങ്ങളെ തന്നെ അതിക്രമിക്കുന്നതും ഇല്ല അന്യന്മാ
രുടെ പ്രയത്നങ്ങളിൽ അളവില്ലാതൊന്നും പ്രശംസിക്കുന്ന
തും ഇല്ല — നിങ്ങളുടെ വിശ്വാസം വർദ്ധിച്ചാൽ ഞങ്ങളുടെ ൧൫
അളവിൻ പ്രകാരം നിങ്ങളിൽ അത്യന്തം മഹിമപ്പെട്ടുവാനും
പിന്നെയും അന്യന്മാരുടെ അളവിനകത്തു സാധിച്ചതിൽ പ്രശം
സിക്കാതെ നിങ്ങൾക്കപ്പുറത്തെ ദിക്കുകളിലും സുവിശെഷി ൧൬
പ്പാനും ആശയുള്ളവർ ആകുന്നു — പ്രശംസിക്കുന്നവനൊ ക ൧൭
ർത്താവിൽ പ്രശംസിക്ക — തന്നെത്താൻ രഞ്ജിപ്പിക്കുന്നവൻ ൧൮
അല്ലല്ലൊ കർത്താവു രഞ്ജിപ്പിക്കുന്നവൻ അത്രെ കൊള്ളാ
കുന്നവൻ.

൧൧ അദ്ധ്യായം

കള്ള അപൊസ്തലരൊടു തന്നെ ഉപമിച്ചു പ്രശംസി
ക്കുന്നതു

നിങ്ങൾ എന്നെ ബുദ്ധിഹീനതയുമായി അല്പം പൊറുത്തുകൊ ൧
ണ്ടാലും — അതെ നിങ്ങൾ എന്നെ പൊറുക്കുന്നു — ദൈവ ൨
ത്തിൻ ശുഷ്കാന്തിയാൽ ഞാൻ നിങ്ങൾക്കായി എരിയുന്നു - ഞാനല്ലൊ
ക്രിസ്തനെന്ന നിർമ്മല കന്യകയെ നിറുത്തുവാൻ നിങ്ങളെ ഏകപുരുഷ

൩ പുരുഷനൊടു ഒരുമിപ്പിച്ചു — എന്നാൽ സൎപ്പം തന്റെ ഉപാ
യത്താലെ ഹവ്വയെ ചതിച്ചതു പൊലെ നിങ്ങളുടെ മനസ്സുകൾ
ക്രിസ്തുവിലെ ഏകാഗ്രതയെ വിട്ടു കെട്ടുപൊകും എന്നു ഞാൻ
൪ ശങ്കിക്കുന്നു — കാരണം ഞങ്ങൾ പ്രസംഗിക്കാത്ത മറെറാ
രു യെശുവെ വരുന്നവൻ പ്രസംഗിച്ചാലും നിങ്ങൾ
ലഭിക്കാത്ത ആത്മാവെയൊ കൈക്കൊള്ളാത്ത മ
റെറ സുവിശെഷത്തെ ലഭിച്ചാലും നിങ്ങൾ നന്നായി പൊറുക്കു
൫ ന്നുവല്ലൊ — എന്നാൽ ഞാൻ അതിശ്രെഷ്ഠരായ അ
പ്പൊസ്തലന്മാരിൽ ഒന്നിലും കുറവുള്ളവനല്ല എ
൬ ന്നു വിചാരിക്കുന്നു — ഞാൻ വാക്കിൽ സാമൎത്ഥ്യമില്ലാത്തവൻ
എങ്കിൽ അറിവിൽ അല്ലതാനും — ഞങ്ങൾ നിങ്ങൾക്കു സക
ലത്തിലും എല്ലാവിധത്തിലും എല്ലാവരിലും പ്രസിദ്ധരായ്വന്നവ
൭ രല്ലൊ — അല്ല ഞാൻ നിങ്ങളിൽ ദൈവസുവിശെഷത്തെ
സൌജന്യമായി പ്രസംഗിക്കകൊണ്ടു നിങ്ങൾ ഉയരപ്പെടെണ്ട
തിന്നു എന്നെ തന്നെ താഴ്ത്തുകയാൽ പാപം ചെയ്തുവൊ — ഞാ
൮ ൻ നിങ്ങളുടെ ശുശ്രൂഷെക്കായി മറെറ സ
ഭകളെ കൊള്ളയിട്ടു ചിലവിന്നു വാങ്ങി — നിങ്ങളിൽ
൯ ആരെയും ഉപദ്രവിച്ചില്ല — സഹോദരന്മാർ മക്കെദൊന്യ
യിൽനിന്നു വന്നിട്ടല്ലൊ എന്റെ മുട്ടു തീൎത്തതു — സകല
ത്തിലും എന്നെ നിങ്ങൾക്കു ഭാരമില്ലാത്തവനാക്കി കാത്തു
൧൦ കൊണ്ടും കാക്കും — ഈ പ്രശംസ അഖായയുടെ പ്ര
ദെശങ്ങളിൽ വെച്ചു മുടക്കപ്പെടുകയില്ല എന്നു ക്രിസ്തുവിന്റെ സ
൧൧ ത്യം എന്നിൽ ഉണ്ടു — എന്തുകൊണ്ടു — നിങ്ങളെ സ്നെഹിക്കാ
൧൨ ഞ്ഞിട്ടൊ — ദൈവം അറിയുന്നു — ഞാൻ ചെയ്യു
ന്നതു ഇനിയും ചെയ്യും — അവർ പ്രശംസിക്കുന്നതി
ൽ ഞങ്ങളെ പൊലെ കാണപ്പെടുവാൻ അവസരം ഇച്ഛിക്കുന്ന

വൎക്ക അവസരത്തെ അറുക്കെണ്ടതിന്നത്രെ — കാരണം ൧൩
ഇങ്ങിനെ ഉള്ളവർ കള്ള അപൊസ്തൊലർ കുടിലവെലക്കാർ
ക്രിസ്തന്റെ അപൊസ്തൊലരുടെ വെഷധാരികളുമത്രെ —
ആശ്ചൎയ്യം അല്ല — സാത്താൻ താനും വെളിച്ചദൂതന്റെ ൧൪
വെഷം ധരിക്കുന്നുവല്ലൊ അവന്റെ ശുശ്രൂഷക്കാർ നീതിശുശ്രൂ
ഷക്കാരുടെ വെഷം ധരിച്ചാൽ അതിശയമല്ല അവരു ൧൫
ടെ അവസാനം അവരുടെ ക്രിയകൾക്കൊത്തതായിരിക്കും — ഞാനിനി ൧൬
ഒന്നു കൂടി പറയുന്നു ആരും എന്നെ ബുദ്ധിഹീനൻ എന്നു വിചാ
രിക്കരുത — വിചാരിച്ചാലൊ ഞാനും അല്പം പ്രശംസിക്കെ
ണ്ടതിന്നു ബുദ്ധിഹീനനെ പൊലെയും എന്നെ കൈക്കൊ
ള്ളിൻ — ഞാൻ ചൊല്ലുന്നത കൎത്താവെ അനുസരിച്ചല്ല പ്രശംസിക്കു ൧൭
ന്നതിന്നുള്ള ഈ സംഗതിയിൽ ബുദ്ധിഹീനതയിൽ എന്ന പൊലെ
ചൊല്ലുന്നു — പലരും ജഡപ്രകാരം പ്രശംസിക്കകൊണ്ട ൧൮
ഞാനും പ്രശംസിക്കും — നിങ്ങൾ ബുദ്ധിമാന്മാരാകയാ ൧൯
ൽ ബുദ്ധിഹീനരെ സന്തൊഷത്തൊടെ പൊറുക്കുന്നു നിങ്ങളെ ഒരു
വൻ ദാസരാക്കിയാലും ഒരുവൻ തിന്നുകളഞ്ഞാലും ഒരുവൻ ൨൦
കൈക്കലാക്കിയാലും ഒരുവൻ ഉയൎന്നിരുന്നാലും ഒരുവൻ നി
ങ്ങളെ മുഖത്തടിച്ചാലും നിങ്ങൾ പൊറുക്കുന്നുവല്ലൊ — ഞാ ൨൧
ൻ ഞങ്ങൾ ബലഹീനരായിരുന്നു എന്ന അപമാനമായി ഞാൻ
മാനംകെട്ടു പറയുന്നു — ഏതിലെങ്കിലും ആരെങ്കിലും ധൈൎയ്യപ്പെ
ടുന്നു എങ്കിൽ — ഞാൻ ബുദ്ധിഹീനതയിൽ പറയുന്നു — ഞാനും
ധൈൎയ്യപ്പെടുന്നു — അവർ എബ്രായരൊ ഞാനും ആകുന്നു ഇ ൨൨
സ്രായെലരൊ ഞാനും — അബ്രഹാം സന്തതിയൊ ഞാനും ൨൩
ക്രിസ്തന്റെ ശുശ്രൂഷക്കാരൊ ബുദ്ധികെട്ടു ചൊല്ലുന്നു ഞാ
ൻ അധികം — പ്രയത്നങ്ങളിൽ ഏറെ അധികം — അടികളിൽ അ
ളവില്ല — തടവുകളിൽ അത്യന്തം — മരണങ്ങളിൽ പലപ്പൊ

൨൪ ഴും — യഹൂദരാൽ ഒന്നുകുറയ നാല്പതു അടി അഞ്ചുവട്ടം കൊണ്ടു
൨൫ മൂന്നുവട്ടം കോലിനാൽ തല്ലുകൊണ്ടു ഒരിക്കൽ കല്ലേറുകൊണ്ടു
മൂന്നുവട്ടം കപ്പൽചേതം വന്നു ഒരൊ രാപ്പകൽ ആഴി
൨൬ യിൽ കഴിച്ചിരിക്കുന്നു — പലപ്പോഴും യാത്രകളാലും പുഴക
ളിലെ കഷ്ടങ്ങളാലും കള്ളരിലെ കഷ്ടങ്ങളാലും സ്വജന
ത്തിലെ കഷ്ടങ്ങളാലും ജാതികളിലെ കഷ്ടങ്ങളാലും നഗര
ത്തിലെ കഷ്ടങ്ങളാലും കാട്ടിലെ കഷ്ടങ്ങളാലും കടലിലെ
൨൭ കഷ്ടങ്ങളാലും കള്ളസഹോദരരിലെ കഷ്ടങ്ങളാലും — അ
ദ്ധ്വാനങ്ങളിലും ഉഴല്ച്ചകളിലും പലവട്ടം ഉറക്കിളപ്പുകളിലും
പൈദാഹങ്ങളിലും പലക്കുറി പട്ടിണികളിലും ശീതനഗ്ന
൨൮ തകളിലും — അതിൽ വരമ്പുള്ളവ ഒഴികെ ദിവസേന എങ്കൽ പെ
ട്ടുന്ന കാറുവാറു സർവ്വസഭകളുടെ ചിന്താഭാരം ഇവ ഒഴികെ
൨൯ ക — ആർ ബലഹീനനാകുന്നു ഞാൻ ബലഹീനനാക
ത്തില്ലയൊ ആര് ഇടൎച്ചപ്പെടുന്നു ഞാനൊ നെഞ്ഞഴലുകാണില്ലയൊ
൩൦ യാ — പ്രശംസിക്കേണ്ടുകിൽ എൻ ബലഹീനതെക്കടു
൩൧ ത്തവ പ്രശംസിക്കും — നമ്മുടെ കർത്താവായ യേശുക്രിസ്തു
ന്റെ ദൈവവും പിതാവും യുഗാദികളിൽ അനുഗ്രഹപാത്ര
൩൨ വും ആയവൻ അറിയുന്നു — ഞാൻ പൊളി പറയുന്നി
ല്ല — ദമസ്കിൽ അരെതാരാജാവിന്റെ നാടുവാഴി എന്നെ
പിടിക്കുവാൻ ദമസ്ക്യരുടെ നഗരത്തെ കാവ
ലാക്കി കാത്തപ്പിന്നെ ഞാൻ മതിലിൽ കിളിവാതിലൂ
ടെ കൊട്ടയിൽ ഇറക്കി വിടപ്പെട്ടു അവന്റെ കൈകളി
ൽനിന്നു ഓടിപ്പോകയും ചെയ്തു —

൧൨ അദ്ധ്യായം

തന്റെ വെളിപ്പാടുകളെയും ബലഹീനതകളെയും പ്രശംസിച്ചു
കൊണ്ട താൻ തിരിച്ചും സഭയെ ശാസിക്കുന്നത.

പ്രശംസിക്കുന്നത എനിക്ക ഉചിതമാകുന്നില്ല നിശ്ചയം. ഞാൻ ൧
കർത്താവുടെ ദർശനവെളിപ്പാടുകളിലെക്കും വരും. ക്രിസ്തുവി ൨
ൽ ഉള്ളൊരു മനുഷ്യനെ പതിനാല വർഷം മുമ്പെ മൂന്നാം സ്വർഗ്ഗത്തൊ
ളം പിടിക്കപ്പെട്ടവനെ ഞാൻ അറിയുന്നു. ശരീര
ത്തൊടെ ആയിരുന്നുവൊ ശരീരത്തിന്ന പുറത്ത ആയിരുന്നുവൊ എന്നറിയാ
ദൈവം അറിയുന്നു. ആ മനുഷ്യൻ ശരീരത്തൊടെ ൩
ലൊ ശരീരത്തിന്ന പുറത്തൊ എന്നറിയാ ദൈവം അറിയുന്നു
പരദീസയിലെക്ക എടുക്കപ്പെട്ടു മനുഷ്യന്ന ഉരെപ്പാൻ ന്യായ ൪
മില്ലാത്ത അവാച്യവാക്യങ്ങളെ കെട്ടു എന്ന ഞാൻ അറിയു
ന്നു. ഇങ്ങനെയുള്ളവനെ ഞാൻ പ്രശംസിക്കും എന്നാൽ എ ൫
ന്റെ ബലഹീനതകൾ ഒഴികെ ഞാൻ പ്രശംസിക്കയില്ല. ഞാ ൬
ൻ പ്രശംസിപ്പാൻ ഇച്ഛിച്ചാലും സത്യം പറയുന്നതി
നാൽ ബുദ്ധിഹീനനാകയില്ല. എങ്കിലും എന്നെ കാണു
ന്നതിനെക്കാൾ എങ്കിൽ കെൾക്കുന്നതിനെക്കാൾ ഏറെ ആരും എ
ന്നെ വിചാരിക്കാതിരിപ്പാൻ ഞാൻ ഒഴിഞ്ഞിരിക്കുന്നു.
—വിശേഷവെളിപ്പാടുകളുടെ ആധിക്യംകൊണ്ട ഞാൻ അധികം ൭
ഉയരാതിരിപ്പാൻ ജഡത്തിൽ ഒരു
ശൂലം തരപ്പെട്ടു ഞാൻ അധികം ഉയരാതിരിക്കെണ്ടതിന്ന
എന്നെ കുത്തുവാൻ സാത്താന്റെ ദൂതൻ തന്നെ. അതിനായി ൮
ട്ട ഞാൻ മൂന്ന പ്രാവശ്യം അത എന്നെ വിട്ടു നീങ്ങെണ്ടതിന്ന കർത്താ
വിനൊട അപെക്ഷിച്ചു. അവൻ എന്നൊട പറഞ്ഞു എന്റെ ൯
കൃപ നിനക്ക മതി; എന്റെ ശക്തി ബലഹീനതയിൽ തി
കഞ്ഞുവരുന്നു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെ മെൽ ൧൦
ആവസിക്കെണ്ടതിന്ന ഞാൻ ബലഹീനതകളിൽ ഏറ്റവും സന്തൊഷമായി

ഇനി എൻ ബലഹീനതകളിൽ പ്രശംസിക്കും— ആകയാൽ ഞാൻ
ക്രിസ്തന്നു വെണ്ടി ബലഹീനതകൾ സാഹസങ്ങൾ കെട്ടുപാടു
കൾ ഹിംസകൾ ഇടുക്കുകൾ ഇവറ്റിൽ രസിക്കുന്നു കാരണം
ഞാൻ ബലഹീനനാകുമ്പൊഴെക്കു ശക്തനാകുന്നു—

ഞാൻ ബുദ്ധിഹീനനായി പൊയി നിങ്ങൾ എന്നെ നിർബ്ബ
൧൧. ന്ധിച്ചു— ഞാൻ എന്നെ നിങ്ങൾ അല്ലൊ ശ്ലാഘിക്കെണ്ടതാ
യിരുന്നു എന്തെന്നാൽ ഞാൻ ഒന്നും ഇല്ല എങ്കിലും അതിശ്രെ
൧൨ ഷ്ഠരായ അപൊസ്തലരിൽ ഒന്നിലും കുറഞ്ഞവനല്ല— എ
ങ്ങനെ എങ്കിലും അപൊസ്തലന്റെ അടയാളങ്ങൾ സകല
ക്ഷാന്തിയിലും അടയാളങ്ങളാലും അത്ഭുതങ്ങളാലും ശക്തി
൧൩ കളാലും നിങ്ങളിൽ നടത്തപ്പെട്ടു— ഞാൻ തന്നെ നിങ്ങ
ളെ ഞെരുക്കീട്ടില്ല എന്നുള്ളതല്ലാതെ ശെഷം സഭകളെക്കാളും
നിങ്ങൾക്ക് എന്തിൽ കുറവു വന്നു— ഈ അനീതിയെ എനിക്കു
൧൪ ക്ഷമിച്ചു വിട്ടുകിൻ— കണ്ടാലും ഈ മൂന്നാമത് നിങ്ങളിട
ത്തിൽ വരുവാൻ ഒരുമ്പെട്ടിരിക്കുന്നു നിങ്ങളെ ഞെരുക്കുകയും
ഇല്ല നിങ്ങൾക്കുള്ളവ അല്ലല്ലൊ നിങ്ങളെ തന്നെ അന്വെഷി
ക്കുന്നു— കാരണം മക്കൾ പെറ്റവർക്കല്ല പെറ്റവർ മക്കൾക്കാ
൧൫ യത്രെ ശെഖരിക്കെണ്ടതു— ഞാനൊ നിങ്ങളെ ഏറ്റം സ്നെഹി
ക്കുന്നൊറും കുറയ സ്നെഹിക്കപ്പെടുന്നു എങ്കിലും നിങ്ങടെ ആത്മാ
ക്കൾക്കായി ചെലവിട്ടുവാനും ചെലവാക്കി പൊവാനും അതി
൧൬ ഒരുക്കപ്പെടുന്നു— എങ്കിലും ആകട്ടെ ഞാൻ നിങ്ങളെ
൧൭ ഭാരം ചുമത്തീട്ടില്ല— ഉപായിയാകയാൽ ചതികൊണ്ടു നിങ്ങളെ
ഉൾപ്പിടിച്ചു എന്നു വരും— ഞാൻ നിങ്ങളുടെ അടുക്കെ അയച്ച
വരിൽ ഒരുവനെക്കൊണ്ടും നിങ്ങളിൽ നിന്നു ഊതിച്ചു നെടി
൧൮ യൊ— ഞാൻ തീതനെ പ്രബൊധിപ്പിച്ചു ആ സഹൊദരനെയും
കൂട അയച്ചിരുന്നു പിന്നെ തീതൻ നിങ്ങളിൽ ഊതിച്ചുവൊ—

ഞങ്ങൾ ഏകമായ ആത്മാവിൽ നടന്നില്ലയൊ ഏകമായ കാ
ൽചുവടുകളിൽ അല്ലയൊ — ഞങ്ങൾ നിങ്ങളൊടു പ്രതിവാ ൧൯
ദം ചൊല്ലുന്നു എന്നു പിന്നെയും നിങ്ങൾ്ക്കു തൊന്നുന്നു- ദൈവസ്സ
ന്നാകെ തന്നെ ക്രിസ്തനിൽ ഞങ്ങൾ ഉരെക്കുന്നു സകലമൊ
പ്രിയമുള്ളവരെ നിങ്ങളുടെ വിദ്ധവൎദ്ധനെക്കത്രെ — എങ്ങി ൨൦
നെ എന്നാൽ ഞാൻ വന്നാൽ നിങ്ങളെ ഇച്ഛിക്കും പൊലെ
ല അല്ലകാണും നിങ്ങൾ എന്നെ ഇഛ്ശിക്കപ്പൊലെ അല്ലകാ
ണം എന്നും പിണക്കം എരിവുകൾ ക്രൊധങ്ങൾ ശണ്ഠകൾ
ഏഷണികൾ മുറുമുറുപ്പുകൾ ഞെളിവുകൾ കലഹങ്ങൾ ഉണ്ടാകും
എന്നും — ഞാൻ പിന്നെയും വന്നാൽ എൻ്റെ ദൈവം എന്നെ നി ൨൧
ങ്ങളിൽ താഴ്ത്തുവാനും മുൻപിഴെച്ചിട്ടും തങ്ങൾ നടന്ന അശുദ്ധി
പുലയാട്ടു ദുഷ്കാമങ്ങളെയും വിചാരിച്ചു മാനസാന്തരപ്പെടാ
ത്ത പലരെയും കുറിച്ചു ഖെദിപ്പാനും സംഗതിവരും എ
ന്നും ഞാൻ ഭയപ്പെടുന്നു.

൧൩ അദ്ധ്യായം

താൻ അങ്ങെത്തിയാൽ ഇന്നപ്രകാരം ആചരിക്കും എന്നു

കഥ.

ഇതു മൂന്നാമത് ഞാൻ നിങ്ങളുടെ അടുക്കെ വരുന്നു രണ്ടു മൂന്നു സാ ൧
ക്ഷികളുടെ വായിനാൽ എതു സംഗതിയും സ്ഥിരപ്പെട്ടും ആമെ.
൧൨, ൨൧ — മുൻപിഴെച്ചവരൊടും മറ്റെല്ലാവരൊടും ൨
ഞാൻ മുൻ പറഞ്ഞിട്ടുണ്ടു ഇപ്പൊൾ ദൂരസ്ഥൻ എങ്കിലും രണ്ടാ
മത് അരികത്തുള്ളവനെ പൊലെ മുൻപറയുന്നതു ഇങ്ങുവ ൩
ന്നാൽ എന്നിൽ ഉരെക്കുന്ന ക്രിസ്തൻ്റെ പരീക്ഷയെ നിങ്ങൾ അന്വെ
ഷിക്കകൊണ്ടു ഞാൻ പിന്നെയും വന്നാൽ ആദരിച്ചുകൊള്ളുക
ഇല്ല — അവൻ നിങ്ങളൊടു ബലഹീനനല്ല നിങ്ങളിൽ ശക്തനു

നാകുന്നസത്യം— എങ്കിലൊ എന്നാൽ ബലഹീനതയിൽ നിന്നും
അവൻ ക്രൂശിക്കപ്പെട്ടിട്ടും ദൈവശക്തിയിൽ നിന്നും ജീവിക്കു
ന്നു— ഞങ്ങളും അപ്രകാരം അവനിൽ ബലഹീനന്മാരാകിലും അ
വനൊടു കൂടെ ദൈവശക്തിയിൽ നിന്നും ജീവിക്കുന്നവരാകി
൫ നിങ്ങളിൽ ഇരിക്കും— നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നവ
രൊ എന്ന നിങ്ങളെ തന്നെ പരീക്ഷിപ്പിൻ— നിങ്ങളെ തന്നെ
ശൊധന ചെയ്യിൻ— എന്തു നിങ്ങൾ കൊള്ളരുതാത്തവർ
ആയാൽ ഒഴികെ യെശുക്രിസ്തൻ നിങ്ങളിൽ ഇരിക്കുന്നു എന്ന നിങ്ങ
൬ ളിൽ തന്നെ അറിഞ്ഞുകൊള്ളുന്നില്ലയൊ— ഞങ്ങളൊ കൊ
ള്ളരുതാത്തവരല്ലാ എന്ന നിങ്ങൾ അറിയും എന്ന ആശിക്കു
൭ ന്നു— എങ്കിലും നിങ്ങൾ ഒരു തിന്മയും ചെയ്യാതിരിക്കെണ്ടതി
ന്നു ഞാൻ ദൈവത്തൊട അപെക്ഷിക്കുന്നു— ഞങ്ങൾ
കൊള്ളാകുന്നവരായി തൊന്നെണം എന്നല്ല നിങ്ങൾ ന
ന്മയെ ചെയ്കയും ഞങ്ങൾ കൊള്ളരുതാത്തവർ എന്നപൊ
൮ ലെ ഇരിക്കെണ്ടുന്നതിന്നത്രെ— ഞങ്ങൾക്ക സത്യത്തിന്ന വിരൊ
൯ ധമായിട്ട ഒന്നും കഴിയുന്നില്ല സത്യത്തിന്ന വെണ്ടി അത്രെ— എങ്ങി
നെ എന്നാൽ ഞങ്ങൾ ബലഹീനരും നിങ്ങൾ ശക്തരും ആകുന്ന
വളിയിൽ ഞങ്ങൾ സന്തൊഷിക്കുന്നു— ഇതിനെയും ഞങ്ങൾ
൧൦ അപെക്ഷിക്കുന്നു നിങ്ങളുടെ പൂർണ്ണസ്ഥിരത തന്നെ—
ഇതു നിമിത്തം ഞാൻ കൎത്താവ് എനിക്ക നാശത്തിന്നായി
ട്ടല്ല വീട്ടുവൎദ്ധനെക്കത്രെ തന്ന അധികാരത്തിന്ന
ഒക്കവണ്ണം ഖണ്ഡിതഭാവത്തെ പ്രയൊഗിക്കാതിരിക്കെ
ണ്ടതിന്ന ദൂരത്തിൽ ഇവ എഴുതുന്നു—
൧൧ ഒടുക്കം സഹൊദരന്മാരെ സന്തൊഷിപ്പിൻ പൂൎണ്ണന്മാ
രാകപ്പെടുവിൻ തങ്ങളിൽ പ്രബൊധിപ്പിച്ചുകൊള്ളിൻ ഒരെ
ഭാവത്തെ ഭാവിപ്പിൻ സമാധാനത്തൊടു ഇരിപ്പിൻ— എന്നാൽ സ

സമാധാനങ്ങളുടെ ദൈവം നിങ്ങളൊടു കൂടെ ഇരിക്കും — വി ൧൨
ശുദ്ധചുംബനം കൊണ്ട അന്യൊന്യം വന്ദിപ്പിൻ — വിശുദ്ധ ൧൩
ർ എല്ലാവരും നിങ്ങളെ വന്ദിക്കുന്നു — കൎത്താവായ യെശുക്രി ൧൪
സ്തുവിന്റെ കരുണയും ദൈവത്തിൻ സ്നെഹവും പരിശുദ്ധാത്മാ
വിൻ കൂട്ടായ്മയും നിങ്ങൾ എല്ലാവരൊടും കൂടെ ഇരിക്കുമാറാക-

ഗലാത്യൎക്കുള്ള ലെഖനം

൧ അദ്ധ്യായം

(൧) അവന്റെ ഉപദെഷ്ടാക്കൾ ഘൊഷിക്കൊടുക്കയാൽ ഞെ
ട്ടൽ — ൧൧, ൧൨ തന്റെ സുവിശെഷം മനുഷ്യരി
ൽനിന്നു കിട്ടിയതല്ല.

മനുഷ്യരിൽനിന്നല്ല മനുഷ്യനാലും അല്ല യെശുക്രിസ്തുവി ൧
നാലും അവനെ മരിച്ചവരിൽനിന്ന ഉണൎത്തിയ പിതാ
വായ ദൈവത്താലും അപ്പൊസ്തലനായ പൌലും
—എന്റെ കൂടയുള്ള എല്ലാ സഹൊദരന്മാരും ഗലാത്യസഭ ൨
കൾക്ക എഴുതുന്നത — പിതാവായ ദൈവത്തിൽനിന്നും ന ൩
മ്മുടെ കൎത്താവായ യെശുക്രിസ്തുവിൽനിന്നും നിങ്ങൾക്ക കരുണ
യും സമാധാനവും ഉണ്ടാക — അവൻ നമ്മെ ഇപ്പൊഴത്തെ ദുഷ്ട ൪
ലൊകത്തിൽനിന്ന രക്ഷിക്കെണ്ടുന്നതിന്ന നമ്മുടെ
ദൈവവും പിതാവുമായവന്റെ ഇഷ്ടപ്രകാരം നമ്മുടെ പാപ
ങ്ങൾക്ക വെണ്ടി തന്നെത്താൻ കൊടുത്തു — അവന്ന യുഗാദികളൊ
ളം മഹത്വം ഉണ്ടാക — ആമെൻ ൫

ക്രിസ്തുവിന്റെ കരുണയിൽ നിങ്ങളെ വിളിച്ചവനെ വിട്ട നിങ്ങൾ ൬
ഇത്ര വെഗത്തിൽ വെറെ സുവിശെഷത്തിലെക്ക മറി

൭ ഷ്യന്തരത്തെക്കൊണ്ടു ഞാൻ ആശ്ചൎയ്യപ്പെടുന്നു— അതൊ മറെറാ
രു സുവിശെഷമല്ല ചിലർ നിങ്ങളെ കലക്കി ക്രിസ്തന്റെ സു
൮ വിശെഷത്തെ മറിപ്പാൻ ഇച്ഛിക്കുന്നതെ ഉള്ളു— എങ്കി
ലും ഞങ്ങൾ ആകട്ടെ സ്വൎഗ്ഗത്തിങ്കന്നു ദൂതനാകട്ടെ നിങ്ങൾക്കു
ഞങ്ങൾ സുവിശെഷിച്ചതിനൊടു വിപരീതമായി സുവി
൯ ശെഷിച്ചാലും അവൻ ശാപഗ്രസ്തനാക— ഞങ്ങൾ മുമ്പെ
ചൊല്ലിയ പ്രകാരം ഇന്നും പിന്നെയും പറയുന്നു നിങ്ങൾ പരിഗ്ര
ഹിച്ചതിനൊടു വിപരീതമായി ആരാനും നിങ്ങളിൽ സു
൧൦ വിശെഷിച്ചാൽ അവൻ ശാപഗ്രസ്തനാക— എന്തെന്നാ
ൽ ഇന്നു ഞാൻ മനുഷ്യരെ സമ്മതിപ്പിക്കുന്നുവൊ എന്നതൊ
ദൈവത്തെ അല്ലയൊ— അല്ല മനുഷ്യരെ പ്രസാദിപ്പിപ്പാ
ൻ അന്വെഷിക്കുന്നുവൊ— ഇന്നും മനുഷ്യരെ പ്രസാദിപ്പി
൧൧ ച്ചു എങ്കിൽ ഞാൻ ക്രിസ്തന്റെ ദാസനല്ല—
എന്നാൽ സഹൊദരന്മാരെ ഞാൻ പ്രസംഗിച്ച സുവിശെ
ഷം മനുഷ്യപ്രകാരമുള്ളതല്ല എന്നു നിങ്ങളെ അറിയി
൧൨ ക്കുന്നു— കാരണം ഞാൻ അതിനെ മനുഷ്യനിൽനിന്നു
പരിഗ്രഹിച്ചിട്ടില്ല ഉപദെശിക്കപ്പെട്ടിട്ടും ഇല്ല യെശുക്രി
൧൩ സ്തന്റെ വെളിപ്പാടിനാൽ അത്രെ കിട്ടിയത്— എങ്ങിനെ
എന്നാൽ പണ്ടു ഞാൻ യഹൂദാചാരത്തിൽ നടന്നതിനെ
കെട്ടുവല്ലൊ— ദെവസഭയെ ഞാൻ അനവധി ഹിംസിച്ചു
പാഴാക്കി എൻ പൈതൃകസമ്പ്രദായങ്ങൾക്കായി അത്യന്തം
൧൪ എരിവെറി— എൻ വംശത്തിലുള്ള സമപ്രായക്കാർ പലരെ
ക്കാളും യഹൂദാചാരത്തിൽ അധികം മുഴുത്തുവന്നത് അത്രെ—
൧൫ —എങ്കിലും എൻ അമ്മയുടെ ഗൎഭത്തിൽ തന്നെ എന്നെ വെർതി
രിച്ചു തന്റെ കരുണയാലെ വിളിച്ചവൻ സ്വപുത്രനെ ഞാൻ
അവനെ ജാതികളിൽ സുവിശെഷിക്കെണ്ടതിന്നു എ

ന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പൊൾ — ഞാൻ ൧൬
മാംസരക്തങ്ങളോടു ബോധിപ്പിച്ചില്ല — എനിക്കു മുമ്പെ ൧൭
അപൊസ്തലരായവരുടെ അടുക്കൽ യെറുശലെമിൽക്ക
രെറിയതുമില്ല ഉടനെ ഞാൻ അറവിയായ്ക്കു പുറപ്പെട്ടു ദമസ്കി
ലെക്കു മടങ്ങി പൊകയും ചെയ്തു — പിന്നെ മൂന്നു ആണ്ടു ക ൧൮
ഴിഞ്ഞിട്ടു പെത്രനെ പരിചയിപ്പാൻ യെറുശലെമിലെക്കു
കരെറി ൧൫ ദിവസം അവനൊടു കൂടെ പാർത്തു — കർത്താവി ൧൯
ൻ സഹൊദരനായ യാക്കൊബിനെയൊ അപൊസ്തലരി
ൽ വെറൊരുത്തനെ കണ്ടതുമില്ല — ഞാൻ നിങ്ങൾക്കെഴു ൨൦
തുന്നതു ഇതാ ദൈവമുമ്പാകെ — ഞാൻ കളവു പറയുന്നി
ല്ല — അനന്തരം ഞാൻ സുറിയ കിലിക്യ ദിക്കുകളിൽ ചെ ൨൧
ന്നു — ക്രിസ്തനിലുള്ള യഹൂദ്യസഭകൾക്കു ഞാൻ മുഖപരിച ൨൨
യം ഇല്ലാഞ്ഞു അവനാക്കിപാർത്തു — പണ്ടു നമ്മെ ഹിംസിപ്പവൻ താ ൨൩
ൻ മുമ്പെ പാഴാക്കിയ വിശ്വാസത്തെ ഇപ്പൊൾ സുവിശെ
ഷിക്കുന്നു എന്നു അവർ കെട്ടു — ദൈവത്തെ എന്നിമി
ത്തം മഹത്വപ്പെടുത്തികൊണ്ടിരുന്നു

൨ അദ്ധ്യായം

താൻ ഘൊഷിക്കുന്നതിനെ അപൊസ്തലർ എന്നു മതിക്കപ്പെ
ട്ടു — ൧൧ പെത്രനെ ശാസിച്ചതും — ൧൬ താൻ ധർമ്മ
ത്തിന്റെ വിവരവും.

പിന്നെ പതിന്നാലു ആണ്ടു കഴിഞ്ഞിട്ടു ഞാൻ ബർന്നബാവു ൧
മായി തീതനെയും കൂട്ടിക്കൊണ്ടു യെറുശലെമിലെക്കു കരെ
റി — അതു വെളിപ്പാടിനെ അനുസരിച്ചു അത്രെ — ഞാൻ ൨
ഒടുന്നതൊ ഒടിയതൊ താൻ പഴുതിലാകരുതു എന്നിട്ടു ഞാ
ൻ ജാതികളിൽ ഘൊഷിക്കുന്ന സുവിശെഷത്തെ അവർക്കും

൩. ഏകാന്തമായി പ്രമാണികൾക്കും—വിവരിച്ചു മുൻവെച്ചു—എ
ന്നാൽ എന്നൊടു കൂടെ ഉള്ള തീത്തൻ യവനൻ എങ്കിലും പരി
൪ ഛെദന ചെയ്വാൻ നിർബന്ധിക്കപ്പെട്ടതും ഇല്ല—നുഴഞ്ഞു
വന്ന കള്ളസഹോദരർ നിമിത്തം അത്രെ—ആയവർ ഞ
ങ്ങളെ ദാസീകരിച്ചു കളയെണ്ടതിന്നു ക്രിസ്തുയെശുവിൽ ഞ
ങ്ങൾക്കുള്ള സ്വാതന്ത്ര്യത്തെ ഒറ്റുനൊക്കുവാൻ നുഴഞ്ഞുവ
൫ ന്നവർ—അവർക്കു ഞങ്ങൾ സുവിശെഷസത്യം നിങ്ങളൊ
ടു കൂടെ പാർക്കെണ്ടതിന്നു നാഴികയൊളവും കീഴ്പെട്ടു വഴങ്ങി
൬ യില്ല—പ്രമാണികൾ എന്നു തൊന്നുന്നവരൊ—(അവർ എ
ത്ര പ്രകാരമുള്ളവരായി എന്നു എനിക്കു വെണ്ടുവതില്ല ദൈ
വം ഒരു മനുഷ്യമുഖപക്ഷം ഇല്ലാ.) എങ്ങിനെ എങ്കിലും
പ്രമാണികൾ എനിക്ക ഒന്നും ബൊധിപ്പിച്ചതില്ല സത്യം.
൭ —പിന്നെയൊ പരിഛെദനയൊടുള്ള അപൊസ്തലത്വ
ത്തിൽ പെത്രന്നു സാദ്ധ്യം വരുത്തിയവൻ എനിക്കും ജാതി
൮ കളിൽ സാദ്ധ്യം വരുത്തിയതു കൊണ്ടു—പെത്രന്നു പരിഛെ
ദനക്കാരിൽ എന്ന പൊലെ എനിക്കു അഗ്രചർമ്മത്തിലെ സുവി
൯ ശെഷം ഭരമെല്പിച്ചു വന്നതു കൊണ്ടും—എനിക്കു നല്ക
പ്പെട്ട കൃപയെ അറിഞ്ഞും കൊണ്ടു—യാക്കൊബ കെഫാ
യൊഹനാൻ എന്നിങ്ങനെ തൂണുകൾ എന്നു തൊന്നുന്നവ
ർ എനിക്കും ബർന്നബാവിന്നും കൂട്ടായ്മയുടെ വലങ്കൈകളെ
൧൦ തന്നു—ഞങ്ങൾ ജാതികളിലെക്കും അവർ പരിഛെദനയി
ലെക്കും എന്നും—ദരിദ്രരെ മാത്രം ഞങ്ങൾ ഓർക്കെണ്ടതാവു
എന്നും വെച്ചത്രെ—ആയതും ഞാൻ ചെയ്വാൻ ഉത്സാഹിച്ചു
൧൧ സത്യം——ശെഷം പെത്രൻ അന്ത്യൊക്യയിൽ വന്നാറെ അ
വന്റെ മെൽ കുറ്റം ചുമത്തപ്പെട്ടുകയാൽ ഞാൻ അഭിമുഖമാ
൧൨ യി അവനൊടു എതിർത്തു—എങ്ങിനെ എന്നാൽ യാ

ക്കോബിൽനിന്നു ചിലർ വരുമ്മുമ്പെ അവൻ ജാതികളൊടു
കൂടെ ഭക്ഷിച്ചു — വന്നപ്പോഴൊ അവൻ പരിഛെദനക്കാരെ ഭ
യപ്പെട്ടു പിൻവാങ്ങി വേർപിരിഞ്ഞു കൊണ്ടിരുന്നു. —— അവനൊ ൧൩
ട്ടു കൂടെ ശെഷം യെഹൂദരും വ്യാജത്തിൽ കൂട്ടുകാരായി ബർന്ന
ബാവും അവരുടെ വ്യാജത്താൽ കൂടവലിക്കപ്പെട്ടു — എന്നാൽ ൧൪
അവർ സുവിശെഷ സത്യത്തിൻ പ്രകാരം കാൽ നെരെ
വെക്കുന്നില്ല എന്നു കണ്ടിട്ടു ഞാൻ എല്ലാവരും കാണ്കെ പെത്രെ
നൊടു പറഞ്ഞിതു — യെഹൂദനായ നീ യെഹൂദ്യമായല്ല ജാതിപ്രാ
യമായി ഉപജീവിക്കുന്നു എങ്കിൽ നീ ജാതികളെ യെഹൂദപ്രാ
യമാകുവാൻ നിർബ്ബന്ധിക്കുന്നതു എന്തിനെ — സ്വഭാവത്താ ൧൫
ൽ ജാതികളിൽ നിന്നുള്ള പാപികൾ അല്ല യെഹൂദരായുള്ള നാം
എല്ലൊ യെശുക്രിസ്തങ്കലെ വിശ്വാസത്താൽ അല്ലാതെ ധർമ്മ ൧൬
ക്രിയകളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല എന്നറിഞ്ഞി
ട്ടു — ധർമ്മക്രിയകളാൽ അല്ല ക്രിസ്തവിശ്വാസം ഹേതുവാ
യി നാം നീതീകരിക്കപ്പെടെണ്ടതിന്നു ക്രിസ്തനെ യെശുവിൽ വി
ശ്വസിച്ചു — കാരണം ധർമ്മക്രിയകൾ ഹേതുവായി ഒരു ജഡവും
നീതീകരിക്കപ്പെടുകയില്ല — എന്നാൽ ക്രിസ്തനിൽ നീതീകര ൧൭
ണത്തെ അന്വെഷിക്കുന്നതിനാൽ നമ്മളും കൂടെ പാപികളായി കാണ
വരികിൽ ക്രിസ്തൻ തന്നെ പാപത്തിൻ ശുശ്രൂഷക്കാരനായല്ലൊ
അതരുതെ — എങ്ങിനെ എന്നാൽ ഞാൻ ഇടിച്ചവറ്റെ താ ൧൮
ൻ പിന്നെയും കെട്ടിയാൽ ഞാൻ ലംഘിച്ചവൻ എന്നു താൻ
തന്നെ കാട്ടുന്നു —— ഞാനൊ ദൈവത്തിനായി ജീവി ൧൯
ക്കെണ്ടതിന്നു ധർമ്മത്താൽ ധർമ്മത്തിന്നു മരിച്ചു — ഞാൻ ക്രിസ്ത
നൊടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു — ഇനി ഞാൻ ജീവിക്കു ൨൦
ന്നതു ഞാനായിട്ടല്ല ക്രിസ്തൻ എന്നിൽ ജീവിക്കുന്നു —
ഇന്നും ഞാൻ ജഡത്തിൽ ജീവിക്കുന്നതു എന്നെ സ്നെഹിച്ചു

എനിക്കു വെണ്ടി തന്നെത്താൻ എല്പിച്ചു തന്ന ദൈവപുത്രങ്ക
൨൧ ലെ വിശ്വാസത്തിൽ ജീവിക്കുന്നു — ദൈവകരുണയെ
ഞാൻ വൃഥാവാക്കുന്നില്ല എങ്ങിനെ എന്നാൽ ധർമ്മത്താൽ നീ
തിയുണ്ടെങ്കിൽ ക്രിസ്തൻ വെറുതെ മരിച്ചു എന്നത്രെ.

൩ാം അദ്ധ്യായം

(൧-൫ ധർമ്മാസക്തിയുടെ ആക്ഷേപണം) — ധർമ്മത്താൽ അല്ല ആത്മാവും — (൬) നീതിക്കും — (൧൦) ശാപമോക്ഷവും ലഭിച്ചതു — (൧൫) ധർമ്മം വാഗ്ദത്തത്തെ നീക്കാതെ — (൧൯) ബാലശിക്ഷക്കായി വന്നതു — (൨൩) വിശ്വാസത്താലെ വാഗ്ദത്താവകാശം.

൧ ഹാ ബുദ്ധിയില്ലാത്ത ഗലാത്യരെ നിങ്ങളിൽ ക്രൂശിക്കപ്പെ
ട്ടവനായി യെശുക്രിസ്തൻ കണ്ണുകൾക്കു മുമ്പാകെ ചിത്രം പൊ
ലെ വരെച്ചു കിട്ടിയശെഷവും നിങ്ങൾക്കു ആർ ദൃഷ്ടിവെച്ചു —
൨ ഇത് ഒന്നിനെ നിങ്ങളിൽനിന്നു ഗ്രഹിപ്പാൻ ഇച്ഛിക്കുന്നു —
നിങ്ങൾ ആത്മാവ് ലഭിച്ചത് ധർമ്മക്രിയകളാലൊ വിശ്വാസത്തി
ൻ കെൾവിയിൽനിന്നൊ — നിങ്ങൾ ഇത്ര ബുദ്ധികെട്ടവരൊ —
൩ ആത്മാവ് കൊണ്ടു ആരംഭിച്ചു ഇപ്പൊൾ ജഡംകൊണ്ടു സമാ
൪ പിക്കുന്നുവൊ — ഇത്ര എല്ലാം വെറുതെ അനുഭവിച്ചുവൊ
൫ വെറുതെ എന്നു വരികിലെ — എന്നാൽ നിങ്ങൾക്കു ആത്മാവി
നെ നല്കി ശക്തികളെ നിങ്ങളിൽ സാധിപ്പിച്ചു തരുന്നവൻ
ധർമ്മക്രിയകൾ ഹെതുവായൊ വിശ്വാസകെൾവി ഹെതുവായൊ
൬ ആകുന്നതു — വിശ്വാസത്താലല്ലൊ (൧ മൊ. ൧൫,
൬) അബ്രഹാം ദൈവത്തെ വിശ്വസിച്ചു അതവന്നു നീ
൭ തിയായി എണ്ണപ്പെട്ടതു പൊലെ തന്നെ — അതുകൊണ്ടു
വിശ്വാസത്തിലുള്ളവർ അത്രെ അബ്രഹാമിൻ മക്കൾ ആകുന്ന

എന്നതിന്റെ — എന്നാൽ ദൈവം വിശ്വാസം ഹേതുവായി ജ
ാതികളെ നീതീകരിക്കുന്നതിനെ വേദം മുൻകണ്ടു അബ്ര
ഹാമിന്നു മുന്നെ സുവിശേഷിച്ചു കൊടുത്തു നിന്നിൽ സക
ല ജാതികളും കൂടെ അനുഗ്രഹിക്കപ്പെടും എന്നത്രെ ഉല്പ.
൧൨. ൩, ൧൮. ൧൮ — ആകയാൽ വിശ്വാസത്തിൽ നിന്നുള്ളവ ര
ർ വിശ്വാസിയായ അബ്രഹാമോടു കൂടെ അനുഗ്രഹിക്കപ്പെ
ടുന്നു — ധർമ്മക്രിയകളിൽ നിന്നുള്ളവർ എല്ലാം ശാപ ൧൦
ത്തിൻ കീഴ് ആകുന്നു — എങ്ങിനെ എന്നാൽ ൫ മൊ. ൨൭, ൨൬ ധർമ്മ
പുസ്തകത്തിൽ എഴുതിയവ ഒക്കയും ചെയ്വാൻ അവയിൽ വ
സിച്ചു നില്ക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴു
തിയിരിക്കുന്നു — എന്നാൽ ധർമ്മത്താൽ ആരും ദൈവമുമ്പാ ൧൧
കെ നീതീകരിക്കപ്പെടാത്തതു സ്പഷ്ടം വിശ്വാസത്താൽ അല്ലൊ
നീതിമാൻ ജീവിക്കും ഹബ. ൨, ൪ — ധർമ്മമൊ വിശ്വാസമൂല ൧൨
യതല്ല പ്രത്യുത ൩ മൊ. ൧൮, ൫ അവറ്റെ ചെയ്യുന്നവൻ അവറ്റാ
ൽ ജീവിക്കും എന്നത്രെ — ൫ മൊ. ൨൧ മരത്തിന്മേൽ തൂ ൧൩
ങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയപ്രകാ
രം ക്രിസ്തൻ നമുക്ക വേണ്ടി ശാപമായി ചമഞ്ഞു ധർമ്മത്തിൻ ശാ
പത്തിൽനിന്നു നമ്മെ മെടിച്ചു വിടുവിച്ചത് — അബ്രഹാമിൻ ൧൪
അനുഗ്രഹം ക്രിസ്തയെശുവിങ്കൽ ജാതികൾക്കു സംഭവിക്കേണ്ട
തിന്നു — നാം ആത്മാവാകുന്ന വാഗ്ദത്തത്തെ വിശ്വാസം കൊ
ണ്ടു പ്രാപിപ്പാൻ തന്നെ — സഹോദരന്മാരെ ഞാൻ മാനു ൧൫
ഷപ്രകാരം പറയുന്നു — ഒരു മനുഷ്യന്റെ നിയമം തിട്ടം
വന്നശേഷം ആരും തള്ളുകയൊ കൂട്ടികല്പിക്കയൊ ചെയ്യു
ന്നില്ലല്ലൊ — എന്നാൽ അബ്രഹാമിന്നും അവന്റെ സന്ത ൧൬
തിക്കും വാഗ്ദത്തങ്ങൾ ഉരെക്കപ്പെട്ടു — സന്തതികൾക്കും എന്നി
ങ്ങിനെ പലർക്കായല്ല ഏകന്നായിട്ടത്രെ ൧ മൊ. ൧൨, ൭ നി

ന്റെ സന്തതിക്കും എന്ന പറയുന്നു— ആയത ക്രിസ്തു തന്നെ—
൧൭ ഞാൻ ഇതിനെ പറയുന്നു— ക്രിസ്തുവിങ്കലേക്ക ദൈവത്താൽ നി
ർണ്ണയിക്കപ്പെട്ടതായ ഉടമ്പടിയെ ൪൩൦ ആണ്ടുകൾക്ക പിന്നെ ഉണ്ടായൊരു
൧൮ ധർമ്മം വാഗ്ദത്തത്തെ നീക്കുമാറു ഒഴിക്കുന്നില്ല— എങ്കി
നെ എന്നാൽ അവകാശം ധർമ്മം മൂലമായി എങ്കിൽ പിന്നെ വാ
ഗ്ദത്തമൂലം ആകുന്നില്ല അബ്രഹാമിന്നൊ ദൈവം വാഗ്ദത്തം
൧൯ കൊണ്ട അതിനെ സമ്മാനിച്ചിട്ടുണ്ട— എന്നാൽ ധർമ്മമായത എന്ത—
വാഗ്ദത്തപാത്രമായ സന്തതി വരുവൊളം ലംഘനങ്ങൾ
നിമിത്തം കൂടെ വെക്കപ്പെട്ടതും ദൂതന്മാരെ കൊണ്ട മദ്ധ്യസ്ഥന്റെ
൨൦ കൈയിൽ ഏല്പിക്കപ്പെട്ടതും തന്നെ— മദ്ധ്യസ്ഥൻ എന്ന
൨൧ ത ഒരുവന്റെ അല്ല— ദൈവമൊ ഒരുവൻ ആകുന്നു— എ
ന്നാൽ ധർമ്മം ദൈവ വാഗ്ദത്തങ്ങൾക്ക വിരോധമൊ— അതരുതെ—
എങ്കിലൊ തന്നെ ജീവിപ്പിപ്പാൻ കഴിയുന്നൊരു ധർമ്മം ന
൨൨ ല്കപ്പെട്ടു എങ്കിൽ ധർമ്മത്താൽ നീതി ഉണ്ടായിരുന്നു— എങ്കിലും വി
ശ്വസിക്കുന്നവർക്ക തന്നെ വാഗ്ദത്തം യേശുക്രിസ്തുവിങ്കലെ വിശ്വാ
സത്താൽ കൊടുക്കപ്പെടേണ്ടതിന്ന വേദം എല്ലാവരെയും
൨൩ പാപത്തിൻ കീഴ അടെച്ചുകളഞ്ഞു— വിശ്വാസം വരും മുന്ന
മെ നാം പിന്നെ വെളിപ്പെടേണ്ടുന്ന വിശ്വാസത്തോളമാ
൨൪ യി ധർമ്മത്തിൻ കീഴ അടെച്ചു വെച്ചു കാക്കപ്പെട്ടു— ആകയാൽ
നാം വിശ്വാസം ഹേതുവായിട്ട നീതീകരിക്കപ്പെടേണ്ടതിന്ന ധ
ർമ്മം എന്നത ക്രിസ്തുവിങ്കലേക്ക നടത്തുന്ന നമ്മുടെ ഗുരുവായിരുന്നി
൨൫ ച്ചു— വിശ്വാസം വന്നതിന്റെ ശേഷമൊ പിന്നെ ഗുരുവിൻ കീഴുള്ളവ
൨൬ രല്ല— കാരണം ക്രിസ്തുയേശുവിങ്കലെ വിശ്വാസത്താൽ നി
൨൭ ങ്ങൾ എല്ലാവരും ദൈവപുത്രന്മാർ ആകുന്നു— എങ്ങിനെ എന്നാൽ
ക്രിസ്തുവിങ്കലേക്ക സ്നാനപ്പെട്ടവർ നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ഉടുത്തു
൨൮ കൊണ്ടു— അതിൽ യഹൂദനും ഇല്ല യവനനും ഇല്ല ദാസനും സ്വാത

ന്ത്രനും ഇല്ല ആണും പെണ്ണും ഇല്ല — നിങ്ങൾ എല്ലാവരും യേ
ശുക്രിസ്തനിൽ ഒരുവനത്രെ — വിശേഷിച്ചു നിങ്ങൾ
ക്രിസ്തനുള്ളവർ എങ്കിൽ അബ്രഹാമിൻ സന്തതിയും വാഗ്ദ
ത്തപ്രകാരം അവകാശികളും ആകുന്നു സ്പഷ്ടം.

൪ അദ്ധ്യായം

പുത്രലാഭം ക്രിസ്തനാൽ വന്നതിനെ ന്യായധൎമ്മത്തെ
കൊണ്ടറിഞ്ഞു ഒഴിപ്പാൻ എന്നു — സാറാഹാഗാരെന്ന
ദൃഷ്ടാന്ത ഉപമ.

ഞാൻ ചൊല്ലുന്നിതു — അവകാശി ശിശുവാകും കാലം എല്ലാം ൧
സൎവ്വത്തിന്നും കൎത്താവാകിലും ദാസനോടു ഒട്ടും വിശേഷ
മുള്ളവനല്ല — അപ്പൻ വെച്ച അവധിയോളം അവൻ കാ ൨
രണവന്മാൎക്കും വിചാരകന്മാൎക്കും കീഴ്പെട്ടവനത്രെ — അപ്രകാരം ൩
നാമും ശിശുക്കൾ ആകുമ്പോൾ ലോകത്തിൻ ആദ്യപാഠങ്ങ
ളിൻ കീഴ് അടിമപ്പെട്ടിരുന്നു — പിന്നെ കാലസമ്പൂൎണ്ണ ൪
ത വന്നപ്പോൾ ദൈവം സ്വപുത്രനെ സ്ത്രീയിൽനിന്നുണ്ടായ
വനും ധൎമ്മത്തിൻ കീഴ് പിറന്നവനും ആക്കി അയച്ചു — അവൻ ധ ൫
ൎമ്മത്തിൻ കീഴുള്ളവരെ വീണ്ടുകൊണ്ടിട്ടു നാം പുത്രത്വം പ്രാപി
ക്കേണ്ടതിന്നത്രെ — നിങ്ങൾ പുത്രർ ആകകൊണ്ടു അബ്ബാ ൬
പിതാവെ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ
ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു — ആകകൊണ്ടു നീ ൭
ഇനി ദാസനല്ല പുത്രനത്രെ പുത്രൻ എങ്കിലൊ ക്രിസ്തനാൽ ദൈ
വത്തിൻ അവകാശിയും ആകുന്നു — അന്നല്ലൊ നിങ്ങൾ ൮
ദൈവത്തെ ബോധിക്കാതിരുന്നപ്പോൾ സ്വഭാവത്താ
ൽ ദേവകൾ അല്ലാത്തവരെ സേവിച്ചു — ഇപ്പോഴൊ ൯
ദൈവത്തെ അറിഞ്ഞിട്ടൊ ഏറെ ദൈവത്താൽ അറിയ

ശ്ലെഷ്ടിട്ട നിങ്ങൾ പിന്നെയും ബലഹീനവും ദരിദ്രവും ആയ
ആദിപാഠങ്ങളിലെക്ക തിരിഞ്ഞു കൊണ്ടു അവററിന്നു
൰ സെവിപ്പാൻ ഇഛ്ശിക്കുന്നത എങ്ങിനെ—നിങ്ങൾ ദി
വസങ്ങളെയും മാസങ്ങളെയും സമയങ്ങളെയും ആണ്ടുകളെ
൰൧ യും ആചരിക്കുന്നുവല്ലൊ—ഞാൻ നിങ്ങൾക്കായി ഭയപ്പെടുന്നു
൰൨ നിങ്ങളിൽ വെറുതെ അദ്ധ്വാനിച്ചു എന്നു വരുമൊ—എ
ന്നെ പൊലെ ആകുവിൻ ഞാനും നിങ്ങളെ പൊലെ ആകു
൰൩ ല്ലൊ സഹൊദരന്മാരെ ഞാൻ നിങ്ങളൊട യാചിക്കുന്നു—നി
ങ്ങൾ എനിക്ക ഒർ അന്യായവും ചെയ്തിട്ടില്ല ദെഹത്തിലെ ബല
ഹീനത നിമിത്തം ഞാൻ ഒന്നാമത നിങ്ങളിൽ സുവിശെഷി
൰൪ ച്ചപ്പൊൾ—നിങ്ങൾ എന്റെ ജഡത്തിലുള്ള പരീക്ഷയെ
നിന്ദിച്ചതും ത്യജിച്ചുകളഞ്ഞതും ഇല്ല ദെവദൂതനെ പൊ
ലെ ക്രിസ്തു യെശുവെ കണക്കനെ എന്നെ കൈക്കൊണ്ടു
൰൫ വല്ലൊ എന്നറിയാമല്ലൊ—നിങ്ങളുടെ ധന്യവാദം എ
ന്താകുന്നു—കഴിയും എങ്കിൽ നിങ്ങളുടെ കണ്ണുകളെ ഉഴു
ന്നുത്തും എനിക്ക തരികയായിരുന്നു എന്നതിന്ന ഞാൻ നി
൰൬ ങ്ങൾക്ക സാക്ഷി—ആകയാൽ ഞാൻ നിങ്ങളൊടു സത്യം പറക
൰൭ കൊണ്ടു നിങ്ങൾക്ക ശത്രുവായി പൊയൊ—അവർ ശുഭമാ
യല്ല നിങ്ങളെ എറിവൊടെ തെടുന്നു നിങ്ങളും അവരെ തെ
ടെണ്ടതിന്നത്രെ അവർ നിങ്ങളെ പുറത്താക്കുവാൻ ഇഛ്
൰൮ ശിക്കുന്നു—നല്ലതിൽ എറെവരാൽ തെടപ്പെടുന്നതൊ ശു
ഭം തന്നെ—അതും ഞാൻ നിങ്ങളൊടു കൂടി ഇരിക്കുമ്പൊൾ മാ
൰൯ ത്രമല്ല എപ്പൊഴും ആകട്ടെ—എന്റെ പൈതങ്ങളെ ക്രിസ്തു
ൻ നിങ്ങളിൽ ഉരുവാകുവൊളം ഞാൻ പിന്നെയും നൊന്തു പെ
റുന്നവരെ നിങ്ങൾ നിമിത്തം ഞാൻ ബുദ്ധിമുട്ടി പൊകുന്നതാ
൨൰ ൽ ഇന്ന നിങ്ങളൊട ചെർന്നിരുന്ന എന്റെ ശബ്ദത്തെ മാററി

യാൽ കൊള്ളാം—

എന്നൊടു പറവിൻ ധൎമ്മത്തിൻ കീഴെ ഇരിപ്പാൻ ഇച്ശി ൨൧
ക്കുന്നവരെ നിങ്ങൾ ധൎമ്മത്തെ കെൾക്കുന്നില്ലയൊ— അബ്രഹാമി ൨൨
ന രണ്ടു മക്കൾ ഒരുവൻ ദാസിയിലും ഒരുവൻ സ്വതന്ത്രയിലും
ഉണ്ടായി എന്ന എഴുതിയിരിക്കുന്നുവല്ലൊ— അതിൽ ദാ ൨൩
സിക്കുള്ളവൻ ജഡപ്രകാരം പിറന്നവൻ സ്വതന്ത്രക്കുള്ള
വനൊ വാഗ്ദത്തത്താൽ അത്രെ— ആയതു സാദൃശ്യമാക്കു ൨൪
ന്നു അത്രെ— ഈ സ്ത്രീകൾ രണ്ടു നിയമങ്ങൾ ആകുന്നു ഒന്ന സീനാ
മലയിൽ നിന്ന ഉണ്ടായി ദാസ്യത്തിന്നായി പെറുന്നതു ഹാ
ഗാർ തന്നെ— ഹാഗാർ എന്നതൊ അറബിയിലെ സീനാമല ൨൫
തന്നെ- ആയതിപ്പൊൾ ഉള്ള യെരുശലെമിനൊടു
ഒക്കുന്നു- അതു തന്റെ മക്കളൊടു കൂടെ ദാസ്യത്തിൽ ആകുന്നുവ
ല്ലൊ— മീതെ ഉള്ള യെരുശലെമൊ സ്വതന്ത്രയാകുന്നു നമ്മുടെ അ ൨൬
മ്മ അത്രെ എങ്ങിനെ എന്നാൽ (യശ. ൫൪, ൧.) പെറാത്ത മ ൨൭
ച്ചിയെ ആനന്ദിക്ക നൊവാത്തവളെ ആൎത്തു കൂവുക- പുരു
ഷനുള്ളവളെക്കാളും ത്യജിക്കപ്പെട്ടവൾക്ക അനെകം
മക്കൾ ഉണ്ടല്ലൊ എന്ന എഴുതിയിരിക്കുന്നു— നാമൊ സഹൊ ൨൮
ദരന്മാരെ ഇസ്ഹാക്കിനെ പൊലെ വാഗ്ദത്തത്തിൻ മക്ക
ൾ അത്രെ— എന്നാൽ അന്നു ജഡപ്രകാരം പിറന്നവ ൨൯
ൻ ആത്മപ്രകാരം ഉള്ളവനെ ഹിംസിച്ചപൊലെ ഇന്നും ന
ടക്കുന്നു— അതിനൊ വെദം എന്തു ചൊല്ലുന്നു- (൧ മൊ. ൨൧, ൧൦.) ൩൦
ദാസിയെയും അവളുടെ പുത്രനെയും പുറത്താക്കുക-
കാരണം ദാസീപുത്രൻ സ്വതന്ത്രയുടെ പുത്രനൊടു കൂടെ അ
വകാശി ആകയില്ല എന്നത്രെ-

൫ അദ്ധ്യായം

ദാസ്യത്തോടൊഴിച്ചു നിന്നു—ഭ്രാകലശിപ്പിക്കുന്നവരെ ഒഴി
ച്ചിടണം—ഉണ്മാത്മാവിൽ നടപ്പാൻ പ്രബോധനം—

൧ സഹോദരന്മാരെ നാം ദാസിക്കല്ല സ്വതന്ത്രക്കു മക്കളത്രെ
ആകയാൽ—ക്രിസ്തൻ നമ്മെ വിടുതലയാക്കിയ സ്വാതന്ത്ര്യത്താ
ൽ നിലനില്പിൻ—ദാസനുകത്തിൽ പിന്നെയും കുടുങ്ങിപ്പോ
൨ കരുതെ—ഇതാ പൌലനായ ഞാൻ നിങ്ങളോടു പറയുന്നി
തു നിങ്ങൾ പരിഛേദനയേറ്റാൽ ക്രിസ്തൻ നിങ്ങൾക്കു
൩ ഒന്നും ഉപകരിക്കയില്ല—പരിഛേദനപ്പെടുന്ന സകലമ
നുഷ്യനോടും ഞാൻ പിന്നെയും സാക്ഷിയിടുന്നിതു ധർമ്മത്തെ
൪ മുഴുവൻ ചെയ്വാൻ അവൻ കടക്കാരനാകുന്നു—ധർമ്മത്തി
ൽ നീതീകരിക്കപ്പെടുന്നവർ ആകയാൽ നിങ്ങൾ ക്രിസ്തനി
ൽ നിന്നു നീക്കം വന്നു നിങ്ങൾ കരുണയിൽ നിന്നു വീണുപോ
൫ യി—ഞങ്ങൾ അല്ലോ ആശനീതിയെ ആത്മാവിനാൽ
൬ വിശ്വാസമൂലം കാത്തിരിക്കുന്നു—എങ്ങിനെ എന്നാൽ ക്രിസ്തു
യെശുവിൽ സാരമുള്ളതു പരിഛേദനയും അല്ല അഗ്രച
ർമ്മവും അല്ല സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസമത്രെ
൭ —നിങ്ങൾ നന്നായി ഓടി സത്യത്തെ സമ്മതിക്കാതെ ഇരിപ്പാൻ
൮ നിങ്ങളെ ആർ ചെറുത്തു—ഈ പൊരുമ നിങ്ങളെ വിളിച്ചവ
൯ നിൽ നിന്നുള്ളതല്ല—അസാരം പുളിമാവു പിണ്ഡത്തെ മു
൰ ഴുവനും പുളിപ്പിക്കുന്നു—നിങ്ങൾ മറ്റൊന്നും ഭാവിക്കയി
ല്ല എന്നു ഞാൻ നിങ്ങൾ വിഷയമായി കർത്താവിൽ ഉറച്ചി
രിക്കുന്നു—നിങ്ങളെ കലക്കുന്നവൻ ആർ ആയാലും ന്യായ
൰൧ വിധിയെ ചുമക്കും താനും—ഞാനോ സഹോദരന്മാരെ ഇ
പ്പോഴും പരിഛേദനയെ ഘോഷിക്കുന്നു എന്നു വരികിൽ ഹിം
സപ്പെടുവാൻ എന്തു പോൽ എന്നാൽ ക്രൂശിന്റെ ഇടർച്ചെക്കു
നീക്കം വന്നിരിക്കും—നിങ്ങളെ കലശിപ്പിക്കുന്നവർ

ഛെദിച്ചുംകൊണ്ടാൽ കൊള്ളാമായിരുന്നു-
നിങ്ങൾ അല്ലൊ സഹൊദരന്മാരെ സ്വാതന്ത്ര്യത്തിന്നാ ൧൩
യി വിളിക്കപ്പെട്ടു സ്വാതന്ത്ര്യത്തെ മാത്രം ജഡത്തിന്നവ
സരം ആക്കാതെ സ്നെഹത്താൽ അന്യൊന്യം സെവിപ്പിൻ-
–കാരണം ലെവ്യ. ൧൯, ൧൮ നിന്റെ കൂട്ടുകാരനെ നി ൧൪
ന്നെപൊലെ തന്നെ സ്നെഹിക്കെണം എന്നുള്ള ഏക വാക്യ
ത്തിൽ ധൎമ്മം എല്ലാം പൂരിച്ചു വന്നു — നിങ്ങളിൽ തന്നെ ക ൧൫
ടിച്ചും തിന്നും കളഞ്ഞാൽ ഒരുവരാൽ ഒരുവർ ഒടുക്കപ്പെ
ടാതിരിപ്പാൻ നൊക്കുവിൻ — ഞാൻ പറയുന്നിതു ആത്മാ ൧൬
വിൽ നടന്നുകൊൾ്വിൻ എന്നാൽ നിങ്ങൾ ജഡത്തിൻ മൊഹ
ത്തെ പൂരിക്കയില്ല — ജഡം അല്ലൊ ആത്മാവിന്നും ആത്മാ ൧൭
വ് ജഡത്തിന്നും വിരൊധമായി മൊഹിക്കുന്നു - നിങ്ങൾ ഇ
ച്ഛിക്കുന്നവ ചെയ്യാതവണ്ണം ഇവ തമ്മിൽ പ്രതികൂലമായി
ഇടയുന്നു — എങ്കിലും ആത്മാവിനാൽ നടത്തപ്പെട്ടാൽ നി ൧൮
ങ്ങൾ ധൎമ്മത്തിൻ കീഴുള്ളവരല്ല — ജഡത്തിൻ ക്രിയകളൊ ൧൯
വെളിവാകുന്നിതു - വ്യഭിചാരം പുലയാട്ടു അശുദ്ധി ദുഷ്കാമം-
-വിഗ്രഹാരാധനം ആഭിചാരം പകകൾ പിണക്കങ്ങൾ എരിവു ൨൦
കൾ ക്രൊധങ്ങൾ ശാഠ്യങ്ങൾ ദ്വന്ദ്വപക്ഷങ്ങൾ മതഭെദങ്ങൾ
അസൂയകൾ കുലകൾ — മദ്യപാനങ്ങൾ കൂത്തുകൾ തുടങ്ങിയു ൨൧
ള്ളവ — ഈവക അനുഷ്ഠിക്കുന്നവർ ദൈവരാജ്യത്തെ
വകാശമാക്കുകയില്ല എന്നു ഞാൻ മുൻപറഞ്ഞപ്രകാരം നി
ങ്ങളൊടു മുൻചൊല്ലിതരുന്നു — ആത്മാവിൻ ഫലമൊ സ്നെഹം ൨൨
സന്തൊഷം സമാധാനം ദീൎഘക്ഷാന്തി സാധുത്വം സല്ഗുണം
വിശ്വാസം സൌമ്യത ഇന്ദ്രിയജയം ഇവകളെ ധൎമ്മം ഒ ൨൩
ട്ടും വിരൊധമല്ല — ക്രിസ്തനുള്ളവർ ജഡത്തെ അതിന്റെ ൨൪
രാഗമൊഹങ്ങളൊടും കൂടെ ക്രൂശിച്ചിരിക്കുന്നു — ആത്മാവിൽ നാം ൨൫

ജീവിക്കുന്നു എങ്കിൽ ആത്മാവിൽ പെരുമാറുകയും ചെയ്ക—
൨൬ നാം അന്യോന്യം പൊരിക്കിക്കയും അന്യോന്യം അസൂയപ്പെട്ടും
കൊണ്ടു വ്യൎത്ഥാഭിമാനികൾ ആകരുതെ.

൬ അദ്ധ്യായം

താഴ്മയിനക്കുറിച്ചും—൬ ഉപദെഷ്ടാക്കന്മാൎക്കു നന്മചെ
യ്യാനും പ്രബൊധനം—൧൧ സ്വന്ത കൈയാലെ എഴുതിയ
ലെഖന സമാപ്തി

൧ സഹൊദരന്മാരെ ഒരു മനുഷ്യൻ വല്ല പിഴയിലും അകപ്പെട്ടു
പൊയി എങ്കിലും ആത്മികരായ നിങ്ങൾ താൻ പരീക്ഷിക്ക
പ്പെടാതിരിപ്പാൻ തന്നെ സൂക്ഷിച്ചു കൊണ്ടു സൌമ്യതയുടെ ആത്മാ
൨ വിൽ അവനെ യഥാസ്ഥാനത്തിലാക്കുവിൻ—നിങ്ങളുടെ
ഭാരങ്ങളെ തങ്ങളിൽ ചുമന്നു കൊണ്ടു ക്രിസ്തന്റെ ധൎമ്മത്തെ
൩ നിവൃത്തിപ്പിൻ—താൻ ഒന്നും അല്ലാതെ ഇരിക്കെ വല്ല
തും ആകുന്ന പ്രകാരം ഒരുത്തൻ നിരൂപിച്ചാൽ തന്നെത്താ
൪ ൻ വഞ്ചിക്കുന്നു—ഓരൊരുത്തൻ താന്താന്റെ പ്രവൃത്തിയെ ശോധ
ന ചെയ്യട്ടെ അപ്പൊൾ വെറെ ഒരുവനായല്ല തനിക്കായി മാത്രം പ്ര
൫ ശംസ ഉണ്ടാകും—ഓരൊരുത്തൻ താന്താന്റെ ചുമട
൬ ചുമക്കുമല്ലൊ—വചനത്തെ പഠിക്കുന്നവൻ പഠിപ്പിക്കു
ന്നവനൊട എല്ലാ വസ്തുവിലും കൂട്ടായ്മ ആചരിക്ക—ഭ്രമപ്പെടാ
൭ തിരിപ്പിൻ ദൈവത്തൊടു ഇളിച്ചു പൊയിക്കൂടാ—കാരണം മനുഷ്യ
൮ ൻ എന്തു വിതെച്ചാലും അതിനെ താനെ കൊയ്യും—തന്റെ ജഡ
ത്തിന്നായി വിതെക്കുന്നവൻ ജഡത്തിൽനിന്നു കെടു കൊയ്യും ആ
ത്മാവിന്നായി വിതെക്കുന്നവൻ ആത്മാവിൽനിന്നു നിത്യജീ
൯ വനെ കൊയ്യും—നന്മ ചെയ്യുന്നതിൽ നാം മടുക്കരുതു തളരാതെ
൧൦ ഇരുന്നാൽ തക്ക സമയത്തിൽ നാം കൊയ്യുകും—ആക

കയാൽ സമയം ഉള്ളെടത്തൊളം എല്ലാവരിലും വിശെഷാൽ വി
ശ്വാസത്തിൻ ഭവനക്കാരിലും നല്ലതിനെ പ്രവൃത്തിക്ക
കാണ്മിൻ എത്ര വലിയ അക്ഷരങ്ങളാൽ ഞാൻ എൻ ൧൧
കൈകൊണ്ടു നിങ്ങൾക്ക് എഴുതി — ജഡത്തിൽ സുമുഖം കാട്ടുവാൻ ൧൨
ഇച്ഛിക്കുന്നവർ ഒക്കയും ക്രിസ്തന്റെ ക്രൂശയാൽ ഹിംസപ്പെ
ടാതിരിക്കെണ്ടതിന്നു മാത്രം നിങ്ങളെ പരിഛെദനയെല്പാ
ൻ നിൎബന്ധിക്കുന്നതു — എങ്ങിനെ എന്നാൽ പരിഛെദന ൧൩
എല്ക്കുന്നവരും കൂടെ ധൎമ്മത്തെ കാക്കുന്നില്ല നിങ്ങളുടെ ജഡത്തി
കൽ പ്രശംസിക്കെണം എന്നു വെച്ചു നിങ്ങൾ്ക്കു പരിഛെദന
എല്പാൻ അവർ ഇച്ഛിക്കുന്നതെ ഉള്ളു — എനിക്കൊ നമ്മുടെ ക ൧൪
ൎത്താവായ യെശുക്രിസ്തന്റെ ക്രൂശിൽ അല്ലാതെ പ്രശംസ
ഉണ്ടാവതല്ല ലൊകം എനിക്കും ഞാൻ ലൊകത്തിന്നും
ക്രൂശിക്കപ്പെട്ടിരിക്കുന്നു — ക്രിസ്തുയെശുവിങ്കൽ അല്ലൊ പരി ൧൫
ഛെദനയും അഗ്രചൎമ്മവും എതും അല്ല പുതിയ സൃഷ്ടി അത്രെ
കാൎയ്യം — ഈ ന്യായത്തിൻ പ്രകാരം നടമാറുന്നവർ എവരൊ അവരു ൧൬
ടെ മെലും ദൈവത്തിന്റെ ഇസ്രയെലിന്മെലും സമാധാനവും
കനിവും ഉണ്ടാക — ഇനിമെൽ ആരും എനിക്ക് അദ്ധ്വാനങ്ങ ൧൭
ൾ പിണെക്കരുതു ഞാനല്ലൊ കൎത്താവായ യെശുവിന്റെ ചൂടുക
ളെ എൻ ശരീരത്തിൽ വഹിക്കുന്നു — നമ്മുടെ കൎത്താവായ യെ ൧൮
ശുക്രിസ്തന്റെ കരുണ സഹൊദരന്മാരെ നിങ്ങളുടെ ആത്മാ
വിനൊടു കൂടെ ഇരിപ്പൂതാക — ആമെൻ

എഫെസ്യക്കെഴുതിയ

ലെഖനം

൧ അദ്ധ്യായം

സ്വതെരിഞ്ഞെടുപ്പു മുതലായ അനുഗ്രഹങ്ങൾക്കായി സ്തൊത്രം-
പ്രാൎത്ഥനയും ആരാധനവും എഴുന്നിപ്പിൻ ശക്തിയും വ്യാപിതങ്ങളെ
ക്രിസ്തനിൽ ഉള്ളവരുടെ കരുണയും ബൊധിപ്പാൻ പ്രാൎത്ഥി
ച്ചതു.

൧ ദൈവെഷ്ടത്താൽ യെശുക്രിസ്തന്റെ അപൊസ്തലനായ
പൌലൻ എഫെസിലുള്ള പരിശുദ്ധരും ക്രിസ്തുയെശുവിൽ വി
൨ ശ്വാസികളും ആയവൎക്ക എഴുതുന്നതു — നമ്മുടെ പിതാവായ
ദൈവത്തിൽനിന്നും കൎത്താവായ യെശുക്രിസ്തനിൽനിന്നും
നിങ്ങൾക്ക കരുണയും സമാധാനവും ഉണ്ടാക -
൩ സ്വൎഗ്ഗങ്ങളിലെ സകല ആത്മികാനുഗ്രഹത്താലും
നമ്മെ ക്രിസ്തനിൽ അനുഗ്രഹിച്ച ദൈവവും നമ്മുടെ കൎത്താവാ
യ യെശുക്രിസ്തന്റെ പിതാവും ആയവൻ വാഴ്ത്തപ്പെട്ടവനാ
൪ ക — അനുഗ്രഹപ്രകാരം എങ്കിലൊ നാം അവന്റെ മുമ്പിൽ പരിശുദ്ധ
൫ രും നിൎദ്ദൊഷികളും ആകെണ്ടതിന — അവൻ ലൊകം പടെ
ക്കും മുന്നെ നമ്മെ ആയവനിൽ തെരിഞ്ഞെടുത്തതിൻവണ്ണം ഇ
ഷ്ടത്തിൻ പ്രസാദ പ്രകാരം യെശുക്രിസ്തനെ കൊണ്ടു നമ്മെ
പുത്രീകരണത്തിനായി അവങ്കലെക്ക സ്നെഹത്തിൽ മുൻനിയ
൬ മിച്ചു — താൻ പ്രിയകരൻ നമ്മെ കടാക്ഷിച്ച കൃപാതെജസ്സി
൭ ന്റെ പുകഴ്ചക്കായി തന്നെ — അവങ്കൽ സ്വരക്തമൂലം നമുക്ക
൮ പിഴകളുടെ മൊചനം ആകുന്ന വീണ്ടെടുപ്പുണ്ടു — അവൻ ന

ളിലെക്കുസകലജ്ഞാനവിവെകങ്ങളിലുംവഴിഞ്ഞുള്ളൊ
ൻകൃപയുടെധനപ്രകാരംതന്നെ—— അവൻതന്നിൽതാ ൯
ൻമുന്നിശ്ചയിച്ചസുപ്രസാദത്തിന്നുതക്കവണ്ണംതന്റെഇ
ഷ്ടത്തിൻമൎമ്മത്തെനമ്മൊടറിയിച്ചു—— അതസ്വൎഗ്ഗത്തിലും ൧൦
ഭൂമിമെലുംഉള്ളവഎല്ലാംക്രിസ്തനിൽഒരുതലയായിസഞ്ചി
ക്കെണ്ടതിന്നെസമയങ്ങളുടെപൂൎണ്ണതയിൽവിട്ടുള്ളവ്യവ
സ്ഥയത്രെ—— ആയവങ്കൽനാംഅവകാശത്തൊടുചെ ൧൧
ൎക്കപ്പെട്ടുതന്റെഇഷ്ടത്തിൻആലൊചനപൊലെസകല
വുംസാധിപ്പിക്കുന്നവന്റെനിൎണ്ണയപ്രകാരംമുന്നിയമിക്ക
പ്പെട്ടത്—— നാംക്രിസ്തനിൽമുന്നംആശവെച്ചവരായഅ ൧൨
വന്റെതെജസ്സിൻപുകഴ്ചെക്കാകെണ്ടതിന്നുതന്നെ——
ആയവങ്കൽനിങ്ങളുടെരക്ഷാസുവിശെഷമാകുന്നസത്യവ ൧൩
ചനത്തെകെട്ടിട്ടുനിങ്ങളുംവിശ്വസിക്കയും—— സമ്പാദിതത്തെ ൧൪
ത്തിൻവീണ്ടെടുപ്പുവരെനമ്മുടെഅവകാശത്തിൻമുങ്കൂറായി
വാഗ്ദത്തത്താൽഉള്ളപരിശുദ്ധാത്മാവിനാൽമുദ്രയിടപ്പെ
ട്ടുകയുംചെയ്തത്അവന്റെതെജസ്സിൻപുകഴ്ചെക്കായി
തന്നെ-

അതുനിമിത്തംഞാനുംനിങ്ങളുടെപക്കൽകൎത്താവായ ൧൫
യെശുവിങ്കൽഉള്ളവിശ്വാസവുംഎല്ലാവിശുദ്ധരിലുംഉള്ള
സ്നെഹവുംഞാൻകെട്ടിട്ടു—— നിങ്ങൾക്കവെണ്ടിവിടാതെ ൧൬
സ്തൊത്രംചെയ്തുംഎൻപ്രാൎത്ഥനകളിൽനിങ്ങളെഓൎത്തുകൊ
ണ്ടുംപൊരുന്നു—— എങ്ങിനെഎന്നാൽ- നമ്മുടെകൎത്താവായ ൧൭
യെശുക്രിസ്തന്റെദൈവവുംതെജസ്സുടയപിതാവുംആ
യവൻനിങ്ങൾക്കതന്റെഅറിവിൽജ്ഞാനത്തിന്റെയുംവെ
ളിപ്പാടിന്റെയുംആത്മാവെതരെണ്ടതിന്നും—— നിങ്ങളു ൧൮
ടെഹൃദയക്കണ്ണുകളെപ്രകാശിപ്പിച്ചിട്ടുവിളിയിൽആ

വന്റെ വിളിയാലുള്ള ആശ ഇന്നത് എന്നും, അവന്റെ അ
൧൯ വകാശതെജസ്സിൻ ധനം ഇന്നത് എന്നും — അവന്റെ
ശക്തിയുടെ അത്യന്ത വലിപ്പമായതു അവന്റെ ഊക്കിൻ
ബലസിദ്ധിപ്രകാരം വിശ്വസിക്കുന്ന നമ്മിലെക്ക് ഇന്നത്
൨൦ എന്നും ബോധിക്കെണ്ടതിന്നും തന്നെ — ആയതിനെ അവ
ൻ ക്രിസ്തനിൽ സാധിപ്പിച്ചത് അവനെ മരിച്ചവരിൽനി
ന്ന് ഉണർത്തി സ്വർല്ലോകങ്ങളിൽ തന്റെ വലഭാഗത്ത് ഇരു
൨൧ ത്തുകയിലത്രെ — എല്ലാ വാഴ്ചെക്കും അധികാരത്തിന്നും ശ
ക്തിക്കും കർത്തൃത്വത്തിന്നും ഈ യുഗത്തിൽ മാത്രമല്ല ഭാവിയു
ഗത്തിലും ചൊല്ലുന്ന സകല നാമത്തിന്നും അത്യന്തം മീതെ ത
൨൨ ന്നെ — സൎവ്വവും അവന്റെ കാല്ക്കീഴാക്കി വെച്ചു അവനെ
സഭെക്കായി സൎവ്വത്തിന്നും മീതെ തലയാക്കി കൊടുത്തു —
൨൩ സഭയല്ലൊ അവന്റെ ശരീരം — എല്ലാറ്റിലും എല്ലാം നി
റെക്കുന്നവന്റെ നിറവു തന്നെ —

൨ അദ്ധ്യായം

കൃപയാലെ [illegible]കളായവരും [illegible]യെത്ത
മരണമൂലം [illegible] ദെവഗൃഹത്തൊടു ചെൎന്നുവന്നതു -

൧ പിഴകളിലും പാപങ്ങളിലും മരിച്ചവരായ നിങ്ങളെയും
൨ വൎത്തിപ്പിക്കയും ചെയ്തു — ആയവറ്റിൽ നിങ്ങൾ പണ്ടു
ഈ ലോകത്തിൻ യുഗത്തെയും ആകാശത്തിൻ അധികാ
രമുള്ള പ്രഭുവായി അനുസരണക്കെടിന്റെ മക്കളിൽ ഇപ്പോൾ
൩ വ്യാപരിക്കുന്ന ആത്മാവെയും അനുസരിച്ചു നടന്നു — അവ
രിൽ നാം എല്ലാവരും പണ്ടു നമ്മുടെ ജഡമോഹങ്ങളിൽ സ
ഞ്ചരിച്ചു ജഡത്തിന്നും ഭാവങ്ങൾക്കും ഇഷ്ടം ആയവ ചെയ്തും
കൊണ്ടു മറ്റുള്ളവരെ പോലെ സ്വഭാവത്താൽ കോപത്തി

ൻമക്കളാകിരുന്നു — കനിവിൽ ധനവാനായ ദൈവമൊ ൪
നമ്മെ സ്നെഹിച്ചുള്ള തന്റെ മഹാസ്നെഹത്തിൻ നിമിത്തം —
പിഴകളിൽ മരിച്ചവരായിരിക്കുന്ന നമ്മെ ക്രിസ്തനൊടു കൂടെ ൫
ജീവിപ്പിച്ചും (കരുണയാൽ നിങ്ങൾ രക്ഷിതരാകുന്നു) കൂടെ
ഉണൎത്തിയും സ്വൎല്ലൊകങ്ങളിൽ ക്രിസ്തയെശുവിങ്കൽ തന്നെ ൬
നൊക്കൂടെ ഇരുത്തുകയും ചെയ്തു — ക്രിസ്തയെശുവിൽ നമ്മെക്കു ൭
റ്റുള്ള ദയാവാത്സല്യത്തിൽ തന്റെ കരുണയുടെ അത്യന്ത
ധനത്തെ വരുന്ന യുഗങ്ങളിൽ കാണിക്കെണ്ടതിന്നു തന്നെ —
— കരുണയാൽ അല്ലൊ നിങ്ങൾ വിശ്വാസം മൂലം രക്ഷി ൮
തരാകുന്നു — അതും നിങ്ങളിൽ നിന്നല്ല ദൈവദാനമത്രെ ൯
വരിൽ ഒരുത്തരും പ്രശംസിച്ചു പൊകായ്വാൻ ക്രിയകളി
ൽനിന്നല്ല — നാം അവന്റെ പണിയല്ലൊ ക്രിസ്തയെശുവി ൧൦
ങ്കൽ സൽക്രിയകൾക്കായി സൃഷ്ടിക്കപ്പെട്ടനാം ആകുന്നു — നാം
അവറ്റിൽ നടക്കെണ്ടതിന്നു ദൈവം അവറ്റെ മുന്നൊരു
ക്കിയതു —

ആകയാൽ ജഡത്തിൽ കയ്യാൽ തീൎത്ത പരിഛെദ ൧൧
നക്കുന്നവരാൽ അഗ്രചൎമ്മം എന്ന പെർ കൊണ്ടവരായി
പണ്ടു ജഡത്താൽ ജാതികളായുള്ളൊരു നിങ്ങൾ ആ ൧൨
കാലത്തിൽ ക്രിസ്തനെക്കൂടാതെ ഇസ്രയെൽ പൌരത്വ
ത്തിൽ നിന്നു അകറ്റപ്പെട്ടവരും വാഗ്ദത്തനിയമങ്ങളിൽ അന്യ
രും പ്രത്യാശ ഇല്ലാതെ ലൊകത്തിൽ ദൈവമില്ലാത്തവരാ
യിരുന്നു എന്നു ഓൎത്തുകൊൾവിൻ — ഇപ്പൊഴൊ ക്രിസ്തയെശു ൧൩
വിൽ ആകയാൽ പണ്ടു ദൂരത്തായ നിങ്ങൾ ക്രിസ്തന്റെ രക്തത്താ
ൽ അടുക്കെ ആയ്വന്നു — കാരണം അവൻ നമ്മുടെ ൧൪
ടെ സമാധാനം രണ്ടിനെയും ഒന്നാക്കി ശത്രുത്വം ആകുന്ന
നടുചുവരിനെ ഇടിച്ചുകളഞ്ഞവൻ തന്നെ —

൧൫ വെപ്പുകളിലെ കല്പനകളുടെ ധർമ്മത്തെ അവൻ തന്റെ ജഡ
ത്താൽ നീക്കിയതു—ഇരുവരെയും തന്നിൽ താൻ ഏകനാ
യ പുതുമനുഷ്യനാക്കി സ്സൃഷ്ടിച്ചു സമാധാനം ഉണ്ടാക്കുവാനും—
൧൬ ക്രൂശിന്മേൽ ശത്രുത്വത്തെ കൊന്നതിനാൽ ഇരുവരെയും
ഏകശരീരത്തിൽ ദൈവത്തോടു നിരപ്പുവരുത്തുവാനും
൧൭ തന്നെ—അവനും വന്നു ദൂരത്തായിരുന്നിങ്ങൾക്കു സമാധാനവും
൧൮ അടുക്കയുള്ളവർക്കു സമാധാനവും സുവിശേഷിച്ചു—അവ
നാലല്ലൊ നമ്മൾ ഇരുവർക്കും ഏക ആത്മാവിൽ തന്റെ പിതാ
൧൯ വിങ്കലെക്കു ആഗമനം ഉണ്ടു—എന്നതുകൊണ്ടു നിങ്ങൾ ഇ
നിയന്യരും പരദേശികളും അല്ല വിശുദ്ധന്മാരോടു സഹപൌര
൨൦ രും ദൈവത്തിൻ ഭവനക്കാരും ആകുന്നു—ക്രിസ്തൻ താ
ൻ മൂലക്കല്ലായിരിക്കെ അപൊസ്തലരും പ്രവാചകരും
ആകുന്ന അടിസ്ഥാനത്തിന്മേൽ നിങ്ങൾ പണിചെയ്യപ്പെ
൨൧ ട്ടവർ—ആയവനിൽ നിർമ്മാണം എല്ലാം യുക്തിയോടെ
൨൨ ചെർന്നുകൊണ്ടു വിശുദ്ധമന്ദിരമായി വളരുന്നു—അവ
നിൽ നിങ്ങളും ദൈവത്തിന്നു ആത്മാവിൽ വാസമാവാ
ൻ ഒന്നിച്ചു കെട്ടപ്പെടുന്നു—

൩ അദ്ധ്യായം

ജാതികൾക്കു വെണ്ടി അപൊസ്തലനായവൻ ക്രിസ്ത
വിങ്കൽ വിശ്വാസ സ്നേഹ ജ്ഞാനങ്ങൾ തികഞ്ഞു
വരുവാൻ പ്രാർത്ഥിച്ചതു.

൧ അതുനിമിത്തം ജാതികളായ നിങ്ങൾക്കു വെണ്ടി ക്രിസ്തുയെ
ശുവിന്റെ ബദ്ധനായ പൌൽ എന്ന ഞാൻ പ്രാർത്ഥി
൨ ക്കുന്നു—എന്നെക്കൊണ്ടു നിങ്ങൾക്കായി നല്കപ്പെട്ട ദൈവകാരുണ്യ
൩ യുടെ വീട്ടുമുറയെ നിങ്ങൾ കേട്ടു എങ്കിലൊ—അഗതാ

ഞാൻ മീതൽ ചുരുക്കത്തിൽ എഴുതിയപോലെ തന്നെ നിങ്ങ
ൾ വായിച്ചാൽ ക്രിസ്തുമർമ്മത്തിൽ എന്റെ ബോധം തിരിഞ്ഞുകൊ
ള്ളും — ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധരായ അപൊസ്തലർക്കും പ്ര ൫
വാചകന്മാർക്കും ആത്മാവിൽ വെളിപ്പെട്ടപ്രകാരം — ഒരൊരൊ ൬
തലമുറകളിൽ മനുഷ്യപുത്രരൊടു അറിയിക്കപ്പെടാതെ ശെ
ഷം വെളിപ്പാടിനാൽ അവൻ അതിനെ എനിക്ക് അറിയിച്ചി
തു — ആയതു ജാതികൾ സുവിശേഷത്താൽ ക്രിസ്തനിൽ കൂ
ട്ടവകാശികളും ഏകശരീരസ്ഥരും അവന്റെ വാഗ്ദത്തത്തി
ൽ കൂട്ടംശികളും ആകുന്നത്രെ — ആ സുവിശേഷത്തിന്നു ൭
ഞാൻ അവന്റെ സാമർത്ഥ്യശക്തിയുടെ പ്രകാരം എനിക്ക
നല്കപ്പെട്ട ദൈവകൃപാദാനത്താൽ ശുശ്രൂഷക്കാരനായ്ച്ചമ
ഞ്ഞു — എല്ലാ വിശുദ്ധരിലും അതിചെറിയവനായ എനി ൮
ക്കു — ജാതികളിൽ ക്രിസ്തന്റെ അപ്രമേയധനത്തെ സുവി ൯
ശേഷിക്കയും സകലവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ മു
തൽക്കൊണ്ടു മറഞ്ഞുകിടക്കുന്ന മർമ്മത്തിന്റെ വീട്ടുമുറ ഇന്നത
എന്ന് എല്ലാവരെയും പ്രകാശിപ്പിക്കയും വേണം എന്നുള്ള
കൃപ നല്കപ്പെട്ടതു — ഇപ്പോൾ സ്വർല്ലോകങ്ങളിൽ അധി ൧൦
കാരവാഴ്ചകൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം
അവൻ നമ്മുടെ കർത്താവായ ക്രിസ്തയെശുവിൽ അനുഷ്ഠി ൧൧
ച്ച യുഗാദിനിർണ്ണയപ്രകാരം സഭയാൽ അറിയാവൂ എന്ന
തിന്നത്രെ — അവനിൽ ആശ്രയിച്ചിട്ടു തന്നെ നമുക്കു പ്രാ ൧൨
ഗത്ഭ്യവും ആഗമനവും അവങ്കലെ വിശ്വാസം മൂലം ഉണ്ടു —
— ആകയാൽ നിങ്ങൾക്കു വെണ്ടിയുള്ള എന്റെ സങ്കടങ്ങൾ ൧൩
നിങ്ങളുടെ തെജസ്സ് എന്നു വെച്ചു അവറ്റിൽ മടിച്ചുപൊ
കായ്വാൻ ഞാൻ അപേക്ഷിക്കുന്നു — ആയതിനിമിത്തം ഞാ ൧൪
ൻ സ്വർഗ്ഗങ്ങളിലും ഭൂമിയിലും ഉള്ള കുഡുംബം ഒക്കെയും

൧൫ പേർ വരുവാൻ ഹേതുവും — നമ്മുടെ കർത്താവായ യേശു
ക്രിസ്തന്റെ പിതാവും ആയവനാലെ ഞാൻ എന്റെ മുഴങ്കാലു
൧൬ കളെ കുത്തുന്നു — അവൻ തന്റെ തേജസ്സിൻ ധനപ്രകാ
രം നിങ്ങൾക്കു അകത്തെ മനുഷ്യനിൽ തന്റെ ആത്മാവിനാൽ
ശക്തിയോടെ ബലപ്പെടുവാനും ക്രിസ്തൻ വിശ്വാസത്താ
ൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിച്ചുകൊള്ളുവാനും തരേണ്ട
൧൭ തിന്നും — നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാന
൧൮ പ്പെട്ടവരായി — വിശാലവും നീളവും ആഴവും ഉയരവും ഇന്ന
ബാ. ൧൭,൧൮) ഏതെന്നു എല്ലാ വിശുദ്ധന്മാരോടും കൂടെ
൧൯ ഗ്രഹിപ്പാനും — അറിവിനെ കടക്കുന്ന ക്രിസ്തന്റെ സ്നേഹത്തെ
അറിവാനും പ്രാപ്തരാകയും നിങ്ങൾ ദൈവത്തിന്റെ സ
കല നിറവിനോളം നിറഞ്ഞുവരികയും വേണം എന്നത്രെ പ്രാ
൨൦ ർത്ഥിക്കുന്നു — എന്നാൽ നാം ചോദിക്കുന്നതിലും നി
നക്കുന്നതിലും അത്യന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാ
൨൧ പരിക്കുന്ന ശക്തിപ്രകാരം കഴിയുന്നവന്നു — സഭയിങ്കൽ
യുഗാദികാലത്തിലെ സകല തലമുറകളോളവും ക്രിസ്തുയെ
ശുവിങ്കൽ തേജസ്സ് ഉണ്ടാകുമാറാക — ആമെൻ.

൪. അദ്ധ്യായം.

൧. ഐക്യത്തെ കാക്കേണ്ടതിന്നു വരങ്ങളിലും കാത്തുകൊണ്ടാ
രുവാനും — ൧൭ പഴയതിനെ നീക്കി പുതുതാവാനും — ൨൫
പ്രാജ്ഞൻ ഗുണങ്ങളെ ഉൾക്കൊള്ളുവാനും പ്രബോധനം —

൧ ആകയാൽ കർത്താവിൽ ബദ്ധനായ ഞാൻ പ്രബോധി
൨ പ്പിക്കുന്നത് — നിങ്ങൾക്കു ലഭിച്ച വിളിക്കു യോഗ്യമാം വണ്ണം
സകല വിനയസൌമ്യതകളോടും ദീർഘശാന്തതയോടും
൩ നടന്നു — സ്നേഹത്തിൽ അന്യോന്യം പൊറുത്തും ആത്മാവി

ൻ ഐക്യത്തെ സമാധാനകെട്ടിൽ കാപ്പാൻ ശ്രമിച്ചും കൊ
ള്ളിൻ — നിങ്ങളുടെ വിളിയുടെ ഏക ആശയിൽ തന്നെ നി ൪
ങ്ങൾ വിളിക്കപ്പെട്ട പ്രകാരമെ ഏക ശരീരവും ഏക ആത്മാ
വും ഉണ്ടു — കർത്താവ് ഒരുവൻ വിശ്വാസം ഒന്നു സ്നാനം ഒ ൫
ന്നു — (നാം) എല്ലാവർക്കും മെലെയും എല്ലാവരെക്കൊണ്ടും ൬
പ്രവൃത്തിച്ചും എല്ലാവരിലും ഇരുന്നും എല്ലാവർക്കും ഒരുത്ത
ദൈവവും പിതാവും ആയവൻ ഉണ്ടു — എങ്കിലും നമ്മിൽ ഓരോ ൭
രുത്തന്നു കൃപ നല്കപ്പെട്ടതു ക്രിസ്തദാനത്തിന്റെ അളവിന്നു
തക്കവണ്ണമെ — അതുകൊണ്ടു (സങ്കീ. ൬൮, ൧൮) അവൻ ഉയ ൮
രത്തിൽ കരെറി അടിമപ്പാടിനെ അടിമയാക്കി മനുഷ്യർക്കു
കാഴ്ചകളെ കൊടുത്തു എന്നുണ്ടു — കരെറി എന്നതൊ അവ ൯
ൻ മുമ്പെ ഭൂമിയുടെ അധോഭാഗങ്ങളിൽ ഇറങ്ങി എന്നല്ലൊ
തെളിയുന്നതു — ഇറങ്ങിയവൻ താനൊ സകലത്തെയും ൧൦
നിറെക്കെണ്ടതിന്ന് എല്ലാ സ്വർഗ്ഗങ്ങളുടെ മീതെയും കരെറി
യവനും ആകുന്നു — അവൻ ചിലരെ അപൊസ്തലരാക്കിയും ൧൧
ചിലരെ പ്രവാചകരാക്കിയും ചിലരെ സുവിശെഷകരാക്കിയും ചി
ലരെ ഇടയർ ഉപദെഷ്ടാക്കളായും തന്നതു വിശുദ്ധരുടെ
യഥാസ്ഥാനത്വത്തിന്നും — ഇവ്വണ്ണം ശുശ്രൂഷയുടെ വെലെക്കും ൧൨
ക്രിസ്തശരീരത്തിന്റെ വീട്ടുവൎദ്ധനെക്കും വരുവാനും ആയിട്ട
ത്രെ — നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രന്റെ ൧൩
ജ്ഞാനത്തിലും ഐക്യത്തോടും തികഞ്ഞ പുരുഷത്വ
ത്തോടും ക്രിസ്തന്റെ തികവുള്ള പ്രായത്തിൻ അളവോടും എ
ത്തുവൊളമെ — നാം ഇനി മനുഷ്യരുടെ ചതിയിലെ ൧൪
കൊണ്ടും ഭ്രമിപ്പിക്കുന്ന തന്ത്രത്തിലെ കൌശലംകൊണ്ടും
ഉപദെശത്തിന്റെ ഓരോരൊ കാറ്റിനാൽ അലഞ്ഞും
ഉഴലുന്ന ശിശുക്കൾ ആയിരിക്കാതെ — സ്നെഹത്തിൽ സ ൧൫

ന്യായം പിടിച്ചുകൊണ്ടു തലയാകുന്ന ക്രിസ്തനൊളം എല്ലാം വ
൧൬ ളൎന്നും വളൎന്നവരാകെണ്ടതിന്നത്രെ — ആയവനിൽ നി
ന്നു ശരീരം ഒക്കെയും ഒരൊരൊ അംശത്തിന്റെ അളവിൽ കിട്ടി
യ സാഹായ്യശക്തിപ്രകാരം ചെൎക്കപ്പെട്ടും എല്ലാ സന്ധികളാ
ലും കൂട്ടിയൊടെ ചെൎന്നും ഒരുമിച്ചും സ്നെഹത്തിലെ തന്
നിൎമ്മാണത്തിന്നായിട്ടു ദെവവൎദ്ധനയെ നടത്തിക്കുന്നു—
൧൭ -എന്നാൽ ഞാൻ കൎത്താവിൽ ആണയിട്ടും ചൊല്ലുന്നിത- ശെ
ഷം ജാതികൾ സ്വമനസ്സിൻ മായയിൽ നടക്കുമ്പൊലെ നി
൧൮ ങ്ങൾ ഇനി നടക്കരുത — ആയവരല്ലൊ അവരിൽ ഉള്ള അറി
യായ്മ നിമിത്തം വിചാരത്തിൽ ഇരുണ്ടു ഹൃദയത്തിൽ തടിപ്പു
നിമിത്തം ദെവജീവനിൽ നിന്നു അന്യപ്പെട്ടവരും ആയത-
൧൯ — വെദന മറന്നും ലൊഭത്തൊടും എല്ലാ അശുദ്ധിയെയും
പ്രവൃത്തിപ്പാൻ ദുഷ്കാമത്തിൽ തങ്ങളെ തന്നെ ഏല്പിച്ചും കൊ
൨൦ ണ്ടത്രെ — നിങ്ങളൊ യെശുവിൽ സത്യം ഉള്ള പ്രകാരം അ
൨൧ വനെ കെട്ടു അവനിൽ ഉപദെശിക്കപ്പെട്ടവർ എങ്കിൽ — ക്രി
൨൨ സ്തനെ ഇപ്രകാരം പഠിച്ചില്ല — മുമ്പെത്ത നടപ്പിനെ സംബ
ന്ധിച്ചു ചതിമൊഹങ്ങളാൽ കെട്ടുപൊകുന്ന പഴയമനുഷ്യനെ
൨൩ വെച്ചുകളകയും — നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെ
൨൪ ട്ടും — സത്യത്തിന്റെ നീതിയിലും പവിത്രതയിലും ദൈവത്തിന്ന
ഒത്തവണ്ണം സൃഷ്ടനായ പുതുമനുഷ്യനെ ധരിച്ചും കൊള്ളുകയും
൨൫ വെണ്ടതെന്നത്രെ — ആകയാൽ കളവൊക്കെ കളഞ്ഞു നാം
തങ്ങളിൽ അവയവങ്ങൾ ആകകൊണ്ടു താന്താന്റെ അടുത്ത
൨൬ വനൊടു സത്യം ചൊല്ലുവിൻ — കൊപിച്ചാലും പാപം ചെയ്യാ
൨൭ യ്കുവിൻ (സങ്കീ. ൪,൫) — സൂൎയ്യൻ നിങ്ങളുടെ ചൊടിപ്പിന്മെൽ അ
സ്തമിക്കരുത പിശാചിന്നു ഇടം കൊടുക്കാതെയും ഇരിപ്പിൻ-
൨൮ -കള്ളൻ ഇനി കക്കാതെ വിശെഷാൽ മുട്ടുള്ളവന്നു വിഭാഗി

ക്കൊള്ളുവാൻ ഉണ്ടാകെണ്ടതിന്നു കൈകളെ കൊണ്ടു നല്ല
തിനെ പ്രവൃത്തിച്ചു അദ്ധ്വാനിക്കയാവു — കെൾക്കുന്നവൎക്കു ഉ
പകരിക്കുമാറു ആവശ്യത്തിന്നു തക്കവിധം വചനം ചെയ്വാൻ നല്ല
വാക്കായതല്ലാതെ — ദുഷ്ടമായത ഒന്നും നിങ്ങളുടെ വായി
ൽനിന്നു പുറപ്പെടൊല്ല — വീണ്ടെടുപ്പിൻ നാളിലെക്കു നിങ്ങൾക്കു മുദ്രയാ ന
ല്കുന്നുള്ള പരിശുദ്ധ ദൈവാത്മാവിനെ ദുഃഖിപ്പിക്കയും അരു—
-സകല കൈപ്പും കൊപം ക്രൊധം കൂററാരം ദൂഷണങ്ങ ദു
ഷ്ടും എല്ലാ വെണ്ടാതനവുമായി നിങ്ങളൊടു വെറായ്പൊക — ദ
യാലുക്കളും വത്സലരും കനിവുററവരും ദൈവം ക്രിസ്തനാ
ൽ നിങ്ങൾക്കു സമ്മാനിച്ച പ്രകാരം തമ്മിൽ സമ്മാനിച്ചു വിടുന്നവരും
ആകുവിൻ —

൫ അദ്ധ്യായം

൧, ൨ സ്നെഹിപ്പാനും സ്വജാതിക്കുടെടുത്തിന്നങ്ങളെ വിട്ടു
വെളിച്ചത്തിൽ എന്ന പ്രകാരത്തിന്നു യൊഗ്യമായി നടപ്പാനും
൩ — ൬, ൭ ക്രിസ്തുപുരുഷാദികൾക്കും ഉള്ള പ്രബൊധനം —

അതുകൊണ്ടു പ്രിയമക്കൾ എന്നിട്ടു ദൈവത്തിന്നനുകാ
രികൾ ആകുവിൻ — ക്രിസ്തനും നമ്മെ സ്നെഹിച്ചു സൌരഭ്യ വാ
സനെക്കായിട്ടു നമുക്കു വെണ്ടി തന്നെത്താൻ ദൈവത്തി
ന്നു കാഴ്ചയും ബലിയും ആക്കി എല്പിച്ച പ്രകാരം സ്നെഹത്തി
ൽ നടന്നുകൊൾവിൻ — എന്നാൽ പുലയാട്ടും എല്ലാ അശു
ദ്ധിയും ലൊഭവും ഇവ വിശുദ്ധന്മാൎക്കു യൊഗ്യമാം വണ്ണം നിങ്ങളി
ൽ നാമം പൊലും ഇരിക്കരുത — ചീത്തത്തരം പൊട്ടച്ചൊൽ പ
രിഹാസങ്ങളും ചെരാത്തവ ഒന്നും അരുത സ്തൊത്ര
മത്രെ ആവു — പുലയാടികൾ അശുദ്ധൻ വിഗ്രഹാരാധിയാകുന്ന ലൊഭി
ഇവൎക്കു ക്രിസ്തന്റെയും ദൈവത്തിന്റെയും രാജ്യത്തി
ൽ അവകാശം ഇല്ല എന്നു നിങ്ങൾ അറിഞ്ഞു വെച്ചുവല്ലൊ

൬ — വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിയായ്ക — ഇവനിമി
ത്തം ദൈവകൊപം അനാസ്ഥിനതയുടെ പുത്രർമെൽ വരുന്നുസ
൭ ത്യം — ആകയാൽ അവരൊടു കൂട്ടംപികാൾ ആ
൮ കരുതെ — പണ്ടെല്ലാം നിങ്ങൾ ഇരുളായി ഇപ്പൊൾ കർത്താ
൯ വിൽ വെളിച്ചമാകുന്നു — കർത്താവിന്നു നല്ല സമ്മതമായ്ത്
൧൦ എന്തെന്നു ശൊധന ചെയ്തു വെളിച്ചമക്കളായി നടന്നുകൊ
൧൧ ള്ളിൻ (വെളിച്ചത്തിന്റെ ഫലം സകലനന്മയിലും നീതിയി
൧൨ ലും സത്യത്തിലും കാണുമല്ലൊ) — ഇരുട്ടിന്റെ നിഷ്ഫലക്രിയ
കളിൽ കൂട്ടാളികൾ ആകാതെ അവറ്റെ വിശെഷാൽ ശാ
സിക്കെണ്ടുവു - അവരാൽ ഗൂഢമായി നടക്കുന്നവ പറയു
൧൩ ന്നതും കൂടെ ഷിത്തമാകുന്നു — അവ എല്ലാം വെളിച്ചത്താൽ
ശാസിക്കപ്പെട്ടിട്ടു പ്രസിദ്ധിയിൽ വരുന്നു - കാരണം പ്രസിദ്ധിയിൽ വ
൧൪ രുന്നതെല്ലാം വെളിച്ചമത്രെ — അതുകൊണ്ടു (യശ. ൬൦, ൧)
ഉറങ്ങുന്നവനെ എണീറ്റു മരിച്ചവരിൽനിന്ന് എഴുനീല്ക്ക
൧൫ എന്നാൽ ക്രിസ്തൻ നിന്നെ പ്രകാശിപ്പിക്കും എന്നു — ആ
കയാൽ സൂക്ഷ്മത്തൊടെ നടക്കുമാറു നൊക്കുവിൻ — അജ്ഞാ
൧൬ നികൾ എന്നല്ല ജ്ഞാനികളായത്രെ — നാളുകൾ ദൊഷങ്ങൾ ആക
൧൭ യാൽ സമയത്തെ തക്കത്തിൽ വാങ്ങിക്കൊണ്ടും തന്നെ — അ
ത്തുകൊണ്ടു ബുദ്ധിഹീനരാകാതെ കർത്താവിൻ ഇഷ്ടം ഇ
൧൮ ന്നതെന്നു ബൊധിക്കുന്നവരാകുവിൻ — ദുർന്നടപ്പുണ്ടാകു
ന്ന മദ്യമത്തതയും അരുതു - കെവലം ആത്മാവ്കൊണ്ടു
൧൯ നിറഞ്ഞു — സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികപാ
ട്ടുകളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയങ്ങളിൽ ക
൨൦ ർത്താവിന്നു പാടിയും കീർത്തിച്ചും നമ്മുടെ കർത്താവായ യെശു
ക്രിസ്തന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എ
ല്ലായ്പൊഴും എല്ലാംകൊണ്ടും സ്തൊത്രം ചൊല്ലിക്കൊണ്ടും —

-ത്തിന്റെ ഭയത്തിൽ അന്യോന്യം കീഴ്പെട്ടും ഇരിപ്പിൻ. ൨൧
സ്ത്രീകളെ കൎത്താവിന്നെന്ന പോലെ സ്വഭൎത്താക്കന്മാൎക്കു ൨൨
കീഴടങ്ങുവിൻ — കാരണം ശരീരത്തിന്റെ രക്ഷിതാവാം ൨൩
ക്രിസ്തൻ സഭെക്കു തലയാകുന്നതു പ്രകാരം ഭൎത്താവ് സ്ത്രീ-
ക്കു തലയാകുന്നു — എന്നാൽ സഭ ക്രിസ്തന്നു കീഴടങ്ങും പോ ൨൪
ലെ ഭാൎയ്യമാരും സ്വഭൎത്താക്കന്മാൎക്കു സകലത്തിലും കീഴട
ങ്ങുക — പുരുഷന്മാരെ ക്രിസ്തനും സഭയെ സ്നേ ൨൫
ഹിച്ചു പ്രകാരം ഭാൎയ്യമാരെ സ്നേഹിപ്പിൻ — അവനല്ലോ അ ൨൬
വളെ ചൊൽക്കുളിയതിൽ കഴുകിയാൽ വെടിപ്പാക്കി ശുദ്ധീ
കരിക്കയും — കറ ഒട്ടൽ മുതലായത ഒന്നും ഇല്ലാതെ പരി ൨൭
ശുദ്ധയും നിഷ്കളങ്കയും ആയൊരു സഭയെ തെജസ്സോടെ ത
നിക്കതാൻ മുന്നിറുത്തുകയും ചെയ്യേണ്ടതിന്നു സ്നേഹിച്ചു
തന്നെത്താൻ അവൾക്കു വെണ്ടി ഏല്പിച്ചു കൊടുത്തു — അവ്വ ൨൮
ണ്ണം പുരുഷന്മാർ സ്വഭാൎയ്യമാരെ തങ്ങളുടെ ശരീരങ്ങളെ പോ
ലെ സ്നേഹിക്കെണ്ടു — സ്വഭാൎയ്യയെ സ്നേഹിക്കുന്നവൻ
തന്നെത്തന്നെ സ്നേഹിക്കുന്നു — തന്റെ ജഡത്തൊടല്ലൊ ൨൯
ഒരുവനും ഒരുനാളും പകെച്ചിട്ടില്ല ക്രിസ്തൻ സഭയെ ചെയ്യും
പോലെ അതിനെ പൊറ്റി ലാളിക്കുന്നത്രെ ചെയ്യുന്നു — കാ ൩൦
രണം നാം അവന്റെ ശരീരത്തിൻ അവയവങ്ങളാകുന്നവ
ന്റെ ജഡത്തിൽനിന്നും അസ്ഥികളിൽനിന്നും ആകുന്നു —
(ഉല്പ. ൨, ൨൪) ഇതു നിമിത്തം മനുഷ്യൻ തന്റെ പിതാവെ ൩൧
യും മാതാവെയും വിട്ടു സ്വഭാൎയ്യയോടു പറ്റിക്കൊള്ളുകയും ഇ
രുവരും ഒരു ജഡമായ്ത്തീരും എന്നുള്ള മൎമ്മം വലുതാകുന്നു —
ഞാനൊ ക്രിസ്തനെയും സഭയെയും ഉദ്ദേശിച്ചു പറയുന്നു — ൩൨
എന്നാൽ നിങ്ങളും അപ്രകാരം ഓരോരുവൻ താന്താന്റെ ൩൩
ഭാൎയ്യയെ തന്നെ പോലെ സ്നേഹിക്ക ഭാൎയ്യയൊ ഭൎത്താവെ

ഭയപ്പെടാവു

൬ അദ്ധ്യായം

പുത്രാദിവൎഗ്ഗങ്ങൾക്കു പ്രബോധനം — (൧൦) ആത്മികയുദ്ധത്തിന്നുപദേശം — (൨൧) സമാപ്തി —

൧ മക്കളെ നിങ്ങളുടെ പിതാക്കളെ കൎത്താവിൽ അനുസരിപ്പിൻ
൨ ഇതല്ലൊ ന്യായമാകുന്നു — (൨) നിന്റെ അപ്പനെ
യും അമ്മയെയും ബഹുമാനിക്ക എന്നതു വാഗ്ദത്തം ഉള്ളതിൽ ഒന്നാം കല്പ
൩ നയാകുന്നു — നിണക്ക നല്ലതു ഭവിപ്പാനും നീ ഭൂമി
൪ യിൽ ദീൎഘായുസ്സാവാനും എന്നതു തന്നെ — അപ്പന്മാരെ നി
ങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കൎത്താവിന്റെ ബാലശി
ക്ഷയിലും പത്ഥ്യോപദേശത്തിലും പോററി വളൎത്തുവിൻ —
൫ — ദാസന്മാരെ ക്രിസ്തനെ പോലെ തന്നെ ജഡപ്രകാരം
ഉടയവരെ ഹൃദയത്തിൻ ഏകാഗ്രതയിൽ ഭയത്തോടും വിറയ
൬ ലോടും അനുസരിപ്പിൻ — മനുഷ്യരെ രസിപ്പിക്കുന്നവരുടെ സെ
വയാൽ അല്ല ക്രിസ്തദാസരായി ദൈവേഷ്ടത്തെ ചെയ്തും മന
൭ സ്സാലെ മനുഷ്യൎക്കല്ല — കൎത്താവിന്നത്രെ എന്ന പോലെ
൮ അനുരാഗത്തോടെ സേവിച്ചും കൊണ്ടത്രെ — ദാസനൊ സ്വ
തന്ത്രനൊ താൻ ആൎ എന്ത നന്മ ചെയ്താലും കൎത്താവിൽ
നിന്ന് അതിനെ തന്നെ പ്രാപിക്കും എന്നറിഞ്ഞുവല്ലൊ —
൯ യജമാനന്മാരെ ഭീഷണിവാക്കുകളെ ഒഴിച്ചു അവരോടും അപ്ര
കാരം തന്നെ ചെയ്വിൻ — അവൎക്കും നിങ്ങൾക്കും വാനങ്ങളി
ൽ യജമാനൻ ഉണ്ടെന്നും അവൻ പക്കൽ മുഖപക്ഷം ഇ
ല്ലെന്നും അറിയാമല്ലൊ —
൧൦ ഒടുക്കം എൻ സഹോദരന്മാരെ കൎത്താവിലും അവന്റെ ഊ
ക്കിൻ ബലത്തിലും ശക്തിപ്പെടുവിൻ — പിശാചിന്റെ തന്ത്ര

ങ്ങളൊടു ചെറുത്തുനില്പാൻ കഴിയെണ്ടതിന്ന ദൈവത്തി
ൻ ആയുധവർഗ്ഗത്തെ ധരിച്ചുകൊൾവിൻ — നമ്മക്കല്ലൊ പൊരാട്ടമുള്ളതു ൧൨ ര-
ക്തമാംസങ്ങളൊടല്ല ഈ അന്ധകാരത്തിലെ വാഴ്ചകൾ അ
ധികാരങ്ങൾ ലൊകാധിപന്മാർ ഇങ്ങിനെ ദുഷ്ടാത്മസേനയൊ
ടു സ്വർല്ലൊകങ്ങളിൽ അത്രെ — അതുകൊണ്ടു നിങ്ങൾ ദുർദ്ദി ൧൩
വസത്തിൽ എതിർപ്പാനും സകലത്തെയും പരാഭവിച്ചിട്ടു നി
ല്പാനും കഴിയെണ്ടതിന്ന ദൈവത്തിൻ ആയുധവർഗ്ഗത്തെ എ
ടുത്തുകൊൾവിൻ — എന്നാൽ നിങ്ങളുടെ അരെക്കു സത്യ ൧൪
ത്തെ കെട്ടി നീതി എന്ന കവചത്തെ ധരിച്ചു — സമാധാനസു ൧൫
വിശെഷത്തിന്റെ മുതിൎച്ചയെ കാലുകളിൽ ചെരിപ്പാക്കി — എ ൧൬
ല്ലാറ്റിന്നും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കയും കെടുപ്പാൻ
മതിയായ വിശ്വാസമാകുന്ന പരിശയെ എടുത്തുംകൊണ്ടു
നില്പിൻ — പിന്നെ രക്ഷയാം ശിരസ്ത്രവും ദൈവച്ചൊല്ലാകുന്ന ൧൭
ആത്മാവിൻ വാളെയും കൈക്കൊൾവിൻ — എല്ലാ ൧൮
പ്രാർത്ഥനയാലും യാചനയാലും എതു നെരത്തും ആത്മാവിൽ
പ്രാർത്ഥിച്ചും അതിന്നായ്ക്കൊണ്ടു ഉദ്യൊഗിച്ചും കൊണ്ടും എല്ലാവി
ശുദ്ധർക്കും എനിക്കും വെണ്ടി യാചനയിൽ സകലസ്ഥിരത
യൊടും കൂടെ ഉണർന്നിരിപ്പിൻ — എന്റെ വായി തുറപ്പാൻ ൧൯
ഞാൻ ചങ്ങലയിൽ മന്ത്രിയായി സെവിക്കുന്ന സുവിശെഷ
ത്തിന്റെ മർമ്മത്തെ പ്രാഗത്ഭ്യത്തൊടെ അറിയിപ്പാൻ —
എനിക്ക വചനം നല്കപ്പെടെണം എന്നും ഞാൻ ഉരെക്കെ ൨൦
ണ്ടും വണ്ണം അതിൽ പ്രാഗത്ഭ്യം കാട്ടെണം എന്നും തന്നെ —
എന്റെ അവസ്ഥയും ഞാൻ നടക്കുന്നതിനെയും ൨൧
നിങ്ങൾ അറിയെണ്ടതിന്നു പ്രിയസഹോദരനും കർത്താവിൽ വിശ്വ
സ്തശുശ്രൂഷക്കാരനും ആയ തിഹിക്കൻ നിങ്ങൾക്ക എല്ലാം അ
റിയിക്കും — അവനെ ഞാൻ നിങ്ങൾക്കു ഈ കാൎയ്യത്തിന്നു ൨൨

എന്റെ വർത്തമാനങ്ങളെ അറിയിക്കയും അവൻ നിങ്ങളുടെ ഹൃ
ദയങ്ങളെ പ്രബൊധിപ്പിക്കയും വെണം എന്നു വെച്ചത്രെ-
൨൩ -പിതാവായ ദൈവത്തിൽനിന്നും കർത്താവായ യെശുക്രി
സ്തനാൽ നിന്നും സഹൊദരന്മാൎക്ക സമാധാനവും വിശ്വാസ
൨൪ ത്തൊടെ സ്നെഹവും ഉണ്ടാകിക— നമ്മുടെ കർത്താവായ
യെശുക്രിസ്തനെ അക്ഷയമായി സ്നെഹിക്കുന്നവരൊടൊക്കയും
കരുണ ഉണ്ടാകിന്നു ആമെൻ-

ഫിലിപ്യർക്കെഴുതിയ
ലെഖനം

൧ അദ്ധ്യായം

സഭയിങ്കലെ സ്നെഹത്തെ സ്തൊത്രപ്രാൎത്ഥനകളാൽ കാ
ണിച്ചിട്ടു പൌലൻ തന്റെ അവസ്ഥയും ദുഃഖശ്ശയും ഗ്രഹിപ്പി
ച്ചു സഭ ഒരുമിച്ചു നില്പാൻ ഉത്സാഹിപ്പിച്ചതു-

൧ യെശുക്രിസ്തന്റെ ദാസരായ പൌലും തിമൊഥ്യനും
ഫിലിപ്പിയിൽ ഉള്ള അദ്ധ്യക്ഷന്മാരൊടും ശുശ്രൂഷക്കാരൊടും
ക്രിസ്തുയെശുവിലെ വിശുദ്ധന്മാൎക്കെല്ലാവൎക്കും എഴുതുന്ന
൨ തു— നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ
യെശുക്രിസ്തനിൽ നിന്നും നിങ്ങൾക്ക കരുണയും സമാ
ധാനവും ഉണ്ടാക-
൩ നിങ്ങളെ ഒക്കെയും എന്റെ ദൈവത്തിന്നു സ്തൊ
൪ ത്രം ചെയ്യുന്നു— നിങ്ങൾ ഒന്നാം നാൾ മുതൽ ഇതുവരെയും
സുവിശെഷത്തിന്നായി കാണിച്ച കൂട്ടായ്മയാൽ അപ്പൊഴൊ

ൻ സന്തോഷം പൂണ്ടും — എന്റെ അപെക്ഷയിലും നിങ്ങൾ എല്ലാവ ൪
ൎക്കും വെണ്ടി എപ്പൊഴും യാചന ചെയ്തും — നിങ്ങളിൽ നല്ല ൬
പ്രവൃത്തിയെ ആരംഭിച്ചവൻ യെശുക്രിസ്തന്റെ നാളൊ
ളം തികെക്കും എന്നു തന്നെ തെറിക്കൊണ്ടിരിക്കുന്നു —
ഇങ്ങിനെ നിങ്ങളെ എല്ലാവരെക്കൊണ്ടും ഭാവിക്കുന്നതു ൭
എനിക്കു ന്യായം ആകുവാൻ കാരണം — കൃപെക്കു എന്റെ
കൂട്ടാളികൾ ആയ നിങ്ങളെ ഒക്കയും എന്റെ ബന്ധനങ്ങളിലും
സുവിശെഷത്തിൻ പ്രതിവാദത്തിലും സ്ഥിരീകരണത്തി
ലും എന്റെ ഹൃദയത്തിനകം വഹിക്കുന്നതു തന്നെ — യെശു
ക്രിസ്തന്റെ കരളിൽ ഞാൻ നിങ്ങളെ ഒക്കയും എങ്ങി
നെ വാഞ്ഛിക്കുന്നു എന്നതിന്നു ദൈവമല്ലൊ എനിക്കു
സാക്ഷി —— ഞാൻ പ്രാൎത്ഥിക്കുന്നതൊ നിങ്ങളുടെ സ്നെ
ഹം മെല്ക്കുമെൽ പരിജ്ഞാനത്തിലും എല്ലാ രുചിയിലും വ
ൎദ്ധിച്ചുവന്നിട്ടു — നിങ്ങൾ ഭെദാഭെദങ്ങളെ ശൊധന ചെ ൧൦
യ്യാക്കേണം — ക്രിസ്തന്റെ നാളിലെക്കു സ്വഛ്ശരും തടങ്ങലി
ല്ലാത്തവരും — ദൈവത്തിൻ തെജസ്സിന്നും പുകഴ്ചെക്കു ൧൧
മായിട്ടു യെശുക്രിസ്തനാൽ നീതിഫലം നിറഞ്ഞിരിക്കുന്ന
വരും ആവാൻ എന്നത്രെ —

എന്നാൽ നിങ്ങൾ അറിയെണ്ടുന്നതു ഇച്ഛിക്കുന്നിതു ൧൨
എന്റെ അവസ്ഥകൾ കെവലം സുവിശെഷത്തിന്റെ പു
ഷ്ടിക്കായി നടന്നവന്നു — എന്റെ ബന്ധനങ്ങൾ അകമ്പാ ൧൩
ളമാടത്തിൽ ഒക്കയും ശെഷം എല്ലാവൎക്കും ക്രിസ്തനിൽ തെ
ളിവായ പ്രകാരവും — കൎത്താവിലെ സഹൊദരന്മാ ൧൪
രിൽ അധികം എന്റെ ബന്ധനങ്ങളാൽ തെറിക്കൊണ്ടു വചനത്തെ
ഭയം കൂടാതെ ഉരെപ്പാൻ അതിയായി തുനിഞ്ഞവരാകു
ന്നു — ചിലർ ക്രിസ്തനെ ഘൊഷിക്കുന്നതു അസൂയയിനാൽ ൧൫

ക്കങ്ങൾ നിമിത്തവും ചിലർ പ്രസാദം നിമിത്തം ത
൧൬ ന്നെ — ഇങ്ങിനെ സ്നേഹം കൊണ്ടവർ ഞാൻ സുവിശേഷത്തി
ന്റെ പ്രതിവാദത്തിനായി കിടക്കുന്നു എന്നറിഞ്ഞിട്ടത്രെ
൧൭ ന്ന — ശാഠ്യം കൊണ്ടവരൊ ക്രിസ്തനെ പ്രസ്താവിക്കുന്നതു
ശുദ്ധത്തിലല്ല എന്റെ ബന്ധനങ്ങൾക്കു ക്ലേശം ചേർപ്പാൻ
൧൮ ഭാവിച്ചത്രെ — പിന്നെ എന്ത — ഉപായത്താൽ ആകട്ടെ
സത്യത്താൽ ആകട്ടെ ക്രിസ്തനല്ലൊ പ്രസ്താവിക്കപ്പെട്ടു
ന്നതിങ്കിലും ഞാൻ സന്തോഷിക്കുന്നു ഇനി സന്തോഷിക്ക
൧൯ യും ചെയ്യും — കാരണം നിങ്ങളുടെ യാചനയാലും യേശുക്രി
സ്തന്റെ ആത്മാവ് ഉതവുന്നതിനാലും ഇത് എനിക്കു രക്ഷ
൨൦ യായ്ത്തീരും എന്നറിയുന്നു — ഞാൻ ഒന്നിലും നാണിച്ചു പോകാ
തെ എല്ലാ പ്രാഗത്ഭ്യത്തോടും ക്രിസ്തൻ എന്റെ ശരീര
ത്തിങ്കൽ ജീവനാൽ താൻ മരണത്താൽ താൻ എപ്പൊഴും
ആകുംവണ്ണം ഇപ്പൊഴും മഹിമപ്പെട്ടും എന്നത്രെ എന്റെ പ്രതി
൨൧ ക്ഷയും ആശയും ഉള്ള പ്രകാരം തന്നെ — എനിക്കല്ലൊ ജീവി
൨൨ ക്കുന്നതു ക്രിസ്തനത്രെ മരിക്കുന്നതും ലാഭമെ — എന്നാൽ
ജഡത്തിൽ ജീവിക്കുന്നത് എനിക്ക വേലയിൽ ഫലം
എന്നു വന്നാൽ എതിനെ വരിപ്പു എന്നു ബോധിച്ചില്ല —
൨൩ — ഈ രണ്ടിൽ നിന്നും എനിക്കാവെശം ഉണ്ടു യാത്രയായി
ക്രിസ്തനോടു കൂടെ ഇരിപ്പാൻ കാംക്ഷപ്പെട്ടു — അത് എ
൨൪ ത്രയും അധികം നല്ലു ഉപ്പോഴും — ജഡത്തിൽ വസിച്ചിരിക്കു
൨൫ ന്നതൊ നിങ്ങൾ നിമിത്തം ആവശ്യം — ഇങ്ങിനെ ഉറച്ചി
ട്ടു ഞാൻ വസിക്കും എന്നും നിങ്ങളുടെ മുഴുപ്പിനായും വിശ്വാ
സത്തിലെ സന്തോഷത്തിനായും നിങ്ങൾ എല്ലാവരൊടും
൨൬ കൂടപ്പാർത്തിരിക്കും എന്നും അറിയുന്നു — ഞാൻ നിങ്ങളുടെ
അടുക്കൽ മടങ്ങി വരികയാൽ എന്നെ കൊണ്ടു നിങ്ങളുടെ

പ്രശംസിതിന്നായ്ക്കൊണ്ടു എന്നിൽ വഴിഞ്ഞുവരുമാറു തന്നെ.

ക്രിസ്തസുവിശെഷത്തിന്നു യൊഗ്യമായി പെരുമാറുക ൨൭
മാത്രം ചെയ്വിൻ - ഞാൻ നിങ്ങളെ വന്നു കണ്ടു താൻ ദൂര
ത്തിരുന്നു നിങ്ങളുടെ വൃത്താന്തം കെട്ടുതാൻ നിങ്ങൾ ഒർ ആത്മാ
വിൽ നിലനിന്നു എതിരികളാൽ ഒന്നിലും കുലുങ്ങിപ്പൊകാതെ
ഒരുമനപ്പെട്ടു സുവിശെഷവിശ്വാസത്തിന്നായി കൂടെ
പൊരുതുകയും ചെയ്യുന്ന പ്രകാരം ഗ്രഹിക്കെണ്ടതിന്നു തന്നെ -
- ശ്ലാഘിക്കുന്നതിൽ അവർക്കു നാശത്തെയും നിങ്ങൾക്കു രക്ഷയെ ൨൮
യും സൂചിപ്പിക്കുന്നു - അതും ദൈവത്തിൽ നിന്നത്രെ -
- നിങ്ങൾക്കല്ലൊ ക്രിസ്തനിൽ വിശ്വസിക്കമാത്രമല്ല അവന്നായി ൨൯
ട്ടു കഷ്ടപ്പെടുക എന്നതും കൂടെ സമ്മാനിക്കപ്പെട്ടു - നിങ്ങൾ ൩൦
എന്നിൽ കണ്ടതും ഇപ്പൊൾ എന്നിൽ കെൾക്കുന്നതും ആയ്ത്
ഒരു പൊരാട്ടം തന്നെ നിങ്ങൾക്കും ഉണ്ടു -

൨ അദ്ധ്യായം

ഐകമത്യവും ക്രിസ്തനിൽ കണ്ട താഴ്മയും ഉണ്ടാവാൻ
തക്കവണ്ണം ഉത്സാഹിപ്പാൻ പ്രബൊധനം - ഹെതുവാൻ മരണത്തി
നം ഒരുക്കിയ തിമൊത്ഥ്യനെയും എപഫ്രൊദി
തനെയും അയക്കുന്നതു -

എന്നാൽ വല്ല പ്രബൊധനവും വല്ല സ്നെഹാശ്വാസവും ൧
ആത്മാവിൻ വല്ല കൂട്ടായ്മയും വല്ല കരളും അലിവും ക്രിസ്ത
നിൽ ഉണ്ടെങ്കിൽ - നിങ്ങൾ ഒന്നിനെ കരുതി ഒരു സ്നെ ൨
ഹം പൂണ്ടു ഐകമത്യപ്പെട്ടു ഒന്നെ ഭാവിച്ചും കൊണ്ടു
ഇണ്ടലില്ലാതെ എൻ സന്തൊഷത്തെ പൂർണ്ണമാക്കുവിൻ - ശാ ൩
ഠ്യം ആയിട്ടും ദുരഭിമാനം ആയിട്ടും ഒന്നും ചെയ്യാതെ മനൊ
വിനയത്താൽ അന്യൊന്യം തന്നെക്കാൾ ശ്രെഷ്ഠർ എന്നു

൪ ന്നിരിക്കട്ടും — താന്താന്റെവ അല്ല ഓരോരുത്തൻ അന്യ
൫ രുടെവറ്റെയും പാർക്കെണമെ — ക്രിസ്തുയെശുവി
൬ ൽ ഉള്ള ഭാവമല്ലൊ നിങ്ങളിലും ഉണ്ടാവൂതാക — അവൻ ദെ
വരൂപത്തിൽ ഇരിക്കുന്നവൻ എങ്കിലും ദൈവത്തൊട്
ഒക്കുമായി ചമയുന്നതു ഗ്രഹിപ്പാൻ എന്നാതെ—
൭ -ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിൽ ആയ്തീർന്നു വെ
൮ ഷത്തിലും മനുഷ്യൻ എന്നു കാണായ്വന്നു — തന്നെത്താ
ന്താൻ താഴ്ത്തി മരണത്തൊളം ക്രൂശിലെ മരണത്തൊളം
൯ തന്നെ അധീനനാകുന്നതിനാൽ താഴ്ത്തി — അതുകൊ
ണ്ടത്രെ ദൈവം അവനെ ഏറ്റവും ഉയർത്തി സകല നാമത്തിന്നും
൧൦ മെലായ നാമവും സമ്മാനിച്ചു — സ്വർഗ്ഗസ്ഥർക്കും ഭൂമിസ്ഥർക്കും അ
ധൊലൊകർക്കും ഉള്ള മുഴങ്കാൽ എല്ലാം യെശുനാമത്തിൽ
൧൧ മടങ്ങുകയും — എല്ലാ നാവും യെശുക്രിസ്തൻ കർത്താവ് എ
ന്നു പിതാവായ ദൈവത്തിൻ തെജസ്സിന്നായി ഏറ്റുപ
൧൨ റകയും ചെയ്യെണ്ടതിന്നത്രെ — എന്നതുകൊണ്ട് എൻ
പ്രിയമുള്ളവരെ നിങ്ങൾ എപ്പൊഴും അനുസരിച്ചതു പൊ
ലെ ഞാൻ അരികത്തിരിക്കുമ്പൊൾ കാട്ടിയ പ്രകാരമാ
ത്രമല്ല ഇപ്പൊൾ ദൂരത്താകും കാലം ഏറെ അധികം തെ
ന്ന ഭയത്തൊടും വിറയലൊടും നിങ്ങളുടെ രക്ഷയെ അനു
൧൩ ഷ്ഠിപ്പിൻ — ഇച്ഛിക്കുന്നതിനെയും സാധിപ്പിക്കുന്നതിനെ
യും നിങ്ങളിൽ ദൈവമല്ലൊ പ്രസാദം ഹെതുവായിട്ടു സാ
൧൪ ധിപ്പിക്കുന്നതു — സകലത്തെയും പിറുപിറുപ്പുകളും സംശ
൧൫ യങ്ങളും കൂടാതെ ചെയ്വിൻ — വക്രതയും കോട്ടവും ഉള്ള
തലമുറയുടെ നടുവിൽ അനിന്ദ്യരും കുറ്റമില്ലാത്തവരും ദൈ
൧൬ വത്തിൻ നിഷ്കളങ്കമക്കളും ആകുമാറു തന്നെ — അവരി
ൽ നിങ്ങൾ ജീവവചനത്തെ പിടിച്ചുകൊണ്ടു ജ്യൊതിസ്സുക

ക്കിടയിൽ ലൊകത്തിൽ മിന്നുന്നു— ഞാൻ ഓടിയതും അദ്ധ്വാനി
ച്ചതും പഴുതായില്ല എന്നു ക്രിസ്തന്റെ നാളിൽ എനിക്കു പ്ര
ശംസ ഉണ്ടാവാൻ തന്നെ—

എന്നാൽ നിങ്ങളുടെ വിശ്വാസ സംബന്ധമായ ബലിയൊ ൧൭
ടും സെവയൊടും കൂടെ ഞാൻ ഒഴിക്കപ്പെട്ടാലും സന്തോഷി
ക്കുന്നു നിങ്ങൾ എല്ലാവരൊടും കൂടെ സന്തോഷിക്കയും ചെ
യ്യുന്നു— അപ്രകാരം തന്നെ നിങ്ങളും സന്തോഷിച്ചും എ ൧൮
ന്നൊടും കൂടെ സന്തോഷിപ്പിൻ— എന്നാൽ നിങ്ങളു ൧൯
ടെ വസ്തുത കെട്ടു ഞാനും മനം തണുക്കെണ്ടതിന്നു തി
മൊഥ്യനെ വെഗത്തിൽ അങ്ങ് അയക്കും എന്നു കർത്താവി
ൽ ആശ്രയിക്കുന്നു— നിങ്ങളുടെ വസ്തുത മാത്രം കരുതിക്കൊ ൨൦
ള്ളുന്ന തുല്യചിത്തൻ മറ്റാരും എനിക്കില്ല— യെശു ക്രി ൨൧
സ്തുവിന്റെവ അല്ല തങ്ങൾക്കുള്ളവയത്രെ എല്ലാവരും അ
ന്വെഷിക്കുന്നു— അപ്പനൊടു പുത്രൻ എന്നപൊ ൨൨
ലെ എന്നൊടു കൂടി സുവിശെഷത്തിന്നായി സെവിച്ചു
കൊണ്ട് അവന്റെ ബൊധത്തെ നിങ്ങൾ അറിയുന്നു— ൨൩
അവനെ ഞാൻ എന്റെ കാൎയ്യം ഇന്നതെന്നു കണ്ടുടനെ
അയപ്പാൻ ആശിക്കുന്നു— ഞാനും വെഗം വരും എന്നു ക ൨൪
ൎത്താവിൽ ആശ്രയിച്ചും ഇരിക്കുന്നു— എന്നാൽ എ ൨൫
ന്റെ സഹോദരനും സഹകാരിയും സഹഭടനും നിങ്ങളു
ടെ ദൂതനും എന്റെ മുട്ടിന്നു സെവകനും ആയ എപ്പഫ്രൊ
ദിതനെ നിങ്ങളിലെക്ക് അയപ്പാൻ ആവശ്യം എന്നു തൊ
ന്നി— അവൻ നിങ്ങളെ ഒക്കയും വാഞ്ഛിക്കയല്ലൊ താ ൨൬
ൻ രൊഗിയായതു നിങ്ങൾ കെട്ടതു നിമിത്തം വലഞ്ഞും പൊ
യിരുന്നവൻ തന്നെ— ചാവിനൊടടുക്കുമാറു അവൻ രൊ ൨൭
ഗിയായി സത്യം ദൈവം അവനെ കനിഞ്ഞതാനും— അ

വനെമാത്രമല്ല എനിക്കു ദുഃഖത്തിന്മെൽ ദുഃഖം വരാതിരി
൨൮ പ്പാൻ എന്നെയും കൂടെ കനിഞ്ഞു — ആകയാൽ നിങ്ങ
ൾ അവനെ പിന്നെയും കണ്ടു സന്തൊഷിപ്പാനും എനിക്കു
ദുഃഖങ്ങൾ അല്പം കുറവാനും ഞാൻ അവനെ അധികം വി
൨൯ രഞ്ഞ് അയച്ചിരിക്കുന്നു — ആകയാൽ അവനെ കർത്താ
വിൽ എല്ലാ സന്തൊഷത്തൊടും കൂടെ എറ്റുകൊൾവിൻ —
൩൦ ഇപ്രകാരമുള്ളവരെ ബഹുമാനിച്ചും ഇരിപ്പിൻ — അവ
ൻ എല്ലാതിങ്ങൾ എന്നൊടെ സെവിക്കുന്നതിൽ കുറവു വന്നതി
നെ തീർക്കെണം എന്നു വെച്ചു പ്രാണത്യാഗം തുടങ്ങീട്ടു
ൽ ക്രിസ്തുവിൻ പ്രവൃത്തി നിമിത്തം ചാവിനൊളം അടുത്തു കൂടി
യവൻ —

൩ അദ്ധ്യായം

യഹൂദ്യാനുസാരികളെ വെടിഞ്ഞും ക്രിസ്തുവിനെ മാ
ത്രം ലാഭമാക്കി ക്രൂശ തന്നെ അനുസരിച്ചും മെലെറി
നടപ്പാൻ പ്രബൊധനം

൧ ഒടുക്കം എന്റെ സഹൊദരന്മാരെ കർത്താവിൽ സന്തൊഷി
പ്പിൻ — ഒന്നിനെ തന്നെ നിങ്ങൾക്കു പിന്നെയും എഴുതുന്നതി
൨ നാൽ എനിക്കു മടുപ്പില്ല നിങ്ങൾക്കൊ ഉറപ്പുതാനും — നായ്ക്ക
ളെ സൂക്ഷിപ്പിൻ ആകാത്ത വെലക്കാരെ സൂക്ഷിപ്പിൻ ഛി
൩ ഛെദനത്തെ സൂക്ഷിപ്പിൻ — പരിഛെദനക്കാർ നാം ആ
കുന്നു — ആത്മാവു കൊണ്ടു ദൈവത്തെ ഉപാസിച്ചും ക്രിസ്തുയെ
ശുവിൽ പ്രശംസിച്ചും ജഡത്തിൽ ആശ്രയിക്കാതെയും ഇ
൪ രിക്കുന്നവർ തന്നെ — ഞാനൊ പക്ഷെ ജഡത്തിലും ആ
ശ്രയമുള്ളവൻ തന്നെ — മറ്റൊരുത്തൻ ജഡത്തിൽ ആശ്രയി
൫ ക്കാം എന്നു തൊന്നുകിൽ എനിക്ക് അധികം — എട്ടാം നാ

ശ്ഛെദന ഇസ്രായെൽ ജാതിയിൽ ബെന്യമീൻ ഗൊത്രം ഹെ
ബ്രായരിൽ നിന്ന് ഹെബ്രായൻ ധൎമ്മത്തെ തൊട്ടു പറീശൻ
-എരിവിനെ തൊട്ടു സഭയെ ഹിംസിക്കുന്നവൻ ധൎമ്മത്തി
ലെ നീതിയെ തൊട്ട് അനിന്ദ്യനായി ചമഞ്ഞവൻ—
എങ്കിലും എനിക്കു ലാഭങ്ങളായവ ഒക്കവെ ഞാൻ ൭
ക്രിസ്തൻ നിമിത്തം ചെതം എന്നു എണ്ണിയിരിക്കുന്നു— അ ൮
ത്രയല്ല എൻ കൎത്താവായ യെശുക്രിസ്തുവിന്റെ അറിവി
ന്റെ മികവു നിമിത്തം ഞാൻ ഇപ്പൊഴും എല്ലാം ചെതം എ
ന്നു വെക്കുന്നു — അവൻ നിമിത്തം എനിക്കു അതൊക്കയും
ചെതം വന്നു പൊയിരിക്കുന്നു എന്നും തൊന്നുന്നു— ഞാൻ ക്രി ൯
സ്തനെ നെടി ധൎമ്മത്തിൽ നിന്നുള്ള എൻ നീതിയെ അല്ല ക്രി
സ്തുവിശ്വാസത്താൽ ഉള്ളതായി വിശ്വാസത്തിന്നു
ദൈവത്തിൽ നിന്നു വരുന്ന നീതിയെ കൈക്കൊണ്ടു അ
വനിൽ കാണപ്പെടുവാനും— അവനെയും അവന്റെ പു ൧൦
നരുത്ഥാനശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളു
ടെ കൂട്ടായ്മയെയും അറിവാനും മരിച്ചവരുടെ എഴുനീല്പി
നൊടു എത്തുമൊ എന്നിട്ട്— അവന്റെ മരണത്തോടു ഒ ൧൧
ന്നനുരൂപനാകുവാനും തന്നെ —— അതല്ലിപ്പൊൾ ൧൨
കിഴിഞ്ഞു എന്നൊ തികവൊടെത്തി എന്നൊ അല്ല
യാതൊന്നിന്നായി ഞാൻ ക്രിസ്തനാൽ പിടിക്കപ്പെട്ടു അ
തിനെ പിടിക്കുമൊ എന്നിട്ടു ഞാൻ പിന്തുടരുന്നെ ഉള്ളു—
-സഹൊദരന്മാരെ ഞാൻ പിടിച്ചുകൊണ്ടു എന്നു ഞാ ൧൩
ൻ എണ്ണുന്നില്ല— ഒന്നിനെ ചെയ്യുന്നു പിന്നിട്ടവറെ മറ ൧൪
ന്നും മുമ്പിലെവ തെടി ഉന്തിക്കൊണ്ടും ദൈവം ക്രിസ്തു യെശുവി
ൽ മെലൊട്ടു വിളിച്ച വിളിയുടെ വിരുതിന്നലാക്കാക്കി
പിന്തുടരുന്നു—— എന്നാൽ നമ്മിൽ തികഞ്ഞവരായ ൧൫

ളെല്ലാരും ഈപ്രകാരം തന്നെ വിചാരിച്ചുകൊള്ളു - വല്ലതിലും നി
ങ്ങൾ വെറെ ഭാവിച്ചാലും ദൈവം അതിനെയും നിങ്ങ
൧൬ ൾക്കു വെളിപ്പെടുത്തും - അതിൻ നടെ നാം എത്തിപ്രാപിച്ചതി
ന്റെ ന്യായത്തിൽ തന്നെ സഞ്ചരിക്ക ഒന്നിനെ തന്നെ വിചാരി
ക്ക -
൧൭ സഹോദരന്മാരെ എന്റെ കൂടെ അനുസാരികളാകു
കയും ഞങ്ങൾ നിങ്ങൾക്കു മാതിരി ആകുന്ന പ്രകാരം നടക്കുന്ന
൧൮ വരെയും നൊക്കുകയും — അനെകം ആളുകൾ എല്ലാം ഞാൻ പ
ലപ്പൊഴും നിങ്ങളൊടു പറഞ്ഞപൊലെ ഇപ്പൊൾ കര
ഞ്ഞും പറയുന്നു ക്രിസ്തന്റെ ക്രൂശിന്നു ശത്രുക്കളായിട്ടു തന്നെ
൧൯ നടക്കുന്നവർ — അവരുടെ അവസാനം നാശം അവർക്കു ദൈ
വമാകുന്നതു വയറ അത്രെ അവർക്കു ലജ്ജയായതിൽ മാ
൨൦ നം ഉള്ളവർ ഭൂമിയിലെവ വിചാരിക്കുന്നവർ — നമ്മുടെ പെരു
മാറ്റമല്ലൊ വാനങ്ങളിൽ ആകുന്നു - അവിടെ നിന്നു നാം
കർത്താവാകിയ യെശുക്രിസ്തനെ രക്ഷിതാവെന്നു കാത്തി
൨൧ രിക്കുന്നു — ആയവൻ സകലവും തനിക്കു കീഴ്പെടുത്തു
വാൻ കഴിയുന്ന സാമർത്ഥ്യത്തെ കൊണ്ടു നമ്മുടെ താഴ്ച
യുടെ ശരീരത്തെ തന്റെ തെജസ്സിൻ ശരീരത്തൊട അ
൪ ൧ നുരൂപമാകുവാൻ മറുവെഷമാക്കി തീർക്കും - എന്നതുകൊ
ണ്ടു എന്റെ ഇഷ്ടമുള്ളവരും വാഞ്ഛിതരും ആയ സഹോദരന്മാരെ
എന്റെ സന്തൊഷവും കിരീടവും ആയുള്ളൊരെ ഈപ്രകാ
രം കർത്താവിൽ നിലനില്പിൻ സ്നെഹിതന്മാരെ

൪ അദ്ധ്യായം

(ധൈര്യ)ത്തിനവർക്കും സഭെക്കും ഉള്ള പ്രബോധനം - (൧൦)
സമ്മാനങ്ങൾക്കായി ഉപചാരവാക്കു - (൨൦) സമാപ്തി -

ഞാൻ എവൊദ്യയെ പ്രബൊധിപ്പിക്കുന്നു സുന്തുകെ
യെയും പ്രബൊധിപ്പിക്കുന്നു കൎത്താവിൽ ഒന്നിനെ ത
ന്നെ വിചാരിക്കെണമെന്നത്രെ— ജീവപുസ്തകത്തിൽ പെരു ൩
കൾ ഉള്ള ക്ലെമന്തു തുടങ്ങിയ എന്റെ സഹകാരികളൊ
ടും സ്ത്രീകൾ തന്നെ സുവിശെഷത്തിൽ എന്നൊടു ഒ
ത്ത പൊരാടിയവരാകയാൽ നെരിണയായിട്ടുള്ളൊ
ളൊവെ അവൎക്കു തുണചെയ്ക— കൎത്താവിൽ എപ്പൊ ൪
ഴും സന്തൊഷിപ്പിൻ പിന്നെയും ഞാൻ പറയുന്നു സന്തൊ
ഷിപ്പിൻ— നിങ്ങളുടെ സൌമ്യത എല്ലാമനുഷ്യൎക്കും അ ൫
റിയാകുമാറാക— കൎത്താവ് സമീപസ്ഥൻ— ഒന്നിനായും ൬
ചിന്തപ്പെടരുതെ എല്ലാറ്റിലും സ്തൊത്രം കൂടിയ പ്രാൎത്ഥന
യാചനകളാലെ നിങ്ങളുടെ ആഗ്രഹങ്ങൾ ദൈവത്തൊടു
അറിയിക്കപ്പെടാവു— പിന്നെ എല്ലാ ബുദ്ധിയെയും ക ൭
ടക്കുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നി
നവുകളെയും ക്രിസ്തുയെശുവിങ്കൽ കാക്കും— ശെഷം സ ൮
ഹൊദരന്മാരെ സത്യമായതൊക്കെയും ഘനമായതൊക്കെ
യും ന്യായമായതൊക്കെയും നിൎമ്മലമായതൊക്കെയും പ്രെമമാ
യതൊക്കെയും സല്കീൎത്തിയായതൊക്കെയും സൽഗുണമൊ— പു
കഴ്ചയൊ എന്തെങ്കിലും അവ നിനപ്പിൻ— എങ്കൽ കൂടെ പഠി ൯
ച്ചും പരിഗ്രഹിച്ചും കെട്ടും കണ്ടും കൊണ്ടവ തന്നെ പ്രവൃത്തി
പ്പിൻ പിന്നെ സമാധാനത്തിന്റെ ദൈവം നിങ്ങളൊടു കൂ
ടെ ഇരിക്കും—

ഒടുവിൽ നിങ്ങൾ പിന്നെയും എനിക്കു വെണ്ടി വിചാ ൧൦
രത്തെ തഴപ്പിക്കയാൽ ഞാൻ കൎത്താവിൽ വളരെ സ
ന്തൊഷിച്ചു— ആയതു മുമ്പെ ഭാവിച്ചിട്ടും തഞ്ചം കൂടാഞ്ഞു ൧൧
മുട്ടു കൊണ്ടല്ല ഞാൻ പറയുന്നതു ഉള്ള അവസ്ഥക

൧൧ ഇതിൽ അലംഭാവം ആവാൻ ഞാൻ പഠിച്ചു സത്യം — താ
൧൨ ഴ്ത്തപ്പെട്ടുവാനും അറിയാം വഴിവാനും അറിയാം — തൃപ്തി
യും വിശപ്പും ഏറെവും കുറവും എതിലും എല്ലാറ്റിലും ഞാ
൧൩ ൻ ശിക്ഷിച്ചു പുക്കിരിക്കുന്നു — എന്നെ ശക്തനാക്കുന്നവ
൧൪ നിൽ ഞാൻ സകലത്തിന്നും മതിയാകുന്നു — എങ്കിലും
എന്റെ സങ്കടത്തിൽ നിങ്ങൾ കൂട്ടായ്മയെ കാട്ടുകയാൽ
൧൫ നന്നായി ചെയ്തു — ഫിലിപ്പിയരെ സുവിശേഷത്തി
ന്റെ ആരംഭത്തിങ്കൽ ഞാൻ മക്കെദൊന്യയിൽ നി
ന്നു പുറപ്പെട്ടപ്പൊൾ കൊടുക്കയുടെ കാൎയ്യത്തിൽ
നിങ്ങൾ മാത്രമല്ലാതെ ഒരു സഭയും എന്നോടു കൂട്ടായ്മയാട
൧൬ ത്തില്ല എന്നു നിങ്ങളും അറിയുന്നു — തെസ്സലനിക്കയിലും
എന്റെ ആവശ്യത്തിന്നായി നിങ്ങൾ ഒന്നു രണ്ടു വട്ടം അ
൧൭ യച്ചുവല്ലൊ — ഞാൻ കാഴ്ചയെ തിരയുന്നു എന്നല്ല നി
ങ്ങളുടെ കണക്കിൽ വൎദ്ധിക്കുന്ന ഫലത്തെ അത്രെ തിരയു
൧൮ ന്നു — ഇപ്പൊൾ ഞാൻ എല്ലാം കിട്ടി മെടിച്ചും വഴിഞ്ഞും
൧൯ ഇരിക്കുന്നു — ദൈവത്തിന്നു സൌരഭ്യവാസനയായി ഇഷ്ട
വും ഗ്രാഹ്യവും ആയ ബലി എന്നു നിങ്ങളിൽ നിന്നു വ
ന്നതിനെ എപഫ്രൊദിതൊ മൂലം ഞാൻ പരിഗ്രഹിച്ചി
൨൦ ട്ടു നിറഞ്ഞിരിക്കുന്നു — എന്നാൽ എന്റെ ദൈവം തേ
ജസ്സിൽ തന്റെ ധനത്താൽ ആകും വണ്ണം നിങ്ങളുടെ മുട്ടി
൨൧ നെ ഒക്കയും ക്രിസ്തയെശുവിൽ നിറെച്ചു തീൎക്കും — നമ്മുടെ
ദൈവവും പിതാവും ആയവന്നു യുഗാദിയുഗങ്ങളിലും തേ
ജസ്സുണ്ടാക ആമെൻ.
൨൨ ക്രിസ്തയെശുവിലെ എല്ലാ വിശുദ്ധനെയും വന്ദിപ്പി
ൻ — എന്നോടു കൂടെയുള്ള സഹോദരന്മാർ നിങ്ങളെ വന്ദി
ത്ത്യത്തിന്നും പാപക്ഷമിക്കലെ ആശ്രയത്തിന്നും താനെ.

ആദിമുതൽ ഉള്ളതു ഞങ്ങൾ ജീവന്റെ വചനം സംബന്ധിച്ചു ൧
കെട്ടും ഞങ്ങൾ കണ്ണുകളാൽ കണ്ടും നൊക്കീട്ടും ഞങ്ങടെ കൈകൾ തൊട്ടും ഉ
ള്ളതിനെ തന്നെ അറിയിക്കുന്നു—ജീവനല്ലൊ പ്രത്യക്ഷ ൨
മായി ഞങ്ങളും കണ്ടു സാക്ഷ്യം ചൊല്ലുന്നു പിതാവൊടിരുന്ന
ഞങ്ങൾക്കു പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളൊടറി
യിക്കുന്നു—ഞങ്ങൾ കണ്ടും കെട്ടും ഉള്ളതിനെ നിങ്ങൾക്കും ഞ ൩
ങ്ങളൊടു കൂട്ടായ്മ ഉണ്ടാകെണ്ടതിന്നായി നിങ്ങളൊടറിയി
ക്കുന്നു—ഞങ്ങളുടെ കൂട്ടായ്മ പിതാവിനൊടും അവ ൪

൪ ൻറെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു— നിങ്ങളുടെ സ
ന്തോഷം പൂൎണ്ണമാവാൻ ഞങ്ങൾ ഇവ നിങ്ങൾക്ക എഴുതു
ന്നു
൫ അവങ്കൽനിന്നു ഞങ്ങൾ കേട്ടു നിങ്ങളോട അറിയിക്കുന്ന വൎ
ത്തമാനം— ദൈവം വെളിച്ചം ആകുന്നു അവങ്കൽ ഇരുട്ടൊ
൬ ട്ടും ഇല്ല എന്നാകുന്നു— അവനോട കൂട്ടായ്മ ഉണ്ട എന്ന ചൊല്ലി
യും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം കളവു പറയുന്നു സത്യം ചെയ്യുന്നതു
൭ ഇല്ല— അവൻ വെളിച്ചത്തിൽ ഇരിക്കും പോലെ നാം വെളിച്ച
ത്തിൽ നടന്നാൽ നമുക്ക തമ്മിൽ കൂട്ടായ്മ ഉണ്ട— അവന്റെ പുത്ര
നായ യേശുക്രിസ്തുവിന്റെ രക്തം നമ്മെ സകല പാപത്തിൽ
൮ നിന്നും ശുദ്ധീകരിക്കുന്നു— ഞങ്ങൾക്ക പാപം ഇല്ല എന്ന പറ
ഞ്ഞാൽ നമ്മെ നാം തെറ്റിക്കുന്നു നമ്മിൽ സത്യവും ഇല്ലാ
൯ ന്നു— നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞാൽ അവൻ പാ
പങ്ങളെ നമുക്ക ക്ഷമിച്ചു സകല അനീതിയിൽ നിന്നും
നമ്മെ ശുദ്ധീകരിക്കും വണ്ണം വിശ്വാസ്യനും നീതിമാനും ആ
൧൦ കുന്നു— നാം പാപം ചെയ്തില്ല എന്ന പറകിൽ നാം അവനെ കള്ള
നാക്കുന്നു അവന്റെ വചനം നമ്മിൽ ഇല്ല—
൨. ൧ എൻറെ പൈതങ്ങളെ നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇ
വയെ നിങ്ങൾക്ക എഴുതുന്നു— ഒരുത്തൻ പാപം ചെയ്തു എങ്കി
ലൊ നീതിമാനാകുന്ന യേശുക്രിസ്തുവെന്ന ഒരു കാൎയ്യസ്ഥ
൨ ൻ നമുക്ക പിതാവിൻ സന്നിധിയിൽ ഉണ്ട— അവൻ നമ്മു
ടെ പാപങ്ങൾക്ക പ്രായശ്ചിത്തമാകുന്നു നമ്മുടെയവറ്റിന്നു മാ
ത്രമല്ല സൎവ്വലോകത്തിൻ പാപങ്ങൾക്കും കൂടെ തന്നെ—

൨. അദ്ധ്യായം.

ദൈവത്തെ അറിയുന്നവർ അവന്റെ കല്പനകളെ പ്രമാണി
ക്കുന്നു—൧൨ പിതാക്കന്മാൎക്ക ൧൫ ലൌകികന്മാൎക്ക ൧൮ കള്ള

സ്നേഹാചാരത്തിന്നു ഉപദേശം.

നാം അവനെ അറിഞ്ഞു എന്നതിന്നു അവന്റെ കല്പനകളെ ൩
പ്രമാണിച്ചാൽ അറിയുന്നു — അവനെ അറിഞ്ഞു എന്നു ചൊ ൪
ല്ലി കല്പനകളെ പ്രമാണിക്കാത്തവൻ കള്ളനാകുന്നു അവ
നിൽ സത്യവും ഇല്ല — അവന്റെ വചനം പ്രമാണിക്കുന്നവനിൽ ൫
എല്ലാം ദൈവസ്നേഹം ഉള്ളവണ്ണം തികഞ്ഞിരിക്കുന്നു — നാം
അവനിൽ ഇരിക്കുന്നു എന്നതിനാൽ അറിയുന്നു —
അവനിൽ വസിക്കുന്നു എന്നു ചൊല്ലുന്നവൻ അവൻ നട ൬
ന്നപ്രകാരം താനും നടക്കേണ്ടിയത് — പ്രിയമുള്ളവരെ ൭
പുതിയ കല്പന അല്ല ഞാൻ നിങ്ങൾക്ക് എഴുതുന്നത് — ആദി
മുതൽ നിങ്ങൾക്കുള്ള പഴയ കല്പന അത്രെ — പഴയ കല്പന ൮
ആകട്ടെ നിങ്ങൾ ആദിമുതൽ കേട്ട വചനം തന്നെ — പിന്നെ
യും ഞാൻ പുതിയ കല്പനയെ നിങ്ങൾക്ക് എഴുതുന്നു — അ
ത് അവനിലും നിങ്ങളിലും സത്യം തന്നെ — ഇരിട്ടല്ലൊ
കഴിഞ്ഞു പോകുന്നു സത്യവെളിച്ചം ഇപ്പോൾ പ്രകാശിക്കുന്നു —
— വെളിച്ചത്തിൽ ഇരിക്കുന്നു എന്നു ചൊല്ലി തന്റെ സഹോ ൯
ദരനെ പകെക്കുന്നവൻ ഇന്നുവരെ ഇരിട്ടിൽ ആകുന്നു —
— തന്റെ സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസി
ക്കുന്നു അവനിൽ ഇടർച്ചയും ഇല്ല — സഹോദരനെ പകെക്കു ൧൧
ന്നവൻ ഇരിട്ടിൽ ആകുന്നു ഇരിട്ടിൽ നടക്കുന്നു ഇരിട്ട് അ
വന്റെ കണ്ണുകളെ കുരുടാക്കുകയാൽ പോകുന്നത് എവിടെ
എന്നു അറിയുന്നതും ഇല്ല —
പൈതങ്ങളെ നിങ്ങൾക്ക് അവന്റെ നാമം നിമിത്തം പാപ ൧൨
ങ്ങൾ മോചിച്ചിരിക്കകൊണ്ടു ഞാൻ നിങ്ങൾക്ക് എഴുതുന്നു —
പിതാക്കന്മാരെ ആദിമുതൽ ഉള്ളവനെ നിങ്ങൾ അറിഞ്ഞിരി ൧൩
ക്കകൊണ്ടു നിങ്ങൾക്ക് എഴുതുന്നു — ബാല്യക്കാരെ നിങ്ങൾ ദുഷ്ട

നെ ജയിച്ചിരിക്കകൊണ്ടു നിങ്ങൾക്കു എഴുതുന്നു — കുഞ്ഞുങ്ങളെ
നിങ്ങൾ പിതാവെ അറിഞ്ഞിരിക്കകൊണ്ടു ഞാൻ നിങ്ങ
൰൪ ൾക്കു എഴുതി — പിതാക്കളെ ആദിമുതൽ ഉള്ളവനെ നിങ്ങൾ
അറിഞ്ഞിരിക്കകൊണ്ടു ഞാൻ നിങ്ങൾക്കു എഴുതി — ബാല്യക്കാ
രെ ദൈവവചനം നിങ്ങളിൽ വസിക്കയാലും നിങ്ങൾ ഊക്കരാ
൰൫ യി ദുഷ്ടനെ ജയിച്ചിരിക്കയാലും നിങ്ങൾക്കു എഴുതി — ലോക
ത്തെയും ലോകത്തിലുള്ളവയെയും സ്നേഹിക്കൊല്ലാ - ഒരു
വൻ ലോകത്തെ സ്നേഹിച്ചാൽ അവനിൽ പിതാവിൻ സ്നേ
൰൬ ഹം ഇല്ല — ജഡമോഹം കണ്മോഹം സംസാരത്തിൻ വമ്പു
ഇങ്ങിനെ ലോകത്തിൽ ഉള്ളത് എല്ലാം പിതാവിൽ നിന്നല്ല
൰൭ ലോകത്തിൽ നിന്നത്രെ ആകുന്നു — ലോകവും അതിൻ മോഹ
വും കഴിഞ്ഞു പോകുന്നു ദൈവേഷ്ടത്തെ ചെയ്യുന്നവനോ എ
൰൮ ന്നേക്കും വസിക്കുന്നു — കുഞ്ഞുങ്ങളെ ഒടുക്കത്തെ നാഴിക
ആകുന്നു — എതിർക്രിസ്തൻ വരും എന്നു നിങ്ങൾ കേട്ടപ്രകാ
രം ഇപ്പോൾ കൂടെ അനേകം എതിർക്രിസ്തന്മാർ ഉളവാകി
നാൽ ഒടുക്കത്തെ നാഴിക ആകുന്നു എന്നു നാം അറിയുന്നു-
൰൯ — അവർ നമ്മിൽ നിന്നു പുറപ്പെട്ടിട്ടും നമ്മിലുള്ളവരായില്ല-
നമ്മിലുള്ളവരായി എങ്കിൽ നമ്മോടു കൂടെ വസിക്കുമായിരു
ന്നുവല്ലോ — എല്ലാവരും നമ്മിൽ നിന്നുള്ളവരല്ല എന്നു ഇവരാ
൨൰ ൽ പ്രസിദ്ധമാകേണ്ടി വന്നപ്പോൾ — — നിങ്ങളൊ വിശു
ദ്ധനിൽ നിന്നു അഭിഷേകമുള്ളവരാകി സകലവും അറി
൨൧ യുന്നു — നിങ്ങൾ സത്യത്തെ അറിയാത്തവർ എന്നു വെച്ചല്ല
നിങ്ങൾ അതിനെ അറികയാലും സത്യത്തിൽ നിന്നു ഒരു
കള്ളവും ഉണ്ടാകായ്കയാലും ഞാൻ നിങ്ങൾക്കു എഴുതിയത് —
൨൨ യേശു തന്നെ ക്രിസ്തനല്ല എന്നു തള്ളുന്നവനല്ലാതെ കള്ള
ൻ ആരാകുന്നു — ആയവൻ തന്നെ പിതാവെയും പുത്രനെയും

ത്തള്ളിപ്പറയുന്നവൻ പിതാവില്ലാത്തവനാകുന്നു — പുത്രനെ ഏറ്റുപറയുന്നവ ൨൩
ന്നു പിതാവുമുണ്ടല്ലോ — പുത്രനെ സ്വീകരിക്കുന്നവന്നു പിതാവും ഉണ്ടു —
നിങ്ങൾ ആദിമുതൽ കേട്ടതു നിങ്ങളിൽ വസിക്കുക — ആദി ൨൪
മുതൽ കേട്ടതു നിങ്ങളിൽ വസിച്ചാൽ നിങ്ങളും പുത്രനിലും പി
താവിലും വസിക്കും — നിത്യജീവൻ എന്നുള്ളതു അവൻ നമുക്കു ൨൫
പറഞ്ഞുതന്ന വാഗ്ദത്തം ആകുന്നു — നിങ്ങളെ തെറ്റിക്കു ൨൬
ന്നവരെ കുറിച്ചു ഞാൻ നിങ്ങൾക്കു എഴുതി — പിന്നെ അ ൨൭
വനിൽനിന്നു പ്രാപിച്ച അഭിഷേകം നിങ്ങളിൽ തന്നെ വ
സിക്കുന്നു ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യവും
ഇല്ല — ആ അഭിഷേകം തന്നെ നിങ്ങളെ സകലത്തെയും കു
റിച്ചു ഉപദേശിക്കയും കള്ളമല്ല സത്യം ആകയും ചെയ്യും പ്രകാ
രമത്രെ ആകുന്നു — അതു നിങ്ങളെ ഉപദേശിച്ചതുപോലെ
നിങ്ങൾ അവനിൽ വസിക്കും — ഇനിക്കും പൈതങ്ങളെ അ ൨൮
വനിൽ വസിപ്പിൻ — അവൻ പ്രത്യക്ഷനാകുമ്പോൾ നാം
അവന്റെ മുമ്പാകെ നാണിച്ചു പോകാതെ അവന്റെ വരവിൽ
പ്രാഗത്ഭ്യം പൂണ്ടിരിപ്പാൻ തന്നെ —

൩. അദ്ധ്യായം

ദൈവമക്കളായവർ നീതിയെ ചെയ്തിടണം — ക്രിസ്ത്യാനികൾ ശ
ത്രുക്കളാൽ ദ്വേഷിക്കപ്പെട്ടിട്ടും സ്നേഹിച്ചും പോന്നു
ദൈവത്തോടു പ്രാഗത്ഭ്യം ലഭിക്കുന്നവർ —

അവൻ നീതിമാൻ എന്നു നിങ്ങൾ അറിയുന്നു എങ്കിൽ നീതിയെ ൨൯
ചെയ്യുന്നവൻ ഒക്കെയും അവനിൽനിന്നു ജനിച്ചിരിക്കുന്നു
എന്നു അറിവിൻ — നാം ദൈവമക്കൾ എന്നു വിളിക്കപ്പെട ൩.൧
ടേണ്ടതിന്നു പിതാവ് നമുക്കു എത്ര വലിയ സ്നേഹത്തെ ന
ല്കി എന്നു കാണ്മിൻ — ആകയാൽ ലോകം നമ്മെ അറി
യുന്നില്ല — അതു അവനെയും അറിയായ്കയാൽ ആകുന്നുവല്ലോ

൨ —പ്രിയമുള്ളവരെ നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു—ഇന
ന്താകും എന്നുള്ളതു വരെ പ്രസിദ്ധമായതും ഇല്ല പ്രസിദ്ധ
മായാലൊ നാം അവനെ ഉള്ളവണ്ണം കാണ്കെ ന്നതിനാൽ അവ
൩ നൊടു സദൃശന്മാരാകും എന്ന് അറിയുന്നു—അവനിൽ ഈ
പ്രത്യാശ ഉള്ളവൻ എല്ലാം ആയവൻ നിർമ്മലൻ ആകുമ്പൊലെ
൪ തന്നെയും നിർമ്മലീകരിക്കുന്നു—പാപം ചെയ്യുന്നവൻ എല്ലാം
൫ അധർമ്മത്തെയും ചെയ്യുന്നു-പാപം അധർമ്മം തന്നെ—നമ്മുടെ
പാപങ്ങളെ എടുത്തുകൊള്ളുവാൻ അവൻ പ്രത്യക്ഷമായി എ
൬ ന്നും പാപം അവനിൽ ഇല്ല എന്നും നിങ്ങൾ അറിയുന്നു—അ
വനിൽ വസിക്കുന്നവൻ എല്ലാം പാപം ചെയ്യുന്നില്ല പാപം ചെ
യ്യുന്നവൻ എല്ലാം അവനെ കണ്ടതും ഇല്ല അവനെ അറി
൭ ഞ്ഞതും ഇല്ല—പൈതങ്ങളെ ആരും നിങ്ങളെ ചതിക്ക
രുത്—നീതിയെ ചെയ്യുന്നവൻ ആയവൻ നീതിമാനാകു
൮ മ്പൊലെ നീതിമാനാകുന്നു—പാപത്തെ ചെയ്യുന്നവൻ പിശാ
ചിൽ നിന്നാകുന്നു ആദിമുതൽ അല്ലൊ പിശാചു പാപം ചെ
യ്യുന്നു-പിശാചിന്റെ ക്രിയകളെ അഴിപ്പാനായി തന്നെ ദൈ
൯ വപുത്രൻ പ്രത്യക്ഷനായി—ദൈവത്തിൽ നിന്നു ജനിച്ച
വൻ എല്ലാം അവന്റെ വിത്ത് അവനിൽ വസിക്കയാൽ പാപം
ചെയ്യാതിരിക്കുന്നു—ദൈവത്തിൽ നിന്നു ജനിച്ചതിനാൽ പാ
൧൦ പം ചെയ്വാൻ കഴികയും ഇല്ല—ദൈവമക്കളും പിശാചിൻ മക്കളും
൧൧ ഇതിൽ തന്നെ വെളിവാകുന്നു—നീതിയെ ചെയ്യാത്തവൻ
എവനും തന്റെ സഹോദരനെ സ്നേഹിക്കാത്തവനും ദൈ
വത്തിൽ നിന്നുള്ളവനല്ല-നിങ്ങൾ ആദിമുതൽ കെട്ടിട്ടുള്ളതാം.
൧൨ അന്യോന്യം സ്നേഹിക്കേണം എന്നല്ലൊ ആകുന്നു-കായിൻ
ദുഷ്ടനിൽ നിന്നുള്ളവനായി തന്റെ സഹോദരനെ കൊന്നതു
പൊലെ അല്ല—അവനെ കൊന്നതു എന്തിനിമിത്തം-അ

വന്റെ ക്രിയകൾ ദോഷവും സഹോദരന്റെവ നീതിയുള്ളവയും ആക
കൊണ്ടത്രെ — എന്റെ സഹോദരന്മാരെ ലോകം നി ൧൩
ങ്ങളെ പകെക്കിൽ ആശ്ചൎയ്യപ്പെടരുതെ — നാം ൧൪
മരണത്തെ വിട്ടു ജീവങ്കൽ കടന്നിരിക്കുന്നു എന്നു സഹോ
ദരരെ സ്നേഹിക്കുന്നതു കൊണ്ടത്രെ നാം അറിയുന്നു - സ
ഹോദരനെ സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു-
-തൻ സഹോദരനെ പകെക്കുന്നവൻ എല്ലാം കുലപാത ൧൫
കനാകുന്നു - കുലപാതകന്മാൎക്കും നിത്യജീവൻ ഉള്ളിൽ
വസിച്ചിരിക്കുന്നതും ഇല്ലാ എന്നു നിങ്ങൾ അറിയുന്നു — —
ആയവൻ നമുക്കു വെണ്ടി തന്റെ പ്രാണനെ വെച്ചുകളഞ്ഞ ൧൬
തിനാൽ അത്രെ നാം സ്നേഹത്തെ അറിഞ്ഞിരിക്കുന്നു - നാ
മും സഹോദരൎക്ക വെണ്ടി പ്രാണങ്ങളെ വെച്ചുകളകെണ്ട
താകുന്നു — ഇഹലോകത്തെ ജീവനം ഉള്ളവൻ ആരും തൻ ൧൭
സഹോദരന്നു മുട്ടുള്ള പ്രകാരം കണ്ടു അവനിൽനിന്നു ത
ന്റെ ഉള്ളുരുക്കങ്ങളെ അടെച്ചു വെച്ചാൽ ദൈവസ്നേഹം അവനി
ൽ എങ്ങിനെ വസിക്കും — എന്റെ പൈതങ്ങളെ നാം വാക്കിനാ ൧൮
ലും നാവിനാലും അല്ല ക്രിയകളിലും സത്യത്തിലും സ്നേഹിക്ക
ക — നാം സത്യത്തിൽനിന്നുള്ളവർ എന്നു ആയതിനാലും അ ൧൯
റിയുന്നു നമ്മുടെ ഹൃദയങ്ങളെ അവന്മുമ്പാകെ തേറുമാറാക്കു
കയും ചെയ്യും — കാരണം ഹൃദയം തന്നെ നമുക്കു കുറ്റം വിധിച്ചാൽ ന ൨൦
മ്മുടെ ഹൃദയത്തെക്കാൾ ദൈവം വലിയവൻ ആകുന്നു എല്ലാം
അറികയും ചെയ്യുന്നു — പ്രിയമുള്ളവരെ നമ്മുടെ ഹൃദയം നമു ൨൧
ക്കു കുറ്റം വിധിക്കാഞ്ഞാൽ ദൈവത്തോടു നമുക്കു പ്രാഗ
ൽഭ്യം ഉണ്ടായിരിക്കുന്നു അവന്റെ കല്പനകളെ നാം സൂക്ഷിച്ചു ൨൨
അവന്നു പ്രസാദമുള്ളവ ചെയ്കയാൽ ഏതു യാചിച്ചാലും അ
വനിൽനിന്നു ലഭിക്കും — അവന്റെ കല്പനയൊ ഇവ ൨൩

തന്റെ പുത്രനായ യെശുക്രിസ്തന്റെ നാമത്തിൽ വിശ്വസിക്ക
യും അവൻ നമുക്കു കല്പന തന്നപൊലെ അന്യൊന്യം സ്നെ
൨൪ ഹിക്കയും വെണം എന്നത്രെ— അവന്റെ കല്പനകളെ പ്ര
മാണിക്കുന്നവൻ അവനിൽ വസിക്കുന്നു അവനും അവനിൽ വ
സിക്കുന്നു- അവൻ നമ്മിൽ വസിക്കുന്നു എന്നത് അവൻ നമു
ക്കു തന്ന ആത്മാവിനാൽ അറിയുന്നു-

൪. അദ്ധ്യായം

കള്ളആത്മാക്കളെ ദൈവാത്മാവിൽനിന്നും വെർതിരിച്ചറിഞ്ഞും
ക്രിസ്ത്യാനർ സ്നെഹത്തിൽ വളൎന്നും വരെണം-

൧ പ്രിയമുള്ളവരെ എല്ലാ ആത്മാവിന്നും വിശ്വസിക്കാതെ ആ
ത്മാക്കൾ ദൈവത്തിൽനിന്നുള്ളവയൊ എന്നു ശൊധന ചെ
യ്വിൻ— കള്ളപ്രവാചകർ പലരും ലൊകത്തിലെക്ക് പുറപ്പെ
൨ ട്ടിട്ടുണ്ടല്ലൊ— ദൈവാത്മാവെ ഇതിനാൽ അറിവിൻ— ജഡ
ത്തിൽ വന്നവൻ എന്നു യെശുക്രിസ്തനെ സ്വീകരിക്കുന്ന ആ
ത്മാവെല്ലാം ദൈവത്തിൽനിന്നാകുന്നു— ജഡത്തിൽ വന്നവ
൩ ൻ എന്നു യെശുക്രിസ്തനെ സ്വീകരിക്കാത്ത ആത്മാവെല്ലാം ദൈ
വത്തിൽനിന്നുള്ളതല്ല— വരുന്നു എന്നു നിങ്ങൾ കെട്ടിരി
ക്കുന്ന ക്രിസ്തവിരൊധിയുടെ ആത്മാവ് ഇത് തന്നെ ആയത് ഇ
൪ പ്പൊൾ തന്നെ ലൊകത്തിൽ ഇരിക്കുന്നു— പൈതങ്ങളെ നിങ്ങൾ
ദൈവത്തിൽനിന്നുള്ളവരാകുന്നു അവരെ ജയിച്ചും ഇരിക്കു
ന്നു— ലൊകത്തിൽ ഇരിക്കുന്നവനെക്കാൾ നിങ്ങളിൽ ഉള്ളവ
൫ ൻ വലിയവനല്ലൊ ആകുന്നു— അവർ ലൊകത്തിൽനിന്ന് ആ
കയാൽ ലൊകത്തിൽനിന്നുള്ളതിനെ പറയുന്നു ലൊകം അവ
൬ രെ കെൾക്കയും ചെയ്യുന്നു— നാം ദൈവത്തിൽനിന്ന് ആകുന്നു
ദൈവത്തെ അറിയുന്നവൻ നമ്മെ കെൾക്കുന്നു ദൈവത്തിൽ
നിന്നല്ലാത്തവൻ നമ്മെ കെൾക്കുന്നില്ല— സത്യത്തിന്റെ ആത്മാ

ത്മാവെയും ഭ്രമത്തിന്റെ ആത്മാവെയും ഇതിനാൽ നാം
അറിയുന്നു—
സ്നെഹമുള്ളവരെ നാം അന്യൊന്യം സ്നെഹിക്ക—സ്നെഹമെ ൭
ല്ലാം ദൈവത്തിൽനിന്നാകുന്നു സ്നെഹിക്കുന്നവൻ എല്ലാം ദൈ
ദൈവത്തിൽനിന്നു ജനിച്ചവനാകുന്നു ദൈവത്തെ അറിയു
ന്നു—ദൈവം സ്നെഹം തന്നെ ആകയാൽ സ്നെഹിക്കാത്തവ ൮
ൻ ദൈവത്തെ അറിഞ്ഞിട്ടില്ല—ദൈവം തന്റെ ഏകജാ ൯
തനാകും പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന്നു ലൊ
കത്തിൽ അയച്ചിരിക്കകൊണ്ടു നമ്മിൽ ദൈവസ്നെഹം പ്ര
സിദ്ധമായി—നാം ദൈവത്തെ സ്നെഹിച്ചു എന്നല്ല അവൻ ൧൦
നമ്മെ സ്നെഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്ക പ്രായ
ശ്ചിത്തമാവാൻ അയച്ചു എന്നതിൽ തന്നെ സ്നെഹം ഉ
ണ്ടാകുന്നു—സ്നെഹമുള്ളവരെ ദൈവം നമ്മെ ഇപ്രകാരം ൧൧
സ്നെഹിച്ചു എന്നാൽ നാമും അന്യൊന്യം സ്നെഹിക്കെണ്ടതു
—ദൈവത്തെ ഒരുത്തനും ഒരുനാളും കണ്ടിട്ടില്ല നാം അ ൧൨
ന്യൊന്യം സ്നെഹിച്ചാൽ ദൈവം നമ്മിൽ വസിക്കുന്നു അവന്റെ
സ്നെഹം നമ്മിൽ തികഞ്ഞും ഇരിക്കുന്നു—നാം അവനിലും അ ൧൩
വൻ നമ്മിലും വസിക്കുന്നു എന്നതിനെ അവൻ തന്റെ ആത്മാ
വിൽനിന്നു നമുക്കു തന്നതിനാൽ അറിയുന്നു—പിതാവു ത ൧൪
ന്റെ പുത്രനെ ലൊകരക്ഷിതാവാവാൻ അയച്ചിരിക്കു
ന്നു എന്നു ഞങ്ങൾ കണ്ടു സാക്ഷ്യം ചൊല്ലുന്നു—യെശു ദൈ ൧൫
വപുത്രൻ എന്നു ആരാനും സ്വീകരിച്ചാൽ ദൈവം അ
വനിലും അവൻ ദൈവത്തിലും വസിക്കുന്നു—ഇങ്ങിനെ
ദൈവത്തിന്നു നമ്മിലുള്ള സ്നെഹത്തെ നാം അറിഞ്ഞും
വിശ്വസിച്ചും ഇരിക്കുന്നു—ദൈവം സ്നെഹം തന്നെ ആകു ൧൬
ന്നു—സ്നെഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈ

൧൭ വം അവനിലും വസിക്കുന്നു— നമുക്കു വിധിദിവസത്തിൽ ധൈര്യം ഉണ്ടാവാനായിട്ടു നാമും അവൻ ഇരിക്കുമ്പോലെ ഈ ലോകത്തിൽ ഇരിക്കുന്നതിനാൽ സ്നേഹം നമ്മുടെ ഇട
൧൮ യിൽ തികഞ്ഞിരിക്കുന്നു— സ്നേഹത്തിൽ ഭയം ഇല്ല ഭയത്തിന്നു ദണ്ഡനം ഉണ്ടാകയാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു ഭയപ്പെടുന്നവൻ സ്നേഹത്തിൽ തി
൧൯ കവു വന്നവനല്ല— അവൻ മുമ്പെ നമ്മെ സ്നേഹിച്ചതുകൊ
൨൦ ണ്ടു നാം അവനെ സ്നേഹിക്കാക— ഒരുവൻ ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു ചൊല്ലി തന്റെ സഹോദരനെ പകെച്ചാൽ അവൻ കള്ളനാകുന്നു— താൻ കണ്ട സഹോദരനെ സ്നേഹിക്കാത്തവൻ കാണാത്ത ദൈവത്തെ എങ്ങി
൨൧ നെ സ്നേഹിക്കും— ദൈവത്തെ സ്നേഹിക്കുന്നവൻ തന്റെ സഹോദരനെയും സ്നേഹിക്ക എന്നീ കല്പന നമുക്കു അവങ്കൽനിന്നു ഉണ്ടു—

൫. അദ്ധ്യായം

ജയം വരുത്തുന്നതു ദൈവസ്നേഹത്തെ പ്രമാണിക്കുന്ന വിശ്വാസത്തിന്നും— യേശുവിങ്കൽ ഉൾപ്പെട്ട പ്രമാണം നിത്യജീവനും അത്രെ—

൧ യേശു താൻ ക്രിസ്തു എന്നു വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു— ജനിപ്പിച്ചവനെ സ്നേഹിക്കുന്നവൻ എല്ലാം അവനാൽ ജനിച്ചവനെ
൨ യും സ്നേഹിക്കുന്നു— നാം ദൈവത്തെ സ്നേഹിച്ചു അവന്റെ കല്പനകളെ പ്രമാണിക്കുമ്പോൾ ദൈവമക്കളെ നാം സ്നേഹിക്കു
൩ ന്നു എന്നറിയുന്നു— അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലൊ ദൈവസ്നേഹം ആകുന്നതു അവന്റെ കല്പനകൾ ഭാരം
൪ ഉള്ളവയും അല്ല— എന്തെന്നാൽ ദൈവത്തിൽനിന്നു ജനിച്ചതു

ഒക്കയും ലോകത്തെ ജയിക്കുന്നു ലോകത്തെ ജയിച്ച
ജയമൊ നമ്മുടെ വിശ്വാസമത്രെ — യെശു ദൈവപുത്രൻ എന്നു ൫
വിശ്വസിക്കുന്നവനല്ലാതെ പിന്നെ ആരാകുന്നു ലോകത്തെ
ജയിക്കുന്നവൻ —
ഇവൻ ജലത്താലും രക്തത്താലും വന്നവനത്രെ യെശു ൬
ക്രിസ്തൻ തന്നെ — ജലത്താൽ മാത്രമല്ല ജലത്താലും രക്ത
ത്താലും അത്രെ — ആത്മാവ തന്നെ സത്യം ആകയാൽ സാക്ഷ്യം
ചൊല്ലുന്നത ആത്മാവ തന്നെ — സ്വൎഗ്ഗത്തിൽ സാക്ഷ്യം പ ൭
റയുന്നവർ മൂവർ ഉണ്ടല്ലൊ പിതാവു വചനം പരിശുദ്ധാത്മാവ
ഈ മൂവർ മൂവരും ഒന്നു തന്നെ — ഭൂമിയിലും സാക്ഷ്യം പറ ൮
യുന്നവർ മൂവർ ഉണ്ടല്ലൊ ആത്മാവു ജലം രക്തം ഈ മൂവർ
തന്നെ — മൂവരും ഒന്നിലെക്ക ആകുന്നു — നാം മനുഷ്യരുടെ സാ ൯
ക്ഷ്യത്തെ കൈക്കൊണ്ടാൽ ദൈവത്തിൻ സാക്ഷ്യം ഏ
റെ വലുതാകുന്നു — അവൻ തന്റെ പുത്രനെ കുറിച്ചു ചൊല്ലി
യത ദൈവസാക്ഷ്യം ആകുന്നുവല്ലൊ — ദൈവപുത്രങ്കൽ വി ൧൦
ശ്വസിക്കുന്നവന്ന ആ സാക്ഷ്യം ഉള്ളിൽ ഉണ്ടു ദൈവത്തിന്ന
വിശ്വസിക്കാത്തവൻ ദൈവം സ്വപുത്രനെ കുറിച്ചു ചൊ
ല്ലിയ സാക്ഷ്യത്തെ വിശ്വസിക്കാഞ്ഞതിനാൽ അവനെ കള്ള
നാക്കുന്നു — — ആ സാക്ഷ്യം ആയത ദൈവം നമുക്ക നിത്യജീ ൧൧
വനെ തന്നു എന്നും ആ ജീവൻ അവന്റെ പുത്രങ്കൽ ഉള്ള
തു എന്നും ഉള്ളതത്രെ — പുത്രനുള്ളവന്ന ജീവൻ ഉണ്ടു ദൈ ൧൨
വപുത്രൻ ഇല്ലാത്തവന്നു ജീവനും ഇല്ല — ദൈവപുത്രന്റെ ൧൩
നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്ക ഞാൻ ഇവ എഴുതിയ
തു നിങ്ങൾ നിത്യജീവനുള്ളവർ എന്നറിഞ്ഞു ദൈവപുത്ര
ന്റെ നാമത്തിൽ ഇനിയും വിശ്വസിക്കെണ്ടതിന്നത്രെ —
നമുക്ക അവനൊടുള്ള പ്രാഗത്ഭ്യം ആയത — നാം അവന്റെ ൧൪

ഇഷ്ടപ്രകാരം വല്ലതും യാചിച്ചാൽ അവൻ നമ്മെ കെൾക്കുന്നു
൧൫ എന്നത്രെ— എന്തു യാചിച്ചാലും അവൻ നമ്മെ കെൾക്കുന്നു എ
ന്നറികിൽ നാം അവനൊടു യാചിച്ച യാചനകൾ ലഭിച്ചു എ
൧൬ ന്നും നാം അറിയുന്നു— ആരാനും തന്റെ സഹൊദരൻ മരണ
ത്തിലെക്കല്ലാത്ത പാപം ചെയ്തിരിക്കുന്നതു കണ്ടാൽ
യാചിക്കും അവനു ജീവനെ കൊടുക്കയും ആം മരണത്തിലെ
ക്കല്ലാത്ത പാപം ചെയ്യുന്നവൎക്കു തന്നെ— മരണത്തിനുള്ള
പാപം ഉണ്ടു— അതിനായി ചൊദിക്കെണം എന്നു ഞാൻ
൧൭ ചൊല്ലുന്നില്ല— എല്ലാ അനീതിയും പാപമാകുന്നു— മരണത്തി
൧൮ നല്ലാത്ത പാപവും ഉണ്ടു— ദൈവത്തിൽ നിന്നു ജനിച്ചവ
ൻ ആരും പാപം ചെയ്കാ എന്നു നാം അറിയുന്നു— അല്ല ദൈ
വത്തിൽ നിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു ദു
൧൯ ഷ്ടൻ അവനെ തൊടുന്നതും ഇല്ല— നാം ദൈവത്തിൽ നി
ന്നാകുന്നു എന്നും സൎവ്വലൊകവും ദുഷ്ടതയിൽ കിടക്കുന്നു
൨൦ എന്നും നാം അറിയുന്നു— ദൈവപുത്രൻ വന്നു നാം സത്യമു
ള്ളവനെ അറിവാനായി നമുക്കു ബുദ്ധി തന്നു എന്നും അ
റിയുന്നു— അതിനാൽ നാം സത്യമുള്ളവനിൽ അവന്റെ പു
ത്രനായ യെശുക്രിസ്തനിൽ തന്നെ ആകുന്നു— ഇവൻ സത്യ
൨൧ ദൈവവും നിത്യജീവനും ആകുന്നു— പൈതങ്ങളെ വിഗ്ര
ഹങ്ങളിൽ നിന്നു നിങ്ങളെ കാത്തുകൊൾവിൻ

---

൨ യൊഹനാൻ

ഒരു സഭയെ ക്രിസ്തവിശ്വാസസ്നെഹങ്ങളിൽ നില്പാൻ
പ്രബൊധിപ്പിക്കുന്നതു-

തെരിഞ്ഞെടുക്കപ്പെട്ട കൎത്ത്രിക്കും ഞാൻ സത്യത്തിൽ സ്നെ ൧
ഹിക്കുന്ന അവളുടെ മക്കൾക്കും മൂപ്പൻ എഴുതുന്നതു — ഞാൻ ൨
മാത്രമല്ല സത്യത്തെ അറിഞ്ഞവർ എല്ലാവരും നമ്മിൽ വസി
ക്കുന്നതും നമ്മൊടു എന്നെക്കും ഇരിപ്പതും ആകുന്ന സത്യത്തിൻ
നിമിത്തം നിങ്ങളെ സ്നെഹിക്കുന്നു — പിതാവാകുന്ന ദൈവ ൩
ത്തിൽനിന്നും പിതാവിൻ പുത്രനാകുന്ന യെശുക്രിസ്തൻ എന്ന
കൎത്താവിൽനിന്നും സത്യത്തിലും സ്നെഹത്തിലും നിങ്ങ
ളൊടു കരുണ കനിവു സമാധാനവും ഉണ്ടാവൂ —— നമുക്ക ൪
പിതാവിൽനിന്നു കല്പന വന്നതുപൊലെ നിന്റെ മക്ക
ളിൽ ചിലർ സത്യത്തിൽ നടക്കുന്നതു ഞാൻ കണ്ടെത്തു
കയാൽ അത്യന്തം സന്തൊഷിച്ചു — ഇതൊ കൎത്ത്രീ ഞങ്ങ ൫
പുതിയ കല്പന അല്ല ആദിമുതൽ നമുക്ക ഉണ്ടായതത്രെ
ഞാൻ എഴുതിക്കൊണ്ടു നാം അന്യൊന്യം സ്നെഹിക്കെ
എന്നു നിന്നൊടു ചൊദിക്കുന്നു — നാം അവന്റെ കല്പനക ൬
ളിൻ പ്രകാരം നടക്ക എന്നതു സ്നെഹം തന്നെ ആകുന്നു-
നിങ്ങൾ അതിൽ നടക്കെണം എന്നതു നാം ആദിമുതൽ കെട്ടപ്ര
കാരം കല്പന ആകുന്നതു —— ജഡത്തിൽ വരുന്നവൻ
എന്നു യെശുക്രിസ്തനെ സ്വീകരിക്കാത്ത വഞ്ചകർ പ ൭
ലരും ലൊകത്തിൽ പുക്കുവല്ലൊ - വഞ്ചകനും എതിൎക്രി
സ്തനും ഇപ്രകാരമുള്ളവനത്രെ — നാം അദ്ധ്വാനിച്ചുള്ള ൮
ണ്ടാക്കിയതു കളയാതെ പൂൎണ്ണകൂലിയെ പ്രാപിക്കെണ്ടതി

൯ നിങ്ങളെതന്നെ നൊക്കുവിൻ — ക്രിസ്തന്റെ ഉപദെ
ശത്തിൽ വസിക്കാതെ തലം ഭിന്നിപ്പവന്നുക്കും ദൈവം
ഇല്ല ക്രിസ്തന്റെ ഉപദെശത്തിൽ വസിക്കുന്നവന്നു പിതാ
൰ വും പുത്രനും ഉണ്ടു — ഒരുത്തൻ ഈ ഉപദെശം ധരിക്കാതെ
നിങ്ങളിലെക്കു വരികിൽ അവനെ വീട്ടിൽ ചെൎക്കാ
൰൧ തെയും കുശലം പറകയും അരുത — അവനൊടു കുശലം പറയു
ന്നവൻ അവന്റെ ദുഷ്ക്രിയകളിൽ കൂട്ടാളി ആകുന്നു സത്യം
൰൨ — നിങ്ങൾക്കു എഴുതുവാൻ പലതും ഉണ്ടായിട്ടും കടലാസ്സും
മഷിയും കൊണ്ടു ചെയ്വാൻ മനസ്സില്ലാഞ്ഞു — കാരണം
നമ്മുടെ സന്തൊഷം പൂൎണ്ണമാകെണ്ടതിന്നു നിങ്ങളിൽ വ
൰൩ ന്നു മുഖാമുഖമായി ചൊല്വാൻ ആശിക്കുന്നു — നിന്റെ
തിരിഞ്ഞെടുത്ത സഹൊദരിയുടെ മക്കൾ നിന്നെ വന്ദി
ക്കുന്നു —

---

൩. യൊഹന്നാൻ

ഗായനെ സഹൊദരപ്രീതി നിമിത്തം പുകഴ്ത്തി ദ്യൊത്രെ
ഫാവിന്റെ കുററവും മറ്റും ചൊല്ലി എഴുതുന്നത

൧ മൂപ്പനായ ഞാൻ സത്യത്തിൽ സ്നെഹിക്കുന്ന പ്രിയ ഗായന്നു
൨ എഴുതുന്നത — — ഹെ പ്രിയ നിന്റെ ദെഹി സുഖിക്കുമ്പൊ
ലെ നീ എല്ലാം കൊണ്ടും തഴെച്ചും സുഖിച്ചും വരെണം എന്നു
൩ ഞാൻ അപെക്ഷിക്കുന്നു — സഹൊദരന്മാർ വന്നു നീ സത്യ
ത്തിൽ നടക്കുന്നപ്രകാരം നിന്റെ സത്യത്തിന്നു സാക്ഷ്യം
൪ ചൊല്ലുകയാൽ ഞാൻ അത്യന്തം സന്തൊഷിച്ചു — എന്റെ
മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കെൾക്കുന്നതിൽ അധികം

വലിയസന്തൊഷം എനിക്കില്ല — സ്നേഹിതാ സഹൊദരരിലും ൫
അന്നിയന്മാരിലും അദ്ധ്വാനിക്കുന്നതു ഒക്കെയും വിശ്വസ്തമാ
യി ചെയ്യുന്നു — അവര്‍ സഭയുടെ മുമ്പാകെ നിന്റെ സ്നേഹത്തി ൬
ന്നു സാക്ഷ്യം ചൊല്ലി - ഇവരെ നീ ദൈവത്തിന്നു യൊഗ്യമാ
കുംവണ്ണം യാത്ര അയക്കുന്നു എങ്കില്‍ നന്നായി ചെയ്യും — അവ ൭
രല്ലൊ അവന്റെ നാമത്തിന്നു വെണ്ടി പുറപ്പെട്ടു ജാതികളൊട്ടു
ന്നും മെടിക്കാതെ നടക്കുന്നു — എന്നാല്‍ ഇപ്രകാരമുള്ളവ ൮
രെ നാം സത്യത്തിന്നു കൂട്ടുപണിക്കാര്‍ ആകുവാന്‍ കൈക്കൊ
ള്ളെണ്ടതാകുന്നു — ഞാന്‍ സഭെക്കു എഴുതി ൯
എങ്കിലും അവരില്‍ മുമ്പനാകുവാന്‍ ഇച്ഛിക്കുന്ന ദിയൊത്രെ
ഫെസ് ഞങ്ങളെ കൈക്കൊള്ളുന്നില്ല — ആകയാല്‍ ഞാന്‍ ൧൦
വന്നാല്‍ ഞങ്ങളെ ദുര്‍വ്വാക്കുകളാല്‍ ശകാരിച്ചുകൊണ്ടു ചെ
യ്യുന്ന ക്രിയകളെ അവനെ ഓര്‍പ്പിക്കും — ആയവ പൊരാഞ്ഞ
അവനൊട്ടും സഹൊദരരെ താന്‍ എറ്റുകൊള്ളാത്തതുമല്ലാ
തെ മനസ്സുള്ളവരെ വിരൊധിക്കയും സഭയില്‍ നിന്നു തള്ളി
ക്കളകയും ചെയ്യുന്നു — പ്രിയാ നല്ലതല്ലാതെ തീയതിനെ അ ൧൧
നുകരിക്കൊല്ലാ - നന്മ ചെയ്യുന്നവന്‍ ദൈവത്തില്‍ നിന്നാകു
ന്നു തീയ ചെയ്യുന്നവന്‍ ദൈവത്തെ കണ്ടില്ല — ദെമെ ൧൨
ത്രിയന്നു എല്ലാവരാലും സത്യം എന്നതിനാലും താന്‍ സാ
ക്ഷ്യം വന്നിട്ടുണ്ടു - ഞങ്ങളും സാക്ഷ്യം ചൊല്ലുന്നു ഞങ്ങളുടെ
സാക്ഷ്യം സത്യമുള്ളതു എന്നു നിങ്ങള്‍ അറികയും ചെയ്യു
ന്നു — എഴുതുവാന്‍ പലവും ഉണ്ടായിട്ടും മഷിയും തൂവലും ൧൩
കൊണ്ടു നിനക്കു എഴുതുവാന്‍ മനസ്സില്ല — വെഗം നിന്നെ ൧൪
കാണ്മാന്‍ ആശിക്കുന്നു താനും — എന്നാല്‍ നാം മുഖാമു
ഖമായി ചൊല്ലാം - നിനക്കു സമാധാനം — സ്നെഹിതന്മാര്‍ നിന്നെ ൧൫
വന്ദിക്കുന്നു — സ്നെഹിതന്മാരെ പെരായിട്ടു വന്ദിക്ക

യൂദായിന്റെ ലെഖനം

പെത്രൻ ൨-ലെ-൨ മുന്നറിയിച്ച ഉപദെഷ്ടാക്കളുടെ വ്യാപാ
രത്താൽ സംഗതിവന്ന ഉപദെശപ്രബൊധനങ്ങൾ

൧ യെശുക്രിസ്തന്റെ ദാസനും യാക്കൊബിന്റെ സഹൊദര
നുമായ യൂദാ—വിളിക്കപ്പെട്ടും പിതാവായ ദൈവത്തിൽ വി
ശുദ്ധീകരിക്കപ്പെട്ടും യെശുക്രിസ്തനായി കാക്കപ്പെട്ടും
൨ ഇരിക്കുന്നവൎക്ക എഴുതുന്നത— നിങ്ങൾക്ക കരുണയും സമാധാ
നസ്നെഹങ്ങളും പെരുകിവരുമാറാക
൩ പ്രിയമുള്ളവരെ സാധാരണരക്ഷയെകൊണ്ടു നിങ്ങ
ൾക്ക എഴുതുവാൻ എല്ലാപ്രയത്നവും ചെയ്തിരിക്കും കാലം വിശു
ദ്ധന്മാൎക്ക ഒരിക്കൽ ഭരമെല്പിക്കപ്പെട്ട വിശ്വാസത്തിനായി
പൊരാടെണമെന്ന പ്രബൊധിപ്പിച്ചെഴുതുവാൻ എനിക്ക ആ
൪ വശ്യം തൊന്നി—എങ്ങിനെ എന്നാൽ നമ്മുടെ ദൈവത്തി
ന്റെ കരുണയെ കാമഭൊഗത്തിലെക്ക മറിച്ചുവെച്ചു എകനാ
ഥനും നമ്മുടെ കൎത്താവുമായ യെശുക്രിസ്തനെ തള്ളിപ്പറ
യുന്ന അഭക്തർ ചിലരും നുഴഞ്ഞുവന്നു—അവർ പണ്ടെ
ഇന്ന്യായവിധിക്കായി മുൻ എഴുതപ്പെട്ടവർ തന്നെ—
൫ ഇത എല്ലാം പണ്ട അറിഞ്ഞവർ എങ്കിലും നിങ്ങളെ ഞാൻ
ഓൎപ്പിപ്പാൻ ഇച്ഛിക്കുന്നു—കൎത്താവു മിസ്രയിൽനിന്ന
ജനത്തെ രക്ഷിച്ചിട്ടും വിശ്വസിക്കാത്തവരെ പിന്നെ
൬ യും നശിപ്പിച്ചു എന്നും—തങ്ങളുടെ വാഴ്ചയെ കാക്കാതെ തള്ളെ
തെ സ്വവാസത്തെ വിട്ടുപൊയ ദൂതരെ എന്നെക്കുമുള്ള
കെട്ടുകളാൽ അന്ധകാരത്തിൻകീഴിൽ വെച്ചിട്ടു മഹാദിവസത്തിൻ
൭ ന്റെ വിധിക്കായി സൂക്ഷിച്ചിരിക്കുന്നു എന്നും—അതപൊലെ

സദൊംഗൊമൊറകളും അവറ്റിൻ ചുറ്റുമുള്ള പട്ടണങ്ങളും അ
വർകളൊത്തവണ്ണം പുലയാടി അന്യജഡത്തിൻ പിന്നാലെ
നടന്നു പൊകയാൽ നിത്യാഗ്നിശിക്ഷയെ സഹിച്ചു ദൃഷ്ടാ
ന്തമായി കിടക്കുന്നു എന്നും ഉള്ളവ തന്നെ — — എങ്കിലും സ ൮
മപ്രകാരം തന്നെ ഇവരും സ്വപ്നാവസ്ഥയിലായി ദെഹത്തെ
മലിനമാക്കുന്നു കർത്തത്വത്തെ തിരസ്കരിക്കുന്നു തെജസ്സുകളെ
ദൂഷിച്ചു ചൊല്ലുന്നു — എന്നാൽ പ്രധാനദൂതനായ മിഖാ ൯
യെൽ കൂടെ പിശാചൊട് ഇടഞ്ഞു മൊശയുടെ ദെഹം ചൊല്ലി
വാദിക്കുമ്പൊൾ ദൂഷണവിധിയെ ഉച്ചരിപ്പാൻ തുനിയാതെ
തമ്പുരാൻ നിന്നെ ശാസിക്ക എന്നു പറഞ്ഞതെ ഉള്ളൂ —
ഇവരൊ തങ്ങൾ അറിയാത്തവയെ എല്ലാം ദൂഷിച്ചു പറകുന്നു — ൧൦
ബുദ്ധിയില്ലാത്ത മൃഗങ്ങളെ പൊലെ എന്തെല്ലാം പ്രാകൃതമാ
യി ബൊധിക്കുന്നു അവറ്റിൽ കെട്ടുപൊകുന്നു — അവർക്കു ൧൧
ഹാ കഷ്ടം കായിന്റെ വഴിക്കൽ നടന്നു കൂലിക്കായി ബിലെയാ
മിന്റെ ഭ്രമത്തിൽ ലയിച്ചു കൊറഹിന്റെ കലഹവാക്കിനാൽ
നശിച്ചു പൊകുവരല്ലൊ — ഇവർ നിങ്ങളുടെ സ്നെഹസദ്യക ൧൨
ളിൽ അഞ്ചാതെ കൂടി ഭക്ഷിച്ചു തങ്ങളെ ത
ന്നെ മെയ്ക്കുന്ന കടല്പാറകൾ ആകുന്നു - കാറ്റുകളാൽ
ഒഴുകി നീർ ചൊരിയാതെ കടക്കുന്ന മെഘങ്ങൾ — കായ്ക്കും കാ
ലം കഴിഞ്ഞ ഫലശൂന്യവൃക്ഷങ്ങൾ രണ്ടുരു ചത്തവയും വെ
രറ്റു പൊയവയും തന്നെ — തങ്ങളുടെ നാണക്കെടുകളെ ൧൩
നുരെച്ചു തള്ളുന്ന കടലിലെ കൊടുന്തിരകൾ — അന്ധത
മസ്സു നിത്യത്തെക്കായി കാക്കപ്പെട്ടുള്ള ഭ്രമനക്ഷത്രങ്ങ
ൾ തന്നെ —— ഇവരെ ഉദ്ദെശിച്ചും ആദാമിൽ നിന്ന എ ൧൪
ഴാമനായ ഹനൊക്കു കൂടെ പ്രവചിച്ചിതു — ഇതാ കർത്താ
വ് തന്റെ വിശുദ്ധ[illegible]ങ്ങളൊടു കൂടെ വന്നതു —

൧൫ - എല്ലാവൎക്കും ന്യായം വിധിപ്പാനും ഭക്തികെടന്മാരെ
ല്ലാസകാലങ്ങളിൽ ചെയ്ത ഭക്തികെട്ട ക്രിയകളെ കുറിച്ചും പാപികളായ ഭക്തികെട്ടവർ
ചൊന്നസകല കഠിനവാക്കുകളെ കുറിച്ചും അവരുടെ അഭക്തരെ
൧൬ ല്ലാവൎക്കും ബൊധം വരുത്തി ശാസിപ്പാനും എന്നത്രെ — ഇവർ
തങ്ങളുടെ മൊഹങ്ങളെ അനുസരിച്ചു നടക്കകൊണ്ടു പിറു
പിറുപ്പുകാരും ആവലാതിക്കാരും ആകുന്നു — പ്രയൊജനം വി
ചാരിച്ചു മുഖസ്തുതി പറഞ്ഞുംകൊണ്ടു അവരുടെ വായിക
൧൭ ൾ അതിമാനുഷം ചൊല്ലുന്നു — നിങ്ങളൊ പ്രിയമുള്ളവരെ നമ്മുടെ
കൎത്താവായ യെശുക്രിസ്തന്റെ അപൊസ്തൊലർ മുൻ ചൊ
൧൮ ന്ന വാക്കുകളെ ഓൎപ്പിൻ — അന്ത്യകാലത്തിൽ തങ്ങളുടെ ഭ
ക്തിവിഹീന മൊഹങ്ങളിൻ പ്രകാരം നടക്കുന്ന പരിഹാസ
൧൯ ക്കാരുണ്ടാകുമെന്നവർ നിങ്ങളൊടു പറഞ്ഞുവല്ലൊ — ആകയവർ
വെർപിരിഞ്ഞു കൊണ്ടുള്ളൊ ആത്മാവില്ലാത്ത പ്രാണമയന്മാ
൨൦ രത്രെ — നിങ്ങളൊ പ്രിയമുള്ളവരെ നിങ്ങളുടെ അതി
വിശുദ്ധ വിശ്വാസത്തിന്മെൽ നിങ്ങളെ തന്നെ പണിചെ
൨൧ യ്തും — വിശുദ്ധാത്മാവിൽ പ്രാൎത്ഥിച്ചും നമ്മുടെ കൎത്താവായ യെ
ശുക്രിസ്തന്റെ കനിവെ നിത്യജീവനായിട്ടു പാൎത്തും കൊണ്ടു
൨൨ ദൈവസ്നെഹത്തിൽ നിങ്ങളെ തന്നെ കാത്തുകൊൾവിൻ — പി
ന്നെ അന്തൎസംശയിക്കുന്നവരെ ബൊധം വരുത്തുവിൻ
൨൩ — ചിലരെ തീയിൽനിന്നു പറിക്കും വണ്ണം ഉദ്ധരിപ്പിൻ ജഡ
ത്താൽ കറപ്പെട്ട അങ്കിയെയും വെറുത്തു ചിലരെ ഭയത്തൊ
ടെ കനിഞ്ഞും കൊൾവിൻ -
൨൪ നിങ്ങളെ ഇടറാതെ സൂക്ഷിച്ചു തന്റെ തെജസ്സിൻ മുമ്പി
ൽ കറകൂടാതെ ഉല്ലാസത്തൊടെ നിറുത്തുവാൻ ശക്തിയുള്ള
൨൫ — ഏക ദൈവവും നമ്മുടെ കൎത്താവായ യെശുക്രിസ്തനാലെ
നമ്മുടെ രക്ഷിതാവും ആയവന്നു തെജസ്സും മഹിമയും ബ

ലവും അധികാരവും സൎവ്വയുഗത്തിന്മുമ്പെയും ഇപ്പൊഴും എ
ല്ലാ യുഗങ്ങളിലും ഇരിക്കുമാറാക — ആമെൻ —

യൊഹന്നാന്റെ വെളിപ്പാടു

൧. അദ്ധ്യായം

(൧) വന്ദനം (൯) യൊഹന്നാന്റെ ദൎശനവിവരം.

യെശുക്രിസ്തന്റെ വെളിപ്പാടു — ആയതിനെ വെഗത്തി ൧
ൽ ഉണ്ടാകെണ്ടുന്നവ സ്വദാസന്മാൎക്കു കാണിക്കെണ്ടതിന്നു
ദൈവം അവന്നു കൊടുത്തു അവനും സ്വദൂതനെ കൊണ്ടു
അയച്ചു തന്റെ ദാസനായ യൊഹന്നാനെ അറിയി
ച്ചതു — അവൻ ദൈവവചനവും യെശുക്രിസ്തന്റെ സാക്ഷ്യവും ൨
ആയി താൻ കണ്ടവ ഒക്കയും സാക്ഷിപ്പെടുത്തി — ഇതിലെ ൩
വാചകവാക്കുകളെ വായിക്കുന്നവനും കെൾക്കുന്നവരും അതി
ൽ എഴുതിയവറ്റെ സൂക്ഷിക്കുന്നവരും ധന്യന്മാർ — സമയം അ
ടുത്തിരിക്കുന്നു സത്യം —

ആസ്യയിലുള്ള എഴു സഭകൾക്കും യൊഹന്നാൻ എഴുതു ൪
ന്നതു — ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനും ആയ
വനിൽ നിന്നും അവന്റെ സിംഹാസനത്തിന്മുമ്പിലുള്ള
ആത്മാക്കളിൽ നിന്നും — വിശ്വാസ്യസാക്ഷിയും മരിച്ചവ ൫
രിൽ ആദ്യജാതനും ഭൂമിരാജാക്കന്മാരെ വാഴുന്നവനും
ആയ യെശുക്രിസ്തനിൽ നിന്നും നിങ്ങൾക്കു കരുണയും സമാ
ധാനവും ഉണ്ടാക — നമ്മെ സ്നെഹിക്കുന്നവനും നമ്മെ പാപ ൬
ങ്ങളിൽ നിന്നു സ്വരക്തത്തിൽ കഴുകി നമ്മെ സ്വപിതാവാ
യ ദൈവത്തിന്നു രാജ്യവും പുരൊഹിതരും ആക്കി

ത്ഥവനും ആയവന്നു യുഗാദിയുഗങ്ങളോളം തെജസ്സും ബ
൭ ലവും ഉണ്ടാകെണമെൻ — കണ്ടാലും അവൻ മെഘങ്ങളൊടു കൂടി
വരുന്നു എല്ലാ കണ്ണും (ജക. ൧൨,൧൦) അവനെ കുത്തിയവ
രും അവനെ കാണും — ഭൂമിയിലെ ഗൊത്രങ്ങൾ ഒക്കയും
൮ അവനെ ചൊല്ലി തൊഴിക്കയും ചെയ്യും — അതെ ആമെൻ —
ഞാൻ അകാരവും ഓകാരവും ആദിയും അന്തവും ആകു
ന്നു എന്നു ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനും ആയ
കൎത്താവാകുന്ന സൎവ്വശക്തൻ പറയുന്നു —
൯ നിങ്ങളുടെ സഹൊദരനും കഷ്ടതയിലും രാജ്യത്തിലും യെ
ശുവിങ്കലെ ക്ഷാന്തിയിലും കൂട്ടാളിയുമായ യൊഹനാനാകു
ന്ന ഞാൻ ദൈവവചനവും യെശുസാക്ഷ്യവും നിമിത്ത
൧൦ മായി പത്മനാമമുള്ള ദ്വീപിൽ ആയി — കൎത്താവിൻ വാരത്തി
ൽ ആത്മാവിലായി എന്റെ പിറകിൽ കാഹളത്തിനൊ
൧൧ ത്ത മഹാശബ്ദം കെട്ടു ഞാൻ അകാരവും ഓകാരവും ഒന്നാമ
നും ഒടുക്കത്തവനും തന്നെ നീ കാണുന്നതു പുസ്തകത്തിൽ എ
ഴുതി എഫെസു-സ്മുൎന്ന-പെൎഗ്ഗമു-ധുയതൈര-സൎദ്ദി-ഫിലദെല്ഫി
൧൨ യ-ലവുദിക്യ എന്ന ൭ സഭകൾക്കും അയക്ക — എന്നു എന്നൊ
ടു ഉരെക്കുന്ന ശബ്ദത്തെ കാണ്മാൻ തിരിഞ്ഞു — തിരിഞ്ഞാറെ
൧൩ ഏഴു പൊൻ നിലവിളക്കുകളെയും — നിലവിളക്കുകളു
ടെ നടുവിൽ മനുഷ്യപുത്രനൊടു സദൃശനായവനെയും കണ്ടു
അവൻ നിലയങ്കി ധരിച്ചും മുലകളൊടു പൊൻ കച്ച കെട്ടിയും
൧൪ ഉള്ളവൻ — അവന്റെ തലയും മുടിയും വെളുത്ത ആട്ടുരോമം
പൊലെ ഹിമത്തൊളം വെളുത്തതും കണ്ണുകൾ അഗ്നിജ്വാലെ
൧൫ ക്കൊത്തതും — അവന്റെ കാലുകൾ ഉലയിൽ ചുട്ടു പഴുപ്പിച്ച
അപ്പർലൊഹത്തിന്നു സദൃശവും അവന്റെ ശബ്ദം ബഹു
൧൬ ജലങ്ങളുടെ ശബ്ദം പൊലെയും തന്നെ — അവന്റെ വലങ്ക

ത്തിൽ ഏഴു നക്ഷത്രങ്ങൾ ഉണ്ടു — അവന്റെ വായിൽ നിന്നു മൂൎച്ച ൧൭
യുള്ള ഇരുമുനവാൾ പുറപ്പെട്ടു — അവന്റെ മുഖം സൂൎയ്യ
ൻ തൻ ശക്തിയിൽ പ്രകാശിക്കും പോലെ തന്നെ — — ഞാ ൧൭
അവനെ ഞാൻ കണ്ടപ്പോൾ ചത്തവനെ പോലെ അവ
ന്റെ കാൽക്കൽ വീണു — അവനും തൻ വലതുകൈ എന്മേൽ
വെച്ചു — ഭയപ്പെടല്ല ഞാൻ ആദ്യനും അന്ത്യനും ജീവനുള്ള
വനും ആകുന്നു — ഞാൻ മരിച്ചവനായി ഇതാ യുഗാദിയുഗ ൧൮
ങ്ങളോളം ജീവിച്ചിരിക്കുന്നവനും ആകുന്നു — പാതാളത്തി
നും മരണത്തിനും ഉള്ള താക്കോലുകളും എനിക്കുണ്ടു — എ ൧൯
ന്നാലെ നീ കണ്ടവയും ആകുന്നവയും ഇതിൽ പിന്നെ സം
ഭവിപ്പാനുള്ളവയും എഴുതുക — നീ എന്റെ വലതുകൈ ൨൦
മേൽ കണ്ട ഏഴു നക്ഷത്രങ്ങളുടെ മൎമ്മത്തെയും ഏഴു പൊൻ
നിലവിളക്കുകളെയും എഴുതുക — ഏഴു നക്ഷത്രങ്ങൾ ഏഴു സ
ഭകളുടെ ദൂതരാകുന്നു — ഏഴു നിലവിളക്കുകൾ ഏഴു സഭകളാകുന്നു

൨. അദ്ധ്യായം.

൧ എഫെസു — ൮ സ്മുൎന്ന — ൧൨ പെൎഗ്ഗമു — ൧൮ തുയ
തൈര ഈ സഭകൾക്കുള്ള ലേഖനങ്ങൾ

എഫെസ്യസഭയുടെ ദൂതന്നെഴുതുക — ഏഴു നക്ഷത്രങ്ങ ൧
ളെയും തന്റെ വലതുകൈയിൽ പിടിച്ചും കൊണ്ടു ഏഴു പൊൻ
നിലവിളക്കുകളുടെ നടുവിലും നടക്കുന്നവൻ പറയുന്നിതു — ഞാ ൨
ൻ നിന്റെ ക്രിയകളെയും നിന്റെ പ്രയത്നം ക്ഷാന്തികളെ
യും ദുഷ്ടന്മാരെ പൊറുത്തുകൂടാതതും അപോസ്തലരല്ലാ
തിരിക്കെ തങ്ങൾ അപോസ്തലർ എന്നു ചൊല്ലുന്നവരെ പ
രീക്ഷിച്ചു കള്ളന്മാർ എന്നു കണ്ടതും — നീ ക്ഷാന്തിയുള്ള ൩
വനായി എന്റെ നാമം നിമിത്തം പൊറുത്ത
ദ്ധ്വാനിച്ചും തളൎന്നു പോകാതെ ഇരിക്കുന്നു — — എങ്കിലും നിന്റെ ൪

ആദ്യസ്നേഹത്തെ വിട്ടു എന്നുള്ളതു നിന്റെ നേരെ
൫ എനിക്കുണ്ടു — ആകയാൽ നീ എവിടെ നിന്നു വീണി
രിക്കുന്നു എന്നു ഓർത്തു മനന്തിരിഞ്ഞു ആദ്യക്രിയകളെ ചെ
യ്തുകൊൾക — അല്ലാഞ്ഞാൽ ഞാൻ വെഗത്തിൽ നിണക്കാ
യി വന്നു നിന്റെ വിളക്കുതണ്ടിനെ സ്വസ്ഥലത്തിൽ നിന്നു
൬ നീക്കും മാനസാന്തരപ്പെടാഞ്ഞാലത്രെ — എങ്കിലും ഞാനും
പകെക്കുന്ന നിക്കൊലാവ്യരുടെ ക്രിയകളെ നീ പകെക്കുന്ന
൭ തതൊന്നിണക്കുണ്ടു — ആത്മാവ് സഭകളൊടു പറയുന്നത്
എന്തെന്നു ചെവിയുള്ളവൻ കെൾക്ക — ജയിക്കുന്നവനു ഞാ
ൻ ദൈവത്തിൻ പരദീസയിൽ നടുവിലുള്ള ജീവവൃക്ഷത്തിൽ
നിന്നു ഭക്ഷിപ്പാൻ കൊടുക്കും.

൮ സ്മുർന്നിയിലെ സഭയുടെ ദൂതനു എഴുതുക — ആദ്യനും അന്ത്യനും
ആയി മരിച്ചു ശെഷം ജീവിച്ചു കൊണ്ടവൻ പറയുന്നിതു —
൯ ഞാൻ നിന്റെ ക്രിയകളെയും കഷ്ടതയെയും ദാരിദ്ര്യ
ത്തെയും — നീ ധനവാനാകുന്നതാനും — തങ്ങൾ യഹൂദർ എന്നു
ചൊല്ലീട്ടും യഹൂദരല്ല സാത്താന്റെ പള്ളിയാകുന്നവരുടെ
൧൦ ദൂഷണത്തെയും അറിഞ്ഞിരിക്കുന്നു — നീ സഹിപ്പാനു
ള്ളവകളെ ഭയപ്പെടാക്ക — കണ്ടാലും നിങ്ങൾ പരീക്ഷിക്ക
പ്പെടുവാൻ പിശാച് നിങ്ങളിൽ ചിലരെ തടവിൽ ആക്കി
ടുകയും പത്തു ദിവസം കൊണ്ടു നിങ്ങൾക്കു ഉപദ്രവം ഉണ്ടാകും —
മരണപര്യന്തം വിശ്വസ്തനാക എന്നാൽ ഞാൻ ജീവകിരീ
൧൧ ടത്തെ നിണക്കു തരും — ആത്മാവ് സഭകളൊടു പറയുന്നത് എ
ന്തെന്നു ചെവിയുള്ളവൻ കെൾക്ക — ജയിക്കുന്നവനു രണ്ടാം മ
രണത്താൽ ചെതം വരികയില്ല —

൧൨ പെർഗ്ഗമിലെ സഭയുടെ ദൂതനു എഴുതുക — മൂർച്ചയുള്ള ഇരുമു
൧൩ നവാളുള്ളവൻ പറയുന്നിതു — ഞാൻ നിന്റെ ക്രിയകളെയും

നീ പാർക്കുന്നത സാത്താന്റെ സിംഹാസനം ഉള്ളെടം എന്നും
നീ എന്റെ നാമത്തെ പിടിച്ചിരിക്കുന്നതും എന്റെ പക്ഷെ
ത്ത വിശ്വസ്ത സാക്ഷിയായ അന്തിപ്പാസ് ഉള്ള നാളിലും എന്റെ വിശ്വാസ
ത്തെ തള്ളിപ്പറയാഞ്ഞതും ഞാൻ അറിഞ്ഞിരിക്കുന്നു
അവനല്ലൊ നിങ്ങളിടയിൽ കൊല്ലപ്പെട്ടു സാത്താൻ പാർക്കു
ന്നെടത്തിൽ തന്നെ — എങ്കിലും നിന്റെ നെരെ എ ൧൪
ക്കു അല്പം ചില തുണ്ടു — ഇസ്രായെൽ പുത്രർ വിഗ്രഹാർപ്പിത
ങ്ങളെ തിന്നും പുലയാട്ടു ചെയ്യും പൊലെ കണ്ടിന്നവർക്കു
ഇടർച്ച വെപ്പാൻ ബാലാക്കിനെ ഉപദെശിച്ചുള്ള ബിലയാമി
ന്റെ ഉപദെശത്തെ പിടിക്കുന്നവർ അവിടെ നിനക്കുണ്ടു —
അപ്രകാരം തന്നെ നിക്കൊലാവ്യരുടെ ഉപ ൧൫
ദെശത്തെ പിടിച്ചു കൊള്ളുന്നവർ നിനക്കും ഉണ്ടു — ആക ൧൬
യാൽ മനന്തിരിക — അല്ലാഞ്ഞാൽ ഞാൻ വെഗം നിനക്കാ
യ്വന്ന എന്റെ വായിലെ വാളുകൊണ്ടു അവരൊടു പൊരു
തും — ആത്മാവ് സഭകളൊടു പറയുന്നത എന്തെന്നു ചെവി ൧൭
ഉള്ളവൻ കെൾക്ക — ജയിക്കുന്നവന്നു ഞാൻ മറഞ്ഞിട്ടുള്ള
മന്നായിൽ നിന്നു കൊടുക്കും അവന്നു വെള്ളക്കല്ലും ല
ഭിക്കുന്നവനല്ലാതെ ആരും അറിയാത്ത പുതുപെർ എഴുതി
യെൽ എഴുതീട്ടുള്ള കല്ലിനെയും കൊടുക്കും —
ധുയത്തൈരയിലെ സഭയുടെ ദൂതന എഴുതുക — അഗ്നിജ്വാ ൧൮
ലെക്കൊത്ത കണ്ണുകളും അമ്പർലൊഹത്തൊടു സദൃശമാ
യ കാലുകളും ഉള്ള ദൈവപുത്രൻ പറയുന്നിത — ഞാൻ ൧൯
നിന്റെ ക്രിയകളെയും സ്നെഹവിശ്വാസങ്ങളെയും നി
ന്റെ ശുശ്രൂഷയും ക്ഷമയെയും ഒടുക്കത്തെ ക്രിയകൾ മുമ്പി
ലവയിൽ എറെ ഉള്ളതും അറിഞ്ഞിരിക്കുന്നു — എങ്കി ൨൦
ലും നിന്റെ നെരെ എനിക്കുള്ളത — താൻ പ്രവാചകി എ

ആയവൾ എന്റെ ദാസരെ പുലയാട്ടുവാനും വിഗ്രഹാർപ്പി-
തങ്ങളെ ഭക്ഷിപ്പാനും ഉപദേശിച്ചും ഭ്രമിപ്പിച്ചും കൊള്ളു-
ന്നു ഇസബെൽ എന്ന സ്ത്രീയെ നീ ഇടങ്കൊടാതെ വിടുന്നതത്രെ-
൨൧ —ആയവൾക്കു മനന്തിരിവാൻ ഞാൻ ഇട കൊടുത്തിട്ടും തന്റെ പു-
൨൨ ലയാട്ടിൽനിന്നു മനന്തിരിഞ്ഞില്ല— കണ്ടാലും ഞാൻ അവളെ കി-
ടക്കയിലും അവളോടു വ്യഭിചരിക്കുന്നവരെ വലിയ കഷ്ട-
ത്തിലും ആക്കിക്കളകയും അവരുടെ ക്രിയകളിൽനിന്നു അ-
൨൩ വർ മനന്തിരിയാതെ പോയാലത്രെ— അവളുടെ മക്കളെ
കൂടെ മരണത്താൽ കൊല്ലും ഞാൻ ഉൾപ്പൂവുകളെയും ഹൃദയ-
ങ്ങളെയും ആരായുന്നവൻ എന്നു എല്ലാ സഭകളും അറി-
കയും— ഞാൻ നിങ്ങൾക്ക് എവർക്കും ക്രിയകൾക്കു തക്കവണ്ണം കൊ-
൨൪ ടുക്കയും ചെയ്യും— പിന്നെ ഈ ഉപദേശത്തെ പിടിക്കാ-
തെ കണ്ടു അവർ പറയും പോലെ സാത്താന്റെ ആഴങ്ങ-
ളെ അറിയാതെയുള്ള തുയത്തിരയിൽ ശേഷിച്ചുള്ള നിങ്ങ-
ളോടു ഞാൻ പറയുന്നു. അന്യഭാരത്തെ നിങ്ങളിൽ ചുമത്തു-
൨൫ കയില്ല— എങ്കിലും നിങ്ങൾക്കുള്ളതിനെ ഞാൻ വരുവോളം പി-
൨൬ ടിച്ചുകൊൾവിൻ— ജയിച്ചും എന്റെ ക്രിയകളെ ഒടുക്കത്തോളം പ്ര-
മാണിച്ചും കൊള്ളുന്നവന്നു ഞാൻ എന്റെ പിതാവി-
ൽനിന്നു ലഭിച്ചപ്രകാരം ജാതികളിന്മേൽ അധികാരം
൨൭ കൊടുക്കും— കുശവപാത്രങ്ങൾ നുറുങ്ങിപോകും പോലെ
൨൮ അവൻ ഇരിമ്പുകോൽകൊണ്ടു അവരെ മേയ്ക്കും— ഞാ-
ൻ ഉദയനക്ഷത്രത്തെയും അവന്നു കൊടുക്കും— ആത്മാ-
വു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ
കേൾക്ക—

൩. അദ്ധ്യായം.

(സർദ്ദി- (ഫിലദല്ഫ്യ- (ലവുദിക്യ) ഇവറ്റോട

കല്പുള്ളലെഖനങ്ങൾ
സൎദ്ദിസിലെ സഭയുടെ ദൂതന എഴുതുക — ദൈവത്തിന്റെ ഏ
ഴാത്മാക്കളും ഏഴു നക്ഷത്രങ്ങളും ഉള്ളവൻ പറയുന്നിത.
ഞാൻ നിന്റെ ക്രിയകളെയും ജീവനുള്ളവൻ എന്നു
പെരുണ്ടാകിട്ടും ചത്തവനാകുന്നു എന്നതിനെയും അറിയു
ന്നു — ജാഗരിച്ചുവരിക ചാവാറായ ശെഷിപ്പുകളെ സ്ഥി ൨
രീകരിക്കയും ചെയ്ക — നിന്റെ ക്രിയകളെല്ലാം എൻ ദൈ
വത്തിന്മുമ്പാകെ പൂൎണ്ണതയുള്ളവ അല്ല എന്ന ഞാൻ കണ്ടി
രിക്കുന്നു — ആകയാൽ നീ എപ്രകാരം ലഭിച്ചും കെട്ടും ഇരി ൩
ക്കുന്നു എന്ന ഓൎത്തും പ്രമാണിച്ചും മാനസാന്തരപ്പെടുക —
നീ ജാഗരിക്കുന്നില്ല എങ്കിലൊ ഞാൻ കള്ളനെ പൊലെ
വരും ഏതു നാഴികയിൽ ഞാൻ നിന്റെമെൽ വരും എന്നു നീ
അറികയും ഇല്ല — തങ്ങളുടെ ഉടുപ്പുകളെ മലിനമാക്കാത്ത ൪
കുറയ ആളുകൾ സൎദ്ദിസിൽ നിണക്കുണ്ടു താനും — അവ ൫
ർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചും കൊണ്ടു എന്നൊടു
കൂടെ നടക്കും — ജയിക്കുന്നവൻ വെള്ള ഉടുപ്പു ധരിക്കും
അവന്റെ നാമത്തെ ഞാൻ ജീവപുസ്തകത്തിൽനിന്ന
മാച്ചുകളയാതെ എൻ പിതാവിന്നും അവന്റെ ദൂതന്മാ
ൎക്കും മുമ്പാകെ അവന്റെ നാമത്തെ ഏറ്റു പറകയും ചെ
യ്ക്കും — ആത്മാവ സഭകളൊടു പറയുന്നത എന്തെന്ന ൬
ചെവിയുള്ളവൻ കെൾക്കട്ടെ.
ഫിലദെല്ഫിയാസഭയുടെ ദൂതന എഴുതുക — വിശുദ്ധനും സ ൭
ത്യവാനും ദാവീദിന്റെ താക്കോലുള്ളവനും ആരും — ആരും
അടെക്കാതവണ്ണം തുറക്കയും ആരും തുറക്കാതവണ്ണം അടെ
ക്കയും ചെയ്യുന്നവൻ പറയുന്നിത — ഞാൻ നിന്റെ ക്രിയക ൮
ളെ അറിഞ്ഞിരിക്കുന്നു — ഇതാ ഞാൻ നിന്റെ മുമ്പാ

ഒരു തുറന്ന വാതിൽ വെച്ചിരിക്കുന്നു ആയതിനെ ആൎക്കും അട
ച്ചുകൂടാ— നിണക്കു കുറെ ശക്തിയുള്ളവൻ എങ്കിലും എ
ന്റെ വചനത്തെ കാത്തു എന്റെ നാമത്തെ തള്ളിപ്പറയാതെ
൯ ഇരിക്കുന്നു— കണ്ടാലും യഹൂദരല്ല കളവു പറയുന്നവരായി
ട്ടെത്രെ തങ്ങൾ യഹൂദർ എന്നു ചൊല്ലുന്ന സാത്താൻ പള്ളി
യിൽനിന്നുള്ളവരെ ഞാൻ തരും ഞാൻ അവർ നിൻ പാദ
ങ്ങളിൽ വന്നു കുമ്പിട്ടു ഞാൻ നിന്നെ സ്നേഹിച്ചു എന്നു
൧൦ അറിയുമാറാക്കും— എന്റെ ക്ഷാന്തിയുടെ വചനത്തെ
നീ കാത്തതുകൊണ്ടു ഭൂവാസികളെ പരീക്ഷിപ്പാൻ
പ്രപഞ്ചം എങ്ങും വരേണ്ടുന്ന പരീക്ഷാനാഴികയിൽ നി
൧൧ ന്നു ഞാനും നിന്നെ കാക്കും— കണ്ടാലും ഞാൻ വേഗം വരു
ന്നു നിന്റെ കിരീടത്തെ ആരും എടുക്കാതവണ്ണം നിണക്കുള്ള
൧൨ തിനെ പിടിച്ചുകൊൾ— ജയിക്കുന്നവനെ എന്റെ
ദൈവത്തിന്റെ ആലയത്തിൽ തൂണാക്കി വെക്കും അവൻ പു
റത്തു പോകയും ഇല്ല— എൻ ദൈവത്തിൻ നാമവും എൻ
ദൈവത്തിൻ പക്കൽ സ്വൎഗ്ഗത്തിങ്കന്നു ഇറങ്ങുന്ന പുതു
യരുശലേം എന്ന എൻ ദൈവത്തിൻ പട്ടണത്തിന്റെ
നാമവും എന്റെ പുതിയ നാമവും ഞാൻ അവന്മേൽ എ
൧൩ ഴുതും— ആത്മാവ് സഭകളോടു പറയുന്നതു എന്തെന്നു
ചെവിയുള്ളവൻ കേൾക്ക—
൧൪ ലവുദിക്ക്യയിലെ സഭയുടെ ദൂതന്നു എഴുതുക— വിശ്വസ്ത
തയും സത്യവും ഉള്ള സാക്ഷിയായി ദൈവസൃഷ്ടിയുടെ ആ
൧൫ ദിയാകുന്ന ആമേൻ എന്നവൻ പറയുന്നിതു— ഞാൻ
നിന്റെ ക്രിയകളെ നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല എ
ന്നറിഞ്ഞിരിക്കുന്നു— ശീതവാനോ ഉഷ്ണവാനോ ആയാൽ
൧൬ കൊള്ളായിരുന്നു— ഇങ്ങിനെ ശീതവാനുമല്ല ഉഷ്ണവാന

മല്ലശീതൊഷ്ണവാനാകയാൽ നിന്നെ എൻ വായിൽനി
ന്നു ഉമിണ്ണുകളവാൻ ഭാവിക്കുന്നു — ഞാൻ ധനവാൻ തന്നെ ൧൭
ന്ന — സമ്പന്നനാകി — ഒന്നിന്നും മുട്ടില്ല എന്നു ചൊല്ലി കൊ
ണ്ടു നീ തന്നെ ഭാഗ്യന്നും അരിഷ്ടനും ദരിദ്രനും കുരുടനും
നഗ്നനും എന്നറിയായ്കയാൽ — സമ്പന്നനാവാൻ ൧൮
ന്നിക്കൽ ചുട്ടു കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ
ലജ്ജ വിളങ്ങാതവണ്ണം ധരിക്കേണ്ടും വെള്ളയുടു
പ്പുകളും എന്നോടു മെടിക്കയും — നീ കാണ്മാനായി കണ്ണുക
ളിൽ ലെപം എഴുതുകയും വെണം എന്നു നിന്നൊടു മന്ത്രി
ക്കുന്നു — ഞാൻ പ്രിയം ഭാവിക്കുന്നവരെ ഒക്കെയും ആക്ഷെ ൧൯
പിച്ചു ശിക്ഷിക്കുന്നു — ആകയാൽ എരിവുണ്ടാകി മാന
സാന്തരപ്പെടുക — ഇതാ ഞാൻ വാതുക്കൽ നിന്നു മുട്ടുന്നു —
ആരും എന്റെ ശബ്ദം കെട്ടു വാതിൽ തുറന്നാൽ അവ ൨൦
ന്റെ അടുക്കെ ഞാൻ പുക്കു അവനൊടും അവൻ എ
ന്നൊടും കൂടെ അത്താഴം കഴിക്കും — ജയിക്കുന്നവന്നു ഞാൻ ൨൧
എന്നൊടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ
നല്കും — ഞാനും ജയിച്ചു എൻ പിതാവിനൊടു കൂടി അവ
ന്റെ സിംഹാസനത്തിൽ ഇരുന്നതൊണ്ട പ്രകാരം ത
ന്നെ — ആത്മാവ് സഭകളൊടു പറയുന്നതു എന്തെന്നു ചെ ൨൨
വിയുള്ളവൻ കെൾക്ക —

൪. അദ്ധ്യായം

സിംഹാസനസ്ഥനാക ദൈവത്തെ (൫) സഭകളിലും സൃഷ്ടി
കളിലും സാരാംശമാകയവർച്ചു നിന്നു സ്തുതിച്ചു കൊണ്ടിരി
ക്കെ ദർശിച്ചതു —

അനന്തരം ഞാൻ കണ്ടതു — ഇതാ സ്വർഗ്ഗത്തിൽ ഒരു വാതി ൧
ൽ തുറന്നിരിക്കിൽ കാഹളം പൊലെ എന്നൊടു പറ

ഞാൻ കെട്ട ശബ്ദം ഇവിടെ കയറിവാ ഇതിൽ പിന്നെ ഉണ്ടാ
കെണ്ടുന്നവ ഞാൻ നിണക്കു കാണിക്കും എന്നു ചൊല്ലി
൨ ഉടനെ — ഞാൻ ആത്മാവിലായ്ചമഞ്ഞു — ഇതാ സ്വൎഗ്ഗത്തി
ൽ വെച്ചിരിക്കുന്നൊരു സിംഹാസനവും സിംഹാസനത്തിന്മെൽ
൩ ഇരിക്കുന്നവനും കണ്ടു — ഇരിക്കുന്നവൻ കാഴ്ചക്കു
സൂൎയ്യകാന്തക്കല്ലിനോടു സദൃശനും മരതകത്തിനു സമ
മായ പച്ചവില്ലും സിംഹാസനത്തിന്റെ ചുറ്റും ഉണ്ടായിരുന്നു —
൪ — സിംഹാസനത്തെ ചുറ്റി ഇരുപത്തുനാലു സിംഹാസ
നങ്ങളും ഉണ്ടു — ആസനങ്ങളിന്മെൽ വെള്ളക്കുപ്പായങ്ങൾ
ധരിച്ചും തലകളിൽ പൊൻകിരീടങ്ങൾ അണിഞ്ഞും ഉള്ള
൫ മൂപ്പന്മാർ ഇരുപത്തുനാലുപേർ ഇരിക്കുന്നതു കണ്ടു — സിംഹാ
സനത്തിൽനിന്നു മിന്നലുകളും ഇടികളും മുഴക്കങ്ങളും പുറ
പ്പെട്ടുകൊള്ളും ദൈവത്തിന്റെ ഏഴു ആത്മാക്കളാകുന്ന ഏഴു
൬ ദീപങ്ങൾ സിംഹാസനത്തിൻ മുമ്പിൽ കത്തിക്കൊണ്ടിരിക്കും സിം
ഹാസനത്തിൻ മുമ്പാകെ പളുങ്കിനോടു ഒത്ത കണ്ണാടിക്കടലും സിം
ഹാസനത്തിന്റെ നടുവിലും ചുറ്റിലും നാലു ജീവികൾ കണ്ണു
കളാൽ മുമ്പുറവും പിമ്പുറവും നിറഞ്ഞുള്ളവയും ഉണ്ടു —
൭ — ഒന്നാം ജീവി സിംഹസദൃശം — രണ്ടാം ജീവി കാളയോടു സ
ദൃശം — മൂന്നാം ജീവി മനുഷ്യനെ പോലെ മുഖമുള്ളതു — നാ
൮ ലാം ജീവി പറക്കുന്ന കഴുകിനോടു തുല്യം — നാലു ജീവികളും
ഒരൊന്നു ആറാറു ചിറകുള്ളവയായി നാലുപുറവും അക
ത്തും കണ്ണുകൾ നിറഞ്ഞും ഉണ്ടു — (ശേഷം ൧൩) സൎവ്വശ
ക്തനായ യഹോവയെന്ന ദൈവം വിശുദ്ധൻ വിശുദ്ധ
ൻ വിശുദ്ധൻ എന്നു രാപ്പകൽ വിശ്രമം വരാതെ പറ
൯ ഞ്ഞുകൊണ്ടിരിക്കുന്നു — സിംഹാസനത്തിൽ ഇരിക്കുന്നവനു
ആയുസ്സുള്ള യുഗങ്ങളോളം ജീവിച്ചിരിക്കുന്നവനു ആ

ജീവികൾ തേജസ്സും ബഹുമാനവും സ്തോത്രവും കൊടുക്കുമ്പോഴും-
-൨൪ മൂപ്പന്മാരും സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുമ്പി ൧൦
ൽ വീണുകൊണ്ടു യുഗാദിയുഗങ്ങളോളം ജീവിച്ചിരിക്കുന്നവ
നെ കുമ്പിട്ടു തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിന്മുമ്പിൽ
ഇട്ടുകൊണ്ടു — കർത്താവെ നീ സൎവ്വവും സൃഷ്ടിച്ചു നിന്റെ ൧൧
ഇഷ്ടത്താൽ എല്ലാം ഉണ്ടാക്കപ്പെട്ടതാകകൊണ്ടു
തേജസ്സിനെയും ബഹുമാനത്തെയും ശക്തിയെയും കൈ
ക്കൊൾവാൻ നീ പാത്രമാകുന്നു എന്നു പറയും-

൫. അദ്ധ്യായം

മുദ്രിതമാം കരമേവാചനാപുസ്തകത്തെ (൧) തുറപ്പാൻ
ആട്ടിൻകുട്ടി യോഗ്യനാകയാൽ (൮) ജീവികൾ മൂപ്പന്മാരും
സ്തോത്രം ചെയ്യുന്നതു

പിന്നെ ഞാൻ സിംഹാസനസ്ഥന്റെ വലത്തെ കയ്യിൽ ഒരു ൧
പുസ്തകം കണ്ടു- അതിന്റെ അകവും പുറവും എഴുതപ്പെട്ടതും ഏഴു
മുദ്രകളാൽ മുദ്രയിട്ടതും ആയിരുന്നു — ഈ പുസ്തകത്തെ തുറപ്പാനും ൨
അതിന്റെ മുദ്രകളെ പൊട്ടിപ്പാനും ആർ പാത്രമാകുന്നു എ
ന്നു ഉറക്കെ ഘോഷിക്കുന്ന ഒരു ബലവാനായ ദൂത
നെയും കണ്ടു — പുസ്തകത്തെ തുറപ്പാനൊ നോക്കുവാനൊ ൩
സ്വൎഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും ആൎക്കും ക
ഴിഞ്ഞതും ഇല്ല — പുസ്തകത്തെ തുറപ്പാനും നോക്കുവാനും ൪
യോഗ്യൻ ആരും പാത്രമായി കാണാഞ്ഞതുകൊണ്ടു ഞാൻ ഏറ്റവും
കരഞ്ഞു — മൂപ്പന്മാരിൽ ഒരുത്തൻ എന്നോടു പറയുന്നു-
-കരയല്ല — യഹൂദഗോത്രത്തിലെ സിംഹവും ദാവീ ൫
ദിന്റെ വേരുമായവൻ പുസ്തകത്തെയും അതിന്റെ ഏഴു
മുദ്രകളെയും തുറപ്പാനായി ജയിച്ചു കൊണ്ടു — ഇട ൬
നെ ഞാൻ സിംഹാസനത്തിന്നും നാലു ജീവികൾക്കും മൂപ്പന്മാ

ൾക്കും മദ്ധ്യത്തിങ്കൽ അറുക്കപ്പെട്ടുള്ളതു പോലെ ഒരു കുഞ്ഞാ
൭ ടു നില്ക്കുന്നതു കണ്ടു — സർവ്വലോകത്തിലേക്കും അയക്കപ്പെട്ടുള്ള
ദൈവാത്മാക്കൾ ഏഴും ആകുന്ന ഏഴു കൊമ്പുകളും ഏഴു കണ്ണുക
ളും അതിന്നുണ്ടു - അതും വന്നു പുസ്തകത്തെ സിംഹാസന
൮ സ്ഥന്റെ വലങ്കയ്യിൽ നിന്നു വാങ്ങി — പുസ്തകം വാങ്ങി
യാറെ നാലു ജീവികളും ഇരുപത്തുനാലു മൂപ്പന്മാരും അവനവന്റെ വീണ
കളും വിശുദ്ധന്മാരുടെ പ്രാർത്ഥനകൾ ആകുന്ന ധൂപവർഗ്ഗങ്ങൾ
നിറഞ്ഞുള്ള പൊൻകലശങ്ങളും പിടിച്ചും കൊണ്ടു കുഞ്ഞാ
൯ ടിന്മുമ്പാകെ വീണു — പുസ്തകത്തെ വാങ്ങുവാനും അതി
ൻ മുദ്രകളെ തുറപ്പാനും നീ പാത്രം ആകുന്നു; നീ അറുക്കപ്പെ
ട്ടു ഞങ്ങളെ നിന്റെ രക്തം കൊണ്ടു സർവ്വഗോത്രത്തിലും ഭാ
ഷയിലും വംശത്തിലും ജാതിയിലും നിന്നു ദൈവത്തിന്നാ
൰ യി മെടിച്ചു കൊണ്ടു — ഞങ്ങൾ ഭൂമിയിന്മേൽ വാഴും വണ്ണം
ഞങ്ങളെ ഞങ്ങടെ ദൈവത്തിന്നു രാജാക്കളും പുരോഹിതരും
൰൧ ആക്കി വെച്ചു — എന്നൊരു പുതിയ പാട്ടു പാടുന്നു — പി
ന്നെ ഞാൻ സിംഹാസനത്തിന്നും ജീവികൾക്കും മൂപ്പന്മാർക്കും
ചുഴലവും കണ്ടെറിയ ദൂതന്മാരുടെ ശബ്ദം കേട്ടു അവരു
ടെ എണ്ണം ലക്ഷലക്ഷങ്ങളും സഹസ്രസഹസ്രങ്ങളും ആ
൰൨ നു — അവർ മഹാശബ്ദത്തോടെ പറഞ്ഞു - അറുക്കപ്പെ
ട്ടു കുഞ്ഞാടു ഒക്കവെ ശക്തി ധനം ജ്ഞാനം ഊക്കു ബ
ഹുമാനം തേജസ്സ് സംഗ്രഹങ്ങളും ലഭിപ്പാൻ പാത്രമാകു
൰൩ ന്നു — എന്നാറെ സ്വർഗ്ഗത്തിലും ഭൂമിമേലും ഭൂമിക്കു കീഴും
സമുദ്രത്തിലും ഉള്ള സകലസൃഷ്ടിയും അവറ്റിലുള്ളത്
എല്ലാം - സിംഹാസനസ്ഥന്നും കുഞ്ഞാടിന്നും അനുഗ്ര
ഹവും ബഹുമാനവും തേജസ്സും വല്ലഭവും യുഗാദിയുഗങ്ങളി
ലും ഉണ്ടാക എന്നു പറഞ്ഞു കേട്ടു -- നാലു ജീവികളും ആ

മെൻ എന്നു പറഞ്ഞു ൨൪ മൂപ്പന്മാരും യുഗാദിയുഗങ്ങളിലും ജീ
വിക്കുന്നവനെ വീണു കുമ്പിട്ടു കൊണ്ടു ചെയ്തു—

൬. അദ്ധ്യായം

ആറു മുദ്രകളെ തുറക്കുകയാൽ റോമരാജാക്കന്മാരുടെയും ഭയത്തെ കാട്ടുന്നത്

പിന്നെ ഞാൻ കണ്ടു കുഞ്ഞാടായവൻ മുദ്രകളിൽ ഒന്നി ൧
നെ തുറന്നപ്പോൾ നാലു ജീവികളിൽ ഒന്നു ഇടിവണ്ണം ഒച്ച
യോടെ ഇങ്ങു വന്നു കാണ്ക എന്നു പറഞ്ഞു കേട്ടു—ഉടനെ ഞാൻ ൨
കണ്ടതു ഒരു വെള്ള കുതിര—അതിന്മേൽ ഇരിക്കുന്ന
വന്നു വില്ലുണ്ടു കിരീടവും നല്കപ്പെട്ടു അവൻ ജയിക്കുന്നവനാ
യി ജയിപ്പാനും പുറപ്പെട്ടു——അവൻ രണ്ടാം മുദ്രയെ ൩
തുറന്നാറെ വന്നു കാണ്ക എന്നു രണ്ടാം ജീവി പറഞ്ഞു കേട്ടു
—ചുവന്നതായ മറ്റൊരു കുതിര പുറപ്പെട്ടു അതിന്മേൽ ഇരി ൪
ക്കുന്നവന്നു ഭൂമിയിൽനിന്നു സമാധാനത്തെ എടുപ്പാനും തങ്ങ
ളിൽ അറുക്കുമാറാക്കുവാനും അധികാരം ഉണ്ടായി വലിയ വാ
ളും കൊടുക്കപ്പെട്ടു——മൂന്നാം മുദ്രയെ തുറന്നാറെ ഞാൻ ൫
മൂന്നാം ജീവി വന്നു കാണ്ക എന്നു പറഞ്ഞു കേട്ടു—ഇതാ
കറുത്ത കുതിര അതിന്മേൽ ഇരിക്കുന്നവൻ കയ്യിൽ തുലാ
സ് പിടിച്ചിരിക്കുന്നു—നാലു ജീവികളുടെ മദ്ധ്യത്തിൽനിന്നു ൬
ഒരു ശബ്ദം—ഇടങ്ങഴി കോതമ്പു ഒരു പണത്തിന്നും മൂന്നി
ടങ്ങഴി യവം ഒരു പണത്തിന്നും (ആക) എണ്ണയും മധുരസ
വും നഷ്ടം ചെയ്യല്ലുതാനും എന്നു പറഞ്ഞു കേട്ടു——നാലാം ൭
മുദ്രയെ തുറന്നാറെ ഞാൻ നാലാം ജീവിയുടെ ശബ്ദം വരിക
എന്നു പറഞ്ഞു കേട്ടു നോക്കി ഇതാ മഞ്ഞളിച്ച കുതിരയും അതി ൮
ന്മേൽ ഇരിക്കുന്നവന്നു മരണം എന്നു പേരുള്ളതും പാതാ
ളം പിഞ്ചെല്ലുന്നതും (കണ്ടു) [ഭൂമിയുടെ കാലാംശത്തിൽ]

ക്കും കൊന്നും ഭൂമിയിലെ മൃഗങ്ങളാലും ഭൂമിയുടെ നാലംശ
ത്താലും കൊല്ലുവാൻ അധികാരം നല്കപ്പെട്ടു

൯. അവൻ അഞ്ചാം മുദ്രയെ തുറന്നാറെ ദൈവവചനവും
നിമിത്തവും അവർക്കുള്ള സാക്ഷ്യവും നിമിത്തമായി അറുക്കപ്പെട്ടവരുടെ
൧൦ ദേഹികളെ ബലിപീഠത്തിൻ കീഴിൽ ഞാൻ കണ്ടു — അല്ലയോ
ശുദ്ധനും സത്യവാനുമായുള്ളുടയവനെ ഭൂവാസികളിൽ
ഞങ്ങളുടെ രക്തം ചൊല്ലി നീ ന്യായവും പ്രതികാരവും നട
ത്താതെ എത്ര കാലത്തോളം എന്നു മഹാശബ്ദത്തോടെ വിളി
൧൧ ച്ചാറെ — അവർക്ക് വെള്ള അങ്കി നല്കപ്പെട്ടു അവരെ പോ
ലെ കൊല്ലപ്പെടുവാനിരിക്കുന്ന അവരുടെ കൂട്ടദാസരും സഹോ
ദരരും നിറവേറുവോളം ഇനി കുറയ കാലം സ്വസ്ഥ
മായിരിക്കേണം എന്നു പറയപ്പെട്ടതായും ചെയ്തു —
൧൨ ആറാം മുദ്രയെ തുറന്നാറെ ഞാൻ കണ്ടതു. വലിയ ഭൂ
കമ്പം ഉണ്ടായി സൂര്യൻ കരിമ്പടം പോലെ കറുത്തു ചന്ദ്ര
൧൩ ൻ രക്തതുല്യമായും ചമഞ്ഞു — അത്തിമരം പെരുങ്കാറ്റു
കളാൽ കുലുങ്ങീട്ടു അകാലത്തു കായ്കളെ ഉതിർക്കും പോലെ ആ
൧൪ നത്തിലെ നക്ഷത്രങ്ങളും ഭൂമിമേൽ വീണു — ചുരുട്ടുന്ന പുസ്ത
കച്ചുരുൾ പോലെ വാനവും വാങ്ങി എല്ലാ മലകളും ദ്വീപുകളും സ്ഥ
൧൫ സ്ഥാനങ്ങളിൽ നിന്നു നീങ്ങി പോകയും ചെയ്തു — ഭൂമിയിലെ രാ
ജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ശക്ത
രും സകലദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാ
റകളിലും ഒളിച്ചു കൊണ്ടു മലകളോടും പാറകളോടും പറഞ്ഞു
൧൬ — ഞങ്ങൾ മേൽ വീഴുവിൻ സിംഹാസനസ്ഥന്റെ മുഖത്തിൽ
നിന്നും കുഞ്ഞാടിന്റെ കോപത്തിൽ നിന്നും ഞങ്ങളെ മറെ
൧൭ ക്കുകയും ചെയ്വിൻ — അവന്റെ മഹാകോപദിവസം വന്നി
രിക്കുന്നു — പിന്നെ നില്പാൻ ആർക്കു കഴിയും —

൭. അദ്ധ്യായം

ഹിംസാദികൾക്കു മുദ്രയിടുന്നതിനാൽ അനുഗ്രഹം കാത്തിരിക്കുന്ന
പൊലിമയുണ്ടായശെഷം ഗൊത്ര രക്ഷിതരെപ്പെട്ടവർ സിംഹാ
സനത്തിന്മുമ്പിൽ സ്തുതിച്ചു നില്ക്കുന്നതു.

ഇതിന്റെ ശെഷം ഭൂമിമെലും കടലിന്മെലും യാതൊരു ൧
മരത്തിന്മെലും കാററ അടിക്കാതെ ഇരിപ്പാൻ ഭൂമിയുടെ നാ
ലു കാററുകളെ പിടിച്ചുംകൊണ്ടു ഭൂമിയുടെ നാലു കൊണുക
ളിലും നില്ക്കുന്നതിനെ ഞാൻ കണ്ടു—മറെറാരു ദൂതൻ ജീവനു ൨
ള്ള ദൈവത്തിന്റെ മുദ്രയുമായിട്ടു കിഴക്കുനിന്നു കരെറു
ന്നതും കണ്ടു—അവൻ ഭൂമിയെയും സമുദ്രത്തെയും
ചെതം വരുത്തുവാൻ വരം ലഭിച്ചുള്ള നാലു ദൂതന്മാരൊടു മഹാ
ശബ്ദത്തൊടെ കൂക്കിപ്പറഞ്ഞു—നമ്മുടെ ദൈവത്തിന്റെ ൩
ദാസരെ അവരുടെ നെറ്റികളിൽ ഞങ്ങൾ മുദ്രയിട്ടു കഴി
യൊളം ഭൂമിയെയും കടലിനെയും മരങ്ങളെയും ചെതം വ
രുത്തൊല്ല എന്നത്രെ—പിന്നെ മുദ്രയിടപ്പെട്ടവരുടെ ൪
എണ്ണം ഇസ്രയെൽ പുത്രരുടെ സകല ഗൊത്രത്തിൽ നിന്നും
നൂററിനാല്പത്തിനാലായിരം പെർ മുദ്രയിട്ടവർ എന്നു ഞാ
ൻ കെട്ടു—യഹൂദ ഗൊത്രത്തിൽ മുദ്രിതർ ൧൨൦൦൦—രൂബെൻ ൫
ഗൊത്രത്തിൽ ൧൨൦൦൦—ഗാദ് ഗൊത്രത്തിൽ ൧൨൦൦൦ ആ
ശെർ ഗൊത്രത്തിൽ ൧൨൦൦൦—നപ്താലി ഗൊത്രത്തിൽ ൧൨൦൦൦ മ ൬
നശ്ശെ ഗൊത്രത്തിൽ ൧൨൦൦൦—ശിമ്യൊൻ ഗൊത്രത്തി ൭
ൽ ൧൨൦൦൦. ലെവി ഗൊത്രത്തിൽ ൧൨൦൦൦. ഇസസ്കാർ ഗൊ
ത്രത്തിൽ ൧൨൦൦൦—സബുലൂൻ ഗൊത്രത്തിൽ ൧൨൦൦൦ യൊ ൮
സെഫ ഗൊത്രത്തിൽ ൧൨൦൦൦. ബിന്യമീൻ ഗൊത്രത്തിൽ
മുദ്രയിട്ടവർ ൧൨൦൦൦ പെർ എന്നത്രെ—

അതിൽ പിന്നെ ഞാൻ കണ്ടിതാ സകല ജാതികളിൽ നി ൯

ളും ഗോത്രത്തിലും വംശത്തിലും ഭാഷയിലും നിന്നുള്ള മനുഷ്യ
ർക്കും കണ്ണിക്കൂടാത്തൊരു മഹാപുരുഷാരം വെള്ളനിക
ളും ഉടുത്തു കൈകളിൽ കുരുത്തോലകളും പിടിച്ചു സിംഹാസനത്തി
൧൦ നും കുഞ്ഞാടിനും മുമ്പാകെ നിന്നു— സിംഹാസനസ്ഥനായ
നമ്മുടെ ദൈവത്തിന്നും കുഞ്ഞാടിന്നും തന്നെ രക്ഷയുള്ളു
൧൧ എന്നു മഹാശബ്ദത്തോടെ വിളിച്ചുകൊണ്ടിരിക്കുന്നു— എല്ലാ
ദൂതന്മാരും സിംഹാസനത്തിന്നും മൂപ്പന്മാർക്കും നാലുജീവി
കൾക്കും ചുഴവും നിന്നു സിംഹാസനത്തിൻ മുമ്പിൽ മുഖങ്ങൾ ക
൧൨ വിണ്ണു നമസ്കരിച്ചു— ആമെൻ. അനുഗ്രഹവും തേജസ്സും ജ്ഞാ
നവും സ്തോത്രവും ബഹുമാനവും ശക്തിയും ഊക്കും നമ്മു
ടെ ദൈവത്തിന്നു യുഗാദിയുഗങ്ങളിലും ഉണ്ടാക എന്നു
൧൩ ദൈവത്തെ കുമ്പിട്ടുകൊള്ളുകയും ചെയ്തു— — മൂപ്പരിൽ ഒരുത്ത
ൻ എന്നോടു ഈ വെള്ളനികളെ ഉടുത്തവർ ആരാ
കുന്നു എവിടെ നിന്നു വന്നു എന്നു എന്നോടു പറഞ്ഞതി
൧൪ ന്നു— കർത്താവെ നീ അറിയുമല്ലോ എന്നു ഞാൻ അവ
നോടു പറഞ്ഞു. അവൻ എന്നോടു പറഞ്ഞിതു ഇവർ മഹാ
ക്ലേശത്തിൽ നിന്നു വരുന്നവർ തങ്ങളുടെ അങ്കികളെ
കുഞ്ഞാടിന്റെ രക്തത്തിൽ അലക്കി വെളുപ്പിച്ചുകൊണ്ട
൧൫ വർ— ആകയാൽ ദൈവസിംഹാസനത്തിൻ മുമ്പിൽ ഇരുന്നു
അവനെ അവന്റെ ആലയത്തിൽ രാപ്പകൽ സേവിക്കുന്നു; ആ
സിംഹാസനസ്ഥൻ അവരുടെ മേൽ കൂടാരം
൧൬ അടിക്കും— ഇനി വിശക്കയും ഇല്ല ദാഹിക്കയും ഇല്ല വെയിലും
൧൭ യാതൊരു ചൂടും അവർക്കു തട്ടുകയും ഇല്ല— കാരണം സിം
ഹാസനത്തിൻ മദ്ധ്യേ ഉള്ള കുഞ്ഞാടു അവരെ മേയ്ച്ചു
ജീവനീരുറവുകളിലേക്കു വഴി നടത്തുകയും ദൈവം താ
ൻ (യശ. ൨൫, ൮.) അവരുടെ കണ്ണുകളിൽനിന്നു എല്ലാ
കണ്ണുനീരും തുടെച്ചു കളകയും ചെയ്യും—

൮. അദ്ധ്യായം

൮. അ. ഏഴാം മുദ്രയെ തുറന്നിട്ടു ഏഴു കാഹളങ്ങൾ കൊടുക്കപ്പെട്ടതും

വചനത്തിന്റെ ഒന്നാമത്തെ കാഹളം മുതൽ നാലു

കാഹളങ്ങളും— അവൻ ഏഴാം മുദ്രയെ തുറന്നപ്പോൾ ൧

സ്വർഗ്ഗത്തിൽ ഏകദേശം അരമണിനേരത്തോളം മൌനത ഉണ്ടായി—

—അപ്പോൾ ദൈവത്തിൻ മുമ്പാകെ നില്ക്കുന്ന ദൂതന്മാർ ഏഴു ൨

വരെയും ഞാൻ കണ്ടു— അവർക്ക ഏഴു കാഹളങ്ങൾ നല്കപ്പെ

ട്ടു— മറ്റൊരു ദൂതൻ പൊന്നിൻ ധൂപകലശവുമായി വന്നു ൩

ബലിപീഠത്തിന്മേൽ നിന്നു— സിംഹാസനത്തിൻ മുമ്പി

ലുള്ള സ്വർണ്ണപീഠത്തിന്മേൽ സകല ശുദ്ധന്മാരുടെ പ്രാർത്ഥ

നകളോടുകൂടെ അർപ്പിക്കേണ്ടുന്നതിന്നു അനേക

ധൂപവർഗ്ഗങ്ങളും അവനു നല്കപ്പെട്ടു— ധൂപവർഗ്ഗങ്ങളുടെ പു ൪

ക ശുദ്ധന്മാരുടെ പ്രാർത്ഥനകളോടുകൂടെ ദൂതന്റെ കയ്യി

ൽ നിന്നു ദൈവമുമ്പിലേക്ക കരേറി— ദൂതൻ ധൂപകലശ ൫

ത്തെ എടുത്തു ബലിപീഠത്തിലെ തീ കൊണ്ടു നിറച്ചു

ഭൂമിമെൽ എറിഞ്ഞു ഉടനെ ശബ്ദങ്ങളും ഇടികളും മുഴക്കങ്ങളും

മിന്നലുകളും ഭൂകമ്പവും ഉണ്ടായി—— ഏഴു കാഹളങ്ങളുള്ള ൬

ദൂതന്മാർ ഏഴുവരും കാഹളം ഊതുവാൻ ഒരുങ്ങിക്കൊണ്ടു

ഒന്നാമൻ ഊതിയാറെ രക്തം കലർന്ന കന്മ

ഴയും തീയും ഉണ്ടായി ഭൂമിമെൽ എറിഞ്ഞിട്ടു ൭

ഭൂമിയിൽ മൂന്നിലൊന്നു വൃക്ഷങ്ങളും മൂന്നിലൊന്നു

വെന്തു എല്ലാ പച്ചപ്പുല്ലും വെന്തുപോയി—— രണ്ടാം ദൂതൻ ൮

ഊതിയാറെ തീ കത്തുന്ന വലിയ മലപോലെ ഒന്നു കടലി

ൽ ഇടപ്പെട്ടു കടലിൽ മൂന്നിലൊന്നു രക്തമായ്തീർന്നു—

കടലിലെ സൃഷ്ടികൾ പ്രാണനുള്ളവയിൽ മൂന്നിലൊന്നു

ചത്തു കപ്പലുകളിലും മൂന്നിലൊന്നു നശിച്ചുപോയി—

൧൦- മൂന്നാം ദൂതൻ ഊതിയാറെ ദീപം പോലെ കത്തുന്ന മഹാ
നക്ഷത്രം വാനത്തിൽ നിന്നു വീണു പുഴകളിൽ മൂന്നൊന്നി
ന്മെലും നീരുറവുകളിലും തട്ടി— നക്ഷത്രത്തിന്നു കാഞ്ഞിരം
൧൧ എന്നു പെർ ചൊല്ലുന്നു— വെള്ളങ്ങളിൽ മൂന്നൊന്നു കാ
ഞ്ഞിരമായ്പ്പൊകുന്നു— കൈപ്പാകയാൽ വെള്ളങ്ങ
൧൨ ളാൽ മനുഷ്യരിൽ പലരും മരിച്ചു പൊയി—— നാ
ലാം ദൂതൻ ഊതിയാറെ സൂൎയ്യനിൽ മൂന്നൊന്നും ചന്ദ്രനി
ൽ മൂന്നൊന്നും നക്ഷത്രങ്ങളിൽ മൂന്നൊന്നും അടിക്ക
പ്പെട്ടു— അവയിൽ മൂന്നൊന്നു ഇരുണ്ടു പൊകയും പക
ലിലും രാത്രിയിലും മൂന്നൊന്നു വെളിച്ചമില്ലാതെ ഇരിക്ക
൧൩ യും ആകെണ്ടതിന്നല്ലൊ—— പിന്നെ ഞാൻ കാണ്കെ ഒരു
കഴുകൻ നടുവാനത്തൂടെ പറന്നു- ഇനി ഊതുവാനുള്ള മൂവ
രും ഊതെണ്ടുന്ന ശെഷം കാഹളധ്വനികൾ ഹെതുവായി
ഭൂവാസികൾക്കു ഹാ കഷ്ടം കഷ്ടം കഷ്ടം എന്നു മഹാ
ശബ്ദത്തോടെ പറഞ്ഞു കെട്ടു-

൯. അദ്ധ്യായം

അഞ്ചാമതും ആറാമതും ആയ കാഹളധ്വനിക
ളാലെ ഹാ കഷ്ടങ്ങൾ രണ്ടും-

൧ അഞ്ചാം ദൂതൻ ഊതിയാറെ വാനത്തിൽ നിന്നു ഭൂമിയി
ൽ വീണിരിക്കുന്ന ഒരു നക്ഷത്രത്തെ ഞാൻ കണ്ടു— അ
വന്നു അഗാധകിണറ്റിന്റെ താക്കൊൽ കൊടുക്കപ്പെ
൨ ട്ടു— അഗാധകിണറ്റിനെ തുറന്നപ്പൊൾ വലിയ ചൂളയുടെ
പുകപൊലെ കിണറ്റിൽ നിന്നു പുക പൊങ്ങി കിണറ്റിലെ
൩ പുകയാൽ സൂൎയ്യനും ആകാശവും ഇരുണ്ടു പൊയി— പുക
യിൽ നിന്നു തുള്ളന്മാർ ഭൂമിമെൽ പുറപ്പെടുകയും
ചെയ്തു—— അവറ്റിന്നു ഭൂമിയിലെ തെളുകൾക്കുള്ള അധി

കാരം പോലെ അധികാരം നല്കപ്പെട്ടു— നെറ്റികളിൽ ൪
ദൈവമുദ്ര ഇല്ലാത്ത മനുഷ്യരെ മാത്രമല്ലാതെ ഭൂമിയുടെ
പുല്ലും പച്ചയൊന്നും ഒരു മരവും ഉപദ്രവിക്കരുതെന്നു
പറയപ്പെട്ടു— അവരെ കൊല്ലുകയല്ലാതെ അഞ്ചുമാസം ൫
പീഡിപ്പിക്കേണമെന്നത്രെ അവർക്കു അനുവാദം കൊടുക്ക
പ്പെട്ടു— അവരുടെ പീഡ തേൾ മനുഷ്യനെ കുത്തുന്ന പീഡ ൬
പോലെ— ആ ദിവസങ്ങളിൽ മനുഷ്യർ മരണത്തെ അന്വേ
ഷിക്കും കാണുകയില്ലതാനും ചാവാൻ കാംക്ഷിക്കും മരണം അ
വരെ വിട്ടു ഓടുകയും ചെയ്യും— വെട്ടുക്കിളികളുടെ രൂപങ്ങൾ യു ൭
ദ്ധത്തിനു ഒരുക്കിയ കുതിരകൾക്കൊത്തതു— തലകളിന്മേൽ
പൊന്നിൻ കിരീടങ്ങൾ പോലെയും മുഖങ്ങൾ മനുഷ്യമുഖങ്ങൾ
പോലെയും കണ്ടു— സ്ത്രീകളുടെ തലമുടി പോലെ മുടിയും സിംഹങ്ങ ൮
ളുടെ പല്ലുകൾ പോലെ പല്ലുകളും ഉണ്ടു— ഇരിമ്പുകവചം പോലെ കവചങ്ങ ൯
ളും ഉണ്ടു— ചിറകുകളുടെ ഒച്ച പടയിൽ ഓടുന്ന കുതിരത്തേരുകളുടെ
ഒച്ച പോലെ— തേളുകൾക്കുള്ളതു പോലെ ൧൦
വാലുകളും വാലുകളിൽ വിഷമുള്ളുകളും ഉണ്ടു— മനുഷ്യരെ അഞ്ചു
മാസം ഉപദ്രവിപ്പാൻ അവക്കു അധികാരം ഉണ്ടു— പാതാളത്തിന്റെ ൧൧
ദൂതൻ അവർക്കു രാജാവായിട്ടുണ്ടു— അവന്റെ
പേർ എബ്രായഭാഷയിൽ അബദ്ദോൻ എന്നും യവനഭാഷയിൽ അപ്പൊ
ല്ലുയോൻ എന്നും ആകുന്നു— ഒരു കഷ്ടം ൧൨
കഴിഞ്ഞു— ഇതാ ഇനിയും രണ്ടു കഷ്ടങ്ങൾ വരുന്നു

